# ജീവിതത്തികവ്

കാർഡിനൽ സുനൻസ്

www.malankaralibrary.com

# ജീവിതത്തികവ്

(മൂന്നാം പതിപ്പ്)

കാർഡിനൽ സൂനൻസ്

വിവർത്തകൻ:

ഫാദർ ജോസഫ് കോയിക്കക്കുടി

സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി

കോട്ടയം—686010

www.malankaralibrary.com

# JEEVITHATTHIKAVU

(Malayalam)

A Translation of
Cardinal Suenen's Book:

**Vie Quotidienne, Vie Chretienne**

Third Impression

**By Fr. Joseph Koikakudy**
St. Thomas Apostolic Seminary,
Kottayam-686010

Printed at
The K. P. Press,
Kottayam.

Price Rs. 5.00
Feb. 1979.

With Ecclesiastical Approbation

www.malankaralibrary.com

# മുഖവുര

കർദ്ദിനാൾ സൂനൻസ് ക്രിസ്ത്യാനികൾക്ക് പരിചിതനാണ്. "പ്രേഷിതത്വത്തിൻെറ ദൈവവിജ്ഞാനിയം", "സന്യാസിനി ലോകത്തിൽ", ദൈവമാതാവായ മറിയം", "സ്നേഹവും നിയന്ത്രണവും" തുടങ്ങിയ അനവധി ഈടുററ ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. പുരോഗമനപരമായ ആശയങ്ങളുടെ വക്താവ് എന്ന നിലയിലാണ് ഇന്നദ്ദേഹം പൊതുവെ അറിയപ്പെടുന്നതു്. വത്തിക്കാൻകൗൺസിലിൽ അദ്ദേഹം വഹിച്ച പങ്കു സ്തുത്യർഹമാണ്.

കർദ്ദിനാൾ സൂനൻസിൻെറ Vie Quotidenne' Vie Chretienne എന്ന ഫ്രഞ്ചുഗ്രന്ഥത്തിൻെറ പരിഭാഷയാണീ പുസ്തകം. ബൽജിയത്തിലും ഫ്രാൻസിലും ഇതിൻെറ മൂലകൃതിക്കും ആംഗ്ലേയലോകത്തിൽ ഇംഗ്ലീഷ് വിവർത്തനത്തിനും ഹാർദ്ദമായ സ്വീകരണം ലഭിക്കുകയുണ്ടായി. Christian Life Day by Day എന്ന S. F. L. Tye യുടെ ഇംഗ്ലീഷ് പരിഭാഷയാണ് ഞാൻ തർജ്ജമയ്ക്കുപയോഗപ്പെടുത്തിയിട്ടുള്ളതു്. മലയാള വിവർത്തനം പ്രസിദ്ധീകരിക്കുവാൻ ഔദാര്യപൂർവ്വം അനുവാദം തന്ന കർദ്ദിനാളിനോടുള്ള എൻെറ കൃതജ്ഞത ഹൃദയംഗമമാണ്. മോൺസിഞ്ഞോർ തോമസ് നെടുങ്കല്ലേലാണ് മലയാള വിവർത്തനം സ്നേഹപൂർവ്വം പരിശോധിച്ചതും തിരുത്തിത്തന്നതും. അതിനു് എനിക്കദ്ദേഹത്തോടു നന്ദിയുണ്ടു്. ഈ വിവർത്തനം പ്രസിദ്ധീകരിക്കുവാൻ സഹകരിച്ച പലരുണ്ടു്: കൈയെഴുത്തുപ്രതി തയ്യാറാക്കുന്നതിനു

www.malankaralibrary.com

സഹായിച്ച സെമിനാരിക്കാർ; അച്ചടിച്ചുതന്ന കെ. പി. പ്രസ്സുകാർ; പ്രോത്സാഹനം നൽകിയവർ. എല്ലാവർക്കും എൻെറ കൃതജ്ഞതാപൂർണ്ണമായ അഞ്ജലികൾ.

ദൈവോന്മുഖമായ ജീവിതം നയിക്കുവാൻ ഈ പുസ്തകം സഹായകരമാകട്ടെ! ക്രൈസ്തവർക്കെന്നപോലെ അക്രൈസ്തവർക്കും ഇതുപകരിക്കുമെന്നാണെൻെറ ദൃഢമായ പ്രതീക്ഷ.

വിവർത്തകൻ.

സെൻറ് തോമസ് സെമിനാരി
കോട്ടയം_686010
ജൂൺ 1973.

www.malankaralibrary.com

# പ്രസ്താവന

ഇതു് ''ജീവിതത്തികവി''ൻെറ രണ്ടാം പതിപ്പാണു്. ഒന്നാംപതിപ്പു് ആറുമാസങ്ങൾക്കകം വിററുതീർന്നുവെന്നതാണു് ഈ രണ്ടാം പതിപ്പിനുള്ള പ്രധാന കാരണം. പുസ്തകം പ്രസിദ്ധീകരിച്ചതിനു ശേഷം ക്രൈസ്തവരും അക്രൈസ്തവരുമായ പലരുടേയും അനുഗ്രഹാശിസ്സുകൾ എനിക്കു് പ്രോത്സാഹനവും ഉത്തേജനവും നൽകിയിട്ടുണ്ടു്. അഭിവന്ദ്യ പിതാക്കന്മാരും അച്ചന്മാരും കന്യാസ്ത്രീകളും മററു സ്നേഹിതരുമുണ്ടക്കൂട്ടത്തിൽ. എല്ലാവരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അവരിൽ ഒരാളുടെ എഴുത്തിൻെറ ഒരു ഭാഗം ഇവിടെ പകർത്തുക പ്രസക്തമായിരിക്കും. അദ്ദേഹം അകത്തോലിക്കനാണു്. പ്രഗത്ഭനായ ഒരു കോളേജു് പ്രഫസ്സർ. ''അച്ചൻ അടുത്തുകാലത്തു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച ''ജീവിതത്തികവു്'' എന്ന പുസ്തകം ഞാൻ പല പ്രാവശ്യം വായിച്ചു. ആ പുസ്തകത്തെപ്പററി എനിക്കുള്ള മതിപ്പും അതു വിവർത്തനം ചെയ്തതിൽ അച്ചനോടുള്ള കൃതജ്ഞതയും പ്രകാശിപ്പിക്കുവാനാണു് ഈ എഴുത്തെഴുതുന്നതു്. അച്ചൻെറ ഈ പുസ്തകം മലയാളികൾക്കു കാർഡിനൽ സൂനൻസിൻെറ ഉൽകൃഷ്ടാശയങ്ങളുമായി പരിചയപ്പെടുന്നതിനു് അവസരം നല്കി. ഈ പുസ്തകത്തിലെ ആശയങ്ങൾ അനുവാചകരുടെ മനസ്സിൽ ആഴമായി പതിയുമെന്നാണു് എൻെറ അനുഭവത്തിൽനിന്നും എനിക്കു തോന്നുന്നതു്....അച്ചൻെറ ഈദൃശമായ പരിശ്രമങ്ങൾക്കു ദൈവാനുഗ്രഹമുണ്ടാകാൻ പ്രാർത്ഥിക്കുന്നു.''

www.malankaralibrary.com

ജീവിതത്തിലെ സാധാരണ കാര്യങ്ങളെ ആഴമായി അപഗ്രഥിക്കുകയാണ് കർദ്ദിനാൾ സൂനൻസ് ഈ പുസ്തകത്തിൽ; ദൈവികമായ കാഴ്ചപ്പാടിലൂടെ അവയെ വിലയിരുത്തുകയും, അങ്ങനെ മെച്ചപ്പെട്ട ഒരു ജീവിതത്തിനു അനുവാചകരെ അദ്ദേഹം സഹായിക്കുന്നു.

ദൈവത്തിൽ കേന്ദ്രീകൃതമായ_തികവുററ-ജീവിതം നയിക്കുന്നതിനു് ''ജീവിതത്തികവു്'' സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കുന്നു, പ്രതീക്ഷാപൂർവ്വം.

വിവർത്തകൻ

സെൻറു് തോമസ് സെമിനാരി
കോട്ടയം_686010

www.malankaralibrary.com

# മൂന്നാം പതിപ്പിനു് മുഖവുര

"ജീവിതത്തികവു്" മൂന്നാം തവണ പ്രസിദ്ധീകരിക്കുകയാണെന്നതു് പുസ്തകത്തിന്റെ മേന്മയെയാണു് വിളിച്ചറിയിക്കുക. സിനിമയിലും സാഹിത്യത്തിലും, എന്നല്ലാ കലാരംഗത്തു പൊതുവേ മനുഷ്യന്റെ സെക്സും അധമവികാരങ്ങളും ചൂഷണം ചെയ്തു പണമുണ്ടാക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണിന്നു്. ഈ പശ്ചാത്തലത്തിലാണു് ഉന്നതമായ ചിന്തകളും ആധ്യാത്മികമായ സന്ദേശങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ പ്രചാരവും സമ്മതിയും വിലയിരുത്തേണ്ടതു്.

അനുദിന ജീവിതവുമായി ഗാഢബന്ധം പുലർത്തുന്നവയാണു് ഈ പുസ്തകത്തിലെ ചിന്തകൾ എന്നുള്ളതാണു് ഇതിന്റെ ആകർഷണീയതയ്ക്കുള്ള ഒരു കാരണം. ഉദാത്തമായ ചിന്തകളും ആശയങ്ങളും അനുദിനാനുഭവങ്ങളുടെ വെളിച്ചത്തിൽ അയതി ലളിതവും അക്ലിഷ്ടസുന്ദരവുമായി പ്രകാശിപ്പിക്കുകയാണു് പ്രതിഭാസമ്പന്നനായ ഗ്രന്ഥകർത്താവു്, കാർഡിനൽ സൂനൻസ്. ആകർഷണീയതയാണീ പുസ്തകത്തിന്റെ വശ്യശക്തി. ഇതു് തർജ്ജമ ചെയ്യാൻ സാധിച്ചതു് ഒരഭിമാനമാണു്.

രണ്ടാം പതിപ്പു കഴിഞ്ഞപ്പോൾ വിചാരിച്ചു, ഇനി ഒരു പതിപ്പിനാവശ്യമുണ്ടാകയില്ലെന്നു്. പക്ഷേ വ്യക്തികളും സ്ഥാപനങ്ങളും പുസ്തകം ആവശ്യപ്പെട്ടുകൊണ്ടെഴുതി: ഉപയോഗപ്രദമെന്നു പറഞ്ഞു, പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ടു. അതിന്റെയെല്ലാം ഫലമായി

www.malankaralibrary.com

ഈ ഗ്രന്ഥതല്ലജം കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ ഒരിക്കൽക്കൂടി പ്രകാശിപ്പിക്കുന്നു; എല്ലാ നല്ല മനുഷ്യർക്കും വേണ്ടി.

വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും പ്രൂഫ് തിരുത്തുകയും അച്ചടിപ്പിക്കുകയും ചെയ്ത സെമിനാരിയിലെ സുഹൃത്തുക്കൾ കല്ലറങ്ങാട്ട് ജോസിനും, വാരികാട്ട് ചെറിയാനും സ്നേഹപൂർവ്വം കൃതജ്ഞത പറയുന്നു. ഭംഗിയായി മുദ്രണം നിർവ്വഹിച്ചുതന്ന കെ. പി. പ്രസ്സുകാർക്കും നന്ദി.

വിവർത്തകൻ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ജീവിതത്തികവ്

(മൂന്നാം പതിപ്പ്)

കാർഡിനൽ സൂനൻസ്

വിവർത്തകൻ:

ഫാദർ ജോസഫ് കോയിക്കക്കുടി

സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരി

കോട്ടയം_686010

www.malankaralibrary.com

# JEEVITHATTHIKAVU

(Malayalam)

A Translation of
Cardinal Suenen's Book:

**Vie Quotidienne, Vie Chretienne**

Third Impression

**By Fr. Joseph Koikakudy**
St. Thomas Apostolic Seminary,
Kottayam-686010

Printed at
The K. P. Press,
Kottayam.

Price Rs. 5.00
Feb. 1979.

With Ecclesiastical Approbation

www.malankaralibrary.com

# മുഖവുര

കർദ്ദിനാൾ സുനൻസ് ക്രിസ്ത്യാനികൾക്ക് പരിചിതനാണ്. "പ്രേഷിതത്വത്തിന്റെ ദൈവവിജ്ഞാനീയം", "സന്യാസിനി ലോകത്തിൽ", ദൈവമാതാവായ മറിയം", "സ്നേഹവും നിയന്ത്രണവും" തുടങ്ങിയ അനവധി ഈടുററ ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. പുരോഗമനപരമായ ആശയങ്ങളുടെ വക്താവ് എന്ന നിലയിലാണ് ഇന്നദ്ദേഹം പൊതുവെ അറിയപ്പെടുന്നത്. വത്തിക്കാൻകൗൺസിലിൽ അദ്ദേഹം വഹിച്ച പങ്കു സ്തുത്യർഹമാണ്.

കർദ്ദിനാൾ സുനൻസിന്റെ Vie Quotidenne' Vie Chretienne എന്ന ഫ്രഞ്ചുഗ്രന്ഥത്തിന്റെ പരിഭാഷയാണീ പുസ്തകം. ബൽജിയത്തിലും ഫ്രാൻസിലും ഇതിന്റെ മൂലകൃതിക്കു ആംഗ്ലേയലോകത്തിൽ ഇംഗ്ളീഷ് വിവർത്തനത്തിനും ഹാർദ്ദമായ സ്വീകരണം ലഭിക്കുകയുണ്ടായി. Christian Life Day by Day എന്ന S. F. L. Tye യുടെ ഇംഗ്ലീഷ് പരിഭാഷയാണ് ഞാൻ തർജ്ജമയ്ക്കുപയോഗപ്പെടുത്തിയിട്ടുള്ളതു്. മലയാള വിവർത്തനം പ്രസിദ്ധീകരിക്കുവാൻ ഔദാര്യപൂർവ്വം അനുവാദം തന്ന കർദ്ദിനാളിനോടുള്ള എന്റെ കൃതജ്ഞത ഹൃദയംഗമമാണ്. മോൺസിഞ്ഞോർ തോമസ് നെടുങ്കല്ലേലാണ് മലയാള വിവർത്തനം സ്നേഹപൂർവ്വം പരിശോധിച്ചതും തിരുത്തിത്തന്നതും. അതിനു് എനിക്കദ്ദേഹത്തോടു നന്ദിയുണ്ടു്. ഈ വിവർത്തനം പ്രസിദ്ധീകരിക്കുവാൻ സഹകരിച്ച പലരുണ്ടു്: കൈയെഴുത്തുപ്രതി തയ്യാറാക്കുന്നതിനു

www.malankaralibrary.com

സഹായിച്ച സെമിനാരിക്കാർ; അച്ചടിച്ചുതന്ന കെ. പി. പ്രസ്സുകാർ; പ്രോത്സാഹനം നൽകിയവർ, എല്ലാവർക്കും എൻെറ കൃതജ്ഞതാപൂർണ്ണമായ അഞ്ജലികൾ.

ദൈവോന്മുഖമായ ജീവിതം നയിക്കുവാൻ ഈ പുസ്തകം സഹായകരമാകട്ടെ! ക്രൈസ്തവർക്കെന്നപോലെ അക്രൈസ്തവർക്കും ഇതുപകരിക്കുമെന്നാണെൻെറ ദൃഢമായ പ്രതീക്ഷ.

വിവർത്തകൻ.

സെൻറ് തോമസ് സെമിനാരി
കോട്ടയം_686010
ജൂൺ 1973.

www.malankaralibrary.com

# പ്രസ്താവന

ഇതു് ''ജീവിതത്തികവി''ൻെറ രണ്ടാം പതിപ്പാണു്. ഒന്നാംപതിപ്പു് ആറുമാസങ്ങൾക്കകം വിററുതീർന്നുവെന്നതാണു് ഈ രണ്ടാം പതിപ്പിനുള്ള പ്രധാന കാരണം. പുസ്തകം പ്രസിദ്ധീകരിച്ചതിനു ശേഷം ക്രൈസ്തവരും അക്രൈസ്തവരുമായ പലരുടേയും അനുഗ്രഹാശിസ്സുകൾ എനിക്കു് പ്രോത്സാഹനവും ഉത്തേജനവും നൽകിയിട്ടുണ്ടു്. അഭിവന്ദ്യ പിതാക്കന്മാരും അച്ചന്മാരും കന്യാസ്ത്രീകളും മററു സ്നേഹിതരുമുണ്ടക്കൂട്ടത്തിൽ. എല്ലാവരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അവരിൽ ഒരാളുടെ എഴുത്തിൻെറ ഒരു ഭാഗം ഇവിടെ പകർത്തുക പ്രസക്തമായിരിക്കും. അദ്ദേഹം അകത്തോലിക്കനാണു്. പ്രഗത്ഭനായ ഒരു കോളേജു് പ്രഫസ്സർ. ''അച്ചൻ അടുത്തുകാലത്തു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച ''ജീവിതത്തികവു്'' എന്ന പുസ്തകം ഞാൻ പല പ്രാവശ്യം വായിച്ചു. ആ പുസ്തകത്തെപ്പററി എനിക്കുള്ള മതിപ്പും അതു വിവർത്തനം ചെയ്തതിൽ അച്ചനോടുള്ള കൃതജ്ഞതയും പ്രകാശിപ്പിക്കുവാനാണു് ഈ എഴുത്തെഴുതുന്നതു്. അച്ചൻെറ ഈ പുസ്തകം മലയാളികൾക്കു കാർഡിനൽ സൂനൻസിൻെറ ഉൽകൃഷ്ടാശയങ്ങളുമായി പരിചയപ്പെടുന്നതിനു് അവസരം നല്കി. ഈ പുസ്തകത്തിലെ ആശയങ്ങൾ അനുവാചകരുടെ മനസ്സിൽ ആഴമായി പതിയുമെന്നാണു് എൻെറ അനുഭവത്തിൽനിന്നും എനിക്കു തോന്നുന്നതു്....അച്ചൻെറ ഈദൃശമായ പരിശ്രമങ്ങൾക്കു ദൈവാനുഗ്രഹമുണ്ടാകാൻ പ്രാർത്ഥിക്കുന്നു.''

www.malankaralibrary.com

ജീവിതത്തിലെ സാധാരണ കാര്യങ്ങളെ ആഴമായി അപഗ്രഥിക്കുകയാണ് കർദ്ദിനാൾ സൂനൻസ് ഈ പുസ്തകത്തിൽ; ദൈവികമായ കാഴ്ചപ്പാടിലൂടെ അവയെ വിലയിരുത്തുകയും, അങ്ങനെ മെച്ചപ്പെട്ട ഒരു ജീവിതത്തിനു അനുവാചകരെ അദ്ദേഹം സഹായിക്കുന്നു.

ദൈവത്തിൽ കേന്ദ്രീകൃതമായ—തികവുററ—ജീവിതം നയിക്കുന്നതിന് "ജീവിതത്തികവു" സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കുന്നു, പ്രതീക്ഷാപൂർവ്വം.

വിവർത്തകൻ

സെൻറ് തോമസ് സെമിനാരി
കോട്ടയം—686010

www.malankaralibrary.com

# മൂന്നാം പതിപ്പിന്‌ മുഖവുര

"ജീവിതത്തികവു്" മൂന്നാം തവണ പ്രസിദ്ധീകരിക്കുകയാണെന്നതു് പുസ്തകത്തിന്റെ മേന്മയെയാണു് വിളിച്ചറിയിക്കുക. സിനിമയിലും സാഹിത്യത്തിലും, എന്നല്ലാ കലാരംഗത്തു പൊതുവേ മനുഷ്യന്റെ സെക്സും അധമവികാരങ്ങളും ചൂഷണം ചെയ്തു പണമുണ്ടാക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണിന്നു്. ഈ പശ്ചാത്തലത്തിലാണു് ഉന്നതമായ ചിന്തകളും ആധ്യാത്മികമായ സന്ദേശങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ പ്രചാരവും സമ്മതിയും വിലയിരുത്തേണ്ടതു്.

അനുദിന ജീവിതവുമായി ഗാഢബന്ധം പുലർത്തുന്നവയാണു് ഈ പുസ്തകത്തിലെ ചിന്തകൾ എന്നുള്ളതാണു് ഇതിന്റെ ആകർഷണീയതയ്ക്കുള്ള ഒരു കാരണം. ഉദാത്തമായ ചിന്തകളും ആശയങ്ങളും അനുദിനാനുഭവങ്ങളുടെ വെളിച്ചത്തിൽ അയത്നലളിതവും അക്ലിഷ്ടസുന്ദരവുമായി പ്രകാശിപ്പിക്കുകയാണു് പ്രതിഭാസമ്പന്നനായ ഗ്രന്ഥകർത്താവു്, കാർഡിനൽ സൂനൻസ്. ആകർഷണീയതയാണീ പുസ്തകത്തിന്റെ വശ്യശക്തി. ഇതു് തർജ്ജമ ചെയ്യാൻ സാധിച്ചതു് ഒരഭിമാനമാണു്.

രണ്ടാം പതിപ്പു കഴിഞ്ഞപ്പോൾ വിചാരിച്ചു, ഇനി ഒരു പതിപ്പിനാവശ്യമുണ്ടാകയില്ലെന്നു്. പക്ഷേ വ്യക്തികളും സ്ഥാപനങ്ങളും പുസ്തകം ആവശ്യപ്പെട്ടുകൊണ്ടെഴുതി: ഉപയോഗപ്രദമെന്നു പറഞ്ഞു, പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ടു. അതിന്റെയെല്ലാം ഫലമായി

www.malankaralibrary.com

ഈ ഗ്രന്ഥതല്ലജം കൃതജ്ഞതാ നിർഭരമായ ഹൃദയത്തോ ടെ ഒരിക്കൽക്കൂടി പ്രകാശിപ്പിക്കുന്നു: എല്ലാ നല്ല മനു ഷ്യർക്കും വേണ്ടി.

വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും പ്രൂഫ് തിരു ത്തുകയും അച്ചടിപ്പിക്കുകയും ചെയ്ത സെമിനാരിയിലെ സുഹൃത്തുക്കൾ കല്ലറങ്ങാട്ടു ജോസിനും, വാരികാട്ടു ചെറി യാനും സ്നേഹപൂർവ്വം കൃതജ്ഞത പറയുന്നു. ഭംഗിയായി മുദ്രണം നിർവ്വഹിച്ചുതന്ന കെ. പി. പ്രസ്സുകാർക്കും നന്ദി.

വിവർത്തകൻ.

www.malankaralibrary.com

# ഉള്ളടക്കം

ഉള്ളടക്കം പേജ്

1 ദൈവം നമ്മെ സ്നേഹിക്കുന്നുവെന്ന് അറിയുക.

– മനുഷ്യൻ അവഹേളനമർഹിക്കുന്ന പരമാണുവോ? 2

– ദൈവം ശ്രദ്ധാലുവാണ് 4

– ദൈവം നമ്മെ കാണുന്ന വിധം 5

2 ദൈവത്തിന്റെ നിഗൂഢമായ സ്നേഹത്തിൽ വിശ്വസിക്കുവാൻ പഠിക്കുക.

– സർവ്വവ്യാപിയായ സ്നേഹം 8

– മറഞ്ഞിരിക്കുന്ന സ്നേഹം 10

– ദൈവത്തിന്റെ വഴികൾ 11

– നത്താനയേലിന്റെ കാര്യം 12

– ദൈവത്തിന്റെ സമയം 15

3 ദൈവവുമായി സമ്പർക്കത്തിലായിരിക്കുവാൻ പഠിക്കുക

– എല്ലാന്തരത്തിലുള്ള ബന്ധം 17

– സഹനത്തിലൂടെയുള്ള ബന്ധം 21

4 ശ്രദ്ധിക്കുവാൻ പഠിക്കുക

– ആത്മഗതവും സംഭാഷണവും 24

– വാക്കുകൾ മാത്രമല്ല ശ്രദ്ധിക്കേണ്ടത് 26

www.malankaralibrary.com

പേജ്

5 ആരാധിക്കുവാൻ പഠിക്കുക

– രഹസ്യമോ മൗഢ്യമോ? 30

– ആരാധിക്കുവാനുള്ള കടമ 31

– കുടുംബപ്രാർത്ഥന 32

– അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി 33

6 'നന്ദി' പറയുവാൻ പഠിക്കുക

– മററുള്ളവർക്കു 'നന്ദി' പറയുക 36

– ദൈവത്തിനു 'നന്ദി' പറയുക 38

7 നിശ്ശബ്ദമായിരിക്കുവാൻ പഠിക്കുക

– നസ്രസിൽ കാണുന്നതു് 41

– ശുദ്ധീകരിക്കുന്ന നിശ്ശബ്ദത 43

– പരസ്പരധാരണയ്ക്കു വേണ്ടിയുള്ള പ്രയത്നം 45

8 അപകടങ്ങളെ നേരിടുവാൻ പഠിക്കുക

– മാനുഷികമായ ധൈര്യം 48

– ക്രിസ്തീയമായ 'അപകടസാദ്ധ്യത' 50

– സുവിശേഷത്തിൻെറ വാച്യാർത്ഥം 52

9 സംഗതികൾ മനസ്സിലാക്കുവാൻ പഠിക്കുക

– കാനായിൽ 54

– കുറിപ്പുകൾ താരതമ്യപ്പെടുത്തുക 55

– പ്രായം ചെന്നവരെ മനസ്സിലാക്കുക 57

– പാവങ്ങളെ മനസ്സിലാക്കുക 59

– പരദേശിയേയും രോഗിയേയും മനസ്സിലാക്കുക 59

– അവിശ്വാസിയെ മനസ്സിലാക്കുക 60

www.malankaralibrary.com

പേജ്

10 വിശ്വാസമർപ്പിക്കുവാൻ പഠിക്കുക

— വിശ്വാസത്തോടു കൂടിയ പ്രാർത്ഥന 63

— എനിക്കു നിന്നെക്കാണാം,
അതാണു പ്രധാനം 65

11 മററുള്ളവരെപ്പററി ചിന്തിക്കുക

— പ്രതീക്ഷ നിറഞ്ഞ അനുശോചനം 70

— ക്രൂശിതൻെറ പ്രതിച്ഛായ 71

12 വായിക്കുവാൻ പഠിക്കുക

— വിമർശനപരമായ വായന 76

— മാർപ്പാപ്പായുടെ അഭ്യർത്ഥന 77

— എങ്ങനെ തിരഞ്ഞെടുക്കണമെന്ന
റിയുക 77

— ആരോഗ്യപരമായ വായന 79

13 പുഞ്ചിരിക്കുവാൻ പഠിക്കുക

— സുവിശേഷം സന്തോഷത്തിൻെറ
സന്ദേശം 83

— വിശുദ്ധരുടെ കളരി 85

14 മററുള്ളവരുമായി പങ്കു ചേരാൻ പഠിക്കുക

— കുടുംബജീവിതത്തിൽ കൊടുക്കുകയും
സ്വീകരിക്കുകയും ചെയ്യുക 89

— പാലം പണിയുക 91

15 മറക്കുവാൻ പഠിക്കുക

— അപരാധങ്ങൾ പൊറുക്കുക 94

— ഫരിസേയിസത്തിനുള്ള പ്രലോഭനം 95

www.malankaralibrary.com

| | | പേജ് |
|---|---|---|
| | — ആദ്യത്തെ പടി | 97 |
| | — കൂടുതൽ ക്രിസ്തീയത്വമുള്ള വ്യക്തി | 97 |
| | — സ്വയം മറക്കുക | 100 |
| 16 | പ്രോത്സാഹിപ്പിക്കുവാൻ പഠിക്കുക | |
| | — പ്രോത്സാഹനത്തിന്റെ ആവശ്യം | 102 |
| | — ഉപയോഗപ്പെടുത്തേണ്ട അവസരങ്ങൾ | 104 |
| 17 | വിശ്രമിക്കുവാൻ പഠിക്കുക | |
| | — ആവ്യമായ വിശ്രമം | 107 |
| | — കുടുംബത്തിൽ വിശ്രമിക്കുക | 108 |
| | — ക്രിസ്തുനാഥന്റെ മാതൃക | 110 |
| | — ഇരുന്നു ചെയ്യുവാനുള്ള കടമ | 110 |
| | — ഞായറാഴ്ച വിശ്രമം | 112 |
| 18 | മനുഷ്യനേപ്പോലെ സ്നേഹിക്കുവാൻ പഠിക്കുക | |
| | — ഉപവി: പുരുഷത്വമുള്ള ഗുണം | 114 |
| | — ഉപവി: പരിപൂർണ്ണമായ പുണ്യം | 117 |
| | — നീതിയും സ്നേഹവും | 118 |
| 19 | ദൈവത്തെപ്പോലെ സ്നേഹിക്കുവാൻ പഠിക്കുക | |
| | — മനുഷ്യഹൃദയത്തിന്റെ ദൗർബല്യം | 121 |
| | — ദൈവികമായ സ്നേഹത്തിന്റെ ശക്തി | 123 |
| | — ആദ്യം അനുഭവപ്പെടുന്ന സ്നേഹം | 124 |
| | — പ്രതിനന്ദി ലഭിക്കാത്ത സ്നേഹം | 125 |
| | — നിങ്ങൾ സ്നേഹിക്കുവിൻ.... | 126 |
| | — അവസാനവിധിയുടെ കാഴ്ച | 127 |
| | — ഒരു സംഭാഷണം | 128 |


www.malankaralibrary.com

| | | പേജ് |
|---|---|---|
| 20 | എല്ലായ്പോഴും സ്നേഹിക്കുവാൻ പഠിക്കുക | |
| | — ഉപേക്ഷയാലുള്ള പാപം | 131 |
| | — മററുള്ളവരുടെ വീക്ഷണകോണം | 132 |
| | — നിങ്ങൾക്കു കണ്ടുപിടിക്കാവുന്നവ | 133 |
| | — ഒരന്വേഷണം | 135 |
| 21 | എല്ലാ അവസരങ്ങളിലും സ്നേഹിക്കുവാൻ | |
| | — ആത്മശോധന | 137 |
| | — പുരുഷന്മാർക്ക്: | 138 |
| | — സ്ത്രീകൾക്ക്: | 139 |
| | — ആൺകുട്ടികൾക്ക്: | 139 |
| | — പെൺകുട്ടികൾക്ക്: | 140 |
| | — അപ്പസ്തോലികമായ ഉപവി | 141 |
| 22 | ലോകത്തോടു സംസാരിക്കുവാൻ പഠിക്കുക | |
| | — ക്രിസ്ത്യാനി: അപ്പസ്തോലൻ | 144 |
| | — ലോകത്തിൻെറ അഭ്യർത്ഥന | 146 |
| 23 | ഐക്യപ്പെടുവാൻ പഠിക്കുക | |
| | — ഒരു കണ്ടുപിടുത്തം | 148 |
| | — അൽമായരുടെ പൗരോഹിത്യം | 149 |
| | — വൈദികരുടെ പൗരോഹിത്യം | 151 |
| | — സഭയും ലോകവും | 152 |
| | — ഗോതമ്പുപൊടിയിലെ പുളിമാവ് | 153 |
| | — പ്രേഷിതത്വം അനധികൃത പ്രവർത്തനമോ? | 154 |


www.malankaralibrary.com

പേജ്

24 പ്രതീക്ഷയിൽ സഹിക്കുവാൻ പഠിക്കുക

– സഹനത്തിന്റെ രഹസ്യം 158

– അദൃശ്യമായ ലോകം 160

– ദൈവത്തിന്റെ സമീപനം 160

25 വിശ്വാസത്തോടുകൂടി സഹിക്കുവാൻ പഠിക്കുക

– ദൈവം പ്രവർത്തിക്കുന്നു 163

– ബാഹ്യമായവയ്ക്കപ്പുറത്തേയ്ക്കു് 166

26 ദൈവത്തെ കണ്ടെത്തുവാൻ പഠിക്കുക

– തോട്ടത്തിൽ വച്ചുള്ള കൂടിക്കാഴ്ച 169

– പ്രച്ഛന്നനായ ദൈവം 171

– വിശുദ്ധ ബർണാർദിന്റെ വാക്കുകൾ 173

27 ഉയിർപ്പുസന്ദേശം

– നിർണ്ണായകമായ ചോദ്യം 176

– സഭയുടെ വിശ്വാസം 179

www.malankaralibrary.com

# 1

# ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു് അറിയുക

''ഞാൻ നിന്നെ എനിക്കായി വിലയ്ക്കു വാങ്ങി; നിന്റെ പേരു നിനക്കു ഞാൻ തന്നു; നീ എന്റേതാണു്'' (ഇസയാസ് 43:1).

ദൈവത്തിന്റെ പിതൃത്വത്തെപ്പററി നിങ്ങളോടു സംസാരിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്.

ദൈവം നമ്മുടെ പിതാവാണെന്നു നമുക്കെല്ലാവർക്കു മറിയാം. അതുകൊണ്ടാണു് ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു് നാം അവിടുത്തെ വിളിക്കുന്നതു്. പക്ഷേ ദൈവം പിതാവാണെന്നതിനെപ്പററി നമുക്കു് നല്ല ബോധ്യമുണ്ടോ? അവിടുത്തേപ്പോലുള്ള വേറൊരു പിതാവുമില്ല. എല്ലാ പിതൃത്വവും അവിടുത്തേതിൽ നിന്നു് പുറപ്പെടുന്നു. പിതാവെന്ന പദം സംവഹിക്കുന്ന അർത്ഥവ്യാപ്തിയും ഊഷ്മളതയും പൂർണ്ണതയും നാം മനസ്സിലാക്കുന്നുണ്ടോ? ചോദിക്കേണ്ട ഒരു ചോദ്യമാണിതു്.

www.malankaralibrary.com

കാരണം ദൈവത്തിന്റെ പൈതൃകമായ സ്നേഹത്തിലുള്ള നമ്മുടെ വിശ്വാസം ക്രിസ്തുമതത്തിന്റെ കേന്ദ്രബിന്ദുവാണ്.

ഈ വസ്തുതയുമായി നാം സുപരിചിതരാണ്; പെഗി (Peguy) പറയുന്നതുപോലെ, അതേപ്പറ്റി തീരുമാനമെടുത്തിട്ടുമുണ്ട്. അതുകൊണ്ട് നമ്മുടെ വിശ്വാസത്തിന്റെ ഗുണങ്ങൾ ആസ്വദിക്കുവാൻ അക്രൈസ്തവ സഹോദരങ്ങളെ നാം സഹായിക്കണം, ചിലപ്പോഴെങ്കിലും.

## മനുഷ്യൻ അവഹേളനമർഹിക്കുന്ന പരമാണുവോ?

ആധുനികനായ വിശ്വാസിക്ക് ദൈവത്തിന്റെ പിതൃത്വത്തെപ്പറ്റിയുള്ള ഈ ആശയം സ്വീകരിക്കുക വിഷമമാണ്. ശാസ്ത്രജ്ഞന്മാർ മനുഷ്യന്റെ രൂപം ചിത്രീകരിച്ചിരിക്കുന്നതു കണ്ടിട്ട് അയാൾ ആകൃഷ്ടനാകുകയും ചഞ്ചലനാകുകയും ചെയ്യുന്നു. മനുഷ്യനാകട്ടെ, ബഹിരാകാശത്തിന്റെ അനന്തതയിൽ ഇല്ലാതാവുകയാണ്. ആ അനന്തതയുടെ എല്ലാ ഭാഗങ്ങളിലേക്കും ഓടിത്തിരിയുന്ന അവന്റെ ഭൗമോപഗ്രഹ (Sputnik) ങ്ങളുടേയും കൃത്രിമോപഗ്രഹങ്ങളുടേയും ഇടയിൽ ബൃഹത്തായ ഒരു ബഹളത്തിൽ സ്വയം നഷ്ടപ്പെട്ട അനുഭവമാണവന്. പൊടിപടലത്തിലെ പരമാണു പോലെ, സമുദ്രത്തിലെ വെള്ളത്തുള്ളിപോലെ, ചിതൽപ്പുറ്റിലെ ചിതലുപോലെ അവനു സ്വയം അനുഭവപ്പെടുന്നു. തന്റെ ഇല്ലായ്മ മനസ്സിലാക്കിക്കൊണ്ട് താൻ തീരെ ചെറുതാണെന്നും ദൈവം യാതൊരു പരിഗണനയും നൽകാത്ത വിധം അത്രയ്ക്ക് അപ്രധാനമാണെന്നും വിശ്വസിക്കാനുള്ള പ്രലോഭനമാണവന്.

പ്രത്യേക ലക്ഷ്യമില്ലാത്ത, സ്വർഗ്ഗസ്ഥനായ ഒരു പിതാവില്ലാത്ത, മനുഷ്യന്റെ നിസ്സാരതയെപ്പറ്റി സമകാലികനായ ഒരു നിരീശ്വരൻ പറയുന്നതു ശ്രവിക്കുക.

www.malankaralibrary.com

"നിർജ്ജീവവും അനന്തവുമായ പ്രപഞ്ചത്തിൽ നഷ്ടപ്പെട്ട, അപഹാസ്യനായ പരമാണുവാണു് മനുഷ്യൻ. തന്റെ തിരക്കിട്ട പ്രവർത്തനമെല്ലാം അർത്ഥശൂന്യവും ഉദ്ദേശ്യരഹിതവുമായ, തുലോം അപ്രധാനമായ പ്രതിഭാസമാണെന്നു് അവനറിയാം. അവന്റെ മൂല്യങ്ങൾ അവനെ മാത്രം ബാധിക്കുന്നതാണെന്നും നക്ഷത്രങ്ങളുടെ വീക്ഷണകോണത്തിൽ നിന്നും നോക്കുമ്പോൾ ഒരു സാമ്രാജ്യത്തിന്റെ അധഃപതനവും ഒരാദർശത്തിന്റെ തകർച്ചയും അശ്രദ്ധനായ യാത്രക്കാരന്റെ ചവിട്ടേൽക്കുന്ന ഒരു ചിതൽപ്പുററിന്റെ നാശത്തിൽ നിന്നും വ്യത്യസ്തമല്ലെന്നും അവൻ മനസ്സിലാക്കുന്നു.

തന്മൂലം അവനു ചെയ്യാവുന്ന ഏക പ്രവൃത്തി ഇതാണു്: തന്നെ ഞെരുക്കുന്നതും തന്റെ അസ്തിത്വത്തിൽ ഉത്സുകനല്ലാത്തതും ആയ മനുഷ്യരഹിതമായ അനന്തതയെ മറക്കുവാൻ പരിശ്രമിക്കുക. അനന്തതയുടെ ഫലശൂന്യമായ പരിഭ്രാന്തി തിരസ്കരിച്ചുകൊണ്ടു്, ബഹിരാകാശത്തിന്റെ ഭയാനകമായ നിശ്ശബ്ദത ശ്രവിക്കാതെ, മനുഷ്യത്വമില്ലാത്ത ഈ പ്രപഞ്ചംപോലെ സ്വാത്മമതിയാകുവാൻ സ്വയം നിർബ്ബന്ധിക്കയേ അവനു നിവൃത്തിയുള്ളു. ആശയററവിധം തന്നിലേയ്ക്കുതന്നെ വലിച്ചെറിയപ്പെട്ടു്, ഭൗമികമായി എളിമപ്പെടുത്തപ്പെട്ടു്, നിസ്സാരങ്ങളായ തന്റെ ചിന്തകളുടെ സാക്ഷാത്കാരത്തിനായി ഒന്നുകിൽ സ്വശക്തി അവൻ പ്രയോഗിക്കും, അല്ലെങ്കിൽ നിത്യസത്യങ്ങളുമായി ബന്ധപ്പെട്ടാലെന്നപോലെ അവയ്ക്കു് അത്യധികം പ്രാധാന്യം കൊടുക്കുന്നതായി ഭാവിക്കും." (1)

യുക്തിവാദികളായ നിരീശ്വരന്മാരുടെ മനുഷ്യനാണിതു്. ദൈവത്തെപ്പററിയുള്ള ചിന്ത നഷ്ടപ്പെട്ട ഇങ്ങനെയുള്ള ഒരു മനുഷ്യനു്, വ്യക്തിയെന്ന നിലയിൽ അയാളുടെ കാര്യത്തിൽ ശ്രദ്ധാലുവായ ഒരു പിതാവിന്റെ

(1) J. Rostand, L' Homme

www.malankaralibrary.com

സ്നേഹാത്മകമായ സാന്നിദ്ധ്യമാണ് നമുക്ക വെളിപ്പെടുത്തിക്കൊടുക്കവാനുള്ളത്.

## ദൈവം ശ്രദ്ധാലുവാണ്

ദൈവം നമ്മെപ്പററി ചിന്തിക്കുന്നുവെന്നതും അവിടുന്ന് ലോകത്തിന്റെ അനുദിന ജീവിതകാര്യങ്ങളിൽ ശ്രദ്ധാലുവാണെന്നതും വളരെ അവിശ്വസനീയമായി തോന്നാം. ലോകത്തിലിന്ന് 387 കോടി ജനങ്ങളുണ്ട്. കുറെ കൊല്ലങ്ങൾക്കകം അതഞ്ഞൂറും അറുന്നൂറും കോടിയാകും. ഈ മനുഷ്യരെപ്പററിയെല്ലാം വ്യക്തിപരമായി ദൈവം ശ്രദ്ധിക്കുന്നുണ്ടോ? അവരെപ്പററി പൊതുവെ ദൈവം ശ്രദ്ധാലുവാണെന്ന് നാം സമ്മതിക്കും. തന്റെ രാജ്യത്തെ പ്രജകളെ വ്യക്തിപരമായിട്ടല്ലെങ്കിലും സംഘാതമായിട്ടറിയുന്ന രാജാവിനെപ്പോലെ. മിക്കവാറും അബോധാവസ്ഥയിൽത്തന്നെ നാം വിശ്വസിക്കുകയാണ്, ഇന്നു നമുക്ക കിട്ടുന്ന ശ്രദ്ധ 387 കോടിയിൽ ഒരു ഭാഗം മാത്രമേയുള്ളുവെന്ന്; താമസിയാതെ അത് 500 കോടിയിൽ ഒരു ഭാഗമാകുമെന്ന്.

ദൈവത്തെപ്പററി സംസാരിക്കുമ്പോൾ ഇത്തരത്തിലുള്ള കണക്കുകൂട്ടൽ ശരിയല്ല. ഓരോരുത്തർക്കും ദൈവം കൊടുക്കുന്നത് അവിടുത്തെ സ്നേഹവും ശ്രദ്ധയും മുഴുവനായിട്ടാണ്, ചെറിയ ഒരംശം മാത്രമല്ല.

നാമാവലിയി(Catalague)ലെ ഒരു നമ്പറോ യന്ത്രത്തിലെ ഒരു ഇരുമ്പുകഷണമോ പോലെയല്ല, മറിച്ച്, ജീവിക്കുന്നവരും വ്യക്തികളുമെന്ന നിലയിൽ മററുള്ളവരെ പരിഗണിക്കുന്ന ഒരു മനുഷ്യനെ കണ്ടുമുട്ടുക അത്ര എളുപ്പമല്ല. എന്നാൽ അങ്ങനെയൊരു മനുഷ്യനെ കാണുക എത്ര ഹൃദ്യമാണ്! അതൊരത്ഭുതമാണ്. ആ അത്ഭുതം ദൈവം നമുക്കായി പ്രവർത്തിക്കുന്നു. ദൈവത്തിന് നാമോരോരുത്തരും അസ്തിത്വമുള്ളവരാണ്. പൈതൃകമായ സ്നേഹം അവിടുന്ന് നമുക്കോരോരുത്തക്കും തരുന്നു. ഇത്

www.malankaralibrary.com

അതിശയോക്തിയോ വാചകക്കസർത്തോ അല്ല. പരിശുദ്ധവും ലളിതവുമായ സത്യം മാത്രം.

ദൈവം നമ്മെ സ്നേഹിക്കുന്നു. നിങ്ങൾക്കും എനിക്കും വേണ്ടി ക്രിസ്തു തന്റെ ജീവൻ നല്കി, ലോകത്തിൽ നാം മാത്രമായിരുന്നാൽ എന്നപോലെ. പാസ്കലിന്റെ Pensees (ചിന്തകൾ) എന്ന കൃതിയിലെ "നിനക്കു വേണ്ടി ഞാൻ ചിന്തിയ രക്തത്തുള്ളിയാണിത്" എന്ന ക്രിസ്തുവിന്റെ വാക്കുകൾ നാം ഉദ്ധരിക്കാറുണ്ട്. ഒരു സാഹിത്യകൃതിയിൽ ഇതു ശരിയായിരിക്കാം. വാസ്തവത്തിൽ നമുക്കോരോരുത്തർക്കും വേണ്ടി ക്രിസ്തു തന്റെ രക്തം മുഴുവനും ചിന്തി. സജീവമായ വിശ്വാസത്തോടെ നാം നമ്മെ ബോധ്യപ്പെടുത്തേണ്ട ഒരു കാര്യമാണിത്. ദൈവത്തിനു നമ്മോടുള്ള വ്യക്തിപരമായ സ്നേഹത്തിൽ നാം വിശ്വസിക്കണം.

## ദൈവം നമ്മെ കാണുന്ന വിധം

ദൈവത്തെപ്പററി സംസാരിക്കുമ്പോൾ നമ്മുടെ സാധാരണ വീക്ഷണഗതിക്കു വിപരീതമായിരിക്കണമതു്. നാം കാണുകയും സ്പർശിക്കയും ആസ്വദിക്കയും ചെയ്യുന്ന, അനുദിനാനുഭവങ്ങളോടുകൂടിയ, പത്രങ്ങളിൽ വായിച്ചറിയുന്ന ഒച്ചപ്പാടും ബഹളവുമുള്ള ഈ ലോകം ഒരു നാടകവേദിയാണു്—ജീവൻ അരങ്ങേറുവാനുള്ള നാടകവേദി. സമാധാന സന്ധികളും പരസ്പരബന്ധങ്ങളുടെ തകിടം മറിച്ചിലുകളും രാഷ്ട്രീയ പ്രകമ്പനങ്ങളും അല്ല ദൈവത്തിന്റെ മുമ്പിൽ പ്രാധാന്യമർഹിക്കുന്നതു്. അവയ്ക്കെല്ലാം അവയുടേതായ പ്രാധാന്യമുണ്ടു്; അതാതിന്റെ തരത്തിലും തലത്തിലും: ശരിയാണു്. എന്നാൽ ദൈവത്തിന്റെ ശ്രദ്ധയുടേയും വ്യഗ്രതയുടേയും ആദ്യത്തെ വിഷയം, അവിടുത്തെ ശ്രദ്ധയുടെ മൗലികകേന്ദ്രം ലോകത്തിലുള്ള ഓരോ മനുഷ്യനുമാണു്; ഓരോ മനുഷ്യവ്യക്തിയും; ഓരോ അനശ്വരാത്മാവും. ബർഗ്സണിന്റെ വാക്കു

www.malankaralibrary.com

കളിൽ: ''ദൈവം ലോകത്തെ സൃഷ്ടിച്ച് അതിനെ തല കീഴാക്കി വച്ചു. ഇതു് പുണ്യാത്മാക്കളെയുണ്ടാക്കുവാൻ വേണ്ടിയാണു്''. ലോകത്തിന്റെ അസ്തിത്വത്തിനുള്ള ഏക കാരണം അതാകുന്നു. അവിടുന്നു പ്രതീക്ഷിക്കുന്ന കാര്യം ലോകം കൊടുക്കാതിരിക്കുന്ന ഒരു ദിവസം ഉണ്ടായാൽ, അർത്ഥമില്ലായ്മയാൽ, താനെ അതു് അവസാനിച്ചുപോകും. ദൈവം ലോകത്തെ തല കീഴാക്കുന്നതു് തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടിയാണു്. മനുഷ്യർക്കു്, തന്റെ സ്നേഹിതർക്കു്, നമുക്കോരോരുത്തർക്കും വേണ്ടി. ചിലപ്പോൾ ഈ ദൈവപരിപാലന വളരെ പ്രത്യക്ഷമത്രെ. നമ്മുടെ കണ്ണുകൾകൊണ്ടുതന്നെ അതു കാണാൻ കഴിയും.

സീസറഗസ്റ്റസിന്റെ കാലത്തു് ക്യൂറീനസ് സിറിയായിലെ ഗവർണ്ണറായിരുന്നപ്പോൾ റോമാസാമ്രാജ്യത്തിലെ എല്ലാ പൗരന്മാരുടെയും ഒരു (കാനേഷുമാരി) കണക്കെടുപ്പു നടത്തുവാൻ കല്പനയുണ്ടായി എന്നു് വിശുദ്ധ ലിഖിതത്തിൽ നാം വായിക്കുന്നു. ഈ രാജകല്പന വളരെയധികം സ്ത്രീപുരുഷന്മാരെ ജനസംഖ്യയെടുക്കുന്ന ആഫീസുകളിലേക്കു നയിച്ചു. രാജ്യവ്യാപകമായ ഈ ചലനത്തിന്റെ പ്രധാന കാരണം സൂക്ഷിച്ചാൽ, ദൈവം നോക്കുന്നപോലെ ഈ ജനസമൂഹത്തെ നാം കണ്ടാൽ, നമുക്കു മനസ്സിലാകുന്ന ഒരു വസ്തുതയുണ്ടു്: മറിയം എന്നു പേരായ ഒരു സ്ത്രീയേയും അവളുടെ ഭർത്താവായ യൗസേപ്പിനേയും അവിടുത്തെ കണ്ണുകൾ ശ്രദ്ധാപൂർവ്വം അനുഗമിച്ചിരുന്നുവെന്നു്; മിശിഹായുടെ ജനനസ്ഥലമായ ബസ്ലഹത്തേയ്ക്കു് അവിടുത്തെ പരിപാലന അവരെ നയിച്ചിരുന്നുവെന്നു്.

ഞാനിപ്പറഞ്ഞ ഉദാഹരണത്തിൽ ദൈവസ്നേഹം പ്രകടമായിക്കാണാം. എന്നാൽ സ്വപുത്രന്റെ ജനനത്തിനു് ദൈവംതന്നെ തയ്യാറെടുത്തതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതു് എന്നു നാം വിചാരിച്ചേക്കാം. അതു തെററാണു്. തീർച്ചയായും ദൈവത്തിന്റെ ഇടപെടൽ

www.malankaralibrary.com

ഇവിടെ കൂടുതൽ ദൃശ്യമാണ്. പക്ഷേ അവിടുത്തെ പുത്രനോടു നാം കൂടുതൽ ബന്ധപ്പെടുംതോറും, നാം കൂടുതൽ ക്രിസ്തുവിൻെറ സഹോദരരും ഒരേ പിതാവിൻെറ മക്കളും ആകുമ്പോഴും, ദൈവപരിപാലനയുടെ വ്യക്തിപരമായ ഈ പ്രവർത്തനം നമ്മുടെ ജീവിതത്തിലും അസ്തിത്വത്തിൻെറ അനുദിനാനുഭവങ്ങളിലും കൂടുതൽ പ്രാവർത്തികമാകും: ഈ വിഷയം വീണ്ടും ഞാൻ ചർച്ചചെയ്യുന്നതാണ്. തല്ക്കാലത്തേയ്ക്കു് നിങ്ങളുടെ ഹൃദയങ്ങൾ ദൈവം നൽകുന്ന സ്വാഗതം സ്വീകരിക്കുവാനായി, നിങ്ങളോരോരുത്തരോടും അവിടുന്നു കാണിക്കുന്ന പൈതൃകമായ സ്നേഹത്തിനായി, തുറക്കുക. എന്നിട്ട് അവിടുത്തോടു പറയുക; ''പിതാവേ അങ്ങേയ്ക്കെന്നോടുള്ള സ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നു''. ഈ വിശ്വാസം നിങ്ങളുടെ ഹൃദയത്തെ ലോകത്തിനു തരാൻ സാധിക്കാത്ത സന്തോഷത്താൽ നിറയ്ക്കട്ടെ.

www.malankaralibrary.com

2

# ദൈവത്തിന്റെ നിഗൂഢമായ സ്നേഹത്തിൽ വിശ്വസിക്കുവാൻ പഠിക്കുക

"ഞാൻ എന്താണു ചെയ്യുന്നതെന്നു് ഇപ്പോൾ
നീ അറിയുകയില്ല. എന്നാൽ പിന്നീടു്
നിനക്കു മനസ്സിലായിക്കൊള്ളും"

(ജോൺ 13:7)

## സർവ്വവ്യാപിയായ സ്നേഹം

ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു് ഞാൻ പറഞ്ഞു. അവിടുന്നു് നമ്മെ ഓരോരുത്തരേയും വ്യക്തിപരമായി സ്നേഹിക്കുന്നു. ദൈവത്തിന്റെ നേരിട്ടുള്ള ഈ സർവ്വാശ്രേഷ്ഠിയായ സ്നേഹത്തെപ്പററി ബോധവാന്മാരായിരിക്കുന്നതു് നമുക്കു നല്ലതാണു്. നാം അവിടുത്തെ മുൻപിൽ വ്യക്തിത്വമില്ലാത്തവരല്ല. അവിടുത്തെ മക്കളാണു നാം. കൃത്യമായ അറിവു്, ഗാഢമായ സ്നേഹം, ഗൗരവമായ സംഭാഷണം ഇവയാണു് ഒരു പിതാവിനെ മക്കളോടു ബന്ധിപ്പിക്കുന്ന ഘടകങ്ങൾ.

www.malankaralibrary.com

ദൈവം നമ്മെ ഓരോരുത്തരേയും കാണുന്നു. അവിടുന്ന് ഒന്ന് മറ്റൊന്നുമായി കൂട്ടിക്കുഴയ്ക്കുന്നില്ല. അവിടുന്ന് നമ്മുടെ പേരും വിശേഷതകളുമെല്ലാം അറിയുന്നു. നമ്മുടെ ജീവിതകഥ മനസ്സിലാക്കുന്നു; ഓരോ പേജും അതിലെ ഓരോ വരിയും വരികൾക്കിടയ്ക്ക് എഴുതിയിരിക്കുന്നവ കൂടി. അതെഴുതിയിരിക്കുന്ന കടലാസിലുള്ള അടയാളങ്ങൾപോലും അവിടുത്തേക്കറിയാം.

അവിടുന്നു നമ്മെ പദാനുപദം അനുധാവനം ചെയ്യുന്നു. തൊട്ടിൽ മുതൽ കല്ലറവരെ. ഒന്നും അവിടുത്തെ ശ്രദ്ധയിൽ പെടാതിരിക്കുന്നില്ല. അവിടുത്തെ അനുവാദം കൂടാതെ നമ്മുടെ തലയിലെ ഒരു മുടിപോലും വീഴുന്നില്ല.

അവിടുന്നു പറഞ്ഞു: ''എന്റെ ആടുകളെ ഞാൻ അറിയുന്നു. അവ എന്നേയും'' (ജോൺ 10:14). പഴയനിയമത്തിൽത്തന്നെ ദൈവം മനുഷ്യരോടുള്ള സ്നേഹം ഈ വാക്കുകളിൽ പ്രകടമാക്കി: ''ഒരു സ്ത്രീക്ക് അവളുടെ കുഞ്ഞിനെ മറക്കുവാൻ സാധിക്കുമോ?....അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല'' (ഇസയാസ് 49:15). അതുകൊണ്ടാണ് വി. ഫ്രാൻസീസ് സാലസ് പറഞ്ഞത്, വിധിദിവസത്തിൽ സ്വന്തം മാതാവിനാൽ എന്നതിനേക്കാൾ, ദൈവത്താൽ വിധിക്കപ്പെടുവാനാണ് താൻ ആഗ്രഹിക്കുന്നതെന്ന്.

ദൈവം നമ്മെ സ്നേഹിക്കുന്നു. അവിടുന്ന് എല്ലാം അറിയുന്നു; മനസ്സിലാക്കുന്നുമുണ്ട്. നമ്മിലുള്ള നന്മ മുഴുവൻ അറിയപ്പെടുക എന്നതു് വളരെ നല്ലതാണ്; എങ്കിലും വളരെ അസാധാരണമാണത്. ''എന്റെകൂടെ എപ്പോഴും ഉണ്ടായിരുന്നാൽ മാത്രമേ നിനക്ക് എന്റെ സ്നേഹിതനാകാൻ കഴിയുകയുള്ളൂ'' എന്ന് ബ്ലോയ് (Bloy) തന്റെ ''ജേർണ (Journal)'' ലിൽ എഴുതി. ദൈവം എപ്പോഴും നമ്മോടുകൂടിയുണ്ട്. നമ്മുടെ അടുത്ത്, വളരെയടുത്ത്. അവിടുത്തേയ്ക്ക് നമ്മോടനുഭാവമുണ്ട്; നമ്മുടെ ഭാഗത്തുനിന്നുമുള്ള നന്മനസ്സിന്റെ ലാഞ്ഛന കണ്ടാൽ മതി,

www.malankaralibrary.com

ക്ഷമിക്കുവാനുള്ള ആദ്യത്തെ ചുവടു് അവിടുന്നു് എടുക്കുകയായി. ആ നന്മനസ്സുതന്നെ നമ്മിൽ പ്രവർത്തിക്കുന്ന അവിടുത്തെ അനുഗ്രഹത്തിന്റെ ഫലമാണുതാനും.

സുവിശേഷത്തിലെ ഉപമയിൽ പിതാവാണു് ധൂർത്ത പുത്രനെ സ്വീകരിക്കുവാൻ ഇറങ്ങിച്ചെല്ലുന്നതു്, അവനെ അങ്ങു ദൂരെ കാണുമ്പോൾ തന്നെ. അദ്ദേഹത്തിന്റെ തുറന്ന കരങ്ങളാണു് അവനെ സ്വാഗതംചെയ്യുന്നതു്. അനുതാപി 'ഞാൻ പിഴയാളി' ചൊല്ലുന്നതിനു മുൻപു തന്നെ—അതിനു തീരുമാനമെടുക്കുമ്പോൾത്തന്നെ—രമ്യത പൂർണ്ണമാകുന്നു.

ദൈവം നമ്മെ സ്നേഹിക്കുകയും വഴികളിൽ നമ്മെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നുണ്ടു്. വിശുദ്ധലിഖിതം പറയുന്നു: ''നമ്മെ കാത്തുസൂക്ഷിക്കുന്നതിനായി തന്റെ മാലാഖമാരെ അവിടുന്നു നിയോഗിച്ചിട്ടുണ്ടു്''. വേറൊരിടത്തു പറയുന്നു: ''നമ്മുടെ അസ്ഥികളെല്ലാം അവിടുന്നെണ്ണി തിട്ടപ്പെടുത്തിയിട്ടുണ്ടു്''.

## മറഞ്ഞിരിക്കുന്ന സ്നേഹം

ദൈവസ്നേഹമാകട്ടെ മറഞ്ഞിരിക്കുന്നു. തടാകത്തിലെ ജലപ്പരപ്പിൽക്കൂടി അവിടുന്നു നടക്കുന്നതു കണ്ടപ്പോൾ ശിഷ്യന്മാർ വിചാരിച്ചു, ക്രിസ്തു ഒരു ഭൂതമാണെന്നു്. ഉയിർപ്പുഞായറാഴ്ച കാലത്തു് ഒലിവുതോട്ടത്തിൽ അവിടുത്തെ കണ്ടപ്പോൾ മഗ്ദലനമേരി വിചാരിച്ചു; അവിടുന്നു തോട്ടക്കാരനാണെന്നു്. എമ്മാവൂസിലേയ്ക്കുള്ള വഴിയിൽ അവിടുത്തെ കണ്ടപ്പോൾ ശിഷ്യന്മാർ വിചാരിച്ചു, തങ്ങളുടെ പ്രതീക്ഷകളെപ്പററി ശ്രദ്ധാലുവല്ലാത്ത ഒരപരിചിതനാണവിടുന്നെന്നു്.

ദൈവത്തിന്റെ വഴികൾ സാധാരണയായി നമുക്കു മനസ്സിലാവാറില്ല. വിശ്വാസം, സജീവമായ വിശ്വാസം ആവശ്യമാണു് അവ ഗ്രഹിക്കുവാൻ. ദൈവം മറഞ്ഞിരിക്കുന്നു. എന്നാൽ അവിടുന്നെല്ലായിടത്തുമുണ്ടു്.

www.malankaralibrary.com

സാന്ദർഭികമായ സംഭവങ്ങളിലും അപ്രതീക്ഷിതമായ ആഭിമുഖ്യങ്ങളിലും മറഞ്ഞിരിക്കുകയാണ് അവിടുന്ന്. ബാഹ്യമായവസ്തുക്കളിടയിലും ആവരണങ്ങൾക്കു പിന്നിലും കർത്താവിനെ കാണാതിരിക്കുവാൻ നിർവ്വാഹമില്ലാത്ത വണ്ണം ചിലപ്പോൾ അത്രയ്ക്കു വെളിച്ചം വീശുന്നവയാണവ. അവിടുത്തെ അന്വേഷിക്കുന്നതു നല്ലതാണ്.

ജീവിതത്തിൽ ഈ അനുഭവം എല്ലാവർക്കും ഉണ്ടായിക്കാണും. ഒരു പ്രത്യേക കൂടിക്കാഴ്ച, ഒരു പുസ്തകം, സന്ദർഭവശാൽ കേട്ട ഒരു വാക്ക്, നേരിടേണ്ടിവന്ന ഒരു പരീക്ഷണം: ഇവയെല്ലാം നമുക്ക് വേഷപ്രച്ഛന്നനായ ദൈവമായിരുന്നു. ദൈവം നിശ്ചയമായും അവിടെയുണ്ടായിരുന്നു. അവിടുന്ന് നിശ്ശബ്ദനായി മറഞ്ഞിരുന്നു. ഒരാദ്ധ്യാത്മിക എഴുത്തുകാരൻ പറയുന്നു: ''ഒരാത്മാവിനോട്ട് ശരിയായ ഒരു വാക്കു പറയുവാൻ പ്രത്യേകം ഉപദേശകൻെറ സാന്നിദ്ധ്യം ആവശ്യമുണ്ടെങ്കിൽ ലോകത്തിൻെറ വിദൂരമായ അതിർത്തികളിൽനിന്നു തന്നെയും ആ ആളെ ദൈവം അയയ്ക്കാതിരിക്കുകയില്ല''. ദൈവം മറഞ്ഞിരിക്കുന്നതു് ഒരു റേഡിയോതരംഗത്തിലോ, ഒരു സിനിമാ ചിത്രത്തിലോ, ഒരു വഴിപോക്കൻെറ വിചാരത്തിലോ ആയിരിക്കാം. വിശുദ്ധലിഖിതം പറയുന്നതു്. ''നിങ്ങൾ ഇന്ന് അവൻെറ സ്വരം ശ്രവിക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു്'' (സങ്കീ. 94:8) എന്നാണ്.

## ദൈവത്തിൻെറ വഴികൾ

വ്യക്തിപരമായ, നേരിട്ടുള്ള, സർവ്വാശ്ലേഷിയായ സ്നേഹത്താൽ ദൈവം നമ്മെ സ്നേഹിക്കുന്നു. ആ സ്നേഹം സംഭവ്യതയുടേയും അപ്രധാന കാരണങ്ങളുടേയും പ്രവർത്തനങ്ങളിൽ അന്തർഭവിച്ചിരിക്കുകയാണ്. വിസ്മയിപ്പിക്കുന്ന ചില പ്രത്യേക സംഭവങ്ങൾ വി. ലിഖിതത്തിൽ നാം കാണുന്നു. യാത്രാനന്തരം ക്ഷീണിച്ച് കിണററിനരികിൽ—യാക്കോബിൻെറ കിണററിനരികിൽ—ഇരിക്കുന്ന കർത്താവിനെ സൂക്ഷിക്കുക. എന്താണ് ഇതിൽ

www.malankaralibrary.com

കൂടുതൽ സ്വാഭാവികമായിരിക്കുക? ഒരു സമറിയാക്കാരി കുടവുമായി വെള്ളത്തിനു വരുന്നു. എന്താണ് ഇതിൽ കൂടുതൽ ലളിതമായിരിക്കുക? എന്നിട്ടും ദൈവത്തിൻെറ കരുണയും മനുഷ്യൻെറ ബലഹീനതയും തമ്മിലുള്ള എന്തു സംഗമം! ഗുരുവുമായുള്ള അവളുടെ സംഭാഷണത്തിൽ ആ സ്ത്രീയുടെ ഭാവി മാറുന്നു. ഭൂതകാല പാപങ്ങളിൽ നിന്നു് അവിടുന്നു് അവളെ രക്ഷിക്കുന്നു. അവളെ മ്ശിഹായുടെ സന്ദേശവാഹകയാക്കുന്നു, അവളുടെ ജനങ്ങളുടെ മദ്ധ്യത്തിൽ.

കാനായെപ്പററി ചിന്തിക്കാം. അവിടത്തെ വിരുന്നിനു് ഈശോയും മറിയവും പോയി. ഒരു പ്രത്യേക നിമിഷത്തിൽ വീഞ്ഞു തീർന്നുപോകുമെന്ന ഭയമുണ്ടാകുന്നു. മറിയം ലളിതമായ ഒരഭ്യർത്ഥന നടത്തുന്നു, അവളുടെ പുത്രനോടു്: അവർക്കിനി വീഞ്ഞില്ല (ജോൺ 2:3). ഈശോ ചെയ്ത ആദ്യത്തെ പരസ്യമായ അത്ഭുതം ഈ അപേക്ഷയുടെ ഉത്തരമായിരുന്നു. ഒരു നിസ്സാരകാര്യത്താൽ, കുടുംബപാലനത്തിൽ കാണിച്ച ശ്രദ്ധകൊണ്ടുണ്ടായ അത്ഭുതം. സാധാരണക്കാരായ ജനങ്ങളുടെ ബുദ്ധിമുട്ടില്ലാതാക്കാനാണു് തക്കസമയത്തു് അവിടുന്നു് അത്ഭുതം പ്രവർത്തിച്ചതു്. തങ്ങളുടെ വിഷമസ്ഥിതി അവർ അറിഞ്ഞിരിക്കപോലുമില്ല. ആ ചെറിയ കാര്യത്തിൽ ശ്രദ്ധചെലുത്തുന്നതു് തൻെറ ശക്തിയും സ്നേഹവും കാണിക്കുവാൻ സഹായകമാകുമെന്നു ദൈവം തീരുമാനിച്ചു.

### നത്താനിയേലിൻെറ കാര്യം

ശിഷ്യരെ തിരഞ്ഞെടുത്തുകൊണ്ടിരിക്കുമ്പോഴാണു് അയാൾ ഈശോയെ സമീപിക്കുക. അയാൾ വരുന്നതു കാണുമ്പോൾ ഈശോ പറയുന്നു: "സാക്ഷാൽ ഇസ്രായേൽക്കാരനായ ഒരാൾ ഇതാ വരുന്നു; അയാളിൽ കളങ്കമില്ല" (ജോൺ 1:4).

"അങ്ങെങ്ങനെയാണു് എന്നെ അറിയുന്നതു്?" നത്താനിയേൽ ചോദിച്ചു. ഈശോ മറുപടി പറഞ്ഞു:

www.malankaralibrary.com

"നീ അത്തിവൃക്ഷത്തിന്റെ ചുവട്ടിലായിരുന്നപ്പോൾ ഫീലിപ്പ് നിന്നെ വിളിക്കുന്നതിനു മുൻപ് ഞാൻ നിന്നെ കണ്ടു."

എന്തിനെപ്പററിയാണ് കർത്താവ് ഇവിടെ സൂചിപ്പിക്കുന്നതെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ ഒന്നും മാററിനിറുത്താത്ത ദൈവപരിപാലനയ്ക്കു് ഒരുദാഹരണമാണിതു്. ഒരു വിധവയുടെ കൊച്ചുകാശുപോലും, അവൾ അതു് ഭണ്ഡാരത്തിൽ നിക്ഷേപിച്ചപ്പോൾ, അവിടുത്തെ ശ്രദ്ധയിൽ പെടാതിരുന്നില്ല.

ജറുസലേം പട്ടണത്തിൽനിന്നു് ഒരു ഭരണിയിൽ വെള്ളം കൊണ്ടുപോകുകയായിരുന്ന ഒരു ചെറുപ്പക്കാരന്റെ ചലനങ്ങൾ അവിടുത്തെ ശ്രദ്ധയിൽപെടുന്നു. പെസഹാ ഒരുക്കുവാൻ അയാളെ അനുഗമിക്കുവാനാണ് യോഹന്നാനോടും പത്രോസിനോടും അവിടുന്നാവശ്യപ്പെട്ടതു്. ഇല്ല! ഒന്നും തീരെ ചെറുതല്ല. അവിടുത്തെ കണ്ണുകളുടെ മുമ്പിൽ എല്ലാററിനും അർത്ഥമുണ്ടു്; ഉദ്ദേശ്യമുണ്ടു്; പൊരുളുണ്ടു്. നമ്മുടെ പ്രവൃത്തികളും ചെയ്തികളുമെല്ലാം അവിടുത്തേക്കറിയാം. അവയെ അവിടുന്നു് അനുധാവനം ചെയ്യുന്നു; അവയ്ക്കു് പ്രചോദനം നൽകുന്നു. ദൈവപരിപാലനയുടെ ഈ മഹാ പ്രവർത്തനം നമ്മുടെ ജീവിതവസ്ത്രം നെയ്തെടുക്കുവാൻ, അതിന്റെ നൂലുകൾ കൂട്ടിപ്പിടിപ്പിക്കുവാൻ, സഹായിക്കുന്നു.

ദൈവപരിപാലന നമ്മുടെ ജീവിതത്തിൽ ഞെട്ടിപ്പിക്കുന്ന ആഘാതങ്ങളുണ്ടാക്കുന്ന അവസരങ്ങളുണ്ടു്. ചിലരുടെ മരണത്തെ സംബന്ധിക്കുന്ന ചുററുപാടുകൾ അതു് സുവിദിതമാക്കുന്നു "ജീവിതം ഒരു വാചകമാണു്. അവസാനത്തെ വാക്കുച്ചരിക്കുന്നതുവരെ അതിന്റെ അർത്ഥം നമുക്കു മനസ്സിലാകുന്നില്ല" എന്നാണ് ഒരു തത്ത്വശാസ്ത്രജ്ഞൻ പറഞ്ഞിട്ടുള്ളതു്. ജീവിതത്തിന്റെ അവസാനം ചില പ്രത്യേകതകളുള്ളതായി ചിലപ്പോൾ കാണാം. ദൈവത്തിന്റെ കൈകൾ അതിൽ കാണുവാനും

www.malankaralibrary.com

ആർദ്രമായ ദൈവസ്നേഹം തന്റെ ദാസനെ അവിടുത്തെ പക്കലേക്കു വിളിക്കുന്നതു് മനസ്സിലാക്കുവാനും ആ പ്രത്യേകതകൾ നമ്മെ നിർബന്ധിക്കുന്നു.

ഫാദർ സെർട്ടിലാൻജി (Sertillange)നെ ഞാൻ ഓർക്കുകയാണ്. കുട്ടികൾക്കായുള്ള ഒരു ധ്യാനം പ്രസംഗിക്കുന്ന അവസരത്തിൽ ഒരു ദിവസം അദ്ദേഹം തന്റെ മേശയ്ക്കരികെ മരിച്ചു കിടക്കുന്നതായിട്ടാണു് കണ്ടതു്. അടുത്ത ഉപദേശത്തിനുള്ള നോട്ടുകൾ അദ്ദേഹം എഴുതി തീർത്തതേ ഉണ്ടായിരുന്നുള്ളു. ''നമുക്കെല്ലാവർക്കും ഇങ്ങനെ ഒരുങ്ങാം, സ്വർഗ്ഗത്തിൽ കൂടിക്കാണുന്നതിനു്'' എന്നു്. (Let us prepare ourselves to meet in heaven). അവസാനത്തെ വാക്കിലെ മഷി ഉണങ്ങിയിട്ടുണ്ടായിരുന്നില്ല, അദ്ദേഹം കർത്താവിൽ മരിച്ച നിലയിൽ കാണപ്പെട്ടപ്പോൾ.

മഹാനായ ഒരു ബനഡിക്ടിനെപ്പററിയും ഞാൻ ഓർക്കുന്നു. ജീവിതം മുഴുവനും ഉയിർപ്പിന്റെ മഹിമ പ്രകീർത്തിക്കുവാനാണദ്ദേഹം വിനിയോഗിച്ചതു്. ദുഃഖശനിയാഴ്ച, സമൂഹപ്രാർത്ഥനയുടെ നേരത്തു് പള്ളിയിൽവച്ചു അദ്ദേഹം മരിച്ചു. Exultet എന്ന (ഉയിർപ്പിനു പ്രാരംഭമായ) സ്തോത്രഗീതം ആരംഭിച്ചയുടനെ.

ആത്മാക്കളും സാന്ദർഭിക സംഭവങ്ങളും ബന്ധപ്പെട്ടവയാണു് എന്നു പറയാറുണ്ടു് അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. ദൈവസ്നേഹമാണു് അവക്കു പ്രചോദനം നൽകുന്നതും പരസ്പര സമീക്ഷണം സാദ്ധ്യമാക്കുന്നതും.

സർവ്വവ്യാപിയായ ദൈവപരിപാലനയെപ്പററി ബോധവാന്മാരാകുന്നതും അതിനെ സ്വാഗതം ചെയ്യുവാൻ നമ്മുടെ ഹൃദയങ്ങൾ തുറക്കുന്നതും നന്നു്. മനുഷ്യജീവിതത്തിലെ ദൈവസാന്നിദ്ധ്യം തിരിച്ചറിയുന്നതിനു് നമ്മെ സഹായിക്കുവാൻ ലോകത്തിൽ ദൈവത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്ന പ്രത്യേക നിയമം കണക്കിലെടുത്തേ പററൂ. പക്ഷേ നാം അതിനെ അവഗണിക്കുവാനാണു് ശ്രമിക്കാറു്.

www.malankaralibrary.com

## ദൈവത്തിൻെറ സമയം

നാം തിരഞ്ഞെടുത്ത സമയത്തു് അവിടുന്നു് പ്രത്യക്ഷപ്പെടാത്തതുകൊണ്ടു് ദൈവം നമുക്കു സന്നിഹിതനല്ല. അവിടുന്നു് നമ്മെ നമ്മുടെ വിധിക്കു കൈവിട്ടിരിക്കുകയാണു് എന്നെല്ലാം നാം ചിന്തിക്കുന്നു. "സമയവും കാലവും നിശ്ചയിക്കുന്നതു് ദൈവമാണു്. നേരിട്ടു് സമയം തിർഞ്ഞെടുക്കുന്നതിൽ എത്ര നിർബ്ബന്ധവാനാണു് ദൈവം എന്നു് വിശുദ്ധഗ്രന്ഥം അറിയിക്കുന്നു. എത്ര തവണ കർത്താവു പറഞ്ഞിട്ടുണ്ടു്: "എൻെറ സമയം വന്നിട്ടില്ല"........അല്ലെങ്കിൽ, "സമയാ വരുന്നു" എന്നെല്ലാം. പിതാവല്ലാതെ വേറാരും തൻെറ സമയം നിശ്ചയിക്കുവാൻ അവിടുന്നു സമ്മതിച്ചില്ല നിർബ്ബന്ധിക്കപ്പെടുവാനോ, തത്രപ്പെടുവാനോ ആവിടുന്നാഗ്രഹിച്ചില്ല എങ്ങനെ സമയം കാക്കുകയും ശരിയായ നിമിഷം തിരഞ്ഞെടുക്കുകയും ചെയ്യണം എന്നു് അവിടുത്തേക്കറിയാമായിരുന്നു.

കൊടുങ്കാററു വന്നപ്പോൾ അവിടുന്നു് വഞ്ചിയിൽ ഉറങ്ങുകയായിരുന്നു. ഭയചകിതരായ തൻെറ ശിഷ്യന്മാരെ സഹായിക്കുവാൻ അവിടുന്നു തിടുക്കം കൂട്ടിയില്ല. അവിടുന്നവിടെ ഉണ്ടായിരുന്നു. സമയമായപ്പോൾ തിരമാലകളെ ശാന്തമാക്കുന്നതിനു് അടയാളം കൊടുക്കുവാൻ അവിടുന്നു് തയ്യാറായി.

ഭാവിയെപ്പററി ശിഷ്യന്മാർ ചോദിച്ചപ്പോൾ അവിടുന്നു പറഞ്ഞു: "നിങ്ങൾക്കു് ആ നാളോ വിനാഴികയോ അറിഞ്ഞുകൂടാ" (മത്താ. 25:13). അവിടുത്തെ രഹസ്യം അവിടുന്നറിയിച്ചുമില്ല.

ഗുരുനാഥൻ തൻെറ കാലുകൾ കഴുകണം എന്നു മനസ്സിലാക്കാതിരുന്ന പത്രോസിനോടു് എന്തുകൊണ്ടു് അവിടുന്നു പറഞ്ഞു: "ഞാൻ എന്താണു് ചെയ്യുന്നതെന്നു് ഇപ്പോൾ നീ അറിയുകയില്ല; എന്നാൽ അതു് പിന്നീടറിയും" എന്നു്?

www.malankaralibrary.com

ദൈവം നിശ്ചയിച്ചിരിക്കുന്ന സമയമാകുംവരെ നാം ദൈവസ്നേഹത്തിന്റെ അടയാളത്തിനായി കാത്തിരിക്കണം. ദൈവത്തിന്റെ താളലയം നാം അംഗീകരിക്കണം. തങ്ങളുടെ തന്നെ താളം ദൈവത്തെ അടിച്ചേല്പിക്കാനാണ് ക്രിസ്ത്യാനികൾ പലപ്പോഴും ആഗ്രഹിക്കുക. അതുകൊണ്ടവർ പറയും ദൈവം തങ്ങളുടെ പ്രാർത്ഥന ശ്രദ്ധിക്കുന്നില്ലെന്ന്, അവിടുന്ന് അവർക്ക് എപ്പോഴും ഉത്തരം നൽകുന്നുണ്ട്. അവിടുത്തെ രീതിയിൽ അവിടുന്ന് പറയുന്നു; "നിങ്ങൾ ചിന്തിക്കുന്നതുപോലെ ചിന്തിക്കുകയും ചെയ്യുന്നതുപോലെ ചെയ്യുകയുമല്ല ഞാൻ ചെയ്യുന്നതു്" (ഇസയാസ് 55:8). എല്ലാം അവിടുത്തേയ്ക്കു വിട്ടുകൊടുക്കുക. നമ്മേക്കാൾ ഏറ്റം നന്നായി അവിടുത്തേയ്ക്കറിയാം എന്താണവിടുന്ന് ചെയ്യുന്നതെന്ന്, അചഞ്ചലമായ വിശ്വാസത്തോടെ നമുക്ക് ഉറപ്പിച്ചു പറയാം: ദൈവത്തെ സ്നേഹിക്കുന്നവക്ക് എല്ലാം നന്മയ്ക്കായി ക്രമീകരിക്കുന്നു: (റോമ. 8:28).

ദൈവസ്നേഹം എതിർപ്പുകളേയും ബുദ്ധിമുട്ടുകളേയും ലഘൂവാക്കുന്നു. നിങ്ങളുടെ സമർപ്പണവും പരിപൂർണ്ണമായ വിശ്വാസവും അവിടുത്തേയ്ക്ക് കാഴ്ചവയ്ക്കുക. തനിക്കിഷ്ടമായവിധം പ്രാർത്ഥനകൾക്കുത്തരം തന്നതിന് ഒരിക്കൽ സ്വർഗ്ഗത്തിൽ നിങ്ങൾ അവിടുത്തേക്കു നന്ദി പറയും. മനുഷ്യബുദ്ധിക്കതീതമായ ഔന്നത്യവും ആഴവും പരപ്പും അവിടുത്തെ സ്നേഹത്തിനുണ്ട്. അതു നമ്മെ ജയിക്കുകയും ചെയ്യുന്നു. തന്മൂലം നിത്യത്വം തന്നെ മതിയാവുകയില്ല ദൈവത്തിനു "നന്ദി" പറയുവാൻ.

www.malankaralibrary.com

3

# ദൈവവുമായി സമ്പർക്കത്തിലായിരിക്കുവാൻ പഠിക്കുക

"നിങ്ങൾ എൻെറ സ്നേഹത്തിൽ നിലനില്ക്കുവിൻ"
(ജോൺ 15:9)

ജീവിതത്തിൻെറ മഹത്തായ നിയമങ്ങളിലേക്ക് ഭാവനയിലൂടെ കടന്നുചെല്ലുവാൻ നാം ആഗ്രഹിക്കാറുണ്ട്, നമ്മുടെ ധൈര്യവും ശക്തിയും പ്രകടമാക്കുന്നതിന്. എന്നാൽ ദിവസേന ഇത്തരം ഒരായിരം അവസരങ്ങൾ അറിയാതെ കടന്നുപോകുവാൻ നാം അനുവദിക്കുകയാണ്. സാധാരണവും എളിയവയുമെങ്കിലും സ്തുത്യർഹമായ നന്മ ചെയ്യുവാനുള്ള അവസരങ്ങളാണവ.

## എല്ലാത്തരത്തിലുമുള്ളബന്ധം

ചെറിയ കാര്യങ്ങളിൽ വലിയവരായി പ്രവർത്തിക്കുവാൻ നാം പഠിക്കണം. ജീവിതത്തിൻെറ വിവിധങ്ങളും

www.malankaralibrary.com

താരതമ്യേന അപ്രധാനങ്ങളുമായ സംഭവങ്ങളിലൂടെയും ഓരോ ദിവസത്തേയും ബദ്ധപ്പാടുകൾ നിറഞ്ഞ അസ്തിത്വത്തിലൂടെയും ദൈവവുമായുള്ള തുടർച്ചയായ സമ്പർക്കം പുലർത്തുവാൻ നാം അഭ്യസിക്കണം.

ഒരാദ്ധ്യാത്മിക എഴുത്തുകാരന്റെ വാക്കുകളിതാ: ''എന്റെ ദൈവമെ, ഞാൻ നിന്നെ എല്ലാ വസ്തുക്കളേക്കാൾ ഉപരിയായി സ്നേഹിക്കണമെങ്കിൽ ഓരോ-ദിവസവും ഏതെങ്കിലും വസ്തുവിനേക്കാൾ കൂടുതൽ നിന്നെ സ്നേഹിക്കുവാനുള്ള അവസരം എനിക്കു നൽകണമെ.'' അങ്ങനെയാണ് ആ സ്നേഹം പ്രാവർത്തികമാക്കുക.

ശ്രദ്ധാർഹമായ പ്രവൃത്തികളുടെ സമാഹാരമല്ല വിശുദ്ധി. നാം ചെയ്യേണ്ടവ നല്ല ഹൃദയത്തോടെ ചെയ്യുന്നതിലാണതടങ്ങിയിരിക്കുന്നത്. നമുക്കു സാദ്ധ്യമായ വ-നിസ്സാരങ്ങളും സാധാരണങ്ങളുമായി നാം പരിഗണിക്കുന്നവ-ശരിക്കു ചെയ്യുന്നതിൽ.

ക്രിസ്തീയ ജീവിതത്തിന്റെ ഭാഷ ഗദ്യമാണ്, പദ്യമല്ല. അനുദിന ചെയ്തികളുടെ ഞെരിഞ്ഞിലിലൂടെയാണ് അതെഴുതപ്പെട്ടിരിക്കുന്നത്. ഏററം സാധാരണ സംഭവങ്ങളിൽപ്പോലും ദൈവഹിതം കാണുവാൻ നാം അഭ്യസിക്കണം. ''കാര്യത്തിന്റെ പോക്കു'' എന്നു നാം പറയുന്നതു സംഗതികൾ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവകരങ്ങളെത്തന്നെയാണ്. തന്റെ സാന്നിദ്ധ്യം മനസ്സിലാക്കിത്തരുവാൻ പലവിധത്തിൽ ദൈവത്തിനു കഴിയും. ദൈവവുമായി സമ്പക്കം പുലർത്തുവാൻ അവയെല്ലാം ക്രിസ്ത്യാനികൾ ഉപയോഗിക്കണം.

അപ്പത്തിന്റേയും വീഞ്ഞിന്റേയും രൂപത്തിൽ ദൈവവുമായി സമ്പർക്കത്തിലേർപ്പെടുവാൻ നാം പരിചയിച്ചിട്ടുണ്ട്. ''ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു'' എന്നു വൈദികൻ ഉച്ചരിക്കുന്നതോടുകൂടി ക്രിസ്തു സന്നിഹിതനാകുന്നു എന്നു വിശ്വാസംവഴി

www.malankaralibrary.com

നമുക്കറിയാം. 'അപ്പ'ത്തിലും അതിൻെറ ഏററം ചെറുതായ ഭാഗത്തിൽപോലും ക്രിസ്തു മുഴുവനായി സന്നിഹിതനാണെന്നു് നമുക്കുറപ്പുണ്ടു്. മനുഷ്യബുദ്ധിക്കതീതമായ, കൂദാശാപരമായ, സാന്നിദ്ധ്യം എന്ന രഹസ്യമാണതു്. ആ സത്യം ദൈവത്തിൽനിന്നുതന്നെ കൃതജ്ഞതയോടും ബഹുമാനത്തോടുംകൂടി നാം സ്വീകരിക്കുന്നു. ഇതാണു് സമ്പർക്കത്തിനുള്ള ആദ്യത്തെ ഉപാധി. വേറെയും മാർഗ്ഗങ്ങളുണ്ടു്.

എന്നേയും എൻെറ ജീവിതത്തേയും അതിൻെറ പ്രത്യേകതകളേയും അതിൻെറ പരിമിതികളോടും ഇച്ഛാഭംഗങ്ങളോടും കൂടി സ്വീകരിക്കുമ്പോൾ, ദൈവവുമായി ഞാൻ സമ്പർക്കത്തിലേർപ്പെടുന്നു. ഇതു് കൂദാശാപരമായ ബന്ധമല്ല; മറിച്ചു് ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രത്യേകമായ ബന്ധമാണു്.

ഏററം പരിശുദ്ധമായ തൻെറ ഇഷ്ടം, ഓരോ സെക്കൻറിലും മിനിട്ടിലും മണിക്കൂറിലും നിറവേററിക്കൊണ്ടു് അവിടുന്നുമായി ബന്ധം പാലിക്കണമെന്നാണു് ദിവ്യനാഥൻ നമ്മോടാവശ്യപ്പെടുന്നതു്.

ഒരു വാച്ചിൽനിന്നും പ്രതീക്ഷിക്കുന്നതു് അതിൻെറ സൂചികൾ നിശ്ചയിച്ചിരിക്കുന്ന സമയം കാണിക്കണം എന്നതാകുന്നു. അതിൻെറ നിർമ്മാതാവു പ്രതീക്ഷിക്കുന്നിടത്തായിരിക്കണം ഓരോ നിമിഷത്തിലും ആ സൂചികൾ. മനുഷ്യനെ സംബന്ധിച്ചു് ഇതിൻെറ അർത്ഥം: ദൈവഹിതത്തോടുള്ള അനുസരണം, ഓരോ നിമിഷത്തിലും ചെലുത്തുന്ന ശ്രദ്ധ, ചെറിയ കാര്യങ്ങളിലുള്ള പരിശുദ്ധി ഇവയത്രെ.

ദൈവം ആവശ്യപ്പെടാത്ത ഒരു കാലഘട്ടത്തിൽ ജീവിക്കുവാനുള്ള പ്രലോഭനം നമുക്കുണ്ടു്. ചെറുപ്പക്കാർ ഭാവിയിൽ ജീവിക്കുന്നു. നാളത്തേയ്ക്കുള്ള പ്ലാനാണു് അവക്കു് എപ്പോഴും. പ്രായമായവർ പിന്നിലോട്ടു തിരിഞ്ഞുനോക്കുന്നു, കഴിഞ്ഞവയിൽ ജീവിക്കുന്നതിനു്. ഭൂതകാലം അവർക്കു കൂടുതൽ കൂടുതൽ വർത്തമാനമാകുന്നു;

www.malankaralibrary.com

ചുരുക്കം ചിലരേ വത്തമാനത്തിൽ–''ഭാസുരമായ വർത്തമാനത്തിൽ''–ജീവിക്കുന്നുള്ളൂ. ചുരുക്കം ചിലരേ കടന്നുപോകുന്നതായ സമയത്തിൽ ദൈവേഷ്ടം അന്വേഷിക്കുന്നുള്ളൂ. അറംത്താരയിലെ അപ്പത്തിൽ ഓരോ ക്ഷണത്തിലും ദൈവഹിതമെന്നപോലെ, കടന്നുപോകുന്ന ഓരോ നിമിഷത്തിലുമുള്ള ദൈവത്തിൻെറ ഹിതം അവരന്വേഷിക്കുന്നു. മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും ദൈവഹിതം അതിൻെറ പൂർണ്ണതയിൽ കാണുവാനും ആരാധിക്കുവാനും അവർക്കു കഴിയും,

ജീവിതവ്യഗ്രതയുടെ മദ്ധ്യത്തിൽ ദൈവവുമായി സമ്പക്കം പുലർത്തുക എന്നുവച്ചാൽ ബാഹ്യമായവസ്തുതീതമായി വിശ്വാസം കാണുന്നുവെന്നും അനുദിനാനുഭവങ്ങളിൽ ദൈവത്തെ ദർശിക്കുന്നുവെന്നുമാണർത്ഥം. ഏററം അപ്രതീക്ഷിതമായ നിമിഷങ്ങളിൽപോലും വേഷപ്രച്ഛന്നനായി നമ്മുടെ പക്കൽ വരുവാൻ ദൈവം സന്നദ്ധനാണെന്നു നാം ഓർക്കണം.

ചില അവസരങ്ങളിൽ ദിവ്യമായ അനുഭൂതികൾ വി. ജർത്രൂ ദിനുണ്ടായിരുന്നതായി വിശുദ്ധയുടെ ചരിത്രത്തിൽ നാം വായിക്കുന്നു. ആ ദിവ്യാനുഭൂതികളെ ന്യായീകരിക്കത്തക്കവിധം പ്രസ്തുത അവസരങ്ങൾ പ്രഗത്ഭങ്ങളായിരുന്നു എന്നു നാം വിചാരിച്ചേക്കാം. അതു ശരിയല്ല, ഒരു ദിവസം ഭക്ഷണശാലയിൽ താമസിച്ചുവന്നവിശുദ്ധ, അപ്പത്തിനുവേണ്ടി അലമാരി തുറന്നു. ആ നിമിഷത്തിൽ അവർ ദൈവാനുഗ്രഹത്താൽ ആകൃഷ്ടയാവുകയും അതിൽ നിമഗ്നയാക്കപ്പെടുകയും ചെയ്തു.

വിശുദ്ധി എന്നതു് ''കരാരാ''* മാർബിൾപോലെ, കിട്ടുവാൻ വിഷമമുള്ള ഒരു സാധനമല്ല. വഴിയരികിൽ നാം കാണുന്ന കല്ലുകളും നല്ലവയാണു്. എന്നാൽ അപ്രധാനകാർണങ്ങൾക്കപ്പുറത്തു് ദൈവത്തെ കാണുവാൻ നമുക്കു് കഴിയണം.

---

* നല്ല മാർബിൾ

www.malankaralibrary.com

എനിക്കു് ഏതെങ്കിലും സന്തോഷം ഉണ്ടാകുന്നെന്നു കരുതുക. പ്രത്യക്ഷമായ കാരണത്തിനപ്പുറത്തേക്കു നോക്കാതെ എൻെറ ജീവിതം തുടരാം. അല്ലെങ്കിൽ അതിൻെറ ആത്യന്തിക കാരണം കാണാൻ ശ്രമിക്കാം. ആ കാരണമാകട്ടെ ദൈവമല്ലാതെ ആരുമല്ല. അവിടുത്തെ പുഞ്ചിരിയാണതു്. മുന്നോട്ടു പോകുവാനും കുറേക്കൂടെ മെച്ചമായി എല്ലാം ചെയ്യുവാനും അവിടുത്തെ പ്രോത്സാഹനം നമ്മോടാവശ്യപ്പെടുന്നു.

എല്ലാ മാനുഷിക സന്തോഷങ്ങളിലും, അവ വലുതാകട്ടെ ചെറുതാകട്ടെ, ദൈവം മറഞ്ഞുനിൽപ്പുണ്ടു്. ആദ്ധ്യാത്മികതയുടെ കടന്നുപോകുന്ന ഓരോ ദർശനത്തിലും സ്വർഗ്ഗം പ്രത്യക്ഷമാകുന്നു. ദൈവികമായവയുമായുള്ള മനുഷ്യൻെറ നൈമിഷികമായ സമ്പർക്കങ്ങളിൽ ദൈവസാന്നിദ്ധ്യവും പ്രകടമാകുന്നു.

## സഹനത്തിലൂടെയുള്ള ബന്ധം

സഹനത്തിലൂടെ ദൈവവുമായി ഐക്യബന്ധം പുലത്തുവാനും നാം പഠിക്കണം. അതെളുപ്പമല്ല. നമ്മെ ആക്രമിക്കയും മുറിവേല്പിക്കയും ചെയ്യുന്ന തിന്മയുടെ മാനുഷികമായ കാരണം വളരെ എളുപ്പം നമ്മുടെ ശ്രദ്ധ പിടിച്ചെടുക്കും. എന്നാൽ സഹനത്തിനുള്ളിൽ ദൈവം മറഞ്ഞിരിക്കുന്നുണ്ടു്. നാം സഹനം സ്വീകരിക്കുമ്പോൾ അതിൻെറ മദ്ധ്യത്തിൽ രക്ഷയുടെ അത്ഭുതങ്ങൾ ദൈവം പ്രവത്തിക്കുന്നു: ശുദ്ധീകരണത്തിൻേറയും പരിത്യാഗത്തിൻേറയും അത്ഭുതങ്ങൾ. അനുഗ്രഹവർദ്ധനവിനു് അവ കാരണമാവുകയും ചെയ്യുന്നു.

കത്താവുമായി സഹനംവഴിയുള്ള ഈ ബന്ധം ഗാഢമായ ദൈവകൃത്തിൽ ജീവിക്കുന്ന ഒരു വ്യക്തി ഇങ്ങനെ പ്രകടിപ്പിക്കുകയുണ്ടായി. "ഇരുട്ടിൽ വിശ്വാസത്തിൻേറയും പ്രകാശത്തിൻേറയും കിരണങ്ങളായി അതു നമുക്കു കാണാം."

www.malankaralibrary.com

എൻെറ ദൈവമേ നീ എല്ലായിടത്തും പ്രവൎത്തിക്കുന്നതായി ഞാൻ കാണട്ടെ. എന്നെ വേദനിപ്പിക്കുന്ന എല്ലാ സൃഷ്ടികളിലും എന്നെ ആകുലനാക്കുന്ന എല്ലാ സംഭവങ്ങളിലും എന്നെ സന്തോഷിപ്പിക്കുന്ന എല്ലാ കാൎയ്യങ്ങളിലും, അപ്രധാന കാരണങ്ങൾ വിവിധങ്ങളാണെങ്കിലും ആദികാരണം എപ്പോഴും ഒന്നുതന്നെയാണെന്നും ആ കാരണം നീയാണെന്നും കൎത്താവേ, ഞാൻ ഗ്രഹിക്കട്ടെ. കൈയുറ മാറുന്നെങ്കിലും കൈ ഒന്നുതന്നെ. വെൽവെററു കൊണ്ടോ, തുകൽകൊണ്ടോ, ഇരുമ്പുകൊണ്ടോ ഉള്ള ഉറകൾ അതു ധരിക്കുന്നു. എനിക്കു് ആശ്വാസവും ദുഃഖവും അനുഭവപ്പെടുന്നതനുസരിച്ചു്. ദൈവമേ, എൻെറ ദൈവമേ, അവിടുത്തെ പ്രിയപ്പെട്ട, മൃദുലമായ കരമാണു് എൻെറ കരം സ്പർശിച്ചുകൊണ്ടു പറയുന്നതു്: ''ഞാൻ നിന്നെ സ്നേഹിക്കുന്നു.'' എന്നാൽ ആ കൈ എത്ര മൃദുലമാണെങ്കിലും എനിക്കതു് ഘനമേറിയതും തണുത്തതുമാണു്, ഇരുമ്പു കൈയുറയോടുകൂടി എന്നെ സ്പർശിക്കുമ്പോൾ. വേദനാജനകമല്ലെങ്കിൽപോലും. തുകൽകൊണ്ടുള്ള കൈയുറ എൻെറ ക്ഷമ പരീക്ഷിക്കുകയാണു്....ഞങ്ങളെപ്പോഴും വെൽവെററു ധരിച്ച കൈയുറയുമായി നിന്നെ കാണാനാണു് ആഗ്രഹിക്കുക. എന്നാൽ കൎത്താവേ, നീ ഏററം ചുരുക്കമായി ധരിക്കുന്നതും അതുതന്നെയാണു്. നാഥാ, നിൻെറ ഇഷ്ടം അനുസരിച്ചു പ്രവൎത്തിച്ചാലും. എന്നെപ്പററി അങ്ങു് വ്യഗ്രനാകരുതേ, ഏതുതരത്തിലുള്ള കൈയുറയും അങ്ങു ധരിച്ചുകൊള്ളൂ. അങ്ങേ ഇഷ്ടം പോലെ എൻെറ കൈകൾ പിടിച്ചു് ഞെരിച്ചുകൊള്ളൂ. അവിടുത്തെ മകനെ(ളെ)ന്ന നിലയിൽ, കൈയുറ ഊരി, ആ കൈ ഒന്നു ചുംബിക്കുവാനുള്ള അനുവാദം എനിക്കു തന്നാൽ മാത്രം മതി.

ഇതാണു വിശ്വാസത്തിൻെറ ഭാഷ. ബാഹ്യമായവസ്തുപ്പുറത്തു കാണുവാൻ നമുക്കു കഴിയണം. മഞ്ഞിലും ഇരുട്ടിലും വസ്തുക്കളെ കാണുന്ന റഡാർ പോലെയാണു് വിശ്വാസം. ഇരുട്ടിലൂടെ അതിവേഗം സഞ്ചരിക്കുവാൻ ഒരു വിമാനത്തെ പ്രാപ്തമാക്കുന്ന ശാസ്ത്രീയഗവേഷണത്തിനു

www.malankaralibrary.com

മുമ്പിൽ ആരാണ്. അത്ഭുതസ്തബ്ധരാകാത്തത്? ഇതു പോലെ വിശ്വാസം എല്ലാ മറകളേയും ബാഹ്യരൂപങ്ങളേയും തുളച്ചു കടക്കുന്നു. അതു് സ്ഥൂലതയെ മറികടന്നു കാണുന്ന എക്സറേ(X–ray) ക്കു സമമാണ്. നാമോരോരുത്തരിലും വിശ്വാസം വർദ്ധിക്കട്ടെ; സാക്ഷാത്തായതിനെ കാണുവാനുള്ള കണ്ണുകൾ നമുക്കു് ലഭിക്കട്ടെ; നമ്മുടെ ജീവിതം ദൈവവുമായുള്ള നിരന്തരമായ ബന്ധത്തിൻെറ അവസ്ഥയായി അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യട്ടെ.

സ്വപ്നങ്ങളിലല്ല നാം ജീവിക്കേണ്ടതു്. മററു് ഒഴികഴിവുകൾ നാം പറയാതിരിക്കുക. നമ്മുടെ ജീവിതത്തെ ധന്യമാക്കാൻ നാളത്തേക്കോ അടുത്ത ദിവസത്തേക്കോ നാം കാത്തിരിക്കയുമരുതു്. തന്നെ കാണുവാൻ രക്ഷകൻ നിശ്ചയിച്ചിരിക്കുന്ന സമയം ഇതാണ്. നിമിഷവും ഇതാണ്. അവിടുന്നു നമ്മെ പ്രതീക്ഷിക്കുകയാണ്. ''ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നതു കാണുക'' (വെളിപാടു് 3:20). ഇതാണ് കർത്താവിനു് നാം ഓരോരുത്തരോടും പറയാനുള്ളതു്.

നമ്മുടെ ജീവിതത്തിലേക്കു നമുക്കവിടുത്തെ ക്ഷണിക്കാം. അലങ്കരിച്ചൊരുക്കിയ മുറിയിലേക്കെന്നപോലെ. ഓരോന്നും അവിടുന്നു് അതാതിൻെറ സ്ഥാനത്തു വയ്ക്കട്ടെ. പ്രധാന പീഠം അവിടുന്നലങ്കരിക്കട്ടെ. അതായിരിക്കും ഏററവും മോഹനമായ ഐക്യബന്ധം. അതു് നമുക്കെപ്പോഴും സാദ്ധ്യവുമാണ്.

www.malankaralibrary.com

# 4

# ശ്രദ്ധിക്കുവാൻ പഠിക്കുക

''എന്റെ മകനെ, ശ്രദ്ധിക്കുക. ശാന്തമായ ഗതി സ്വീകരിച്ചുകൊണ്ട് ബുദ്ധിമാനാണെന്നു (നീ) കാണിക്കുക''

(സുഭാഷിത. 23:19)

ഹൃദയം മററുള്ളവർക്കു തുറക്കുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ അതിനുമുമ്പു നാം ആർജ്ജിക്കേണ്ട ഒരു ഗുണവിശേഷമുണ്ട്. നാം വിചാരിക്കുന്നതിൽ കൂടുതൽ ശ്രമസാദ്ധ്യമായിരിക്കുമതു്: ശ്രദ്ധിക്കുവാൻ നാം പഠിക്കണം. വളരെ ചുരുക്കം പുരുഷന്മാർക്കും സ്ത്രീകൾക്കും മാത്രമേ അറിയാവൂ എങ്ങനെയാണു് ശരിക്കു ശ്രദ്ധിക്കേണ്ടതെന്നു്. തന്മൂലം മനുഷ്യരുടെ ഇടയിലുള്ള മിക്ക സംഭാഷണങ്ങളും തടസ്സപ്പെടുത്തപ്പെട്ട ആത്മഗതങ്ങളായിത്തീരുന്നു.

## ആത്മഗതവും സംഭാഷണവും

വ്യക്തികൾ സാധാരണ കണ്ടുമുട്ടുമ്പോൾ അവർ സംഭാഷണം ആരംഭിക്കുന്നതു് ''സുഖമല്ലേ?'', ''കാര്യങ്ങളെങ്ങനെ പോകുന്നു?'' എന്ന ചോദ്യങ്ങളുമായിട്ടാണു്.

www.malankaralibrary.com

പക്ഷേ ആരാണുത്തരം കിട്ടുന്നതിനു മെനക്കെടുന്നതു്? ഇംഗ്ലണ്ടിൽ ആളുകൾ "How do you do?" "എങ്ങനെയിരിക്കുന്നു?" എന്നു പറയുന്നതു് വളരെ യാന്ത്രികമായിട്ടാണു്. അതിനുത്തരം പറയാൻ തുനിയുന്നതുതന്നെ മോശമാണു്. അതു്, സംസാരിക്കുന്ന ഒരു വിധം; ഒരു പതിവു്, അത്രമാത്രം. അതിനുശേഷം സംഭാഷണം ആരംഭിച്ച വ്യക്തിതന്നെ അയാളെപ്പററിയും അയാളുടെ കാര്യങ്ങളെപ്പററിയും പറഞ്ഞുതുടങ്ങും. മാത്രമല്ല, അവ ധാരാളം വിശകലനം ചെയ്തു് സംസാരിക്കുകയും ചെയ്യും. ഒരു പ്രത്യേക നിമിഷത്തിൽ ആരോടാണോ പറയുന്നതു്, ആ വ്യക്തി ആ നിമിഷം സന്ദർഭമായുപയോഗിച്ചുകൊണ്ടു് അയാളുടെ സ്വന്തമായ ഒരു കഥ പറയുകയോ തനിക്കാവശ്യമുള്ള കാര്യങ്ങളെപ്പററി സംസാരിക്കുകയോ ചെയ്യും. ഓരോരുത്തരും പിന്നെ അവരവരുടെ ഗതി സ്വീകരിക്കുകയായി. ശ്വാസംവിടാൻ മാത്രം സമയമെടുക്കും. ട്രാഫിക്ക് ലൈററിനുമുമ്പിൽ നിൽക്കുന്ന ഒരു കാറുപോലെ സ്വീകാര്യമായ നയമായി രണ്ടുപേരും ഇതു് അംഗീകരിക്കുകയും ചെയ്യും. തൻെറ കാര്യം പറയുവാൻ സാധിക്കുന്നതുവരെ. കളിയാക്കിപ്പറയുന്നതാണോ ഇതു്? ആണെന്നു തോന്നുന്നില്ല സമൂഹത്തിൻെറ എല്ലാ തലങ്ങളിലും ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയും.

മററുള്ളവരെ ശ്രദ്ധിക്കുന്നവർ വളരെ ചുരുക്കമാണു്. തങ്ങൾക്കു് രണ്ടു ചെവിയും ഒരു വായുമാണുള്ളതെന്നും, പ്രകൃതിതന്നെ, തങ്ങൾ സംസാരിക്കുന്നതിൻെറ ഇരട്ടി ശ്രദ്ധിക്കണമെന്നാഗ്രഹിക്കുന്നതെന്നും അവർ മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു. കാരണമിതാണു്: ഓരോരുത്തരും സ്വന്തകാര്യംകൊണ്ടു് നിറഞ്ഞിരിക്കുന്നു. മററുള്ളവരുടെ കാര്യത്തിനു് പിന്നെ സ്ഥാനമില്ലവിടെ. നാം അഭ്യസിക്കേണ്ട കല ഇതാണു്: ശ്രദ്ധിക്കുക. വിശുദ്ധർ ശ്രദ്ധിക്കുന്നവരായിരുന്നു. ക്യൂരെ ദ് ആർസിനെപ്പോലുള്ള ഒരു മനുഷ്യൻ 16 മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ

www.malankaralibrary.com

ചെലവഴിച്ചപ്പോഴും തന്നെ സമീപിച്ചവരെ ശ്രദ്ധിക്കുവാൻ തയ്യാറായിരുന്നു. തങ്ങൾക്കു ലഭിച്ച വ്യക്തിപരമായ പരിഗണനയിൽ സന്തുഷ്ടരായിട്ടാണ് സന്ദർശകർ തിരിച്ചുപോയത്. ചിലപ്പോൾ ചിലരേപ്പററി ആളുകൾ പറയും: ''വേറെയൊന്നും ചെയ്യാനില്ലാത്തതുപോലെ അയാൾ നിങ്ങൾ പറയുന്നതു ശ്രദ്ധിക്കും'' എന്ന്. അങ്ങനെ സാധിക്കുക മനോഹരമായ കഴിവാണ്. വലിയ ഫലദായകത്വമുണ്ടതിന്. നിങ്ങളുടെ മുമ്പിൽ വയ്ക്കപ്പെടുന്ന വ്യഗ്രതകളിലേക്കു പ്രവേശിക്കുവാൻ നിങ്ങൾക്കുള്ള സന്നദ്ധതയും അതിലുള്ള പരിപൂർണ്ണ ശ്രദ്ധയുംപോലെ ഹൃദയം തുറക്കുവാൻ പര്യാപ്തമായ വേറൊന്നില്ല. മററുള്ളവരുടെ ക്ഷേമയുടെ പരിശീലനക്കളരിയാണത്; അതിലധികമായി തന്നെത്തന്നെ മറക്കുന്ന കളരി.

## വാക്കുകൾ മാത്രമല്ല ശ്രദ്ധിക്കേണ്ടത്

പറയുന്നതു മാത്രമല്ല നിങ്ങൾ ശ്രദ്ധിക്കേണ്ടത്; പറയാത്തതും ശ്രദ്ധിക്കണം. ക്ലേശകരമായ ഒരു നിശ്ശബ്ദതയുടെ, പകുതി പറഞ്ഞതോ പറയാതിരുന്നതോ ആയ ഒരു വാക്കിന്റെ അർത്ഥം മനസ്സിലാക്കുവാൻ എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല. പലരും. വാക്കുകളും സ്വരവും ശ്രവിക്കുന്നു. നിശ്ശബ്ദമായ വേദനയോടോ, ഭയപ്പാടോടോകൂടി പറയുന്ന അർദ്ധരഹസ്യങ്ങൾ ശ്രവിക്കുവാൻ അവർക്കു ചെവിയില്ല. ചിലപ്പോൾ വാക്കുകളിൽനിന്നും മനസ്സിലാകുന്ന അർത്ഥത്തിന് വിപരീതമായ ഒന്നായിരിക്കും ഗ്രഹിക്കേണ്ടത്. കാനായിലെ കല്യാണാവസരത്തിൽ പരിശുദ്ധ കന്യക ചെയ്തതുപോലെ. മറിയം കർത്താവിനോട് ഒരു കാര്യം ആവശ്യപ്പെടുകയും നിഷേധകം എന്നു തോന്നുന്ന ഒരുത്തരം കർത്താവു് കൊടുക്കുകയും ചെയ്തു. എന്നാൽ വേലക്കാരുടെ നേരേതിരിഞ്ഞു് മറിയം അവർക്കൊരടയാളം കൊടുത്തു, വരാൻ പോകുന്നതിന് തയ്യാറായിരുന്നുകൊള്ളുവാൻ. അവൾ വാക്കുകൾ മാത്രമല്ല ശ്രദ്ധിച്ചത്.

www.malankaralibrary.com

നിങ്ങളോടു സംസാരിക്കുന്ന ആരംകു് പറയുന്ന വിഷയത്തെപ്പററി അറിയാവുന്നതിൽ കൂടുതൽ നിങ്ങരം ക്കറിയാമെങ്കിലും നിങ്ങരം ശ്ററദ്ധിക്കണം.

മററുള്ളവർക്കു പറയുവാനുള്ളതിൻെറ മൂല്യം ഏററം ഉന്നതമായ നിലവാരത്തിലേക്കുയർത്തിക്കൊണ്ടു് നിങ്ങരം ശ്ററദ്ധിക്കണം. ലാവെൽ (Lavelle) പറഞ്ഞതെന്താണെന്നു് നിങ്ങരം ഓമ്മിക്കുന്നുണ്ടോ? ''മററുള്ളവക്കു ചെയ്തുകൊടുക്കാവുന്നതിൽ ഏററവും വലിയ നന്മ എന്തെന്നോ? നമുക്കുള്ളതു മററുള്ളവർക്കു കൊടുക്കുകയല്ല, അവക്കു തന്നെ എന്തുമാത്രമാണു നൽകാൻ കഴിയുന്നതെന്നു് അവരെ കാണിച്ചുകൊടുക്കുകയാണു്.'' സംസാരിക്കുവാനുള്ള ദാനം ലഭിച്ചിട്ടുള്ള പ്രഗത്ഭരായ ശ്ററോതാക്കളുണ്ടു്. മനുഷ്യരിലുള്ള ഏററം മെച്ചപ്പെട്ടതിനെ അങ്ങനെ പുറത്തുകൊണ്ടു വരാൻ അവർക്കു കഴിയും. പ്രോത്സാഹനത്താലും പ്രതീക്ഷയാലും അവരെത്തന്നെ അതിജീവിക്കുവാൻ അതവക്കു സഹായകമാകുന്നു. ഇത്തരത്തിൽ ശ്ററദ്ധിക്കുന്നവർ വിരളമാണു്. എന്നാൽ പലരെയും സംബന്ധിച്ചു്, അവക്കു ലഭിച്ച പ്രചോദനത്തിനും എഴുതുന്നതിനുള്ള ശക്തിക്കും നിദാനം ഇതായിരുന്നു: ഭത്താവുമായുള്ള ഐക്യത്തിനു കൊതിച്ച ഒരു ഭാര്യയുടെ സ്നേഹം. ചരിത്രസത്യമാണതു്. ദൈവത്തിൻെറ സ്വരം കേരംക്കത്തക്കവിധം ശ്ററദ്ധാപൂവ്വം ശ്ററവിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. ദൈവം നമ്മോടു സംസാരിക്കുന്നുവെന്നു് വിശ്വസിക്കുക നമുക്കെളുപ്പമല്ല. എന്നാൽ അവിടുന്നു് എപ്പോഴും നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയെങ്കിൽ എന്തുകൊണ്ടാണു് അവിടുത്തെ സ്വരം നാം ശ്ററവിക്കാത്തതു്? ശ്ററദ്ധിക്കാത്തതുകൊണ്ടുതന്നെ. റേഡിയോ സ്വിച്ചു് ചെയ്യാതെ മുറിയിൽ സംഗീതം കേരംക്കില്ല; മുറി മുഴുവൻ സംഗീതമാണു്. എങ്കിൽത്തന്നെയും. നമുക്കു ചെയ്യാനുള്ളതു്, ഒരു സ്റ്റേഷനിലേക്കു് റേഡിയോ തിരിച്ചു വയ്ക്കുകയാണു്. നാം ദൈവത്തിൻെറ സ്വരത്തിനു നമ്മെത്തന്നെ ട്യൂൺ ചെയ്യണം. അവിടുന്നു് വിശുദ്ധലിഖിതവും ജീവിതവും വഴി നമ്മോടു് സംസാരിക്കുന്നു: അത്ഭുതങ്ങളിലും

www.malankaralibrary.com

ദൈവപരിപാലനയുടെ പ്രവൃത്തികളിലും നമ്മോടു സംഭാഷണം ചെയ്യുന്നു. എന്നാൽ നാമുണ്ടാക്കുന്ന ഒച്ചപ്പാടുകളുടെ മദ്ധ്യേ, മറെറല്ലാ ചുററുപാടുകളും അവിടുത്തെ സ്വരം അശ്രാവ്യമാക്കുമ്പോൾ, അതു് ശ്രവിക്കണമെങ്കിൽ അവിടുത്തെ പ്രത്യേകമായ ശബ്ദവീചികൾക്കനുസരണമായി നമ്മെത്തന്നെ ട്യൂൺ ചെയ്യണം; തിരിച്ചു വയ്ക്കണം. തന്നോടു പ്രാർത്ഥിക്കുകയും നിശ്ശബ്ദതയിൽത്തന്നെ ശ്രവിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ആ വീചികൾ അവിടുന്നു മനസ്സിലാക്കിക്കൊടുക്കുന്നുള്ളു.

www.malankaralibrary.com

# 5

# ആരാധിക്കുവാൻ പഠിക്കുക

"അവർ അവിടുത്തെ സാഷ്ടാംഗം പ്രണമിച്ചു. അനന്തരം അവർ നിക്ഷേപപാത്രങ്ങൾ തുറന്നു് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു."

(മത്താ. 2:11.)

ക്രിസ്മസവസരത്തിൽ, മനുഷ്യബുദ്ധിക്കതീതമായ ദൈവസ്നേഹത്തിന്റെ രഹസ്യത്തിനു മുമ്പിൽ മുട്ടു മടക്കുവാൻ സഭ നമ്മോടാവശ്യപ്പെടുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു് എളുപ്പം നമുക്കു മനസ്സിലാക്കാൻ കഴിയും. എന്നാൽ അവിടുത്തെ സ്നേഹം ഇത്രമാത്രമുണ്ടു്—കാലിത്തൊഴുത്തുവരെ—എന്നതു് ആശ്ചര്യജനകമാണു്. സീമകൾ അതിലംഘിക്കുന്ന ഇതുപോലൊരു സ്നേഹം ലോകത്തിലില്ല. ഇതുപോലൊരു സ്നേഹത്തിന്റെ മുമ്പിൽ ഒരേ ഒരു മനോഭാവമേ സ്വീകരിക്കാനുള്ളു: മറിയത്തിന്റേയും യൗസേപ്പിന്റേയും മനോഭാവം; മൂന്നു രാജാക്കന്മാരുടെ മനോഭാവം; ക്രിസ്തീയജനതയുടെ എല്ലാക്കാലത്തേയും മനോഭാവം—ആരാധനയുടേതു്. സ്നേഹത്തിന്റെ

www.malankaralibrary.com

ഇത്ര വലിയ അഗാധത—ഇത്ര വലിയ മൗഢ്യം—ദൈവം മനുഷ്യനാകുകയെന്നതു്–മനുഷ്യബുദ്ധിയെ അമ്പാളിപ്പിക്കുന്നു. "വേറെ എന്തെങ്കിലുമായിക്കൊള്ളട്ടെ, അതു മാത്രമാകരുതു്" എന്നു് അക്രൈസ്തവൻ പറയും. പുൽക്കൂടിന്റെ മുമ്പിൽ മനുഷ്യൻ ജീവിതത്തിന്റെ നാല്ക്കവലയിലാണു് സ്വയം കാണുക. ഒന്നുകിൽ ദൈവത്തേയും സ്നേഹത്തിന്റെ രഹസ്യത്തേയും അവൻ അംഗീകരിക്കുന്നു, അല്ലെങ്കിൽ നിഷേധിക്കുന്നു.

## രഹസ്യമോ മൗഢ്യമോ?

ദൈവത്തെയാണു തെരഞ്ഞെടുക്കുന്നതെങ്കിൽ അതോടെ അവൻ ആ രഹസ്യം സ്വീകരിക്കുകയായി. ദൈവം അപരിമേയനാണു്, മനുഷ്യനേക്കാൾ ഉന്നതനാണു് എന്നതു സ്വാഭാവികം മാത്രം. അവിടുത്തെ വഴികൾ നിഗൂഢതയാൽ ആവരണം ചെയ്തിരിക്കുന്നുവെന്നതും സ്വാഭാവികം മാത്രം. മനുഷ്യൻ ദൈവത്തെ മനസ്സിലാക്കുന്നുവെങ്കിൽ ദൈവം പിന്നെ ദൈവമായിരിക്കയില്ല. കാരണം, മനസ്സിലാക്കുക എന്നു പറഞ്ഞാൽ സമനായിരിക്കുക എന്നാണർത്ഥം. മനുഷ്യൻ മനുഷ്യനല്ലാതായിത്തീരുകയും ചെയ്യും.

തന്നേക്കാൾ വലിയ ഒന്നിന്റെ മുമ്പിൽ മുട്ടുകുത്തുക എന്നതു മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമാണു്. നേരേമറിച്ചു് ദൈവത്തെ നിഷേധിക്കുന്നുവെങ്കിൽ മൗഢ്യവും കുഴപ്പങ്ങളുമാണവൻ തെരഞ്ഞെടുക്കുന്നതു്. രണ്ടു ശൂന്യതകൾക്കിടയിലുള്ള ഒരു പ്രകാശധോരണി മാത്രമാണു് ജീവിതം. ആപേക്ഷികമായവ ഒന്നിച്ചു കൂട്ടുന്നതുകൊണ്ടോ, ഭാഗികമായതിനെ ഭാഗികമായതുകൊണ്ടു ഗുണിക്കുന്നതു മൂലമോ, അവശ്യവും പരമവുമായതിനെ കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല.

അസ്തിത്വത്തിന്റെ കാരണം തന്നിൽത്തന്നെ ഭൂമി ഉൾക്കൊള്ളുന്നില്ല. അതിന്റെ ഓരോ ഭാഗവും ഇല്ലാതായി

www.malankaralibrary.com

ത്തീരാം. ആ ഭാഗങ്ങൾ ഒന്നൊന്നിനോടു ചേർത്തുവെച്ചു കൊണ്ടു്, അങ്ങനെ അതിനു കാരണം കാണാൻ ശ്രമിക്കുക അസംബന്ധമത്രെ.

ദൈവം, അല്ലെങ്കിൽ ശൂന്യത; ദൈവത്തിന്റെ രഹസ്യം, അല്ലെങ്കിൽ കഴപ്പം: നമുക്കുള്ള ഒരേ ഒരു പ്രവൃത്തിമാർഗ്ഗം ഇതിലൊന്നാണു്. നാം ബുദ്ധിയുള്ളവരോ സ്ഥിരതയുള്ളവരോ ആണെങ്കിൽ നാം ചെയ്യേണ്ടതു് മുട്ടിന്മേൽ നിന്നു് ആരാധിക്കുകയാകുന്നു.

## ആരാധിക്കുവാനുള്ള കടമ

ക്രിസ്തുമസ് ആദ്യമായും പ്രധാനമായും ആരാധനയുടെ തിരുനാളാണു്. മനുഷ്യൻ വാസ്തവത്തിൽ വിരളമായേ ദൈവത്തെ ആരാധിക്കുന്നുള്ളു. അവൻ പ്രാർത്ഥിക്കുന്നതു് ഒന്നുകിൽ എന്തെങ്കിലും യാചിക്കുവാനോ, അല്ലെങ്കിൽ അവന്റെ ആവലാതികൾ ദൈവത്തിന്റെ മുമ്പിൽ നിരത്തിവയ്ക്കുവാനോ ആണു്. തങ്ങളുടെ ഹൃദയങ്ങൾ തുറക്കുന്നതിനു പകരം പലപ്പോഴും പ്രാർത്ഥന മനുഷ്യർക്കു തങ്ങളെത്തന്നെ ശ്രദ്ധിക്കുവാനുള്ള പ്രവൃത്തിയായി മാറുന്നു. നാമാണു് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ഉണ്ടാക്കിയതെങ്കിൽ അപേക്ഷകളുടെ ക്രമം മാററി, ഇങ്ങനെ ആരംഭിച്ചേനെ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, ഞങ്ങൾക്കാവശ്യമുള്ള അപ്പം ഞങ്ങൾക്കിന്നു തരേണമെ; ദുഷ്ടനിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. പിന്നീടു ഒരുപക്ഷേ ദൈവത്തിന്റെ രാജ്യം വരണമേയെന്നും അവിടുത്തെ ഇഷ്ടം നിറവേററണമേയെന്നും പ്രാർത്ഥിച്ചേനെ അതത്ര തീർച്ചയല്ലതാനും. മനുഷ്യനു് ദൈവത്തോടുള്ള ഏററം വലിയ കടമ അവിടുന്നെന്താണോ അതായി അവിടുത്തെ അംഗീകരിക്കുകയാണു്; അർഹിക്കുന്നവിധത്തിൽ അവിടുത്തോടു പെരുമാറുകയാണു്. ദൈവം അനന്തനാണു് എന്ന നിലയിൽ

www.malankaralibrary.com

ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്ന മനുഷ്യനെ കാണുക ഒരു വലിയകാര്യമാണ്. അങ്ങനെയുള്ള ദൈവത്തെ, ആരാധിക്കുന്ന, ഒരു മനുഷ്യൻ അയാളുടെ നിർദ്ദിഷ്ടസ്ഥാനത്താണ്. അവനു് സമതുലിതാവസ്ഥയുണ്ട്. കാര്യകാരണ ബോധമുണ്ട്. താനൊന്നുമല്ലെന്നും ദൈവമെല്ലാമാണെന്നും അയാൾ അംഗീകരിച്ചു പറയുന്നു. അതു പരമാത്മമാണ്; നീതിയുമാണ്. സാക്ഷാത്തായ പ്രാർത്ഥനയിലേക്കുള്ള ആദ്യത്തെ പടി, ആരാധനയാകുന്നു.

## കുടുംബപ്രാർത്ഥന

എന്നാൽ നമ്മുടെ പ്രാർത്ഥനയിൽ നാം ഏകാകികളാകരുതു്. 'വരിക, നമുക്കു കർത്താവിനെ ആരാധിക്കാം' എന്നാണ് ആട്ടിടയന്മാർ പറഞ്ഞതു്. ആരാധനക്രമം ഈ ക്ഷണം ആവർത്തിക്കുന്നു. പുൽക്കൂട്ടിനു ചുററും നാമൊന്നിച്ചു മുട്ടു കുത്തണം. ഈ മഹനീയകൃത്യം നിർവ്വഹിക്കുവാനുള്ള സ്ഥലം കുടുംബവൃത്തമാണ്.

കുടുംബപ്രാർത്ഥനയ്ക്കു നമ്മുടെ ജീവിതത്തിൽ സ്ഥാനമുണ്ടോ?

ഒരു കുടുംബം പ്രാർത്ഥിക്കുന്നതു കാണുക വളരെ ഹൃദ്യമായ ഒരു കാഴ്ചയാണ്; പ്രത്യേകിച്ച് വൈകുന്നേരം, ഉറങ്ങുന്നതിനു മുമ്പ്, പകലത്തെ ജോലി എല്ലാം കഴിഞ്ഞു് എല്ലാവരും ഒന്നിച്ചുകൂടി കൂട്ടപ്രാർത്ഥന ചൊല്ലുന്നതു കാണുക. ഒന്നിച്ചു ചേരുന്ന ആ സ്വരങ്ങൾ—പൂർണ്ണമാക്കാൻ കഴിയാത്ത കൊച്ചുകുഞ്ഞിന്റേതു തുടങ്ങി ഗഹനവും ഗൗരവമുള്ളതുമായ പിതാവിന്റെ സ്വരം വരെ ഹൃദയങ്ങളും മനസ്സും ഒന്നിച്ചുചേരുന്നതിന്റെ അടയാളമാണ്; സന്തോഷകരമായ ഒരു കുടുംബത്തിന്റെ രഹസ്യമാണ്. ഫാദർ പെയ്ററന്റെ (Peyton) പ്രശംസാർഹമായ കുടുംബജപമാലയും പഞ്ചഭൂഖണ്ഡങ്ങളിലും അദ്ദേഹം പ്രഘോഷിച്ചിട്ടുള്ള "ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു ജീവിക്കുന്നു" എന്ന മുദ്രാവാക്യവും എല്ലാവർക്കും തീർച്ചയായും അറിവുള്ളതാണ്. കുടുംബാംഗങ്ങളെ പരസ്പരം ഗാഢ

www.malankaralibrary.com

മായി ബന്ധിച്ചുറപ്പിക്കുന്ന സിമെൻറാണു പ്രാർത്ഥന. അതു് സ്നേഹത്തിനും വിശ്വസ്തതയ്ക്കും ബഹുമാനത്തിനുമെല്ലാം ജന്മം നൽകുന്നു.

## അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

നാമൊന്നിച്ചു പ്രാർത്ഥിക്കണം. എന്തുകൊണ്ടു് നമുക്കൊന്നിച്ചു പാടിക്കൂടാ? പാടുന്നതു ക്രിസ്മസിൻെറ ഭാഗമല്ലേ? മാലാഖമാർ പാടിയ പാട്ടാണു് അത്ഭുതകരമായ എന്തോ സംഭവിക്കാൻ പോകുന്നുവെന്നു് ആട്ടിടയന്മാരോടു പറഞ്ഞതു്. ഈ പാട്ടു് ക്രിസ്തുമതം അതിൻെറ സ്വന്തമായിക്കഴിഞ്ഞു. "ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം" (Gloria in excelsis Deo; et in terra pax hominibus bonae voluntatis) എല്ലാ യുഗങ്ങളിലും ആ സംഗീതം ആവർത്തിക്കപ്പെടുന്നു.

ആ സംഗീതം നമുക്കു തന്ന സ്രഷ്ടാവിനെ എങ്ങനെയാണു ഓർമ്മിക്കാതിരിക്കുക? എങ്ങനെയാണു് നമ്മുടെ രക്ഷകൻെറ ജനനത്തിൽ മാലാഖമാർ ഈ പാട്ടുപാടി എന്നു നാം അറിയുന്നതു്? ആട്ടിടയന്മാരല്ല ഇക്കാര്യം സുവിശേഷകരോടു പറഞ്ഞതു്. അവർ തമ്മിൽ ഒരു ബന്ധവുമില്ലായിരുന്നു. വിശുദ്ധ യൗസേപ്പുമല്ലതു പറഞ്ഞതു്. അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തപ്പോഴേയ്ക്കും അദ്ദേഹം മരിച്ചിരുന്നു.

വി. ലൂക്കാ നമ്മോടു പറയുന്ന മററനവധി അത്ഭുതാവഹമായ കാര്യങ്ങളെപ്പോലെ ഈ വാക്കുകളും മറിയത്തിൻെറ ഹൃദയത്തിൽ ഒളിഞ്ഞു കിടന്നിരുന്നു. അവളുടെ ഹൃദയത്തിൽ അതിൻെറയെല്ലാം ഓർമ്മ സൂക്ഷിക്കപ്പെട്ടിരുന്നു (ലൂക്കാ. 2:51). "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" മാലാഖമാരുടേയും സംഗീതമായിരുന്നല്ലോ. നമ്മുടേതാകുന്നതിനു മുമ്പു് മറിയത്തിൻെറ ഹൃദയഗീതമായിരുന്നു അതു്. അതിൻെറ സന്തോഷവും ഗാംഭീര്യവും അവരോടും മറിയത്തോടുമൊത്തു നാം മനസ്സിലാക്കണം.

www.malankaralibrary.com

പഴയ കരോംപ്പാട്ടുകൾ പണ്ടത്തെപ്പോലെ നാമിന്നു പാടാറില്ല; പുതിയവയും പാടാറില്ല. ആരാധനക്രമത്തിനനുസരണമായി സഭയുടെ വലിയ സന്തോഷകരമായ തിരുനാളുകൾ ഒന്നിച്ചാസ്വദിച്ചു ജീവിക്കത്തക്ക വിധം കുറെ ഗ്രാമഫോൺ റെക്കോർഡുകൾ നമുക്കുണ്ടായിരുന്നെങ്കിൽ! ആരാധനാക്രമം കുടുംബത്തിൻെറ ഹൃദയത്തിലേക്കു കടന്നുവരണം. സഭയുടെ ഗാനങ്ങൾ നമ്മുടെ കുടുംബാന്തരീക്ഷത്തിൽ മാറെറാലിക്കൊള്ളണം. അൾത്താരയിലെ തിരികൾക്കു പ്രകാശം കുറയുമ്പോൾ കുടുംബത്തിലും അതുപോലെതന്നെ സംഭവിക്കും. എല്ലാവരും മനസ്സിലാക്കണം ഇതു ക്രിസ്മസ് കാലമാണെന്ന്. അതിൻെറ സന്തോഷം എല്ലാവരുടെ മുഖത്തും നിഴലിക്കണം.

ക്രിസ്മസ് എത്ര പരിശുദ്ധമായ തിരുനാളാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തിൻെറ ആന്തരികമായ നവീകരണം അതു കുറിക്കട്ടെ. ദൈവത്തിനു സ്തുതി. നല്ല മനസ്സുള്ളവർക്കു സമാധാനം എന്ന വാക്കുകൾ നാം തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ എല്ലാവരേയും സഹായിക്കട്ടെ. ദൈവത്തിനു കൊടുക്കുന്ന മഹത്വമനുസരിച്ച് മനുഷ്യരിൽ സമാധാനം വർദ്ധിക്കും. ദൈവത്തിൻെറ സ്തുതിതന്നെയാണ് മനുഷ്യൻെറ സമാധാനം. നമ്മേപ്പോലെ മനുഷ്യനായ ദൈവത്തിൻെറ മുമ്പിൽ ഈ ക്രിസ്മസ് രാത്രിയിൽ ഒന്നിച്ചു മുട്ടുകുത്തുമ്പോൾ മനുഷ്യസാഹോദര്യത്തിൻെറ ഏററം ഋജുവും ക്രിയാത്മകവും സൃഷ്ടിപരവുമായ പ്രവൃത്തിയാണ് നാം ചെയ്യുക.

www.malankaralibrary.com

# 6

# "നന്ദി" പറയുവാൻ പഠിക്കുക

"നാം ദൈവത്തിനു എപ്പോഴും നന്ദി പറയുന്നു" (1 തെസ്സ. 1:2).

മനുഷ്യൻെറ ശബ്ദസഞ്ചയത്തിൽ ഏററം മനോഹരങ്ങളായി കണക്കാക്കപ്പെടുന്ന രണ്ടു വാക്കുകളുണ്ട്; വളരെ ചെറിയ രണ്ടു വാക്കുകൾ. എന്നാൽ ചിന്തിച്ചാലറിയാം അവയുടെ വലിയ അർത്ഥവ്യാപ്തി: 'അതെ' എന്നും 'നന്ദി' എന്നുമുള്ള വാക്കുകൾ. കൃതജ്ഞത കാണിക്കാനുള്ള നമ്മുടെ കടമ കുറെക്കൂടി ക്ലിപ്തമായി നാം മനസ്സിലാക്കിയിരുന്നെങ്കിൽ മാനുഷിക ബന്ധങ്ങൾക്കു അത്ര വലിയ വ്യത്യാസം വരുത്തിയേനെ.

ഈ വലിയ പോരായ്മയെപ്പററി ദിവ്യരക്ഷകൻ സുവിശേഷങ്ങളിൽ നമ്മെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. സുഖമാക്കപ്പെട്ട പത്തു കുഷ്ഠരോഗികളുടെ സംഭവം നിങ്ങൾ ഓർക്കുന്നുണ്ടോ? കർത്താവ് അവക്കുവേണ്ടി അത്ഭുതം പ്രവർത്തിച്ചു. അവർ തൃപ്തരും ആനന്ദവാന്മാരുമായി പോയി.

www.malankaralibrary.com

ഒരു കുഷ്ഠരോഗിമാത്രം തിരിച്ചുവന്നു കർത്താവിനു 'നന്ദി' പറയണമെന്നു വിചാരിച്ചു. ''മറെറാമ്പതുപേരെവിടെ?'' (ലൂക്കാ. 17:17) കർത്താവു ചോദിച്ചു. 'നന്ദി' പറയുവാൻ അവർ മറന്നുപോയിരുന്നു.

## മററുള്ളവർക്കു നന്ദി പറയുക

മററുള്ളവർ നമുക്കു ചെയ്യുന്ന നന്മ, പലപ്പോഴും നമുക്കു ചെയ്യേണ്ടിയിരുന്നവയെന്നപോലെയാണു നാം കണക്കാക്കുന്നതു്. ഒരു തൊഴിലാളിയുടെ ശ്രദ്ധാപൂർവ്വമായ ജോലിയെപ്പററി മുതലാളിയോടു പറയുമ്പോഴും, അല്ലെങ്കിൽ വേലക്കാരൻെറ വിശ്വസ്തതയെപ്പററി ഉടമസ്ഥനോടു പറയുമ്പോഴുള്ള മറുപടി: ''പിന്നെ എന്തിനാണവനു ശമ്പളം കൊടുക്കുന്നതു്'' എന്നാണു്. അവർ ശമ്പളം കൊടുക്കുന്നു; അതുകൊണ്ടെല്ലാം അവസാനിച്ചു എന്നു വിചാരിക്കുകയും ചെയ്യുന്നു. ചെയ്ത സേവനത്തിനു പകരം, പണം കൊടുത്ത ശേഷമാണെങ്കിൽത്തന്നെ, എത്ര മാത്രം ക്രിസ്തീയ ഉപവിയും മാനുഷിക സ്നേഹവുമാണു് 'നന്ദി'യിൽ പ്രകടമാക്കാവുന്നതു്! മാത്രമല്ല, പണംകൊണ്ടു കൊടുത്തു വീട്ടാൻ പററാത്ത പല കാര്യങ്ങളുമുണ്ടു്. ഒരു പുഞ്ചിരികൊണ്ടോ, ശ്രദ്ധാപൂർവ്വമായ ഒരു പ്രവൃത്തികൊണ്ടോ ആയിരിക്കും ചില കാര്യങ്ങൾക്കു പ്രതിഫലം നൽകുക. പൂക്കച്ചവടക്കാർ ഒരു സ്ളോഗൻ (slogan) കണ്ടുപിടിച്ചിട്ടുണ്ടു്: ''പൂക്കൾകൊണ്ടു് നന്ദിപറയുക''. പണംകൊണ്ടോ ടിപ്പ (tip) കൊടുക്കൽ കൊണ്ടോ അല്ലാതെ നമ്മുടെ വികാരങ്ങൾ പ്രകടിപ്പിക്കുവാനുള്ള ഉപാധികൾ നാം കണ്ടു പിടിക്കേണ്ടിയിരിക്കുന്നു. പണസംബന്ധമായി ഒരു ചെലവുമില്ലാത്ത, ചില ആംഗ്യങ്ങളാൽ മാത്രം പ്രകടിപ്പിക്കാവുന്നതും മറെറാരുവിധത്തിലും സാദ്ധ്യമല്ലാത്തതുമായ ചില വികാരങ്ങളുണ്ടു്. ഒരു കുടുംബത്തിൻെറ സന്തോഷം പ്രധാനമായും ഓരോരുത്തരോടും നന്ദി പറയുന്ന ഈ കടമയിലാണു് അടങ്ങിയിരിക്കുന്നതു്. ദിവസം മുഴുവനും തങ്ങളുടെ നന്മയ്ക്കുവേണ്ടി ജോലി ചെയ്യുകയും തങ്ങൾക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുന്ന മാതാപിതാക്കന്മാരോടു നന്ദി പറയാൻ

www.malankaralibrary.com

പഠിച്ച കുട്ടികളുള്ള കുടുംബം സന്തോഷമുള്ളതാണ്. പറയാതെ തന്നെ അറിയാവുന്ന ഒരു കാര്യമാണത്. തക്കസമയത്തും തക്കവിധത്തിലും നന്ദിപറയുന്നതു് ഒരു കലയാണ്; അതു് അഭ്യസിക്കേണ്ടതുമാണ്. ജീവിതം തന്നെ ചെറിയ ചെറിയ കാര്യങ്ങളുടെ സമാഹാരമാണല്ലോ. കുടുംബസന്തോഷം ഒട്ടധികവും അവയെ ആശ്രയിച്ചിരിക്കുന്നു. ആ ചെറിയ കാര്യങ്ങളിലൊന്നാണ് തക്ക സമയത്തു പറയുന്ന 'നന്ദി'.

ഭർത്താവു് ഭാര്യയോടു പറയുന്ന 'നന്ദി' ലോകത്തിലെ മുഴുവൻ പണവും ഒന്നിച്ചുവരുംക്കു കൊടുക്കുന്നതിനു സമമാണ്. അതിൻെറ അർത്ഥം അവരം തനിക്കുവേണ്ടി ചെയ്യുന്നതു് അദ്ദേഹം കണക്കിലെടുക്കുന്നുവെന്നും അനുദിനജീവിതത്തിലെ ചെറിയ കാര്യങ്ങളിൽ ചെലുത്തുന്ന സ്നേഹവും ബുദ്ധിമുട്ടും അദ്ദേഹം ആസ്വദിക്കുന്നുവെന്നുമാണ്.

ഭാര്യയുടെ നന്ദിയും അതുപോലെതന്നെ. മനം മടുപ്പിക്കുന്നതും ബുദ്ധിമുട്ടുള്ളതുമായ ജീവിതചര്യ സ്വീകരിക്കുവാൻ ഭർത്താവിനു ധൈര്യം കൊടുക്കുവാൻ ആവശ്യമായ ശക്തി ആ 'നന്ദി'ക്കുണ്ടു്. ശക്തമായ ആഘാതങ്ങളേയും വിവേചനയില്ലാത്ത പ്രതിയോഗികളേയും, അസ്തിത്വത്തിനു വേണ്ടിയുള്ള പൊരുതലിൽ അഭിമുഖീകരിക്കാൻ അതേ 'നന്ദി'യിൽ നിന്നാണ് ശക്തി ലഭിക്കുന്നതു്. തൻെറ ഓഫീസിലേയോ വർക്കുഷോപ്പിലേയോ മുരഞ്ഞ അന്തരീക്ഷത്തിലേക്കു് അയാരം കൊണ്ടുപോകുന്ന സൂര്യപ്രകാശത്തിൻെറ രശ്മിയാണതു്. മനുഷ്യനു് സൂര്യപ്രകാശം അപ്പത്തേക്കാളധികം ആവശ്യമുണ്ടുതാനും. മാനേജരോടുള്ള, കീഴിൽ ജോലിചെയ്യുന്നയാളുടെ നന്ദിപ്രകടനം. എന്തെന്തു് അത്ഭുതങ്ങരം അതു പ്രവർത്തിക്കയില്ല! മാനേജുമെൻറും തൊഴിലാളികളുമായുള്ള പ്രശ്നം പ്രധാനമായും പണത്തിൻേറതാണ് എന്നു പറയുന്നതു് സാമൂഹ്യപ്രശ്നത്തെപ്പററിയുള്ള അജ്ഞതമൂലമാണ്. ആ പ്രശ്നം പ്രധാനമായും മാനുഷികബന്ധങ്ങളുടേതത്രെ.

www.malankaralibrary.com

കല്ക്കരിഖനിയിലെ ഒരു തൊഴിലാളിയിൽ നിന്നും ബൽജിയത്തിലെ ആൽഫ്റഡ് രാജാവിനു ലഭിച്ച ഉത്തരം ഓർത്തുപോകുന്നു. അയാറാക്കും കൂട്ടുകാർക്കും ആവശ്യമുള്ള എന്തെങ്കിലുമുണ്ടോ എന്ന ചോദ്യത്തിനു് അഭിമാനത്തോടെ, ചഞ്ചലചിത്തനാകാതെ അയാൾ ഉത്തരം പറഞ്ഞു: ''മനുഷ്യർ ഞങ്ങളെ ബഹുമാനിക്കണമെന്നാണു് ഞങ്ങൾ ആഗ്രഹിക്കുന്നതു്''.

ഹൃദയത്തിൽ നിന്നുള്ള ഒരു നിലവിളി ആയിരുന്നു അതു്. മനുഷ്യർ ഏററമധികം ആവശ്യപ്പെടുന്നതു് ബഹുമാനമാണു്. ബഹുമാനത്തിന്റെ അടയാളമാണു് കൃതജ്ഞത. അതുകൊണ്ടാണു് മനുഷ്യഹൃദയത്തെ അതഗാധമായി സ്പർശിക്കുന്നതും.

ആരുടെ മദ്ധ്യത്തിലാണോ നാം ജീവിക്കുന്നതു് അവർക്കു നാം നന്ദി പറയണം. ആദ്യമായി നമ്മുടെ പ്രിയപ്പെട്ടവർക്കും അടുത്തവർക്കും. സൂക്ഷിച്ചില്ലെങ്കിൽ അവരെ മറന്നുപോകുവാനുള്ള സാദ്ധ്യതയുണ്ടു്. പലപ്പോഴും മററുള്ളവർ മനസ്സിലാക്കിക്കൊള്ളും എന്നുപറഞ്ഞു് നാം പറയാതിരിക്കുന്ന ചില വാക്കുകളുണ്ടു്. 'നന്ദി' അവയിൽപ്പെട്ടതാണു്. ഇടയ്ക്കിടയ്ക്കു് അല്പം നിന്നു്, നാം ആ വാക്കുകൾ ഉച്ചത്തിൽ പറയണം.

## ദൈവത്തിനു നന്ദി പറയുക

ദൈവത്തിനു നന്ദി പറയുക ആവശ്യമാണു്. എന്തിനു്? ഏററമാദ്യം അവിടുന്നു് ദൈവമായിരിക്കുന്നതിനു്. അതാണു് കൃതജ്ഞതയുടെ പ്രാർത്ഥനയിൽ പ്രധാനഭാഗം. ''നിന്റെ വലിയ പ്രതാപത്തിനു ഞങ്ങൾ നിനക്കു നന്ദി പറയുന്നു'' എന്നാണു് 'ഗ്ലോറിയാ'* എന്ന ഗാനത്തിൽ ആലപിക്കുന്നതു്. അവിടുത്തെ സന്തോഷത്തിൽ പങ്കുചേർന്നുകൊണ്ടു്, ദൈവമായിരിക്കുന്നതിനു് അവിടുത്തേയ്ക്കു നന്ദി പറയുക. സഹനത്തിന്റേയും വ്യക്തിപര

---

* ലത്തീൻ കർബ്ബാനയിലെ 'Gloria in Excelsis Deo.'

www.malankaralibrary.com

മായ കുരിശുകളുടേയും മദ്ധ്യത്തിൽ ചാൾസ് ദെ ഫുക്കോ (Charles de Foucauld) ദൈവത്തോടു പറഞ്ഞു: "എന്റെ ദൈവമേ! നിന്റെ സന്തോഷം എനിക്കു മതി." എല്ലാററിനേയും ശരിയായ വീക്ഷണത്തിൽ കാണുന്നതും ഏററം പരിശുദ്ധമായ രൂപത്തിൽ ആരാധന പ്രകടിപ്പിക്കുന്നതുമായ വാക്കുകൾ. ഇങ്ങനെയുള്ള കൃതജ്ഞത ഏററം അഗാധമായ രൂപത്തിലുള്ള ദൈവിക ഉപവിയാണു്.

ദൈവം നമുക്കു തന്നിട്ടുള്ള എല്ലാററിനും നാമവിടുത്തേക്കു നന്ദി പറയണം. സ്ഥായിയായ സന്തോഷത്തിനും കൃതജ്ഞതയ്ക്കും നമുക്കു കാരണമുണ്ടു്. ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ നമുക്കൊരിക്കലും എണ്ണിത്തീർക്കാനാവില്ല. ദൈവം നമ്മുടെ പിതാവായിരിക്കുന്നതുകൊണ്ടു് നാം അവിടുത്തോടു നന്ദിപറയണം. കാരണം, സത്യത്തിൽ അവിടുത്തെ മക്കളായിരിക്കുവാനുള്ള സന്തോഷമാണു് നമുക്കു ലഭിച്ചിട്ടുള്ളതു്. നാം സ്വാഭാവികമായി ദൈവികത്വമുള്ളവരാണു്: ദൈവത്തിന്റെ ദത്തുപുത്രന്മാരുമാണു്.

നമ്മുടെ സഹോദരനായിരിക്കുന്നതിനും നാം ദൈവത്തിനു നന്ദി പറയണം. അവിടുന്നു നമ്മേപ്പോലെ ഒരു മനുഷ്യവ്യക്തിയായി. തന്മൂലം അവനിലും അവൻ വഴിയായും പുത്രാവകാശങ്ങളോടെ ദൈവിക കുടുംബത്തിൽ പ്രവേശിക്കുവാൻ നമുക്കു സാധിച്ചിരിക്കുന്നു.

'വിശുദ്ധീകരിക്കുന്നവനും ജീവദായകനു'മായ പവിത്രാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നതിനു നാം ദൈവത്തിനു നന്ദി പറയണം. ദൈവത്തിന്റെ അഗാധതയിലേക്കു നാം പ്രവേശിക്കുവാനും അവിടുത്തെ സ്നേഹത്തിന്റെ ശക്തിയിൽ നമ്മെ പങ്കുകാരാക്കുവാനും അവിടുന്നാഗ്രഹിക്കുന്നു.

നമുക്കായി തന്നിരിക്കുന്ന എല്ലാററിനും നാം ദൈവത്തിനു കൃതജ്ഞത പറയണം, നമുക്കു സങ്കേതം തരുന്ന മേൽക്കൂരയ്ക്കു്, ഈ മേശയ്ക്കു്, കിടക്കയ്ക്കു്, കസേരയ്ക്കു്,

www.malankaralibrary.com

പുസ്തകങ്ങാക്കു, കത്തിക്കൊണ്ടിരിക്കുന്ന വിളക്കിനു, നമുക്കു ചൂടു നൽകുന്ന തീക്കു, നമ്മുടെ വഴിത്താരയിൽ ജീവിതം നമുക്കു തരുന്ന സ്നേഹിതന്മാർക്കു, എന്റെ കൈയെത്തുന്നിടത്തുള്ള ആയിരമായിരം സാധനങ്ങാക്കു. ദൈവമാണു സഹകാരണങ്ങാവഴി അവ നമുക്കു തരുന്നതു. നമ്മുടെ നന്മയുടെ ആദികാരണമായ ഈ ദൈവത്തിനാണു നാം നന്ദി പറയേണ്ടതു.

തിരഞ്ഞെടുക്കപ്പെട്ട ഒരാത്മാവിന്റെ ഈ ലോകത്തിലെ അവസാനത്തെ വാക്കുകാ ശ്രവിക്കുക. മിക്കപ്പോഴും രസകരവും വിജ്ഞാനപ്രദവുമാണു. ചിലപ്പോാ അവ ഒരു ജീവിതത്തിനു മുഴുവൻ അർത്ഥം പകരുന്നു; അവയ്ക്കു പ്രചോദനം നല്കിയ ആദ്ധ്യാത്മികതയുടെ ഒരു ജനൽ തുറന്നുതരികയും ചെയ്യുന്നു. വി. ക്ലാരയുടെ ജീവിതം സുവിശേഷത്തിന്റെ മഹനീയമായ പ്രതിധ്വനി ആയിരുന്നു. നിർമ്മലവും പരിശുദ്ധവുമായ ആ പുണ്യാത്മാവിന്റെ അവസാനത്തെ വാക്കുകാ എന്തായിരുന്നെന്നു നിങ്ങാക്കറിയാമോ? മരണം ആസന്നമാണെന്നറിഞ്ഞു അവാ അവസാനപ്രാർത്ഥനയുമായി ദൈവത്തിലേക്കു തിരിഞ്ഞു ഈ വാക്കുകാ ഉച്ചരിച്ചു: "നാഥാ, എന്നെ സൃഷ്ടിച്ചതിനു അങ്ങേയ്ക്കു നന്ദി."

ഇതാണു ഒരു സൃഷ്ടി തന്റെ സ്രഷ്ടാവിനർപ്പിക്കാവുന്ന ഏററം വലിയ കൃതജ്ഞത. കൃതജ്ഞതയുടെ മഹത്വം മനസ്സിലാക്കുന്ന ഒരാത്മാവിന്റെ നിലവിളിയാണതു.

www.malankaralibrary.com

# 7

# നിശ്ശബ്ദമായിരിക്കുവാൻ പഠിക്കുക

''എന്നാൽ ഈശോ അയാളോടു ഉത്തരം പറഞ്ഞില്ല. തന്മൂലം പീലാത്തോസ് ആശ്ചര്യപ്പെട്ടു'' (മർക്കോസ് 15:5).

## നസ്രസിൽ കാണുന്നത്

തിരുക്കുടുംബം നിശ്ശബ്ദമായ ഒരു കുടുംബമായിരുന്നോ, തികച്ചും ധ്യാനനിരതമായ ഒരു കുടുംബമായിരുന്നോ അതോ നിശ്ശബ്ദതയും സംഭാഷണവും പ്രാർത്ഥനയും അദ്ധ്വാനവും വിശ്രമവും ഇടകലർന്നുണ്ടായിരുന്ന ഒരു സാധാരണ കുടുംബമായിരുന്നോ? നാം അനുമാനിക്കേണ്ടതു് അതു തികച്ചും സാധാരണമായ ഒരു കുടുംബമായിരുന്നെന്നാണ്. അവിടെ സംഭാഷണത്തിനും നിശ്ശബ്ദതയ്ക്കും സ്ഥാനമുണ്ടായിരുന്നു. എങ്കിലും നിശ്ശബ്ദതയാണ് നമ്മെ ആദ്യം ആകർഷിക്കുന്നതു്.

www.malankaralibrary.com

മറിയം ഗബ്രിയേൽ മാലാഖായിൽ നിന്നു് ഏററം മഹനീയമായ സന്ദേശം ശ്രവിക്കുന്നു: മംഗലവാർത്ത. ആ സംഭാഷണം ഹ്രസ്വമാണു്. അവശ്യമായ ഒരു ചോദ്യം: ''അതെങ്ങനെ സംഭവിക്കും?'' ഒരു മറുപടി: ''നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ''. പിന്നെ സകല ലോകത്തിന്റെയും മുമ്പിൽ, യൗസേപ്പിന്റെ മുമ്പിൽ പോലും, നിശ്ശബ്ദത. സ്വന്തവ്യക്തിത്വത്തിനതീതമായ ഒരു രഹസ്യത്തോടുള്ള ബഹുമാനത്തിൽ നിന്നുമാണാ നിശ്ശബ്ദത. അതു ദൈവത്തിന്റെ കരങ്ങളിൽ അവരെ അർപ്പിക്കുന്നു.

വിശുദ്ധ ലിഖിതത്തിൽ വേറൊരിടത്തു നാം വായിക്കുന്നുണ്ടു്, മറിയം ശ്രവിച്ച വാക്കുകളും അനുഭവിച്ച സന്തോഷങ്ങളും അവളുടെ ഹൃദയത്തിന്റെ നിശ്ശബ്ദതയിൽ സൂക്ഷിച്ചുവെന്നു്.

സംസാരത്തിൽ പുണ്യമുള്ളതുപോലെ തന്നെ നിശ്ശബ്ദതയിലും പുണ്യമുണ്ടു്. ഈ രണ്ടു പുണ്യങ്ങളും വേണ്ട സമയത്തു് അവയുടെ ആവശ്യമനുസരിച്ചു് അഭ്യസിക്കേണ്ടവയാണു്. തിരുസ്സഭയിൽത്തന്നെ, നിശ്ശബ്ദത പാലിക്കുന്ന സന്യാസസഭകളുണ്ടു്; കർമ്മലീത്തക്കാരും കർത്തൂസിയൻകാരും ട്രാപ്പിസ്ററുകളും. നിശ്ശബ്ദമായ ധ്യാന നിരതമായ ജീവിതത്തിന്റെ മഹനീയമായ പാരമ്പര്യം അവർ തുടരുകയാണു്. അവരോടൊപ്പം പ്രവർത്തനോന്മുഖമായ സന്യാസസഭകളുമുണ്ടു്. ദൈവത്തിന്റെ സന്ദേശം ഉച്ചത്തിൽ, ഉന്മേഷഭരിതമായ സ്വരത്തിൽ അവർ വിളംബരം ചെയ്യുന്നു. പരസ്പരം പൂരകങ്ങളായ ദൈവവിളികൾ. രണ്ടും മനോഹരങ്ങൾ. ധ്യാനനിരതരുടെ നിശ്ശബ്ദതയാണു് അപ്പസ്തോലന്മാരുടെ വാക്കുകൾക്കു ശക്തി കൊടുക്കുന്നതു്. മലമുകളിലെ നിശ്ശബ്ദതയിലാണു് കുത്തിയൊഴുകുന്ന നദികളുടെ ഉത്ഭവസ്ഥാനം. അവിടെനിന്നും അവ ഊക്കോടെ അടിവാരങ്ങളിലേക്കൊഴുകി ഭൂമിയെ നനയ്ക്കുന്നു.

ഇതുപോലെ ഓരോ ക്രിസ്തീയഭവനത്തിലും സംഭവിക്കണം. എപ്പോഴാണു് സംസാരിക്കേണ്ടതു്, എപ്പോ

www.malankaralibrary.com

ഠാണു നിശ്ശബ്ദത പാലിക്കേണ്ടതു് എന്നു നാമെല്ലാവരും പഠിക്കണം. അവ രണ്ടും ശരിയായ അനുപാതത്തിൽ കൂട്ടി ച്ചേർക്കുവാൻ നാം പരിശ്രമിക്കണം.

## ശുദ്ധീകരിക്കുന്ന നിശ്ശബ്ദത

നമുക്കു നിശ്ശബ്ദതയെന്ന പുണ്യത്തെപ്പററി സംസാരിക്കാം. കുടുംബത്തിലെ ഒന്നിപ്പും സമാധാനവും നഷ്ട പ്പെടുത്തുന്ന എല്ലാററിനേയും പററി പ്രത്യേകമായി നാം നിശ്ശബ്ദത പാലിക്കണം. ക്രൂരമായ, വ്രണപ്പെടുത്തുന്ന ചില വാക്കുകൾ ഉപയോഗിക്കാൻ ശക്തിയായ പ്രലോഭനം നമുക്കുണ്ടാകും. ഏഷണി പറയുക രസമാണു്. ക്ലബ്ബു കളിലും ചന്തയാലും സംസാരശാലകളിലും ഉല്ലാസമു ണ്ടാക്കുവാൻ വില കുറഞ്ഞ ഇത്തരം സംഭാഷണത്തിനു കഴിഞ്ഞേക്കാം.

ശബ്ദമുണ്ടാക്കുന്നതിനു് എതിരായി ഉണ്ടാക്കേണ്ട ഒരു സംഘടനയെപ്പററി വളരെയേറെ സംസാരം ഇടയ്ക്കിടയ്ക്കു് കേൾക്കാറുണ്ടു്. എന്നാൽ പൊറുപൊറുക്കുന്നതിനെതിരെ ഒരു സംഘടന അത്യന്താപേക്ഷിതമാണു്. മനുഷ്യരുടെ ഇടയിലുള്ള സ്നേഹവും നീതിയും നശിപ്പിക്കുന്ന ഏഷണി ക്കെതിരെ ഒരു സംഘടന വേണം. പരദൂഷണമെന്ന ഭയാ നകമായ തിന്മ ഒഴിവാക്കാൻ മനുഷ്യൻ ശ്രദ്ധിക്കുന്നില്ല. അയൽക്കാരനെതിരായി നാം വളരെയധികം സംസാരി ക്കുന്നുണ്ടു്. പലപ്പോഴും അതാണു് നമ്മുടെ സംസാര ത്തെ കൂട്ടിഘടിപ്പിക്കുന്നതു്. തന്മൂലം പലപ്പോഴും ഇത്ര മാത്രം ഭയാനകവും അതേസമയം ലാഘവം തോന്നിക്കു ന്നതും ആയ ഈ പാപത്തിനെതിരെ നാം പ്രത്യേക മായി സൂക്ഷിക്കേണ്ടതുണ്ടു്. പെട്ടെന്നു പകരുന്ന രോഗ ബീജമാണതു്. എന്തുമാത്രം നാശമാണതു വരുത്തിവ യ്ക്കുന്നതു്! വിഷലിപ്തമായ അസ്ത്രംപോലെ ഹൃദയ ത്തിൽ തറച്ചുകയറുന്ന ഒരു തമാശ പറയാൻ നമുക്കു് വലി യ പരീക്ഷ തോന്നും. അതു് സംഭാഷണത്തിൽ ആവർത്തി ക്കുവാനും വില കുറഞ്ഞ വിജയം കൈവരിക്കുവാനും എന്തു വലിയ പ്രലോഭനമാണു് നമുക്കു്.

www.malankaralibrary.com

മനുഷ്യരെ അകററി നിറുത്തുന്നതും അവരെ പരസ്പരം അപരിചിതരാക്കുന്നതും അവരുടെ ഇടയിൽ വേലി കെട്ടി അവർ തമ്മിലുള്ള വ്യത്യാസങ്ങളേയും അഭിപ്രായ ഭിന്നതകളേയും പർവ്വതീകരിക്കുന്നതും ആയ എല്ലാററിനേയും ഉപേക്ഷിച്ചുകൊണ്ടു നമുക്കു ഇപ്പോഠംതന്നെ ആരംഭിക്കാം. നമ്മുടെ അയൽക്കാരെ ചെറുതാക്കുന്ന വാക്കുകളേയോ പ്രവൃത്തികളേയോ പററി നാം കേഠംക്കുമ്പോഠം ഒരു പ്രക്ഷേപണ നിലയമാകാതിരിക്കുവാൻ നമുക്കു ശ്രമിക്കാം.

കരുണയില്ലാത്ത, ആക്ഷേപസൂചകമായ, അഹങ്കാരത്തോടുകൂടിയ, വേദനിപ്പിക്കുന്ന എല്ലാ വാക്കുകളേയും നമ്മുടേയും നമ്മുടെ കുട്ടികളുടേയും ചുണ്ടുകളിൽനിന്നു് നമുക്കു നിർമ്മാജ്ജനം ചെയ്യാം. "മററുള്ളവരെ വിധിക്കരുതു്" (മത്തായി 7:1) എന്നാണു് കർത്താവു പറയുന്നതു്. വിധിക്കുക നമ്മുടെ കാര്യമേ അല്ല. എല്ലാ തെററിദ്ധാരണകളും മാററുന്നതിനുവേണ്ടി അവിടുന്നു തുടർന്നു പറഞ്ഞു: നാം മററുള്ളവരെ വിധിക്കുന്നതുപോലെ ദൈവം നമ്മേയും വിധിക്കുമെന്നു്. വിധിക്കരുതു്; ഏഷണി പറയുകയുമരുതു്. പരദൂഷണത്തിൻെറ ഒഴുക്കുചാൽ തടയുക. അതെന്തൊരു വ്യതിയാനമാണുളവാക്കുന്നതു്. എല്ലാ ക്രിസ്ത്യാനികളും സ്നേഹത്തിൻെറ കാര്യത്തിലുള്ള ഈ യുദ്ധത്തിൽ തങ്ങളുടെ കടമ നിർവ്വഹിച്ചാൽ ലോകത്തിൻെറ മുഖച്ഛായ തന്നെ മാറും. നാം കേഠംക്കുന്നതും അറിയുന്നതുമായ പരദൂഷണങ്ങഠം നമ്മിൽത്തന്നെ സൂക്ഷിക്കുകയാണെങ്കിൽ അന്തരീക്ഷം എത്ര ആരോഗ്യപ്രദമാകും. വഞ്ചനാപരമായ കഥകഠം ഉപദ്രവകാരികളായ കീടങ്ങളേപ്പോലെയാണു്. അവ പറക്കുന്നിടത്തെല്ലാം രോഗം പരത്തുകയാണു ചെയ്യുക. ചിലർ പറഞ്ഞേക്കാം: "എങ്ങനെയാണു് ഞങ്ങഠം ഈ കീടങ്ങളെ കൊല്ലുന്നതു്? അവ അത്രയധികമാണു്". ചൈനയെപ്പോലെ വിസ്തീർണ്ണമേറിയ ഒരു രാജ്യത്തു് ധാരാളമായ ഉപദ്രവം വരുത്തിയിരുന്ന ഈച്ചകഠംക്കെതിരായി നിരന്തര സമരം ചെയ്തു് അവയെ ഉന്മൂലനം ചെയ്യുന്നതിൽ കമ്മ്യൂണിസ്ററുകാർ വിജയിച്ചിട്ടുണ്ടത്രേ!

www.malankaralibrary.com

അതു വ്യക്തിപരമായ ശിക്ഷണബോധത്തിൻേറയും സമൂഹത്തോടുള്ള സ്നേഹത്തിൻേറയും ഫലമാണു്. ഞാന പലപ്പിക്കുന്ന ഏവണിയാകുന്ന പകർച്ചവ്യാധിയോടു്, ധാരാളം കീടനാശിനിയുമായി, യുദ്ധം പ്രഖ്യാപിക്കുവാൻ അവരുടെ മാതൃക നമുക്കു പ്രചോദനം നൽകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അങ്ങനെ നാം ജീവിക്കുന്ന ലോകം ശുദ്ധവായു നിറഞ്ഞതായിത്തീരും.

മനുഷ്യർ തമ്മിലുള്ള നല്ല ബന്ധങ്ങൾ ഇല്ലാതാക്കുന്ന എല്ലാം ഉപേക്ഷിച്ചതുകൊണ്ടു മാത്രമായില്ല, അവരെ ഒന്നിപ്പിക്കുന്ന എല്ലാററിനും നാം ക്രിയാത്മകമായ പ്രോത്സാഹനം നൽകുകകൂടി വേണം.

## പരസ്പര ധാരണയ്ക്കുവേണ്ടിയുള്ള പ്രയത്നം

മനുഷ്യരെ ഒന്നിപ്പിക്കുന്ന കാര്യങ്ങൾ അന്വേഷിക്കുകയാണു നാം ചെയ്യേണ്ടതു്. അവരുടെ ഇടയിലുള്ള പൊതുവായ നന്മനസ്സു കണ്ടുപിടിക്കണം. മാർഷൽ ലിയാററി (Lyautey) യുടെ വാക്കുകൾ നമുക്കു് ഓർമ്മിക്കാം. "നാം വിചാരിക്കുന്നതിൽ കൂടുതലായി മനുഷ്യരുടെ ഇടയിൽ ഒരു പൊതുഘടകം സ്ഥിതിചെയ്യുന്നുണ്ടു്. അതൊരു ബ്ലാക്ക്ബോർഡു് പോലെയാണു്, വലിയ ഫ്രാക്ഷൻസ് നാം ബോർഡിലെഴുതുന്നു. അവ ചെറുതാക്കുക അസാദ്ധ്യമെന്നു തോന്നും. എന്നാൽ കണക്കിൻെറ വഴി നമുക്കറിയാം: തുടർന്നുള്ള വെട്ടിക്കുറയ്ക്കൽ. അങ്ങനെ പൊതുവായ ഒരു ഘടകത്തിൽ (ഡിനോമിനേററിൽ) എത്തിച്ചേരുന്നു. ലളിതവും ചെറുതുമായ ഈ സംഖ്യ ആരംഭത്തിൽത്തന്നെ മുൻകൂട്ടി കാണുക പ്രയാസമായിരുന്നു. ഒരുപക്ഷേ ഞാനൊരു ശുഭാപ്തിവിശ്വാസി ആയിരിക്കാം. എന്നാൽ എനിക്കു തോന്നുന്നതു് നമ്മെ വിഭജിക്കുന്ന എല്ലാ കാര്യങ്ങളിലും പൊതുവായ ഒരു ഘടകത്തിൽ എത്തിച്ചേരുക എളുപ്പമാണെന്നാണു്.

എളുപ്പമാണെങ്കിലും അല്ലെങ്കിലും, നാം മനുഷ്യരെ ബന്ധിക്കുന്നതിനുള്ള ഉപകരണങ്ങളാകണം. സമാധാന

www.malankaralibrary.com

സ്ഥാപകരാകുവാനുള്ള ദാനത്തിനായി നാം പ്രാത്ഥിക്കണം. ആവശ്യപ്പെടുന്ന ആക്കും പരിശുദ്ധ കന്യകാമാതാവു് സന്തോഷപൂവ്വം കൊടുക്കുന്ന ദാനമാണതു്. കാരണം, അതു് അവളുമായുള്ള ആദ്ധ്യാത്മിക സമ്പർക്കത്തിൻെറ നേരിട്ടുള്ള ഫലങ്ങളിലൊന്നാണു്. തൻെറ മക്കളായ മനുഷ്യരുടെ നേർക്കു് അവൾക്കു മാതൃസഹജമായ സ്നേഹമുണ്ടു്. അമ്മയുടെ സ്നേഹത്തിൽ ആർദ്രമായ ഒരു പ്രത്യേകതയുമുണ്ടു്. ആ ലാളിത്യത്തിൽ ഒരു സാംസ്ക്കാരികത്വം (refinement) കാണാം. മക്കളുടെ തെററുകൾ മറച്ചുവയ്ക്കുന്ന പ്രവത്തന പാടവവുമുണ്ടവൾക്കു്. നമ്മുടെ ഹൃദയങ്ങൾ അവളുടേതിനോടു് ഐക്യപ്പെടുന്നതിൻെറ തോതനുസരിച്ചു് മററുള്ളവരുടെ തെററുകൾ നാം മറച്ചുവയ്ക്കും. അവ വെളിപ്പെടുത്തണമെന്നു വന്നാൽത്തന്നെ കുററക്കാരനായ വ്യക്തിയുടെ പേരു നാം വെളിപ്പെടുത്തുകയില്ല. ഇനി അതു് പരസ്യമാക്കാതിരിക്കാൻ നിവൃത്തിയില്ലെങ്കിൽത്തന്നെ വെളിപ്പെടുത്തേണ്ടതു മാത്രമല്ലാതെ ഒന്നും പറയുകയില്ല; കഴിയുന്നിടത്തോളം കുറച്ചേ പറയുകയുള്ളു. ശരീരത്തിൽ ശസ്ത്രക്രിയ ചെയ്യുന്ന ഒരു സർജനെപ്പോലെ ആവശ്യമുള്ളിടത്തോളം മാത്രം മുറിവുണ്ടാക്കുക. ആവശ്യമുള്ളതിൽ കൂടുതൽ വീതിയിലോ ആഴത്തിലോ മുറിവുണ്ടാക്കാതിരിക്കുക.

മനുഷ്യരെ വിഭജിക്കുന്നതിനു പകരം അവരെ ഒന്നിച്ചു കൊണ്ടുവരുമെന്നു നമുക്കു ധീരമായി പ്രതിജ്ഞചെയ്യാം. നമ്മുടെ അയൽപക്കക്കാരനെ വേദനിപ്പിക്കുന്നതോ, വ്രണപ്പെടുത്തുന്നതോ ആയ എല്ലാററിനേയും നമ്മുടെ സംസാരത്തിലും ശബ്ദകോശത്തിലും നിന്നു് നമുക്കു മാററിക്കളയാം. അങ്ങനെ സന്മനസ്സുള്ള മനുഷ്യർക്കു് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ആ സമാധാനം കുറച്ചെങ്കിലും ഭൂമിയിൽ ഉണ്ടാവുകയും ചെയ്യട്ടെ.

www.malankaralibrary.com

# 8

# അപകടങ്ങളെ നേരിടുവാൻ പഠിക്കുക

"ഞാൻ മിശിഹായ്ക്കു വേണ്ടിയാണ് ബന്ധനസ്ഥനായിരിക്കുന്നതെന്ന് കൊട്ടാരത്തിലെ അന്തേവാസികൾക്കും പുറത്തുള്ള എല്ലാവക്കും അറിവുള്ളതാണ്. മിക്ക സഹോദരക്കും എന്റെ കാരാഗൃഹവാസം നിമിത്തം കത്താവിൽ ആത്മധൈര്യം ലഭിച്ചിരിക്കകൊണ്ട് നിർഭയം ദൈവവചനം പ്രസംഗിക്കുവാൻ അവർ കൂടുതൽ സന്നദ്ധരായിരുന്നു." (ഫിലിപ്പിയ. 1:13–14)

ആധുനിക ജീവിതം അടങ്ങിയിരിക്കുന്നത് കൂടുതൽ കൂടുതലായി അപകടങ്ങൾ ഒഴിവാക്കുന്നതിലാകുന്നു. ഇന്ന് എല്ലാം മുൻകൂട്ടി കണക്കാക്കപ്പെട്ടിരിക്കയാണ്; തിട്ടപ്പെടുത്തപ്പെട്ടിരിക്കുകയാണ്; ഇൻഷ്വർ ചെയ്തിരിക്കയാണ്. ലോകത്തിൽ, തങ്ങളുടെ വിശ്രമവും (അവസാനത്തെ വിശ്രമമല്ല, അതിനുമുമ്പിലുള്ളത്) പെൻഷനും എല്ലാം

www.malankaralibrary.com

ശരിയാക്കാനുള്ള സാദ്ധ്യതയുണ്ടു് എന്ന ചിന്തയാൽ എത്ര പേരാണു് വശീകരിക്കപ്പെടുന്നതു്. സുസ്ഥിതി അല്ലാത്ത ഏതെങ്കിലുമൊരു മൂല്യത്തിൽ ജീവിതം ഉറപ്പിക്കണമെങ്കിൽ എന്നത്തേക്കാൾ കൂടുതലായ ധൈര്യം ഇന്നാവശ്യമാണു്. വസ്തുനിഷ്ഠമായി മെച്ചപ്പെട്ട അസ്തിത്വത്തിനുള്ള വലിയ കാരണങ്ങളിന്മേൽ ജീവിതം ഉറപ്പിക്കുന്നതിനും കൂടുതൽ ധൈര്യം വേണം.

## മാനുഷികമായ ധൈര്യം

മനുഷ്യജീവിതത്തെത്തന്നെ അതിജീവിക്കുന്ന മൂല്യങ്ങളുടെ സേവനത്തിനായി അർപ്പിക്കപ്പെടുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിനു വിലയില്ല.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു് അരഞ്ഞു നീങ്ങുന്ന ജീവിതത്തിനുവേണ്ടിയല്ല. എത്ര ഭംഗിയുള്ളതായിരുന്നാലും ഒരു വീടിന്റെ നാലു ഭിത്തികളിൽ ഒതുങ്ങുന്നതല്ല അവന്റെ ഹൃദയം. മനുഷ്യഹൃദയത്തിനു ജീവിക്കുവാൻ ഒരു കാരണം വേണം; അതിന്റെ വിശപ്പിനും ദാഹത്തിനും ആനുപാതികമായ കാരണങ്ങൾ അപരിമേയവും സനാതനവുമായതിനെയാണു് മനുഷ്യഹൃദയം സ്വപ്നം കാണുന്നതു്. തനിക്കതീതമായ എന്തിനോവേണ്ടി സ്വയം സമർപ്പിക്കുവാനാണതു കൊതിക്കുന്നതു്.

ഈ ജീവിതത്തിൽതന്നെ ഇതു വാസ്തവമാണു്. ധീരത ആവശ്യമുള്ള പ്രവൃത്തികൾക്കായി എത്ര പേരാണു സ്വമേധയാ മുന്നോട്ടു വരുന്നതു എന്നുള്ളതു ആശ്ചര്യകരമായ ഒരു വസ്തുതയത്രെ. അമേരിക്കക്കാരോ, റഷ്യാക്കാരോ ശൂന്യാകാശ ഗവേഷണങ്ങൾക്കു ആളുകളെ ആവശ്യപ്പെട്ടപ്പോൾ അവരുടെ ഏക പ്രശ്നം തിരഞ്ഞെടുക്കാനുള്ളവരുടെ എണ്ണത്തിന്റെ ബാഹുല്യമാണു്. ഈ യുവാക്കളും യുവതികളും ജീവിതത്തിൽ ഭഗ്നാശരല്ല. അവരിൽ ഭൂരിഭാഗവും വിലപ്പെട്ട ഒരു കാര്യത്തിനുവേണ്ടി ജീവൻ ബലികഴിക്കാൻ കൊതിക്കുന്നവരാണു്.

www.malankaralibrary.com

അൻറാർട്ടീക്ക ഗവേഷണ സംഘത്തിനുവേണ്ടി സന്നദ്ധസേവകന്മാരെ ആവശ്യപ്പെട്ടുകൊണ്ടു ഒരു ലണ്ടൻ പത്രം താഴെക്കാണുന്ന പരസ്യം പ്രസിദ്ധപ്പെടുത്തി:

''അപകടകരമായ ഗവേഷണ യാത്രക്കു പുരുഷന്മാരെ ആവശ്യമുണ്ടു്. താഴ്ന്ന ശമ്പളം, ശക്തിയായ തണുപ്പു്, മാസങ്ങൾ നീണ്ടു നിൽക്കുന്ന പരിപൂർണ്ണമായ അന്ധകാരം, തുടർച്ചയായ അപകടസാധ്യത; വിജയിച്ചാൽ ബഹുമാനവും കൃതജ്ഞതയും''.

ഈ ഗവേഷണസംഘത്തോടുകൂടി പോകുവാൻ തയ്യാറായി പരസ്യത്തിനു മറുപടി കൊടുത്തവരുടെ സംഖ്യ അയ്യായിരമായിരുന്നു.

അവരുടെ ധൈര്യത്തെ നമുക്കു അഭിവാദനം ചെയ്യാം എന്നാൽ ഇതു പ്രധാനമായും ശാരീരികമായ ധൈര്യമാണു്. ശരിയായ, ധാർമ്മികധൈര്യം ചപലമായ ഈ ലോകത്തിൽ വളരെ വിരളമാണു്: തൻെറ കടമകൾനിർവ്വഹിക്കുന്നതിനും ഒഴുക്കിനും കാററിനുമെതിരെ പോകുന്നതിനും പുഛവും പരിഹാസവും നേരിടുന്നതിനുമുള്ള ധൈര്യം. ഒരു വേലക്കാരിയുടെ പരിഹാസത്തിനു മുമ്പിൽ, പ്രേത്തോറിയത്തിൽവച്ചു വിറച്ച വി. പത്രോസ് അതോർത്തു മനസ്സിലാക്കി. ഇതിനാണു് നാം നിരന്തരം പരിശ്രമിക്കേണ്ടതു്: ജീവിതത്തെ അഭിമുഖീകരിക്കുവാനുള്ള—ജീവിതം സ്വീകരിക്കുവാനുള്ള—ധൈര്യം—ലഭിക്കുവാൻ.

ഇന്നത്തെ മാതാപിതാക്കന്മാരെപ്പററി പെഗി (Peguy) പറയുന്നതു്. ആധുനിക ലോകത്തിലെ ഏററം വലിയ ധീരാത്മാക്കൾ അവരാണു് എന്നാകുന്നു. ദൈവവുമായി സഹകരിക്കുക, സത്യസന്ധതയോടും ഔദാര്യത്തോടും കൂടി കാര്യങ്ങൾ ചെയ്യുക എന്നതു് മനോഹരമായ കാര്യമാണു്. മക്കൾക്കു ജീവിതവൃത്തി തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ അവരുടെ ഔദാര്യവും ആദർശശുദ്ധിയും കളയാതെ സൂക്ഷിക്കുക, കൂടുതൽ വിവേകത്തിൻെറ പേരിൽ അവരുടെ ചിറകുകൾ മുറിക്കാതിരിക്കുക എന്നുള്ളതും മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം വലിയ കാര്യമാണു്.

www.malankaralibrary.com

## ക്രിസ്തീയമായ 'അപകടസാദ്ധ്യത'

എല്ലാ ജീവിതസരണിയിലും അടങ്ങിയിരിക്കുന്ന ക്രിസ്തീയമായ ഒരു അപകടസാദ്ധ്യതയുണ്ടു്. ചെറുപ്പക്കാർ സ്വാഭാവികമായി അതറിയുന്നു. അവരുടെ ജീവിതംകൊണ്ടു എന്തെങ്കിലും സാധിക്കുവാൻ അവരെ അനുവദിക്കണം. അതിൽ അപകടമുണ്ടായിരിക്കാം. ഈ ഉദ്യമം പലപ്പോഴും വീണ്ടുവിചാരത്തോടുകൂടിയ സമീപനരീതിയാൽ ദുർബലമാക്കപ്പെട്ടേക്കാം. ചെറുപ്പക്കാരെ ലാളിക്കുമ്പോൾ നാമവരെ സ്വാർത്ഥമതികളാക്കുകയാണു്. ആവശ്യത്തിനു സ്നേഹം കാണിക്കാത്തവരോടു് സ്വാർത്ഥത, പെട്ടെന്നോ താമസിച്ചോ പ്രതികാരം ചെയ്യും. ഔദാര്യപൂർവ്വമായ ഒരു ജീവിതത്തിലേക്കുള്ള—പൗരോഹിത്യത്തിലേക്കോ, സന്യാസത്തിലേക്കോ ഉള്ള—ദൈവവിളിയെപ്പറ്റിയാണു് ഞാൻ ചിന്തിക്കുന്നതു്. സ്നേഹത്തിന്റെ പേരിൽ എത്ര ദൈവവിളികൾ ശ്വാസം മുട്ടേണ്ടിവന്നിട്ടുണ്ടു്. ആ 'സ്നേഹം' വാത്സല്യത്തിൽ സ്വാർത്ഥത ആയിരുന്നു. 'വിവേക'ത്തിന്റെ ആ ഉപദേശങ്ങൾ ഒരു മനുഷ്യജീവിതത്തെ ശരിയായ മാർഗ്ഗത്തിൽനിന്നും തെറ്റിക്കുന്നതിനുതകിയ വഴികളായിരുന്നു. താണ നിലയിലുള്ള ആഗ്രഹങ്ങളിലേക്കു അങ്ങനെ അവ തള്ളപ്പെട്ടു.

മാതാപിതാക്കൾ ഇതേപ്പറ്റി ഗൗരവപൂർവ്വം ചിന്തിക്കണം. ചിലപ്പോൾ ചെറുപ്പക്കാർ പിടിയിൽനിന്നും ഉഴറിമാറുമ്പോൾ, തങ്ങളുടെ സ്വാർത്ഥതയും എടുത്തുചാട്ടവും അനുസരിക്കുവാൻ അവർ തുടങ്ങുമ്പോൾ, അവരെ എതിരിടുന്നതിൽ ന്യായീകരണമുണ്ടു്. എന്നാൽ ചിലപ്പോൾ നമ്മുടെ എതിർപ്പു് നമ്മുടെ കുട്ടികളുടെ ആത്മാക്കളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാരൂപിക്കെതിരായിട്ടുള്ള എതിർപ്പു് ആണു്. അതു് ദൈവാനുഗ്രഹത്തിനെതിരാണു്. നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ 'വക'യല്ല അവർ ദൈവത്തിന്റേതാണു്. അവിടുന്നു് അവരെ നിങ്ങളെ ഏല്പിച്ചിരിക്കുന്നു. അവർക്കുവേണ്ടി ദൈവത്തിന്റെ നാമത്തിൽ നിങ്ങളോടഭ്യർത്ഥിക്കുകയാണു് ഞാൻ. കാരണം

www.malankaralibrary.com

അവർ ദൈവത്തിന്റെ, ദൈവസ്നേഹത്തിന്റെ അവകാശമാണ്.

ദൈവം ആവശ്യപ്പെടുന്നത്, തന്റെ ഓരോ മകനും വേണ്ടി അവിടുന്നാഗ്രഹിക്കുന്നത്, അവന്റെ ജീവിതം മുഴുവനും വികസിക്കണമെന്നാണ്; ലോകരക്ഷകനെന്ന നിലയിലുള്ള തന്റെ ശക്തി അവനിൽ വളരണമെന്നാണ്. ഇരുപതാം നൂററാണ്ടിലെ മനുഷ്യരെ അവരിലും, അവർ വഴിയായും സ്നേഹിക്കുവാനാണവിടുന്ന് ആഗ്രഹിക്കുന്നത്; അങ്ങനെ അവരുടെ പരമാന്ത്യത്തിനു അവരെ ഒരുക്കുവാൻ. താൻ സൃഷ്ടിച്ചിട്ടുള്ള എല്ലാവരേയും വിശുദ്ധരാക്കണമെന്നതാണവിടുത്തെ ഇഷ്ടം. അവരുടെ സാക്ഷാത്തായ ആനന്ദത്തിന്റെ വഴിയിൽ നിൽക്കുവാൻ നമുക്കു അവകാശമില്ല.

ജീവിതത്തിന്റെ തിരഞ്ഞെടുപ്പും നിയന്ത്രണവും സംബന്ധിക്കുന്ന മൗലികമായ ചോദ്യത്തിന് ലാഭോദ്ദേശ്യം മതിയായ ഉത്തരമല്ല. നമുക്കൊരൊററ ജീവിതമേയുള്ളു. വേറൊരാത്മാവ് ദൈവം നമുക്കു തന്നിട്ടില്ല. ഒരാത്മാവിനുശേഷം വേറൊരാത്മാവ് നമുക്കു തരുന്നുമില്ല ഉപയോഗപ്രദമായ, എന്തെങ്കിലും വിലയുള്ള, ഒരു ജീവിതം നയിക്കണമോ, നമ്മുടെ കുടുംബത്തിനും സമൂഹത്തിനും ഏതെങ്കിലും വിധത്തിൽ ഉപകാരം ചെയ്തു ജീവിക്കണമോ എന്നതാണ് ചോദ്യം. മററുള്ളവർക്കുവേണ്ടി സ്വന്തജീവൻ കൊടുക്കുന്നതിനെപ്പററിയുള്ള, അവരുടെ സേവനത്തിനുവേണ്ടി സ്വന്തജീവൻ പണയപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ഒരു ചോദ്യമാണത്. സാമൂഹികമായ ഈ വീക്ഷണം മാത്രമേ ക്രിസ്തുമതത്തിനനുയോജ്യമാകു. സുവിശേഷത്തിന്റെ കാഴ്ചപ്പാടിൽ സാമൂഹികമായ ക്രിസ്തുമതവും മററുതരത്തിലുള്ളതുമായി യാതൊരു വ്യത്യാസവുമില്ല. ക്രിസ്തീയ വിളിയുടെ അടിസ്ഥാനപരവും സത്താപരവുമായ ഒരു ഭാഗമാണ് സാമൂഹികമായ വശം. ഞാനിതു പറയുമ്പോരം, പ്രിയ മാതാപിതാക്കളെ, ജീവിതത്തിന്റെ നാൽക്കവലയിൽ എത്തിയിരിക്കുന്ന പ്രായ

www.malankaralibrary.com

മായ നിങ്ങളുടെ പുത്രന്മാരേയും പുത്രിമാരേയുമാണു് ഞാ നോക്കുന്നതു്.

അതിരു കടന്ന വിവേകത്തേയും സൂക്ഷ്മത്തേയും പററി നാം സംശയാലുക്കളായിരിക്കണം. മക്കളുടെ വഴിയിൽ ഒരു നല്ല ആരംഭം കുറിക്കുവാൻ അവരെ സഹായിക്കുക.

## സുവിശേഷത്തിൻെറ വാച്യാർത്ഥം

ഞാൻ നിങ്ങളേപ്പററിയും ഓക്കുന്നുണ്ടു്. നിങ്ങളുടെ ജീവിതത്തിലും അപകടസാദ്ധ്യതയുള്ള ചുററുപാടുകൾ നിങ്ങൾ ഉപയോഗപ്പെടുത്തണം. അവയെ വിലപ്പെട്ടതാക്കാൻ പരിശ്രമിക്കയും വേണം. സുവിശേഷത്തിലെ ചില വാചകങ്ങൾ വാച്യാത്ഥത്തിൽത്തന്നെ എടുക്കുവാനുള്ള ധൈര്യം നിങ്ങൾക്കു വേണം. നൈമിഷികമായ മാനുഷികബുദ്ധി വാഗ്ദാനം ചെയ്യുന്നതിനപ്പുറത്തേയ്ക്കു കടന്നു ചെല്ലുന്നതിനുള്ള ധൈര്യം നിങ്ങൾക്കുണ്ടാകണം.

ഈ കാര്യത്തേപ്പററി ഇടയ്ക്കിടക്കു് ഒരു ചെറിയ ആത്മശോധന നടത്തുക. ''ക്രിസ്തു ഭൂമിയിൽ വന്നില്ലായിരുന്നെങ്കിൽ ഞാൻ ചെയ്യരുതാത്തതായിരുന്ന ഏതെങ്കിലും എൻെറ ജീവിതത്തിൽ എപ്പോഴെങ്കിലും ഞാൻ ചെയ്യുന്നുണ്ടോ?'' അവിടുത്തെ കൂടാതെ നിങ്ങൾ ചെയ്യുമായിരുന്ന ഏതെങ്കിലുമൊരു പ്രവൃത്തി നിങ്ങളുടെ ജീവിതത്തിലെവിടെയെങ്കിലുമുണ്ടോ? രാവിലെ മുതൽ വൈകുന്നേരംവരെ മുൻകൂട്ടിക്കാണാത്ത ഒന്നുമില്ലാതെ, 24 മണിക്കൂറിൽ 24 മണിക്കൂറും ജീവിതം മുൻകൂട്ടി നിശ്ചയിച്ചതുപോലെ തുടരുകയാണെങ്കിൽ, മാനുഷികമായ വിധത്തിൽ അതു മുഴുവൻ മനസ്സിലാക്കാമെങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുമതം ഗാഢമായി പ്രവേശിച്ചിട്ടില്ല.

ഈശോയുടെ നാമത്തിലും അവിടുത്തേയ്ക്കു വേണ്ടിയും നിങ്ങളൊരപകടത്തെ അഭിമുഖീകരിക്കുവാൻ തയാറാണോ? അവിടുന്നു നിങ്ങളെ സൂക്ഷിക്കുന്നു, പ്രതീ

www.malankaralibrary.com

ക്ഷിക്കുന്നു. നിങ്ങളിൽ നിന്നും പുറത്തേയ്ക്കു കടക്കുവാനു ള്ള നിങ്ങളുടെ ആഗ്രഹത്തിൽനിന്നും പതിവുകാറ്റുകൾക്ക് എതിരായി നിൽക്കാനുള്ള നിങ്ങളുടെ സന്നദ്ധതയിൽ നിന്നുമാണ് അവിടുന്നു നിങ്ങളുടെ സ്നേഹമളക്കുന്നത്. പേടിക്കരുത്. കരയോടു പററിപ്പിടിച്ചു നിൽക്കാതെ വിശാലമായ കടലിലേക്കിറങ്ങു. പത്രോസിനെപ്പോലെ, ചിലപ്പോഴെല്ലാം വെള്ളത്തിനു മുകളിൽ, കർത്താവിൻെറ പക്കലേയ്ക്കു നടന്നടുക്കുവാൻ പേടിക്കേണ്ട. നമ്മുടെ കണ്ണുകൾ കർത്താവിൽ ഉറപ്പിക്കുകയും നമ്മുടെ ജീവിതം അവിടുത്തെ കൈകളിൽ ഏല്പിക്കുകയും ചെയ്യണമെന്നു മാത്രം.

www.malankaralibrary.com

# 9

# സംഗതികൾ മനസ്സിലാക്കുവാൻ പഠിക്കുക

"അവർക്കിനി വീഞ്ഞു ബാക്കിയില്ല"
(ജോൺ 2:3).

ഇ. ഹെല്ലോ (E. Hello) ഒരിക്കൽ പറഞ്ഞു: "സ്നേഹത്തിന്റെ മഹത്വം അടങ്ങിയിരിക്കുന്നതു് സംഗതികൾ മനസ്സിലാക്കുന്നതിലാണു്". സ്വയം വെളിപ്പെടുത്താത്ത വേദന മനസ്സിലാക്കുക, നിശ്ശബ്ദമായ ഒരപേക്ഷ, വാക്കുകളിൽ പ്രകടിപ്പിക്കാത്ത ഒരഭ്യർത്ഥന അറിഞ്ഞു പ്രവർത്തിക്കുക: അതു മാനുഷികമായ സ്നേഹത്തിന്റേയും ആർദ്രതയുടേയും ഏററം മെച്ചപ്പെട്ട രൂപമാണു്.

## കാനായിൽ

നമുക്കൊരിക്കൽക്കൂടി സുവിശേഷത്തിൽ വിവരിക്കുന്ന കാനായിലെ കല്യാണാവസരത്തിലേയ്ക്കു തിരിയാം. അപ്പസ്തോലന്മാർ ഗുരുവിനോടുകൂടി അങ്ങോട്ടു പോകുവാൻ പെട്ടെന്നു തീരുമാനിച്ചു. വിവാഹവിരുന്നു തീരാററായില്ല. വീഞ്ഞു മിക്കവാറും അവസാനിച്ചുമിരുന്നു.

www.malankaralibrary.com

മറിയം ഒരു വേലക്കാരന്റെ മനഃക്ലേശം മനസ്സിലാക്കി. അതോടെ ആ കുടുംബത്തിന്റെ വിഷമാവസ്ഥ അവരം ഗ്രഹിച്ചുകഴിഞ്ഞിരുന്നു. വീഞ്ഞിന്റെ പോരായ്മ വിരുന്നുകാർ അറിയുമെന്നായപ്പോളാണ് മറിയത്തിന്റെ അഭ്യർത്ഥന. അവരം ഈശോയുടെ പക്കലേയ്ക്കു തിരിഞ്ഞു പറഞ്ഞു: "അവർക്കിനി വീഞ്ഞില്ല". തന്റെ ഗ്രഹണശക്തി മറിയം ഉപയോഗിച്ചു: പ്രവർത്തിച്ചു. അത്ഭുതം നടന്നു.

മാതാക്കളുടെ പ്രത്യേകതയാണു മക്കളുടെ കണ്ണുകളിൽ കാണുന്ന നിശ്ശബ്ദമായ അഭ്യർത്ഥന മനസ്സിലാക്കുക, മററുള്ളവർ കാണാത്തതു കാണുക എന്നതു്. ക്രിസ്ത്യാനി, ഒരമ്മയേപ്പോലെ എപ്പോഴും സൂക്ഷ്മഗ്രാഹി ആയിരിക്കണം; ഭാവന ഉപയോഗിക്കുകയും വേണം. കാരണം, വേറൊരാളുടെ സ്ഥാനത്തു നിങ്ങളെത്തന്നെ കാണുവാൻ ഭാവന ആവശ്യമുണ്ടു്; അതുപോലെ മറ്റൊരാളുടെ വീക്ഷണകോണത്തിൽനിന്നും സംഗതികരം ഗ്രഹിക്കുന്നതിനും. ജീവിച്ചിരിക്കുമ്പോരംത്തന്നെ മതിൽ കെട്ടി വേറിട്ടു നിൽക്കുന്ന ചിലരുണ്ടു്. അവരുടെ കാര്യത്തിൽ മാത്രമേ അവർക്കു താല്പര്യമുള്ളു. മാനസികമായി, ബാഹ്യ സ്വാധീനങ്ങരംക്കു അവർ വിധേയരേയല്ല. സമ്പർക്ക സാദ്ധ്യതയില്ലാത്ത ഒരു ശക്തിദുർഗ്ഗം പോലെയാണവർ.

## കുറിപ്പുകൾ താരതമ്യപ്പെടുത്തുക

ഭാര്യ വീട്ടുകാര്യങ്ങളിലും ഭർത്താവു തന്റെ ഉദ്യോഗമാകുന്ന സ്വകാര്യലോകത്തിലും മാത്രം മുഴുകി ജീവിക്കുന്നതുകൊണ്ടു എത്ര കുടുംബങ്ങളാണു് ആലംബഹീനമായി സങ്കടത്തിൽ കഴിയുന്നതു്. അടുത്തടുത്തുള്ള രണ്ടു ജീവിതങ്ങരം എല്ലായ്പ്പോഴും പരസ്പരം സ്പർശിക്കുന്നു; ഒന്നു മറേറതിനെ സ്വാധീനിക്കുന്നില്ലെന്നു മാത്രം. ഒരു ഭാഗത്തു നിന്നും സ്നേഹമുള്ള ഒരു നോട്ടം പോലുമുണ്ടാകുന്നില്ല. ഓരോ ജീവിതവും മറേറതിനോടു ബന്ധപ്പെടാതെ കഴിക്കുന്നു. തന്മൂലം അവയിൽനിന്നുമുള്ള എല്ലാ സന്തോഷവും നഷ്ടപ്പെടുന്നു. രണ്ടു വ്യത്യസ്ത പാളങ്ങളിൽ ഓടുന്ന

www.malankaralibrary.com

തീവണ്ടികൾ പോലെയാണവർ. ഒരേ ലക്ഷ്യംവച്ചാണവ സഞ്ചരിക്കുന്നതു്. എങ്കിലും സമാന്തരരേഖകളിലാകയാൽ അവ ഒരിക്കലും കൂട്ടിമുട്ടുന്നില്ല.

നമുക്കെല്ലാവർക്കും സാധിക്കും ചുററുമുള്ളവരെ സന്തോഷിപ്പിക്കുവാൻ. സൃഷ്ടിപരമായ അല്പം ഭാവനയേ അതിനാവശ്യമുള്ളു. നാം ചെയ്യേണ്ടതു് നമ്മുടെ സ്ഥാനം അല്പം മാററി, അതേ സംഗതി നമ്മുടെ കാഴ്ചപ്പാടിലൂടെയല്ല, വേറൊരാളുടെ കാഴ്ചപ്പാടിലൂടെ കാണുക മാത്രമാണു്.

അപ്പോൾ ഒരുപക്ഷേ ഭർത്താവിനു മനസ്സിലാകും വളരെയധികം ജോലി ഭാര്യയ്ക്കു ചെയ്യാനുണ്ടു് എന്നും, അല്പം സഹായിച്ചാൽ ഭാര്യയ്ക്കു് അതൊരു വലിയ കാര്യമായിരിക്കുമെന്നും. ഭാര്യയ്ക്കു് തോന്നും ഭർത്താവിനിഷ്ടമുള്ള കാര്യത്തിൽ കൂടുതൽ ഉത്സാഹം കാണിക്കണമെന്നും അദ്ദേഹത്തോടതേപ്പററി സംസാരിക്കണമെന്നും. മൂത്ത കുട്ടിക്കു മനസ്സിലാകും, അവൻെറ ചെറിയ സഹോദരിക്കു ഒരു കളിത്തോഴനെ ആവശ്യമുണ്ടെന്നു്. അവൻെറ വലിയ സഹോദരി മനസ്സിലാക്കും വല്യമ്മയ്ക്കു ഒന്നും വായിക്കാനില്ലെന്നു്, അല്ലെങ്കിൽ അവക്കു സമയത്തിനു മരുന്നു ലഭിക്കുന്നില്ലെന്നു്. നാമെല്ലാവരും ഭാവനയിൽ നമ്മെ മററുള്ളവരുടെ സ്ഥാനത്തു് ആക്കണം.

മാതാപിതാക്കളെ, നിങ്ങളറിയണം നിങ്ങളുടെ മക്കളുടെ മനസ്സിൽ നടക്കുന്നതെന്തെന്നു്. അവർ വളരുന്തോറും ഈ കാര്യം വളരെ ബുദ്ധിമുട്ടുള്ളതായിത്തീരുന്നു. പ്രത്യേകിച്ചു്, തങ്ങളുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ അവർ വെമ്പൽ കൊള്ളുന്ന പ്രായത്തിൽ— വ്യക്തിത്വത്തിനു വേണ്ടി അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, ആ വ്യക്തിത്വം സ്ഥാപിച്ചു കിട്ടുവാൻ അവക്കാകാംക്ഷയുള്ളപ്പോൾ. അവരുടെ കാടത്തത്തിൻേറയും സംസ്ക്കാരരാഹിത്യത്തിൻേറയും എതിർപ്പിൻേറയും പിന്നിൽക്കിടക്കുന്ന സ്നേഹത്തിനും സഹതാപത്തിനും വേണ്ടിയുള്ള വലിയ ആവശ്യം നിങ്ങൾസൂക്ഷിച്ചുമനസ്സിലാക്കണം. ഒരുനിഷേ

www.malankaralibrary.com

ധത്തിന്റെ പിറകിൽ ഒരപേക്ഷയായിരിക്കുമുള്ളതു് എന്നു നിങ്ങൾ ഗ്രഹിക്കണം. 'ഇല്ല' എന്നുള്ളതിന്റെ അർത്ഥം 'ഉവ്വ്' എന്നായിരിക്കാം. മെച്ചപ്പെട്ട ഒന്നിനു വേണ്ടിയുള്ള ആഗ്രഹം. ചിലപ്പോൾ തന്നെപ്പറ്റിത്തന്നെയുള്ള സംശയത്താലോ ആക്ഷേപത്താലോ മറഞ്ഞിരിക്കുന്നു വെന്നു വരാം. മക്കളെ, നിങ്ങളുടെ മാതാപിതാക്കളുടെ മനസ്സിൽക്കൂടി കടന്നു പോകുന്ന വികാരങ്ങൾ അറിയാൻ നിങ്ങൾ പരിശ്രമിക്കണം. അവരുടെ ഹൃദയങ്ങൾ നിങ്ങളോടു വളരെ അടുത്താണെന്നു നിങ്ങൾ ഗ്രഹിക്കണം. ജീവിതം നിങ്ങളെ അവരിൽ നിന്നും മാററി നിറുത്തുകയാണെങ്കിൽത്തന്നെയും. നിങ്ങൾ അവരെ മറക്കുകയാണെങ്കിൽ അവർക്കുണ്ടാകാവുന്ന സങ്കടം നിങ്ങൾ മനസ്സിലാക്കണം. അതുപോലെ നിങ്ങൾ കർക്കശമായി സംസാരിക്കുമ്പോഴും ഒരെഴുത്തുകൊണ്ടു്, ഒരു ടെലഫോൺ വിളി കൊണ്ടു്, അല്ലെങ്കിൽ ശ്രദ്ധാപൂർവ്വമുള്ള ഒരു പ്രവൃത്തി കൊണ്ടു് അവർക്കു കൊടുക്കാവുന്ന സന്തോഷത്തെപ്പററി നിങ്ങൾ ഓർക്കുക.

## പ്രായം ചെന്നവരെ മനസ്സിലാക്കുക

പ്രായം ചെന്നവരുടെ മനശാസ്ത്രം മനസ്സിലാക്കുവാൻ നാം പരിശ്രമിക്കണം. റേഡിയോയിലൂടെയുള്ള ഒരു (കുടുംബ) പ്രസംഗത്തിനുശേഷം എനിക്കൊരെഴുത്തു കിട്ടി. ഞാനറിയാത്ത, പ്രായം ചെന്ന, എന്നാൽ സ്നേഹമുള്ള ഒരമ്മയിൽ നിന്നു് അതെന്നെ മനസ്സിലാക്കി, പ്രായമാകുമ്പോളുണ്ടാകുന്ന സങ്കടം. ചെറുപ്പക്കാർക്കു് ഉപകാരപ്രദമാകുവാൻ അതിൽ നിന്നു് ചില വരികൾ പകർത്താം. തങ്ങളുടെ കൂടെ, എന്നാൽ ഭൂതകാലത്തു് ജീവിക്കുന്ന പ്രായമായവരുടെ വികാരങ്ങൾ മനസ്സിലാക്കുവാൻ അതു നമ്മെ സഹായിക്കും.

"അനന്തനന്മയായ ദൈവം ഞങ്ങളുടെ വേദനയും ഞങ്ങളുടെ നഷ്ടബോധവും എല്ലാററിലും ഉപരിയായി ഞങ്ങളെ വേദനിപ്പിക്കുന്ന രഹസ്യ വിഷമതകളും അറി

www.malankaralibrary.com

യുന്നുണ്ട്. ഞങ്ങളുടെ ചുററുമുള്ളവരുടെ മുമ്പിൽ ഞങ്ങൾക്ക കരയാനാവില്ല അവർക്കതു മനസ്സിലാവുകയുമില്ല. അവർ പറയും, "എന്തിനാണ് കരയുന്നത്? നിങ്ങൾക്കാവശ്യമുള്ളതെല്ലാമുണ്ടല്ലോ". ശരിയാണ്. അവരുടെ ദൃഷ്ടിയിൽ ഞങ്ങൾക്കാവശ്യമുള്ളതെല്ലാമുണ്ട്. എന്നാൽ ഞങ്ങളുടെ പ്രായം ചെന്ന ഹൃദയങ്ങൾ ആഗ്രഹിക്കുന്നത് സ്നേഹത്തിന്റെ ഒരു രശ്മിയാണ്, ഒരു പുഞ്ചിരിയാണ്. പ്രത്യേകിച്ച്, ഒരു കുഞ്ഞിന്റെ കൊച്ചു കൈകൾ ഞങ്ങളുടെ കഴുത്തിനു ചുററും വല്ലപ്പോഴുമെങ്കിലും കാണുന്നതിനുള്ള സന്തോഷമില്ലാത്തവരുടെ ആഗ്രഹമാണത്. കാരണം പ്രായമായവർ മാത്രമുള്ളപ്പോൾ ചെറുപ്പക്കാർക്ക് അവരുടേതായ ജോലിയും വ്യഗ്രതകളുമുണ്ട്. അവർക്ക ഞങ്ങൾക്കായി സമയമില്ല മാത്രമല്ല, എപ്പോഴെങ്കിലും ഒരു സംഭാഷണത്തിൽ ഞങ്ങൾ പങ്കെടുത്താൽ ഉടനെ ഞങ്ങളെ മനസ്സിലാക്കുകയായി. ഇരുപത്തഞ്ചു കൊല്ലം മുമ്പുള്ള ആശയങ്ങളുമായി ഇന്നു ജീവിക്കാനൊക്കുകയില്ലെന്ന്. സമയം മാറിപ്പോയി. ഞങ്ങൾ പരിഷ്ക്കാരികളായിരിക്കണം. ഞങ്ങളാകട്ടെ ജീവിതയാത്രയുടെ അവസാനത്തിലാണു താനും. ഞങ്ങൾ പരിഷ്ക്കാരികളല്ലാത്തതുകൊണ്ട് ഞങ്ങൾ നിശ്ശബ്ദരായിരിക്കണം. ഞങ്ങൾ കണ്ണീരുമ്മിയടച്ചു ഞങ്ങളുടെ കണ്ണുനീരു തടഞ്ഞു നിറുത്തുകയാണ്. അപ്പോഴാണ് ഞങ്ങളുടെ ആന്തരീകമായ കണ്ണുനീർ ഈയക്കട്ടിപോലെ ഹൃദയത്തിൽ പതിക്കുന്നത് സ്വയം അനുഭവിച്ചറിയാത്ത ആർക്കാണ് അതു മനസ്സിലാക്കാൻ കഴിയുക? ഏകാന്തമായ ഞങ്ങളുടെ മുറികളിൽ ഇരുന്നു ഉറക്കം തൂങ്ങുക—പഴയ ഓർമ്മകളും പഴയ ഫോട്ടോകളുമായി തനിച്ച്. അവ ആർക്കും ആവശ്യമില്ല. ഞങ്ങൾക്കാകട്ടെ അവ തിരുശേഷിപ്പുകളാണ്. എത്ര ചെറിയ കാര്യം മതി ഞങ്ങളെ വേദനിപ്പിക്കാനെന്നും എത്ര ചെറിയ കാര്യം കൊണ്ടു ഞങ്ങൾക്ക നന്മ ചെയ്യാമെന്നും ഇതിൽ നിന്നുമറിയാം. ഭൗതികമായ ഞങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെട്ടാൽ മാത്രം പോരാ; ഞങ്ങളുടെ ഹൃദയങ്ങൾക്കും ആത്മാവിനും ടോണിക്കുകളാണാവശ്യം."

www.malankaralibrary.com

## പാവങ്ങളെ മനസ്സിലാക്കുക

നാം പണമുള്ളവരെങ്കിൽ പാവങ്ങളുടെ മനസ്സിൽ നടക്കുന്നതെന്തെന്നു മനസ്സിലാക്കുവാൻ നാം ശ്രമിക്കണം. ഒന്നുമില്ലാത്ത അഗതികളുടെ മനശ്ശാസ്ത്രം മനസ്സിലാക്കു വാൻ സ്വന്തം സുഖം നാം മറക്കണം. അവരുടെ കണ്ണുകൾ കൊണ്ടു സംഗതികൾ കാണണം. വിശപ്പുകൊണ്ടു മരിക്കാറാവുക; ഓരോ പൈസയും എണ്ണിത്തിട്ടപ്പെടുത്തുക; ഉടുപ്പു കീറിയതാണ് എന്ന വസ്തുത സമർത്ഥമായി മറച്ചു വയ്ക്കാൻ ശ്രമിക്കുക; കൂടുതൽ ചെലവുണ്ടാകുന്ന ഒരു ക്ഷണം നിരസിക്കുവാൻ ഒന്നിനു പുറകെ ഒന്നായി ഒഴികഴിവുകൾ കണ്ടുപിടിക്കുക എന്നെല്ലാം പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കുവാൻ നമുക്കു കഴിയണം.

## പരദേശിയേയും രോഗിയേയും മനസ്സിലാക്കുക

നാം മനസ്സിലാക്കുവാൻ പഠിക്കേണ്ട വേറെയും ആളുകളുണ്ട്.

സ്വന്തം വീടില്ലാതെ അന്യ നാട്ടിൽ അലഞ്ഞു തിരിയുന്ന അഭയാർത്ഥിയുടേയും പരദേശിയുടേയും മനസ്സിൽ എന്താണ് നടക്കുന്നത്. ആയിരക്കണക്കിനു സ്ത്രീപുരുഷന്മാർ ഇന്നും ഈ സ്ഥിതിയിലാണ്. ഇങ്ങനെയുള്ള ഏകാന്തതയേപ്പററി നമുക്കു ശ്രദ്ധിക്കാം. ഒരധികപ്പററാണെന്നോ, അസ്ഥാനത്താണെന്നോ, ആവശ്യമില്ലാത്തവരാണെന്നോ ഉള്ള ചിന്ത നാം ആരിലും ഉളവാക്കരുത്. ഭ്രാതൃകമായ സ്വാഗതത്തിന്റെ അടയാളം കാണിക്കുകയും, അതു് ഔദാര്യത്തിന്റെ ഫലമാണ് എന്നു തോന്നാൻ ഇടയാക്കാതിരിക്കുകയും ചെയ്യുക വലിയ കാര്യമാകുന്നു.

നല്ല ആരോഗ്യമുള്ള നിങ്ങൾ, ആരോഗ്യമില്ലാത്തവരെ മനസ്സിലാക്കാൻ ശ്രമിക്കണം. ആവശ്യമില്ലാത്ത, അലസമായ സംസാരം കൊണ്ടു് അവരെ ബുദ്ധിമുട്ടിക്കരുത്. നന്മനസ്സോടുകൂടി സ്വീകരിക്കുന്ന സഹനം വ്യക്തിത്വവികസനത്തിനുപകരിക്കുന്നു; പുതിയ ചക്ര

www.malankaralibrary.com

വാളങ്ങൾ തുറക്കുന്നു; നല്ല കാര്യങ്ങൾ പ്രതീക്ഷിക്കുവാൻ സഹായിക്കുന്നു. സാധാരണഗതിയിലുള്ളതും ഉപരിപ്ലവവുമായ ജല്പനങ്ങളെക്കാൾ കൂടുതൽ കാര്യങ്ങൾ അവർ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നുണ്ടു്. തങ്ങളുടെ നിശ്ശബ്ദത ശ്രദ്ധിക്കണമെന്നു് അവർ പ്രതീക്ഷിക്കുന്നു. ചൂടുള്ള വെളിച്ചം പരത്തുന്ന സൂര്യപ്രകാശത്തിന്റെ ഒരു രശ്മി തങ്ങളുടെ ഹൃദയങ്ങളിലും ജീവിതത്തിലും സ്ഫുരിക്കുന്ന ഒരു വാക്കു ശ്രവിക്കുവാൻ അവക്കാശയുണ്ടു്. അവരെക്കൊണ്ടു നമുക്കാവശ്യമുണ്ടെന്നറിയുവാൻ അവർ ആഗ്രഹിക്കുന്നു. രക്ഷണീയ വേലയുടെ ഫലങ്ങൾ പരിപൂർണ്ണമായി അറിയത്തക്കവണ്ണം, കർത്താവിന്റെ പീഡകൾ ഇനിയും ആവശ്യപ്പെടുന്ന കടങ്ങൾ കൊടുത്തുവീട്ടുവാൻ (കൊളോ. 1:24), അവരുടെ പ്രാർത്ഥനകളും വേദനകളും സഭയ്ക്കു് ആവശ്യമുണ്ടു്.

## അവിശ്വാസിയെ മനസ്സിലാക്കുക

ദൈവത്തിൽ വിശ്വസിക്കുന്ന നാം വിശ്വസിക്കാത്ത മനുഷ്യനെ മനസ്സിലാക്കാൻ ശ്രമിക്കണം. നാം ക്രിസ്ത്യാനികളായിരിക്കുന്നതിനു അയാൾ നമ്മെ കുററപ്പെടുത്തുന്നില്ല എന്നോർക്കണം; അയാൾ നമ്മെ കുററപ്പെടുത്തുന്നതു് നാം വേണ്ടത്ര ക്രിസ്ത്യാനികളല്ലാത്തതിനാലാണു്.

''ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ ഭാഗ്യവാനാണു്; ഞാൻ നിങ്ങളിൽ അസൂയപ്പെടുന്നു'' എന്നു പറയുന്നതു കേൾക്കുക അസാധാരണമല്ല. ഈ വാക്കുകളുടെ മറവിൽ വിശ്വസ്ത സാക്ഷികളായിരിക്കുവാനുള്ള ഒരഭ്യർത്ഥന, സമകാലീനരുടെ കൺമുൻപിൽ നമ്മുടെ സാക്ഷ്യം പ്രത്യക്ഷമാക്കുന്നതിനുള്ള ഒരാഹ്വാനം, നാം മനസ്സിലാക്കണം.

ക്ലോഡലിന്റെ (Claudel) ഒരു ഡ്രാമായിൽ അന്ധയായ ഒരു ബാലിക ഉദീരണം ചെയ്യുന്നുണ്ടു്: ''കണ്ണു കാണാവുന്ന നിങ്ങൾ പ്രകാശം കൊണ്ടെന്തു ചെയ്യുന്നു?'' എന്നു്. ഹൃദയഭേദകമായ ഈ ചോദ്യം, യാതൊരു വിധ

www.malankaralibrary.com

ത്തിലുള്ള യോഗ്യതയോ ചിലവോ കൂടാതെ വിശ്വാസത്തിന്റെ പ്രകാശം ആസ്വദിക്കുന്ന നാമോരോരുത്തരോടുമുള്ളതാണ്. ഇവിടെയും നാം മനസ്സിലാക്കുകയും ഉത്തരം പറയുകയും വേണം. വിശ്വസിക്കുകയും സംസാരിക്കുകയും സഹോദരഭാവേന എളിമയോടുകൂടി നമ്മുടെസഹായഹസ്തം നീട്ടുകയും ചെയ്യണം.

ഇങ്ങനെ തുടർച്ചയായി എനിക്കു പറയാം. പക്ഷേ, ഞാൻ നിറുത്തുകയാണ്. പുതിയ കണ്ണുകളോടെ നമുക്കു ചുററും നോക്കാം. ഗവേഷണങ്ങളുടെ ഒരു പുതിയ ലോകം മുമ്പിൽ കാണാൻ നമുക്കു കഴിയും.

www.malankaralibrary.com

# 10

# വിശ്വാസമർപ്പിക്കുവാൻ പഠിക്കുക

"ദൈവത്തിനു് നമ്മോടുള്ള സ്നേഹം നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1 ജോൺ 4:16).

വിദ്യ അഭ്യസിപ്പിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിയിലുള്ള വിശ്വാസമാണു് വിദ്യാഭ്യാസത്തിന്റെ രഹസ്യം എന്നു് വിദ്യാഭ്യാസപ്രവർത്തകർ എപ്പോഴും പറയാറുണ്ടു്. വിശ്വാസാർപ്പണത്തേക്കാൾ കൂടുതലായി ഒരു കുട്ടിയെ വികസിപ്പിച്ചെടുക്കുന്ന വേറെയൊന്നുമില്ല. തന്നിൽ വിശ്വാസമില്ല എന്നതിൽ കൂടുതലായി അവനെ വിഷമിപ്പിക്കുന്ന ഒന്നുമില്ലതാനും. വിശ്വാസമർപ്പിക്കുക എന്നു പറഞ്ഞാൽ അപകടങ്ങളെ അഭിമുഖീകരിക്കുക എന്നാണർത്ഥം. ആ അപകടങ്ങൾ അഭിമുഖീകരിക്കുന്നതു് അർത്ഥശൂന്യമല്ല; ആവശ്യമാണു്.

നമ്മുടെ സ്കൂളുകളിലുള്ള വിദ്യാഭ്യാസം വിശ്വാസത്തിനുപകരിക്കുന്ന ഒരു സംവിധാനത്തിൽ നിന്നും വളരെ വിദൂരമാണു്. ഒരു കാര്യത്തേപ്പറ്റി സംസാരിക്കുന്നതുകൊണ്ടു് അതുണ്ടാകുന്നില്ല. നാം വളരെ എളുപ്പം ഈ തുറയിൽ സ്വയം തൃപ്തരാവുകയാണു് ചെയ്യുക.

www.malankaralibrary.com

വിശ്വാസമർപ്പിക്കുന്നതിലുള്ള ഈ പരിശീലനം ഗൗരവപൂർവ്വം നാം കണക്കിലെടുക്കണം. വിദ്യാഭ്യാസത്തെപ്പററി പറയുന്നതു മതവിദ്യാഭ്യാസത്തേപ്പററിയും വാസ്തവമാകുന്ന ദൈവത്തിൽ വിശ്വാസമർപ്പിക്കുവാൻ നാം മനുഷ്യനെ പഠിപ്പിക്കണം. ഇക്കാര്യത്തിൽ നമ്മുടെ കർത്താവിനു വലിയ നിർബന്ധമായിരുന്നു. വെള്ളത്തിനു മുകളിൽ നടക്കുന്ന വി. പത്രോസിനെ നാം അഭിനന്ദിക്കുന്നുണ്ട്. സ്വയം പരിത്യാഗത്തിന്റെയും ധൈര്യത്തിന്റെയും പ്രകടനമായിട്ടാണ് പത്രോസിന്റെ പ്രവൃത്തി നാം കാണുക. എന്നാൽ പത്രോസിതാ വെള്ളത്തിലേയ്ക്കു താഴുന്നു; കർത്താവു പത്രോസിനെ സഹായിക്കാൻ വരുന്നു അവിടുന്നെന്താണ് പത്രോസിനോടു പറയുന്നതു്? ''അല്പവിശ്വാസീ, നീ എന്തിനു ഭയപ്പെട്ടു?''ദൈവം നമ്മിൽനിന്നു് ആവശ്യപ്പെടുന്നതു നമ്മുടെ പരിപൂർണ്ണമായ വിശ്വാസം തന്നിൽ അർപ്പിക്കുവാനാണ്; നമ്മുടെ കണ്ണുകൾ നേരിട്ട് തന്നിൽ പതിക്കുവാൻ. നാമാകട്ടെ നമ്മിൽത്തന്നെ ആശ്രയിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഗാരൻറികളും, ഇൻഷ്വറൻസുമെല്ലാം സ്ഥിരപ്പെടുത്തുവാനാണ് നമ്മുടെ ശ്രമം.

## വിശ്വാസത്തോടുകൂടിയ പ്രാർത്ഥന

ഉറപ്പോടുകൂടി പ്രാത്ഥിക്കുക നമുക്കു വിഷമമാണ്. വളരെയധികം ക്രിസ്ത്യാനികൾക്കും, പ്രാത്ഥന നമ്മുടെ ഇഷ്ടം സാധിച്ചുതരുവാൻ ദൈവത്തോടുള്ള അപേക്ഷയാണ്; ദൈവം എന്താണ് ചെയ്യേണ്ടതെന്നുള്ളതിന്റെ ഒരറിയിപ്പ്; നമ്മുടെ നന്മ എന്നു നാം വിചാരിക്കുന്നതു് പെട്ടെന്നു ചെയ്തുകിട്ടാനുള്ള അഭ്യർത്ഥന. ഇതിലൊന്നും വിശ്വാസത്തിന്റെ കണികപോലുമില്ല; ചഞ്ചലമായ സ്വയം പര്യാപ്തതയുടെ ഒരു നല്ല പങ്ക് അവയിലുണ്ടുതാനം. നമ്മുടെ സന്തോഷത്തിനുവേണ്ടി ദൈവത്തോടപേക്ഷിക്കേണ്ട കാര്യമില്ല. തുടർച്ചയായി അവിടുന്ന് അതാഗ്രഹിക്കുന്നു. അവിടുത്തെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കുകയും സ്നേഹത്തെ നിയന്ത്രിക്കയും ചെയ്യുന്നതു് നമ്മ

www.malankaralibrary.com

ളാണ്. ദൈവം എപ്പോഴും മനുഷ്യൻെറ പ്രാർത്ഥന കേറം ക്കുന്നു; അവിടുന്നു നമുക്കുത്തരം തരികയും ചെയ്യുന്നു മനുഷ്യ നാണ് പലപ്പോഴും ദൈവത്തിന് ഉത്തരം നൽകാൻ കൂട്ടാക്കാത്തതു്.

ആകയാൽ, നമ്മുടെ പ്രാത്ഥനകറംക്കു് ഉത്തരം ലഭി ക്കുന്നുണ്ടോ എന്നു ചോദിക്കേണ്ട ആവശ്യമേ ഇല്ല: സാ ക്ഷാത്തായ പ്രാത്ഥനകളായിത്തീരുന്ന നിമിഷത്തിൽ അവയ്ക്കുത്തരം ലഭിക്കുന്നു. എന്തുമാത്രം അവ പ്രാത്ഥന കളാണോ അതനുസരിച്ച് അവയ്ക്കു് ഉത്തരം ലഭിക്കും. കാരണം ദൈവികസന്നിധാനത്തിലേയ്ക്കുള്ള പരിശു ദ്ധമായ പ്രവേശനത്തിൻെറ കവാടമാണ് പ്രാത്ഥന. വെ ളിപാടിലെ മനോഹരമായ പ്രാർത്ഥനയിൽ അവയെ ല്ലാം സംക്ഷേപിച്ചിട്ടുണ്ടു്: ''കത്താവായ ഈശോയെ, വന്നാലും''.

വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുക എന്നു പറയു മ്പോറം ഞാൻ ചോദിക്കുന്നതെല്ലാം ദൈവം തരും എന്ന ബോദ്ധ്യത്തോടുകൂടി പ്രാർത്ഥിക്കുക എന്നത്ഥമില്ല. എങ്ങ നെവേണം എന്നു് അവിടുത്തേക്കറിയാവുന്നതുകൊണ്ടു് അതനുസരിച്ച് ദൈവം എൻെറ പ്രാർത്ഥന കേറംക്കും എന്ന ഉറപ്പാണ് എനിക്കുള്ളതു്. അനന്തമായി സ്നേഹി ക്കുകയും എല്ലാം അറിയുകയും കാണുകയും ഏററം നല്ല മറു പടി എനിക്കു തരുകയും ചെയ്യുന്ന ഒരു പിതാവിനേപ്പോ ലെയാണ് ദൈവം, എന്നാൽ ഈ ഉത്തരം എൻെറ പ്രതീ ക്ഷകറം തകത്തെന്നുവരാം; ഞാൻ ആവശ്യപ്പെടുന്നതിൻെറ നേരേ എതിരായിട്ടുള്ളതാണെന്നും വരാം. നാം നമ്മെ ത്തന്നെ സ്നേഹിക്കുന്നതിൽ അധികമായി, അളവില്ലാത്ത വിധത്തിൽ ദൈവം നമ്മെ സ്നേഹിക്കുന്നു. വിശ്വാസമർ പ്പിക്കുക എന്നു പറയുമ്പോറം ദൈവത്തിൻെറ അവർണ്ണ നീയമായ സ്നേഹത്തിൽ വിശ്വസിക്കുക എന്നാണർത്ഥം. നമ്മുടെ ആഗ്രഹങ്ങറം നിറവേററുകയും ചിന്താഗതിക്കനു സൃതമായി പ്രവത്തിക്കയും ചെയ്യുന്നതുപോലെതന്നെ നമ്മുടെ ആഗ്രഹങ്ങറംക്കെതിരായി പ്രവത്തിക്കുമ്പോഴും ആ വിശ്വാസം ആവശ്യമാണ്. വിശ്വാസമപ്പിക്കുക എന്നു

www.malankaralibrary.com

പറയുന്നതിന്റെ അർത്ഥം, കണ്ണടച്ച് അവിടത്തേയ്ക്ക് എല്ലാം വിട്ടുകൊടുക്കുക എന്നാണ്. ക്ഷമയില്ലായ്മയു ടേയും സ്വാർത്ഥതയുടേയും പ്രകടനങ്ങളായ ധാരാളം പ്രാർത്ഥനകളുണ്ട്. എന്നാൽ താൻ സ്നേഹിക്കപ്പെടുന്നവെ ന്നും സുരക്ഷിതമായ കരങ്ങളിലാണെന്നും അറിയാവുന്ന ഒരു കുഞ്ഞിന്റെ ശാന്തത അവയ്ക്കില്ല.

## എനിക്കു നിന്നെ കാണാം അതാണു പ്രധാനം; ചാടിക്കൊള്ളൂ

പത്രങ്ങളിൽ റിപ്പോർട്ടു ചെയ്ത ഒരു വിശേഷമാ ണിത്. ഒരു രാത്രി ഒരു വീടിനു തീ പിടിച്ചു. തീ പിടി ച്ച ക്ഷണം അപ്പനും അമ്മയും കുട്ടികളും എല്ലാം ധൃതിയിൽ വെളിക്കു ചാടി. അവരെല്ലാം കത്തിയാളുന്ന ആ വീടി നെ നോക്കി നിൽക്കുകയാണ്. പെട്ടെന്ന്, അവരുടെ ഇളയകുട്ടി, അഞ്ചു വയസ്സുള്ള ആൺകുട്ടി, കൂട്ടത്തിലി ല്ലെന്ന് അവർ കണ്ടു. തീയും പുകയും കണ്ടു പേടിച്ച്, മററുള്ളവർ പുറത്തോട്ടു കടന്ന സമയം, അവൻ വീടിന്റെ മുകളിലത്തെ നിലയിലേയ്ക്ക് ഓടിക്കയറുകയാണു ചെയ്തത്. അവരെല്ലാം പരസ്പരം നോക്കി. ഒരഗ്നികുണ്ഡ മായി മാറിക്കൊണ്ടിരുന്ന വീട്ടിലേയ്ക്കു തിരികെപ്പോ വുക സാദ്ധ്യമായിരുന്നില്ല. അപ്പോഠം രണ്ടാംനിലയിലെ ഒരു ജനാല തുറന്നു കുട്ടി സഹായത്തിനുവേണ്ടി നില വിളിക്കുകയായിരുന്നു. അവന്റെ പിതാവ് അവനെ കണ്ടു; അവനോടു വിളിച്ചു പറഞ്ഞു: ‘‘താഴോട്ടു ചാടുക’’. കുട്ടിക്കു തീയും പുകയും മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. എങ്കിലും പിതാവിന്റെ സ്വരം അവൻ കേട്ടു. അവൻ പറഞ്ഞു: ‘‘അപ്പച്ചാ, എനിക്ക് അപ്പച്ചനെ കാണാൻ പാടില്ല.’’ ‘‘എനിക്കു നിന്നെ കാണാം. അതുമതി. ചാടി ക്കോ’’ എന്ന് ആ പിതാവു വിളിച്ചു പറഞ്ഞു. ആ കൊച്ചുകുട്ടി എടുത്തുചാടി. ചാടുന്നവഴി പിതാവ് അവ നെ പിടിച്ചു. പിതാവിന്റെ കൈകളിൽ സുരക്ഷിത നായി അവൻ വന്നു വീണു.

www.malankaralibrary.com

കത്തികൊണ്ടിരിക്കുന്ന വീടിൻെറ ജനാലയ്ക്കൽ ഏകാകിയായി നിൽക്കുന്ന ആ കുട്ടി, ലോകജീവിതത്തിൽ ദൈവസന്നിധിയിൽ നിൽക്കുന്ന ക്രിസ്ത്യാനിക്കു സമനല്ലേ? അവൻെറ വിഷമതയുടെ മദ്ധ്യത്തിൽ അവൻ ശ്രവിക്കുന്നുണ്ടു്, ദൈവത്തിൻെറ സ്വരം: "വിശ്വസിക്കുക; എൻെറ കൈകളിലേയ്ക്കു ചാടിക്കൊള്ളുക." വിശ്വാസക്കുറവുകൊണ്ടു നന്നായി പ്രാർത്ഥിക്കാത്ത ഓരോരുത്തരോടും ഞാൻ പറയും: "ദൈവത്തിനു നിങ്ങളെ കാണാം. അതാണു പ്രധാനം; ചാടിക്കോളൂ."

മാത്രമല്ല, നീങ്ങൾ ചാടാൻ ധൈര്യപ്പെടുമ്പോൾ, അതായതു് ദൈവത്തിലുള്ള വിശ്വാസത്തിൻെറ പ്രകാശനത്തിനു തയ്യാറാകുമ്പോൾ, സ്വയപരിത്യാഗത്തിൻെറ ആ പ്രവർത്തനം വഴിയായി, ഏററവും മനോഹരമായ പ്രാർത്ഥന ചൊല്ലുകയായിരിക്കും ചെയ്യുക. അങ്ങനെയുള്ള പ്രാത്ഥനകൾക്കു് ദൈവം എപ്പോഴും ഉത്തരം തരുന്നു, തൻെറ കരങ്ങൾ പരിപൂർണ്ണമായി തുറന്നുകൊണ്ടു്. "എനിക്കു നിന്നെ കാണാം; അതാണു പ്രധാനം; ചാടുക" ഈ വാക്കുകൾ നമ്മുടെ ആത്മാക്കളിൽ ഗാഢമായി പതിയുവാൻ നാം അനുവദിക്കണം. നമുക്കു കാണേണ്ട ആവശ്യമില്ല. ദൈവത്തെ നേരിൽ കാണുന്നതിനു നാം തിടുക്കം കൂട്ടരുതു്. ഭൂമിയിൽ നാം നടക്കുന്നതു് ഇരുട്ടിലാണു്. ദൈവം നമ്മെ കാണുന്നു; അതാണു പ്രധാനം. അവിടുന്നു നമ്മെ ഒരിക്കലും കൈവിടുന്നില്ല. നാമറിയുന്നില്ലെങ്കിലും അവിടുന്നു നമ്മുടെ കൈക്കു പിടിച്ചിരിക്കുകയാണു്. ദൈവം നമ്മെ കാണുന്നു; അവിടുന്നെല്ലാമറിയുന്നു. അവിടുത്തെ കരങ്ങളിലേയ്ക്കു ചാടുവാൻ നമുക്കാവശ്യമായിട്ടുള്ളതും അതുമാത്രമാണു്.

**പുത്രസഹജമായ വിശ്വാസത്തിനുവേണ്ടി നമുക്കു പരിശുദ്ധ മാതാവിനോടു അനുഗ്രഹം യാചിക്കാം.**

www.malankaralibrary.com

ഒന്നുമറിയാതെ, ഒന്നും കാണാതെ മറിയം ഇരുട്ടിൽ നടന്നു. എങ്കിലും ഒരു കുഞ്ഞിനേപ്പോലെ അവരം "ഉവ്വ്" എന്നുത്തരം പറഞ്ഞു. അനുഗ്രഹത്തിൻെറ അത്ഭുതങ്ങരം ദൈവം അവളിൽ പ്രവത്തിക്കുകയും ചെയ്തു.

നാം അവളുടെ കളരിയിൽ- പരിപൂർണ്ണ വിശ്വാസത്തിൻെറ കളരിയിൽ പോകണം. അപ്പോരം പ്രതീക്ഷിച്ചതിലും ആഗ്രഹിച്ചതിലും കൂടുതലായി ദൈവം നമുക്ക് ഉത്തരമരുളും. കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും ഹൃദയം വിചാരിച്ചിട്ടില്ലാത്തതും എന്നാൽ "തന്നെ സ്നേഹിക്കുന്നവക്കായി ദൈവം തയ്യാറാക്കിയിട്ടുള്ളതുമായ" (1 കൊറി. 2:9) അനുഭൂതികളുടെ രാജ്യം ഭൂമിയിൽത്തന്നെ അവിടുന്നു നമുക്കു തുറന്നുതരും.

www.malankaralibrary.com

# 11

# മററുള്ളവരേപ്പററി ചിന്തിക്കുക

''ആരു ദുർബ്ബലനാണു്, ഞാൻ ദുർബ്ബ
ലനല്ലെങ്കിൽ?'' (2 കൊറി. 11:29)

നമ്മുടെ നാടിൻെറ ചരിത്രത്തിലെ ഏററവും സങ്കടകരമായ നിമിഷങ്ങളിലൊന്നിലാണു് നാം ജീവിക്കുന്നതു്. * ബ്വാ ദു...കാസിയറിലെ (Bois bu Casier) കൽക്കരി ഖനികളിലേയ്ക്കു തിരിഞ്ഞിരിക്കുകയാണു് നമ്മുടെ കണ്ണുകളും ഹൃദയങ്ങളും. 260 മനുഷ്യരുടെ ജീവിതം - അവരിൽ 170 പേരും കുടുംബനാഥന്മാരാണു് - ത്രാസിൽ തൂങ്ങുകയാണു്. ഏററവും ഒടുവിലത്തെ വാർത്ത പറയുന്നതു് സ്ഥിതിഗതികൾ ഇപ്പോഴും അനിശ്ചിതത്വത്തിലാണെന്നാണു്. അവരിൽ ഭൂരിഭാഗം പേരുടെ മുൻപിൽ ഒരു വലിയ തീ പടർന്നുപിടിച്ചിട്ടുണ്ടു്. തന്മൂലം ഭൂഗർഭത്തിൽ തടവുകാരായി കഴിയുകയാണവർ.

---

* ബൽജിയത്തിലെ ഒരു വലിയ കൽക്കരിഖനി അത്യാഹിതം നടന്ന അവസരത്തിലാണു് ഈ അദ്ധ്യായം എഴുതിയതു്.

www.malankaralibrary.com

ഖനിയിലെങ്ങും ഈ നാടകം എത്ര വേദനാജനകമാണെന്നറിയണമെങ്കിൽ സംഭവസ്ഥലത്തു പോയികാണേണം. കുടുംബാംഗങ്ങളുടെ വേദനിക്കുന്ന മുഖങ്ങൾ (അവർ മണിക്കൂറുകൾ നീണ്ട കാത്തിരിപ്പുകൊണ്ടും ക്ഷീണം കൊണ്ടും തളർന്നിരിക്കുന്നു); നിശ്ശബ്ദരായി ഗൗരവബുദ്ധിയോടെ തങ്ങളുടെതന്നെ ജീവൻ മറന്നു് അപകടത്തിൽപ്പെട്ടവരുടെ അടുത്തേയ്ക്കു മാറിമാറി പോകുന്ന രക്ഷാജോലിക്കാരുടെ ധീരത.

ഹൃദയഭേദകമായ ഈ കാഴ്ച എല്ലാവരിലും ഇളക്കിവിടുന്ന സ്വാഭാവികമായ ചോദ്യം ഇതാണു്. ''സഹായിക്കുവാൻ നമുക്കെന്തു ചെയ്യാൻ കഴിയും?'' ഭൗതിക സഹായം എല്ലായിടത്തും ധാരാളമായി വന്നിട്ടുണ്ടു്. ഔദാര്യത്തിന്റെ നിറഞ്ഞൊഴുക്കാണതു്; മാനുഷിക ഐക്യവും ക്രിസ്തീയസ്നേഹവും. എന്നാൽ അതേ വിധത്തിൽത്തന്നെ ഏകയോഗമായ തീക്ഷ്ണതയോടെ ആദ്ധ്യാത്മികസഹായം എത്തിക്കുവാനും ഉള്ള അവസരം കൂടിയാണിതു്.

സഹിക്കുന്ന ഈ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും നമ്മുടെ പ്രാർത്ഥനയിൽ ഉൾക്കൊള്ളുവാനുള്ള കടമ നമുക്കുണ്ടു്. പ്രാർത്ഥന മാത്രമേ നമ്മുടെ ആത്മാവിന്റെ അടിത്തട്ടിലേയ്ക്കു പ്രവേശിക്കയുള്ളു. ആശ്വാസം നൽകുവാൻവേണ്ടി വായു താഴോട്ടിറക്കിക്കൊടുക്കുന്ന രക്ഷണീയ ജോലിക്കാരേപ്പോലെ പ്രാർത്ഥനയ്ക്കു മാത്രമേ ഇത്ര അഗാധത്തിലേയ്ക്കിറങ്ങിച്ചെല്ലാൻ കഴിയുകയുള്ളൂ. മാനുഷികമായ ആശ്വാസവചനങ്ങൾ പൊള്ളയായി തോന്നുന്ന അവസരങ്ങളുണ്ടു്. ദൈവത്തിനുമാത്രം സ്പർശിച്ചു സുഖപ്പെടുത്താവുന്ന ചില മുറിവുകളുമുണ്ടു്. കാരണം, അവിടുന്നു പ്രകാശവും ചൂടുമാണു്. അവിടുത്തെ അനുഗ്രഹത്തിനുമാത്രമേ കഴിയുകയുള്ളൂ, മനുഷ്യദുഃഖത്തിന്റെ കട്ടിയേറിയ പുറന്തോടു് തുളച്ചു്, ലോകത്തിനു നൽകാനാവാത്ത പ്രതീക്ഷയുടെ പ്രകാശം പരത്തുവാൻ.

www.malankaralibrary.com

## പ്രതീക്ഷ നിറഞ്ഞ അനുശോചനം

സമാധാനത്തിൻേറയും ദൈവഹിതത്തിനുള്ള പുത്ര സഹജമായ സമർപ്പണത്തിൻേറയും അന്തരീക്ഷം പ്രാർത്ഥന ഉളവാക്കികഴിയുമ്പോഠം, വേദനിക്കുന്നവരോട്ട് ഒരു കടമകൂടി നമുക്കുണ്ട്. അവരെ ഞെരുക്കുന്ന വേദനയുടെ അർത്ഥം ശാന്തമായി നാമവർക്കു വിവരിച്ചുകൊടുക്കണം. അങ്ങനെയുള്ള അവസരങ്ങളിൽ ആരാണ് മനുഷ്യൻെറ നിസ്സഹായതയും പുനരുത്ഥാനത്തിൻെറ പ്രതീക്ഷയില്ലാത്തവാക്കുകളുടെ ശൂന്യതയും മനസ്സിലാക്കാത്തത്? കഴിമാടത്തിൽ തൻെറ മകൻെറ ജീവിതം അവസാനിച്ചുവെന്നു വിചാരിക്കുന്ന ഒരമ്മയോടു നിങ്ങഠംക്ക് എന്തു പറയുവാൻ സാധിക്കും? ഭൂമിക്കടിയിൽപ്പെട്ട ആ കൽക്കരിഖനിക്കാരുടേതുപോലെ, രക്ഷപെടാനുള്ള പ്രതീക്ഷയില്ലാതെ, പ്രകാശത്തിൻേറയും സമാധാനത്തിൻേയും ലോകത്തിലേക്കൊരു വഴിയുമില്ലാതെ, ജീവിതം തന്നെ മണ്ണിനടിയിൽ അവസാനിക്കുമെങ്കിൽ ആ അപകടത്തിൽപ്പെട്ട മനുഷ്യൻെറ ഭാര്യയോട് നിങ്ങഠംക്ക് എന്തു ആശ്വാസവാക്കു പറയുവാൻ കഴിയും? ക്രിസ്തുവിനെ നിങ്ങഠം സംവഹിക്കുന്നുവെന്ന കാര്യം മറക്കരുത്. നിത്യജീവൻെറ വാക്കുകഠം അവിടുത്തെ പക്കലുണ്ട്. ക്രിസ്തുവായിരിക്കുക രക്ഷകനായിരിക്കുക. വേദനയുടെ ഈ വീടുകളിലേയ്ക്ക് ജീവൻെറ വാക്കുകഠം കൊണ്ടുപോവുക. പ്രതീക്ഷയില്ലാത്തവരേപ്പോലെ സംസാരിക്കുവാൻ നിങ്ങഠംക്കു സാദ്ധ്യമല്ല. നാട്ടുനടപ്പനുസരിച്ചുള്ള സഹതാപപ്രകടനം കൊണ്ടോ അതിലും കുറച്ച്, പ്രതീക്ഷയില്ലാത്തവർ ഉപയോഗിക്കുന്ന ശൂന്യമായ വാക്കുകഠംകൊണ്ടോ തൃപ്തരാകുവാനും നിങ്ങഠംക്കു സാദ്ധ്യമല്ല. വേദനിക്കുന്നവരുടെ പക്കലേക്കു നിങ്ങഠം പോവുക: നിങ്ങളുടെ സംസാരം മനസ്സിലാക്കിക്കൊടുക്കട്ടെ. ക്രിസ്തുവാണ് നിങ്ങളിൽക്കൂടി സംസാരിക്കുന്നതെന്ന്. ഒരൊററവാക്കേ പറയുന്നുള്ളുവെങ്കിലും അതു പ്രകാശവും പ്രതീക്ഷയും നിറഞ്ഞതായിരിക്കട്ടെ.

www.malankaralibrary.com

## ക്രൂശിതൻെറ പ്രതിച്ഛായ

ഒരു വാക്കും പറയാൻ നിങ്ങറം കാണുന്നില്ലെങ്കിൽ, സങ്കടം എല്ലാ സംഭാഷണവും അസാദ്ധ്യമാക്കുന്നുവെങ്കിൽ, അപ്പോറം ഒരു കാര്യം ചെയ്യുക. അവരെ ക്രൂശിതരൂപം കാണിച്ചുകൊടുക്കുക. ക്രൂശിതൻെറ രൂപം നിങ്ങറംക്കു പകരം സംസാരിക്കും. സഹനത്തിൻെറ സാക്ഷാത്തായ അർത്ഥം, രക്ഷാകരമായ വില അതു് അവരോടു പറയും.

നിങ്ങളവിടുത്തെ—മനുഷ്യനായ നൈർമ്മല്യത്തെ, നീതിയെ, സ്നേഹത്തെ നോക്കിയാൽ മതി, കുരിശിനോടു ചേർത്തു ആണി തറച്ചിരിക്കുന്ന അവിടുത്തെ നുറുങ്ങിയ മാംസത്തിൽ, യാതൊരുവിധത്തിലും അർഹിക്കാതിരുന്ന പീഡാനുഭവത്തിൻെറ അടയാളങ്ങറം ധ്യാനിച്ചാൽ മതി, സഹനം നമ്മുടെ ബുദ്ധിക്കതീതമായ രഹസ്യമാണെന്നും അതിൻെറ ഉത്തരം വേറെ എവിടെയോ ആണെന്നും മനസ്സിലാക്കുവാൻ.

ക്ളോഡലിൻെറ അർത്ഥസംപുഷ്ടമായ ഒരു വാചകമുണ്ടു്: ''സഹനം ഇല്ലാതാക്കാനല്ല ക്രിസ്തു വന്നതു്; അതു് വിവരിച്ചു തരാനുമല്ല അവിടുന്നു വന്നതു്; അതിനെ അവിടുത്തെ സാന്നിദ്ധ്യംകൊണ്ടു നിറയ്ക്കാനാണു്.'' ആ വാക്കുകറം വിലയിരുത്തുക. സഹനമില്ലാതാക്കാനല്ല ക്രിസ്തു വന്നതു്. മനുഷ്യൻെറ എതിർപ്പിൽനിന്നും ഉരുത്തിരിഞ്ഞതും അന്ധകാരത്തിൻെറ രാജാവെന്നു് ഈശോ വിശേഷിപ്പിച്ച വ്യക്തിയാൽ നിയന്ത്രിക്കപ്പെടുന്നതുമാണതു്. സ്വയം സഹനം ഏറ്റെടുക്കുന്നതിനു്, വസ്ത്രം പോലെ അതു ധരിക്കുന്നതിനു്, സങ്കടങ്ങളുടെ മനുഷ്യൻ എന്നറിയപ്പെടത്തക്കവണ്ണം സഹനവുമായി താദാത്മ്യം പ്രാപിക്കുന്നതിനുവേണ്ടിയാണു് അവിടുന്നു വന്നതു്.

സഹനം വിവരിച്ചു തരാനുമല്ല ക്രിസ്തു വന്നതു്; തൻെറ സാന്നിദ്ധ്യംകൊണ്ടു അതു നിറയ്ക്കുന്നതിനാണു്. ഒരു കപ്പു നിറയ്ക്കുന്നപോലെ അതിൻെറ വക്കുവരെ

www.malankaralibrary.com

നിറയ്ക്കുന്നതിനു്. തന്റെ സാന്നിദ്ധ്യംകൊണ്ടു് അതിനെ ജീവിപ്പിക്കുവാൻ: അതിനെ ഒരു കൂദാശയാക്കി, പ്രവർത്തനോന്മുഖമായ തന്റെ കരുണയുടെ അനുഭവവേദ്യമായ ഒരുപകരണമായി മാററുവാൻ. എല്ലാ സഹനവും ദുഃഖവെള്ളിയാഴ്ചയിലെ രഹസ്യത്തിന്റെ ഭാഗഭാഗിത്വമാണു്. രക്ഷാകരസഹനത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ (പരിശ്രമിക്കുന്നതിനു) നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ കണ്ണുകൾ കാൽവരിയിലേക്കുയർത്തണം. ദുഃഖവെള്ളിയാഴ്ച, വൈകുന്നേരം അന്ധകാരം ഭൂമിയെ ആവരണം ചെയ്തു. ശിഷ്യന്മാർ വേദനയോടെ പരസ്പരം ഓരോന്നു ചോദിച്ചു. എല്ലാം കഴിഞ്ഞതുപോലെ തോന്നി. പിറേറദിവസം കണ്ണുനീരോടെ കർത്താവിന്റെ ശരീരം അഭിഷേകം ചെയ്യുവാൻ വന്ന സ്ത്രീകൾക്കു് ഒരു ചോദ്യമേ അവരുടെ ചുണ്ടുകളിൽ ഉണ്ടായിരുന്നുള്ളു: കല്ലറയുടെ വാതിൽക്കൽനിന്നും ആരു കല്ലു മാററിത്തരും? (മർക്കോസ് 16:3)

മനുഷ്യരുടെ കണ്ണുകൾക്കു അതു പാതിരാവായിരുന്നു. പാതിരാവാകട്ടെ ദിവസത്തിന്റെ അവസാനം കുറിക്കുകയുംചെയ്യുന്നു. എന്നാൽ വിശ്വാസത്തിന്റെ കണ്ണുകൾക്കു് പാതിരാത്രിയോടുകൂടി ഉഷസ്സാരംഭിക്കുകയാണു്. പാതിരാവു് ഉയിർപ്പുഞായറോടുകൂടിയാണവസാനിക്കുക: ശൂന്യമായ ആ കല്ലറയിൽനിന്നും ജീവനുദിച്ചുയരും. കല്ലറയിൽനിന്നും സജീവനായി കർത്താവു് പുറത്തുവന്നതുകൊണ്ടു് നമുക്കു മരണത്തിന്റെ അർത്ഥം ഒന്നു വേറെയാണു്. മരിച്ചവർ ഇല്ലാതാക്കപ്പെടുകയല്ല, മുമ്പത്തേക്കാൾ കൂടുതൽ സജീവരാകുകയാണു്. അടയ്ക്കപ്പെട്ട കണ്ണുകൾ എന്നെന്നേക്കുമായിട്ടല്ല അടഞ്ഞതു്. വേറൊരു പ്രകാശത്തിനു് അവ ഇപ്പോൾ തുറക്കപ്പെട്ടിരിക്കുകയാണു്. കവി അതു മനോഹരമായി വിവരിച്ചിട്ടുണ്ടു്. നീലനിറമുള്ള, ചാരനിറമുള്ള, പ്രകാശമുള്ള, ആകർഷണീയമായ, പ്രകാശം കണ്ട കണ്ണുകൾ ഇന്നു കല്ലറയ്ക്കുള്ളിലെ ഇരുട്ടിലുറങ്ങുകയാണു്. സൂര്യൻ എന്നും ഉദിക്കുന്നുണ്ടു്, എന്നാൽ നീലനിറമുള്ള, ചാരനിറമുള്ള, ആകർഷണീയമായ, കണ്ണുകൾ,

www.malankaralibrary.com

നാം അടച്ച കണ്ണുകൾ, കല്ലറയുടെ മൂകതയ്ക്കപ്പുറത്തെ പ്രതാപപൂർണ്ണമായ ആ പുതിയ പ്രഭാതത്തിനു തുറക്കുകയാണ്. സങ്കടപ്പെടുന്ന കുടുംബങ്ങളിലേയ്ക്കു നമുക്കു പോകാം. കർത്താവിന്റെ ഉയിർപ്പിനെപ്പററി ശാന്തമായി, സ്നേഹിതരേപ്പോലെ അവരോടു സംസാരിക്കാം. ഒരു പക്ഷേ ആദ്യം അവർക്കു മനസ്സിലാവുകയില്ല. ക്ഷമയും സാഹോദര്യവുമുള്ള നമ്മുടെ സ്നേഹം അവരെ സഹായിക്കും. സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തുവാൻ എല്ലാററിലും നല്ല സമ്മേളനസ്ഥലമാണത്. പിരിഞ്ഞു പോകാൻ പാടില്ലാത്ത കുടുംബം. നമ്മെ എല്ലാവരേയും ദൈവം പ്രതീക്ഷിച്ചിരിക്കുന്ന നമ്മുടെ വീട്.

കാരണം, നമ്മുടെ മരിച്ചവർ അവരുടെ ജീവിതയാത്രയുടെ അന്ത്യത്തിൽ എത്തിച്ചേർന്നിട്ടുണ്ടെങ്കിൽ, നമ്മുടെ അന്ത്യവും വിദൂരത്തല്ല. അവരുടെ മരണത്തിന്റെ ആകസ്മികത സൂക്ഷ്മതയോടുകൂടി ഇരിക്കുവാൻ നമുക്കുള്ള മുന്നറിയിപ്പാണ്.

ജനറൽ ഡെ സോണീസ് പറഞ്ഞു: ഒരു ക്രിസ്ത്യാനി എപ്പോഴും രണ്ടു കാര്യങ്ങൾക്കു തയ്യാറായിരിക്കണം. വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിനും മരിക്കുന്നതിനും.'' വാസ്തവത്തിൽ ഇവ രണ്ടും ഒന്നാണ്. ഒരു ക്രിസ്ത്യാനി മരിക്കുക എന്നു പറഞ്ഞാൽ കുർബ്ബാന സ്വീകരിക്കുക എന്നതു തന്നെയാണ്. തന്റെ കരങ്ങൾ നമുക്കു നീട്ടിത്തരുന്ന ദൈവത്തിന്റെ സ്നേഹവുമായി ഒന്നിപ്പിലായിരിക്കുക. അവിടുത്തെ സന്തോഷവും ആനന്ദവും സമാധാനവുമായി ഐക്യത്തിലായിരിക്കുക.

ഇരുട്ടുള്ളപ്പോൾ പ്രകാശത്തിൽ വിശ്വസിക്കുന്നതു നല്ലതാണ്. കണ്ണുനീരിന്റെ മദ്ധ്യത്തിൽ സന്തോഷത്തിൽ വിശ്വസിക്കുന്നതു നല്ലതാണ്. മരണത്തിന്റെ മദ്ധ്യത്തിൽ ജീവനിൽ വിശ്വസിക്കുന്നതു നല്ലതാണ്.

www.malankaralibrary.com

മരണത്തിൻെറ മുഖത്തു പ്രത്യാശയുടെ കണ്ണുകളോടുകൂടി നോക്കുന്നതു നല്ലതാണ്. മരിക്കാറായപ്പോൾ മുറിയുടെ ഭിത്തിയിലേക്കു നോക്കി ഒരു വിശുദ്ധ പറഞ്ഞു: "മരണം എന്നു പറഞ്ഞാൽ എന്നെ സംബന്ധിച്ചിടത്തോളം, ഈ ഭിത്തി കടന്നുപോകുകയും ദൈവത്തിൻെറ കരങ്ങളിൽ വീഴുകയുമാണ്." പ്രത്യാശയുടെ വാക്കുകളാണവ.

ഭിത്തി തകർന്നു വീഴുക....ദൈവത്തിൻെറ കരങ്ങൾ ഏററവും മഹത്തായ ആലിംഗനത്തിനു വേണ്ടി നീട്ടപ്പെട്ടിരിക്കുക....ഇതാണ് എല്ലാ സഹനത്തിൻേറയും ക്രിസ്തീയമായ അർത്ഥം. സമാധാനത്തിൻെറ രഹസ്യത്തിൽ അതവസാനിക്കുന്നു.

www.malankaralibrary.com

## 12

# വായിക്കുവാൻ പഠിക്കുക

''ഓടി അടുത്തു ചെന്നപ്പോൾ ഇസയാസിൻെറ പ്രവചനം അയാൾ വായിച്ചുകൊണ്ടിരിക്കുന്നതുകണ്ടു് ഫിലിപ്പു ചോദിച്ചു: നീ വായിക്കുന്നതെന്താണെന്നു നിനക്കു മനസ്സിലാകുന്നുണ്ടോ? ആരെങ്കിലും വ്യാഖ്യാനിച്ചു തരാനില്ലാതെ എനിക്കെങ്ങനെ മനസ്സിലാക്കാനാവും?'' (നടപടി 8:30_31)

എങ്ങനെയാണു് വായിക്കുന്നതെന്നു് മനസ്സിലാക്കുക: അതല്ലേ ലോകത്തിൽ ഏററം എളുപ്പവും ലളിതവുമായ കാര്യം? അല്ല. പ്രത്യേകിച്ചു്, വായിക്കാൻ പഠിക്കുക എന്നു പറഞ്ഞാൽ വായിക്കുന്നതിനു പ്രതികരണം കാണിക്കുക, വായിക്കുന്നതു തെരഞ്ഞെടുക്കുവാൻ സാധിക്കുക, അതേപ്പററി ധ്യാനിക്കുക ഇവയെല്ലാമാണെങ്കിൽ, നിങ്ങൾ വിചാരിക്കുന്നതുപോലെ അത്ര എളുപ്പമോ സാധാരണമോ ആയ ഒരു കാര്യമല്ലതു്. വായിക്കുന്നതിനോടു് പ്രതികരണം കാണിക്കുക എന്നു പറഞ്ഞാൽ

www.malankaralibrary.com

നിങ്ങളുടെ മുമ്പിലുള്ളതു പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ക്രിയാത്മകവും വിമർശനപരവുമായ മനഃസ്ഥിതി സ്വീകരിക്കുക എന്നാണർത്ഥം.

## വിമർശനപരമായ വായന

നമുക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും തിരമാലകൾ പോലെ പ്രസിദ്ധീകരണങ്ങൾ (പുസ്തകങ്ങളും ലേഖനങ്ങളും) നമ്മെ ആവരണം ചെയ്യുകയാണ്. ഒന്നിനു പുറകെ ഒന്നായി. കാപ്പിയുടെ സമയത്തു് നാം വായിക്കുന്ന പ്രഭാതപത്രത്തോടെ അതാരംഭിക്കുന്നു. അതെല്ലാം വിഴുങ്ങുക അച്ചടിയക്ഷരങ്ങൾ വ്യക്തമായി പതിയുന്ന മാർദ്ദവമുള്ള മെഴുകുപോലെ നാം ആവുക എളുപ്പമാണ്. തീവണ്ടിയിൽ നിങ്ങളുടെ അടുത്തിരിക്കുന്ന മനുഷ്യരെ 5 മിനിട്ടു ശ്രദ്ധിച്ചശേഷം നിങ്ങൾക്കു പറയാം ഏതു തരത്തിലുള്ള പത്രമാണ് അവരിൽ ഭൂരിഭാഗവും വായിക്കുന്നതെന്ന്. പത്രത്തിൽ കാണുന്നതനുസരിച്ച് ഉടനെ അഭിപ്രായം രൂപീകരിക്കാതെ സ്വതന്ത്രമായി വായിക്കാൻ പഠിക്കുക അത്ര എളുപ്പമല്ല. അച്ചടിച്ച കടലാസിൻെറ മാസ്മരശക്തി അറിയുന്നതു് നല്ലതാണ്. കഴിഞ്ഞ 30 വർഷത്തിനിടയ്ക്കു് പൊതുജനാഭിപ്രായത്തിൽ വന്നിട്ടുള്ള വലിയ വ്യതിയാനങ്ങൾ കണ്ണിനോടുള്ള (മനസ്സിനോടുള്ളതല്ല) ഒരാഹ്വാനത്തിൻെറ ഫലമാണ്. വേറെ വിധത്തിൽ പറഞ്ഞാൽ, പത്രപ്രവർത്തകൻെറ പ്രേരകശക്തിയുള്ള വാദമുഖങ്ങൾകൊണ്ടു് പൊതുജനം സംഭവങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതു് പ്രഭാതപത്രത്തിൽ അച്ചടിച്ചിരിക്കുന്ന വിധവും സ്ഥലവും നോക്കിയാണ്. ഒരേ വിശേഷം, ഒരേ കമ്പിസന്ദേശം രണ്ടു പത്രങ്ങളിൽ വായിക്കുന്ന രണ്ടു പേരുടെ പ്രതികരണം തികച്ചും വ്യത്യസ്തങ്ങളായിരിക്കും, ഒരു പത്രത്തിൽ വലിയ തലക്കെട്ടോടുകൂടിയാണ് അതു പ്രസിദ്ധീകരിക്കുന്നതെങ്കിൽ.

ഇതിൻെറ അർത്ഥം അച്ചടിയിലൂടെ വായനക്കാരെ മുഴുവനായി സ്വാധീനിക്കുക എന്നതാണ്. സൂക്ഷിച്ച വായിക്കുന്നവരെയല്ല, പൊതുജനത്തെ.

www.malankaralibrary.com

## മാർപ്പാപ്പായുടെ അഭ്യർത്ഥന

ഈ കാര്യങ്ങളിൽ ഇങ്ങനെയുള്ള ഒരു മനസ്സാക്ഷിയുടെ അപകടം കണ്ടുകൊണ്ടാണ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ പറഞ്ഞതു്: "സാമൂഹികമായ പൗരജീവിതത്തിൽ പ്രവേശിക്കുമ്പോഴേയ്ക്കും ചെറുപ്പക്കാരുടെ വിമർശനാഭിരുചി സൂക്ഷ്മത്തോടുകൂടി രൂപീകരിക്കേണ്ടതു് ആവശ്യമാണ്. വിമർശിക്കുന്നതിനുള്ള വാസനയ്ക്കു് വളം വയ്ക്കാനല്ലതു്—ആ പ്രായം വിമർശിക്കുവാൻ സ്വാഭാവികചായ്‌വുള്ളതാണ്—അവരുടെ സ്വാതന്ത്ര്യബോധത്തെ പ്രോത്സാഹിപ്പിക്കാൻ മാത്രവുമല്ല; മറിച്ചു്, ആശയവാർത്താവിനിമയ മാർഗ്ഗങ്ങൾ ഇത്രമാത്രം പ്രേരകശക്തി ആർജ്ജിച്ചിട്ടുള്ള ഒരു ലോകത്തു് മനുഷ്യരേപ്പോലെ ചിന്തിക്കുവാൻ അവരെ പഠിപ്പിക്കുവാനാണ്. ഒരു പത്രം വായിക്കുന്നതു്, ഒരു സിനിമ നിരൂപണം ചെയ്യുന്നതു്, ഒരു പ്രദർശനം വിമർശിക്കുന്നതു്, ഒരു വാക്കിൽ, മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കാവുന്ന എല്ലാത്തിനുമെതിരെ സ്വന്തം വികാരങ്ങളിലും തീരുമാനങ്ങളിലും നിയന്ത്രണമുണ്ടായിരിക്കുന്നതു് എങ്ങനെയെന്നറിയുക ഇന്നൊരാവശ്യമാണ്."

ജാഗരൂകരായിരിക്കാൻ നാം എന്തു ചെയ്യണം? കിട്ടുന്നതെല്ലാം വായിക്കാതെ ബോധപൂർവ്വം, വിവേചനയോടുകൂടി, വായിക്കുന്നവ തെരഞ്ഞെടുക്കുകയാണ് ഒരു പരിഹാരം.

## എങ്ങനെ തെരഞ്ഞെടുക്കണമെന്നറിയുക

നമ്മുടെ വായനയിൽ പലപ്പോഴും നാം നമ്മെത്തന്നെ ഭാഗ്യത്തിനു വിട്ടുകൊടുക്കുന്നു. പുസ്തകക്കടയിൽ പ്രദർശിപ്പിച്ചിരിക്കുന്ന പുസ്തകങ്ങളും താൻ വായിച്ച ഏററവും ഒടുവിലത്തെ നോവലിനെപ്പററിയുള്ള കൂട്ടുകാരന്റെ ഉന്മേഷവും എല്ലാവരും വായിച്ചെന്നു പറയുന്നതു

www.malankaralibrary.com

വായിക്കാനുള്ള ആഗ്രഹവുമെല്ലാം, ഏററം വികലമായ കാര്യങ്ങൾക്കുവേണ്ടി നമ്മുടെ മനസ്സ തുറന്നുകൊടുക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇതുപോലുള്ള ഒരു ഭക്ഷണവുമായാണു് നിങ്ങളുടെ വയറു് പൊരുത്തപ്പെടേണ്ടിയിരുന്നതെങ്കിൽ അതിനു പണ്ടേ സുഖക്കേടു പിടിച്ചേനെ. ആഹാരംപോലെതന്നെ പുസ്തകങ്ങളും നിങ്ങൾ തെരഞ്ഞെടുത്തേ പററൂ. അവയ്ക്കു നിങ്ങളിലുള്ള സ്വാധീനം അത്ര വലുതാണു്. തന്മൂലം പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിൽ നിങ്ങളുടെ ഉത്തരവാദിത്വം ക്ലിപ്തമായി, ബോധപൂർവ്വം മനസ്സിലാക്കണം.

കടുംപിടുത്തമെന്നു വിശേഷിപ്പിക്കാൻ സാധിക്കാത്ത രണ്ടഭിപ്രായങ്ങൾ ഞാൻ ഇവിടെ കുറിക്കാം. ഒന്നു് ഷാൻ റോസ്റ്റാൻഡി (Jean Rostand) ൻേറതാണു്. വിവിധ തുറകളിലുള്ള ശാസ്ത്രജ്ഞന്മാർക്ക് അതിൻെറ കോളങ്ങൾ തുറന്നുകൊടുത്ത ഒരു സാഹിത്യപ്രസിദ്ധീകരണത്തിൽ നിന്നുമാണതു്. ശാസ്ത്രജ്ഞന്മാരുടെ അഭിലാഷങ്ങൾ ലോകത്തെ മനസ്സിലാക്കുവാനാണു് അങ്ങനെ ചെയ്തതു്. റോസ്റ്റാൻഡെഴുതിയതിതാണു്: "അഭിപ്രായപ്രകടനത്തിൽ സംപൂജ്യമായിട്ടുള്ള ഒന്നിനേയും നിഹനിക്കാതെ, ചില സാഹിത്യകൃതികളുടെ വർദ്ധമാനമായ വിഷബാധയിൽനിന്നും ഫ്രഞ്ചുയുവാക്കളെ സംരക്ഷിക്കുവാൻ ഒരു മാർഗ്ഗം കണ്ടുപിടിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണു്."

മറെറാരഭിപ്രായം ആൻഡ്രേ ഗീഡി (Andre Gide) ൻേറതാണു്. അദ്ദേഹം ഒരു ക്രിസ്ത്യാനിയല്ല: "ഞാനൊരു പുസ്തകം വായിക്കുകയുണ്ടായി. വായിച്ചുകഴിഞ്ഞശേഷം ഞാനതു അലമാരിയിൽ വച്ചു. ആ പുസ്തകത്തിൽ ഒരു വാക്യമുണ്ടായിരുന്നു. അതെനിക്കു മറക്കാനാവില്ല. അതിൽനിന്നും എന്നെ വേർതിരിച്ചറിയാൻ വഹിയാത്തവിധം അത്രമാത്രം അതെന്നിൽ തറഞ്ഞുകയറിയിട്ടുണ്ടു്. ഇനിമുതൽ അതറിയാതിരുന്നാലെന്നപോലെ ജീവിക്കുക സാദ്ധ്യമല്ല. ഏതു പുസ്തകത്തിലാണു് ആ വാക്കുകൾ വായിച്ചതെന്നു ഞാൻ മറന്നുപോയെന്നി

www.malankaralibrary.com

രിക്കും. അതു വായിച്ചെന്നതന്നെ ഞാൻ മറന്നേക്കാം. അതേപ്പററിയുള്ള അപൂർണ്ണമായ ഒരോർമ്മ മാത്രമേ എനിക്കുണ്ടായെന്നു വരികയുള്ളു. എങ്കിലും പണ്ടത്തേപ്പോലെ ആയിരിക്കുവാൻ എനിക്കിനി സാദ്ധ്യമല്ല."

പ്രധാനപ്പെട്ട വാക്കുകളാണവ. ക്രിസ്ത്യാനികളായ നമുക്കൊരു മുന്നറിയിപ്പാണത്: വായിക്കാനുള്ളവ തിരഞ്ഞെടുക്കുമ്പോഴും, മനസ്സാക്ഷിയുടെ പ്രചോദനമനുസരിച്ച്, വളരെയധികം സൂക്ഷിക്കുവാൻ. അവയ്ക്കു നമ്മിൽ സ്വാധീനമില്ല എന്ന ഭാവത്തിൽ നമുക്കിഷ്ടമുള്ളതെന്തും വായിക്കുവാനുള്ള അവകാശം നമുക്കില്ല. അപകടമില്ലെന്നു നാം വിചാരിച്ചാൽ ഇപ്പോഴുംത്തന്നെ രോഗാണുക്കൾ നമ്മുടെ രക്തത്തിലുണ്ടായിരിക്കാനാണ് സാദ്ധ്യത. ഒരു ദിവസം അവ പ്രതികാരം ചെയ്യും. നമ്മുടെ ആത്മാക്കളെ നമുക്ക് മാററിവയ്ക്കാനാവില്ല. നമ്മുടെ ബുദ്ധിയുടെ സത്യസന്ധതയോ, വിശ്വാസത്തിൻെറ പരിശുദ്ധിയോ, ഹൃദയത്തിൻെറപൂർണ്ണതയോ നൈർമ്മല്യമോ അപകടത്തിലാക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കില്ല. ഇഷ്ടംപോലെ അവയെ പന്താടുവാൻ നമുക്കവകാശവുമില്ല.

തിരഞ്ഞെടുക്കുന്നതിലും നാം ധൈര്യം കാണിക്കണം. അപകടകരമായവയ്ക്കു നാം വിലക്കു കല്പിക്കണം. അധികാരികൾ അനുമതി തരുന്നെങ്കിൽത്തന്നെയും.

## ആരോഗ്യപരമായ വായന

ഒരു പക്ഷേ ഇതെല്ലാം നിഷേധാത്മകമായിരിക്കാം. നമ്മുടെ വിശ്വാസത്തെ ധന്യമാക്കുവാനും മതപരവും ആദ്ധ്യാത്മികവുമായ സംസ്കാരത്തെ മെച്ചപ്പെടുത്തുവാനും ക്രിയാത്മകമായ ചിലതെല്ലാം ആവശ്യമുണ്ട്. എല്ലാ ദിവസവും പ്രചോദനാത്മകവും നന്മയ്ക്കു സഹായിക്കുന്നതും വിശുദ്ധീകരിക്കുവാൻ കഴിയുന്നതുമായ വായനയ്ക്കായി കുറച്ചു സമയം മാററിവയ്ക്കണമെന്നൊരു നിർദ്ദേശം എനിക്കുണ്ട്. അതാണ് സഭാനിഘണ്ടുവിൽ, ജ്ഞാനവായന, ധ്യാനവായന എന്നു പറയുന്നത്. ചില

www.malankaralibrary.com

പ്പോഴെല്ലാം നമ്മുടെ പതപ്പ് (lungs) ശുദ്ധവായുകൊണ്ടു നിറയ്ക്കണം. ആരോഗ്യവിദഗ്ദ്ധന്മാർ അക്കാര്യത്തിൽ നിർബ്ബന്ധമുള്ളവരാണു്. ആദ്ധ്യാത്മിക തലത്തിൽ അതുതന്നെയാണു് സഭ ആവശ്യപ്പെടുന്നതു്. ജോലിത്തിരക്കുള്ള ഒരു ദിവസത്തിന്റെ ധൃതിയിലും ശബ്ദഘോഷത്തിലും അല്പനേരംനിന്നു് (ഒരു പുസ്തകവുമായി). നമ്മെത്തന്നെ ദൈവസന്നിധിയിലാക്കുക ആവശ്യമാണു്. കുറെ വരികഠം സാവധാനം വായിക്കുക, രക്ഷകനുമായുള്ള ഒരു സംഭാഷണംപോലെ. അല്ലെങ്കിൽ വായനയ്ക്കിടയിൽ അവിടുത്തെ ശ്രവിക്കുക. എന്തൊരാശ്വാസം! ആധുനിക ജീവിതത്തിനു് എന്തു നല്ല ടോണിക്കു്!

ഏതു തരത്തിലുള്ള പുസ്തകം? ആദ്യമായി, സുവിശേഷങ്ങഠംതന്നെ. ദൈവത്തിൽനിന്നു നേരിട്ടുവരുന്ന സന്ദേശം നമുക്കു തരാൻ അവയ്ക്കു കഴിയും. എന്നാൽ വേറെയും ചാനലുകളുണ്ടു്. അതേ ഉറവയിൽ നിന്നുമുള്ള അരുവികളും നദികളും. അതേ ജലമാണവ നമ്മുടെ ഭൂമിയിലേയ്ക്കു കൊണ്ടുവരിക. ശക്തിദായകമായ ഈ വായനയുടെ നിക്ഷേപത്തിൽനിന്നു് ഞാൻ ശുപാർശ ചെയ്യുന്നതു് വിശുദ്ധരുടെ ജീവചരിത്രമാണു്.

ഗ്രീഷ്മത്തിലെ നീണ്ട സായാഹ്നങ്ങളിൽ നമ്മുടെ പിതാക്കന്മാർക്കു ചിന്തിക്കുവാൻ അവ വിഷയം പ്രദാനം ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോഠം നാമവ മാററിവച്ചിരിക്കുകയാണു്. അവയുടെ പഴയ ശൈലി അവ വായിക്കുന്നതുതന്നെ ഒരു പ്രായശ്ചിത്തമാക്കിത്തീർത്തു. ഇന്നങ്ങനെയല്ല. കെട്ടിലും ഉള്ളടക്കത്തിലും ഏററം മെച്ചപ്പെട്ട തരത്തിലുള്ള പല ജീവചരിത്രങ്ങളുമുണ്ടു്. വിശുദ്ധന്മാർക്കു നമ്മോടു പറയുവാൻ ചില കാര്യങ്ങളുണ്ടു്. നാമവരെ അവഗണിക്കരുതു്. അവർ ദൈവത്തിന്റെ വലിയ സാക്ഷികളാണു്, നാം ശ്വസിക്കുന്ന വിഷലിപ്തമായ അന്തരീക്ഷത്തിനു മറുമരുന്നു നമുക്കു വേണമെങ്കിൽ ഇത്തരത്തിലുള്ള ജീവചരിത്രങ്ങഠം അവയുടെ തൂക്കത്തിനുള്ള പൊന്നു കൊടുത്തും വാങ്ങേണ്ടതാണു്.

www.malankaralibrary.com

തങ്ങളുടെ ജീവിതം വിജയകരമാക്കിയ ക്രിസ്ത്യാനികളാണു വിശുദ്ധർ. ക്രിസ്തുമതത്തിന്റെ ധീരാത്മാക്കളാണവർ. നമ്മുടെ പാത സമതലത്തിലൂടെയാണ് എങ്കിലും ഇടയ്ക്കു കണ്ണുകളുയർത്തി അവർ സ്ഥിതി ചെയ്യുന്ന ഉയരത്തിലേയ്ക്കു നോക്കുന്നതു് പ്രചോദനപരമായിരിക്കും. നാം അവരെ പറുദീസായിൽ കാണുമ്പോൾ തികച്ചും അപരിചിതരെപ്പോലെ നമ്മെപ്പററി വിചാരിക്കാതിരിക്കുവാൻ അതു നമ്മെ സഹായിക്കും. ശുദ്ധവായു ശ്വസിക്കുവാനുള്ള അമൂല്യമായ സേവനമാണവർ നമുക്കു ചെയ്യുന്നതു്. ചെറുത്തുനിൽക്കുന്നില്ലെങ്കിൽ നമ്മുടെ ആത്മാക്കളെ നശിപ്പിക്കാൻ കഴിയുന്ന, നമ്മെ ഭയപ്പെടുത്തുന്ന, വായുനയ്ക്കു് ഒരു മറുമരുന്നായും അതു് ഉപകരിക്കും.

www.malankaralibrary.com

# 13

# പുഞ്ചിരിക്കുവാൻ പഠിക്കുക

"നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്നു് എടുത്തുകളയു കയില്ല." (ജോൺ. 16:22)

തൻെറ ഒരു സ്നേഹിതൻ ഒരിക്കൽ ഉന്മേഷമില്ലാതെ സങ്കടപ്പെട്ടു വിഷമിച്ചു നില്ക്കുന്നതു കണ്ട ഫാദർ ലെബ്ബേ (Lebbe) തമാശയായി പറഞ്ഞു: "നിങ്ങളുടെ നർമ്മ ബോധം നഷ്ടപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു് ഒരു ധ്യാനം കഴിക്കുവാനുള്ള സമയമായി." രാഷ്ട്രത്തിലും വ്യക്തി യുടെ ആത്മാവിലും ക്രിസ്തീയ ചൈതന്യത്തിൻെറ ലക്ഷ ണമാണു് സന്തോഷം. ക്രിസ്തുവിൻെറ ശിഷ്യനാണെന്ന റിയുവാനുള്ള ഈ അടയാളം ക്രിസ്ത്യാനിയുടെ മുഖത്തു സ്ഫുരിക്കണം. ഒരു മനുഷ്യനു് 40 വയസ്സാകുമ്പോഴേ യ്ക്കും അയാളുടെ മുഖഭാവത്തിനു് അയാൾതന്നെ ഉത്തര വാദിയാകുന്നു എന്നു് കർദ്ദിനാൾ മേഴ്സിയെ(Mercier)

www.malankaralibrary.com

പറഞ്ഞിരുന്നു. ഇതിനോടു ഞാൻ ഇത്രയുംകൂടി കൂട്ടിച്ചേർക്കും: ഒരു ക്രിസ്ത്യാനിയുടെ മുഖത്തു സന്തോഷം സ്ഫുരിക്കണം.

## സുവിശേഷം: സന്തോഷത്തിന്റെ സന്ദേശം

ക്രിസ്തുനാഥൻ തന്റെ സുവിശേഷഘോഷണം —സുവിശേഷം എന്നതിന്റെ അർത്ഥം സന്തോഷവും ആനന്ദവും എന്നാണ്—ആരംഭിച്ചപ്പോൾ അവിടുന്നു മലയിലെ പ്രസംഗം തുടങ്ങിയതു് ഒരേ തരത്തിലുള്ള ഒരു പദപ്രയോഗം കൊണ്ടാണ്: "അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ....ക്ഷമയുള്ളവർ ഭാഗ്യവാന്മാർ....സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ....കരയുന്നവർ ഭാഗ്യവാന്മാർ....".

ക്രിസ്തീയഭാഷയിൽ "സന്തുഷ്ടം", "അനുഗൃഹീതം" എന്ന വാക്കുകളും ആദ്ധ്യാത്മികജീവിതത്തിന്റെ അന്തസ്സത്തയുമായി ബന്ധമുണ്ടു്. ജീവിതത്തിൽ ബുദ്ധിമുട്ടുകളും വേദയുമുണ്ടാകരുതു് എന്നു പറയുന്നതിനർത്ഥമില്ല. ക്രിസ്തീയജീവിതത്തിൽ സന്തോഷവും സങ്കടവും ഉണ്ടാകും; ഒരേ ലവലിലല്ലെന്നുമാത്രം ബ്രസീലിലെ പുതിയ തലസ്ഥാനം പോലെയാണതു്. അവിടെ ഗതാഗത പ്രശ്നമേയില്ല. കാരണം റോഡുകൾ പല ലവലുകളിലാണു് മുറിഞ്ഞുകടക്കുന്നതു്. സഹനം പ്രതീക്ഷയെ നശിപ്പിക്കുന്നില്ല; മനുഷ്യന്റെ പിടികിട്ടാത്തിടത്താണു് സന്തോഷം സ്ഥിതിചെയ്യുന്നതു്. ക്രിസ്തു തന്നെ തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷമായി വാഗ്ദാനം ചെയ്തതാണു് സന്തോഷം: "ആർക്കും എടുത്തുകളയാൻ സാധിക്കാത്തതായിരിക്കും നിങ്ങളുടെ സന്തോഷം." ആ വാഗ്ദാനം പ്രത്യക്ഷമായിരുന്നു, ആ അച്ചാരം പരിശുദ്ധവും. "എന്റെ നുകം മധുരവും എന്റെ ഭാരം ലഘുവുമാണു്" എന്നു പറഞ്ഞപ്പോൾ ക്രിസ്തുനാഥൻ തന്റെ വാക്കുകൾ ഉറപ്പിക്കുകയാണു് ചെയ്തതു്. വേദനാജനകമായ ചില ചുററുപാടുകളിൽ കാണുന്ന, വൈരുദ്ധ്യങ്ങളുണ്ടെങ്കിലും വഴി തെററിക്കുന്ന ഒന്നും ഈ വാക്കുകളിലില്ല.

www.malankaralibrary.com

എന്നാൽ ഇരുട്ടിനെ തുളച്ചുകടക്കുവാൻ വിശ്വാസത്തിൻെറ കണ്ണുകൾ ആവശ്യമാണു്. കറുത്തിരുണ്ട മേഘപാളികൾ ആകാശത്തിൽ തൂങ്ങി നിൽക്കുമ്പോൾ സൂര്യനുണ്ടെന്നു വിശ്വസിക്കുക വിഷമമാണു്. എങ്കിലും സൂര്യൻ എപ്പോഴും അവിടെയുണ്ടു്, നിശ്ചയമായും വിശ്വസ്തമായും.

സഹനമനുഭവിക്കുന്നവർക്കു് സമാധാനത്തിൻേറയും സന്തോഷത്തിൻേറയും കാരണമാണതു്. കർത്താവിൻെറ വാക്കുകൾ—"എൻെറ നുകം മധുരവും എൻെറ ഭാരം ലഘുവുമാകുന്നു"—എല്ലാ പ്രതിബന്ധങ്ങളുടേയും മുൻപിൽ വാസ്തവമായി നിലകൊള്ളുന്നു. അവ എല്ലാകാര്യങ്ങളിലും സ്ഥലങ്ങളിലും വാസ്തവമാണു്. അവയെ നിഷേധിക്കുവാൻ ഒന്നിനും സാദ്ധ്യമല്ല. അവ സംഭവങ്ങളെ നിയന്ത്രിക്കുന്നു; ജയിക്കുന്നു; സൃഷ്ടിക്കുന്നു. അത്ഭുതമാവശ്യമാണെങ്കിൽ അങ്ങനെയും അവ സത്യമാണെന്നു തെളിയിക്കപ്പെടും. ഒരു വ്യവസ്ഥയുണ്ടെന്നുമാത്രം: നാം യാതൊരെതിർപ്പും കാണിക്കരുതു്. മംഗലവാർത്തയുടെ സമയം, പരിശുദ്ധ കന്യക അവളുടെ പരിപൂർണ്ണമായ അനുസരണം "നിൻെറ വചനംപോലെ എന്നിൽ ഭവിക്കട്ടെ" എന്ന വാക്കുകളിൽ പ്രത്യക്ഷപ്പെടുത്തിയതുപോലെ. അവളുടെ അസ്തിത്വത്തിൻെറ അന്തസ്സത്തവരെ മറിയം വചനത്താൽ രൂപീകരിക്കപ്പെട്ടവളായിരുന്നു. ദൈവഹിതത്തിനുള്ള അവളുടെ വിധേയത്വം മഗ്നിഫിക്കാത്തിൻെറ (Magnificat) സന്തോഷത്തിൽ അവൾ പ്രഘോഷിക്കുകയാണു്.

ദൈവഹിതം അനുസരിക്കുന്ന എല്ലാ ക്രിസ്ത്യാനിയും ശാന്തതയുടേയും സന്തോഷത്തിൻേറയും താക്കോൽ തൻെറ കൈയ്യിൽ സൂക്ഷിക്കുന്നു. അവൻ ആ ദൈവഹിതത്തിനു് ഒരു പുത്രനെപ്പോലെ വിധേയനായാൽ മാത്രം മതി. വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും ക്രിസ്തുമതം സന്തോഷത്തിൻെറ ഉറവിടമാണു്.

www.malankaralibrary.com

## വിശുദ്ധരുടെ കളരി

ക്രിസ്തുമതം സന്തോഷത്തിനു നിദാനമാണ് എന്ന വസ്തുതയ്ക്കുള്ള മനോഹരമായ തെളിവാണ് വിശുദ്ധരുടെ ജീവിതം. ലോകത്തോടുള്ള അവരുടെ വീക്ഷണം പ്രകാശമുള്ളതും ജാജ്ജ്വല്യവുമാകുന്നു. അതു സൂര്യപ്രകാശം നിറഞ്ഞതാണ്. തങ്ങളെ ദഹിപ്പിക്കുന്ന ആന്തരികമായ അഗ്നിയെപ്പററി ഒരു സംശയവും തോന്നിക്കാത്തവിധം അവരുടെ ഏററം വലിയ ഗുണമാണ് പുഞ്ചിരി. നമുക്കു് അവരെ അനുകരിക്കാം. മററുള്ളവക്കുവേണ്ടി നമുക്കു ചെയ്യാവുന്ന ഏററം ചെറിയ കാര്യമാണതു്. കൊടുക്കാൻ നമുക്കൊന്നുമില്ലെങ്കിലും, സഹായഹസ്തം നീട്ടുവാൻ നമുക്കു സാധിക്കയില്ലെങ്കിലും, ജീവിതത്തിലൂടെയുള്ള അവരുടെ വഴി ഒരു പുഞ്ചിരികൊണ്ടു പ്രകാശമാനമാക്കുവാൻ നമുക്കു കഴിയും. പുഞ്ചിരിക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ കണ്ണുകൾകൊണ്ടു മററുള്ളവരെ കാണുക എന്നാണർത്ഥം. ദൈവത്തിന്റെ മുഖത്തുനിന്നുമുള്ള പ്രകാശത്തിന്റെ രശ്മിയാണ് പുഞ്ചിരി. ഒരു അപരിചിതന്റെ നേരെ പുഞ്ചിരിക്കുമ്പോൾ അയാളെ അംഗീകരിക്കുന്നുവെന്നും ഒരു സഹോദരനെപ്പോലെ സ്വീകരിക്കുന്നുവെന്നും അയാളോടു പറയുകയാണ്.

സ്വർഗ്ഗത്തെപ്പററി വി. ത്രേസ്യാ പറയുന്ന വാക്കുകൾ എന്നെ എപ്പോഴും സ്വാധീനിച്ചിട്ടുണ്ടു്. സ്വർഗ്ഗത്തിൽ നിർഗ്ഗുണമായ നോട്ടങ്ങളുണ്ടായിരിക്കയില്ല. ഒഴിഞ്ഞു മാറുന്ന നോട്ടങ്ങളും ഗൗരവതരവും നിർഗ്ഗുണവുമായ മുഖങ്ങളും ഉള്ള ഈ ലോകത്തിൽനിന്നും എത്ര വിഭിന്നമായിരിക്കും സ്വർഗ്ഗം. നമുക്കു സന്തോഷം വിതയ്ക്കുന്നവരാകാം. ഒരു പുഞ്ചിരി മനുഷ്യർ തമ്മിൽ ബന്ധം സ്ഥാപിക്കുന്നു. അവർ തമ്മിൽ പാലം നിർമ്മിക്കുന്നു; സ്നേഹിതരെ ഉണ്ടാക്കുന്നു. മറെറാരുവിധത്തിൽ മനുഷ്യസമൂഹത്തെ അതൊരു വലിയ കുടുംബമാക്കി മാററുന്നു. ഒരു നിമിഷത്തേക്കാണെങ്കിലും. മനുഷ്യരെ അവരുടെ തണുത്ത, ശത്രുത നിറഞ്ഞ വ്യക്തിത്വമില്ലായ്മയിൽനിന്നും അതു പുറത്തുകൊണ്ടുവരുന്നു.

www.malankaralibrary.com

പറുദീസായുടെ മുന്നാസ്വാദനമാണ് പുഞ്ചിരി. മറെറാരു ലോകത്തിൻെറ പ്രതിബിംബനം പോലെയാണതു്. ചില പുഞ്ചിരികൾ വിജയത്തിൻെറ അടയാളങ്ങളാണു്. ഒരു രോഗിയുടേയോ മരണാസന്നൻേറയോ പുഞ്ചിരി—വേദനയിൽ, അർപ്പണത്തിൻേയും ധൈര്യത്തിൻേറയും വിജയമായ സന്തോഷത്തിൻെറ പുഞ്ചിരി—സ്നേഹപൂർവ്വം ഓർക്കാത്തവരായി നമ്മിലാരും കാണുകയില്ല. സമകാലീനർ വളരെ ഹൃദ്യമായി കണ്ടിരുന്ന വി. ബർണ്ണഡെററിൻെറ പുഞ്ചിരിയേപ്പററി നമുക്കോക്കാം. തൻെറ മുദ്രയാൽ അവളെ അടയാളപ്പെടുത്തിയ പരിശുദ്ധ കന്യകയിൽനിന്നും നേരിട്ടു കിട്ടിയ പുഞ്ചിരിയായിരുന്നു അതു്.

പുഞ്ചിരിക്കുക എന്നു പറഞ്ഞാൽ മററുള്ളവർക്കുവേണ്ടി സ്വയം മറക്കുക. നിങ്ങളിൽക്കൂടി പ്രകാശിക്കുവാൻ ദൈവത്തെ അനുവദിക്കുക എന്നാണർത്ഥം. മനുഷ്യർക്കതു നല്ലവണ്ണമറിയാം. അതുകൊണ്ടാണു് ഒരു ശിശുവിൻെറ തൊട്ടിലിനു മീതെ കുനിഞ്ഞു നിൽക്കുമ്പോൾ അവർ സ്വാഭാവികമായി ചിരിക്കുന്നതു്. ഈ ലോകത്തിനു പ്രദാനം ചെയ്യാവുന്നതിൽ ഏററം മനോഹരമായ കാഴ്ചകളിലൊന്നാണതു്—സ്വർഗ്ഗത്തിൽനിന്നും നേരിട്ടു ലഭിക്കുന്നതു്.

കുട്ടികളുടെ നേരേ ഒരു വ്യക്തി സ്വാഭാവികമായി പുഞ്ചിരിക്കുന്നു, അവരുടെ പുതുമയും സ്വാഭാവികയും നൈർമ്മല്യവും അറിഞ്ഞുകൊണ്ടു്. ഒരാൾ മറെറാരു വ്യക്തിയുടെ നേരെ പുഞ്ചിരിക്കുമ്പോൾ ആ വ്യക്തിയിലുള്ള എല്ലാ നന്മയും അയാൾ പുറത്തു കൊണ്ടുവരികയാണു്. മാത്രവുമല്ല: വളർന്ന വ്യക്തിയിലുള്ള കുട്ടിയെ അയാൾ വീണ്ടും ജീവിപ്പിക്കുന്നു. പതിവിൻെറ (Conformity) കട്ടിയുള്ള പുറംതോടിൽനിന്നും അയാളെ സ്വതന്ത്രനാക്കുന്നു: എല്ലാ നിയന്ത്രണത്തിൽനിന്നും അയാളുടെ സ്വാതന്ത്ര്യത്തെ മോചിക്കുന്നു, അതു നല്ല ഒരു കാര്യമാണു്.

www.malankaralibrary.com

നമ്മബോധത്തിന്റെ സ്പർശനം—പുഞ്ചിരി വേറൊരു രൂപത്തിൽ പ്രദർശിപ്പിക്കുന്നതാണതു്—വിഷമകരമായ ചുററുപാടുകളിൽ ബുദ്ധിമുട്ടുകരം കുറയ്ക്കാൻ കഴിയുന്ന നന്മനസ്സിന്റെ ഒരു രൂപമാണു്. മററു പലതിനേയും ശരിയായി കാണുന്നതിനും അതു സഹായിക്കും. പ്രാണവായു കുറഞ്ഞ ഒരു മുറിയിൽ ശുദ്ധവായു ധാരാളം പ്രവേശിക്കുന്നതു പോലെയാണതു്. നാം കൂടുതൽ സ്വാതന്ത്ര്യമായി ശ്വസിക്കുന്നു. കാര്യങ്ങളെ അതാതിന്റെ സ്ഥാനങ്ങളിലാക്കുന്ന തരം നമ്മബോധത്തിൽ വളരെയധികം സ്വയം വിസ്മരിക്കലുണ്ടു്. ബർഗ്സൺ പറയുന്നതുപോലെ, ചിരി വൈരുദ്ധ്യങ്ങളിൽ നിന്നും അപ്രതീക്ഷിതത്വത്തിൽ നിന്നും ആണുണ്ടാകുന്നതെങ്കിൽ, നിത്യതയേപ്പററി അറിവുള്ള ക്രിസ്ത്യാനി ചെയ്യേണ്ടതിതാണു്: മററുള്ളവയേക്കാരം കൂടുതലായി ആപേക്ഷികങ്ങളായവയെ അറിയുകയും സംഗതികരം കൂടുതൽ നാടകീയമാക്കാതിരിക്കുവാൻ ശ്രമിക്കുകയും വേണം. സാധാരണ കാണപ്പെടുന്നതിനേക്കാരം വളരെ നല്ലവരാണു മനുഷ്യർ. നല്ലവരോടെന്നപോലെ അവരോടു പെരുമാറുന്നതു് അവർ ആസ്വദിക്കുകയും ചെയ്യുന്നു.

സാക്ഷാത്തായ വ്യക്തിത്വത്തോടുള്ള-ദൈവം കാണുന്നതും കാണണമെന്നു നാം ആഗ്രഹിക്കുന്നതുമായ വ്യക്തിത്വത്തോടുള്ള ഒരു ക്ഷണമാണു് പുഞ്ചിരി. അനുഗ്രഹത്തിന്റെ അവസ്ഥയിലേക്കുള്ള ക്ഷണമാണതു്. തണ്ടിൽ നിന്നും പൂവെന്നപോലെ അതു പ്രത്യക്ഷമാകുന്നു. ആവശ്യമെങ്കിൽ നമ്മുടെ കണ്ണുനീരിൽക്കൂടി വ്യക്തികളെ സ്നേഹിക്കുവാനും അവരുടെ നേരെ പുഞ്ചിരിക്കുവാനും അറിയുന്നതു് സ്വർഗ്ഗീയാന്തരീക്ഷം നേരത്തേതന്നെ ശ്വസിക്കുകയാണു്. അവിടെ കലർപ്പില്ലാത്ത സ്വർഗ്ഗീയ സന്തോഷം അലയടിക്കും, ദൈവത്തിൽത്തന്നെ ആരംഭിക്കുന്നതും സനാതനവുമായ ആലിംഗനത്തിൽ.

www.malankaralibrary.com

# 14

# മററുള്ളവരുമായി പങ്കുചേരാൻ പഠിക്കുക

''എല്ലാ വിശ്വാസികളും ഒന്നിച്ചു ജീവിച്ചു: എല്ലാം ഒന്നിച്ചനുഭവിച്ചു''. (നടപടി 2:44)

സാവധാനം നമ്മെ ക്രിസ്മസിലേയ്ക്കു നയിക്കുന്ന ആഗമന കാലത്താണ് നാമിപ്പോൾ. നാമെല്ലാവരും ചെയ്യേണ്ടതു് ആദ്യത്തെ ക്രിസ്മസിന്റെ അരുപിയിൽ പ്രവേശിക്കുകയത്രേ. ഒരു പുരുഷനും ഒരു സ്ത്രീയും നമ്മുടെ എല്ലാവരുടേയും നാമത്തിൽ ക്രിസ്മസുകളുടെ ക്രിസ്മസിനുവേണ്ടി പ്രതീക്ഷിക്കുകയും അതു ജീവിക്കുകയും ചെയ്തു: മേരിയും ജോസഫും. തിരുക്കുടുംബത്തിനു മുമ്പിൽ നമ്മെത്തന്നെ സമർപ്പിക്കുവാൻ ആഗമനകാലം നമ്മെ ക്ഷണിക്കുന്നു. മാത്രമല്ല, നമ്മുടെ കുടുംബജീവിതത്തെ വിശുദ്ധീകരിക്കുവാനും ക്രിസ്തുമതത്തിന്റെ പ്രധാന അനുഗ്രഹമായ സന്തോഷം ആ ജീവിതത്തിലുണ്ടാകുന്നതിനു സഹായിക്കുവാനും നാം വിളിക്കപ്പെടുന്നു. കുടുംബ നവീകരണത്തിനുള്ള അനുഗ്രഹമാണ് ആഗമന കാലം നമുക്കു തരുന്നതു്. പ്രസ്തുത അനുഗ്രഹത്തെപ്പററി

www.malankaralibrary.com

പരിചിന്തനം ചെയ്യുവാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തട്ടെ. അതേ അനുഗ്രഹം നിങ്ങളുടെ അനുദിനപ്രശ്നങ്ങളുമായി കഴിയുന്നതും ബന്ധപ്പെടുത്തുവാനും ഞാനാഗ്രഹിക്കുന്നു. കുടുംബവൃത്തം കൂടുതൽ സ്വാഗതാർഹവും സന്തോഷകരവും സാഹോദര്യം നിറഞ്ഞതും ആക്കുന്നതിൽ കൂടുതലായി എങ്ങനെയാണ് ക്രിസ്മസിനു ഒരുങ്ങാൻ കഴിയുക?

## കുടുംബജീവിതത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുക

സമാധാനത്തിൻേറയും സന്തോഷത്തിൻേറയും അന്തരീക്ഷം സൃഷ്ടിക്കുവാൻ സഹായകരമായ, കുടുംബജീവിതത്തിൻെറ ഒരു ചെറിയ കടമയെപ്പററിയാണ് ഈ സായാഹ്നത്തിൽ നിങ്ങളോടു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നതു്: ഭാഗഭാഗിത്വത്തെപ്പററി. കുടുംബജീവിതത്തിൽ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിനേപ്പററി. ഓരോ അംഗത്തിനുമുള്ള ഗുണങ്ങൾ പൊതുനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിനേപ്പററി.

മററുള്ളവരേയെല്ലാം നമ്മുടെ സഹോദരങ്ങളേപ്പോലെ, കുടുംബത്തിലെ അംഗങ്ങളായി കണക്കാക്കുവാനുള്ള അതേ ആഗ്രഹം നമ്മുടെ എല്ലാവരുടേയും ഹൃദയത്തിൻെറ അഗാധതയിലുണ്ടു്. പ്രഥമദൃഷ്ടിയിൽ, വളരെ വ്യത്യസ്തവും ബുദ്ധിമുട്ടുള്ളതുമായ അന്ത്യങ്ങൾക്കുവേണ്ടിയാണ് മനുഷ്യവ്യക്തികൾ പരിശ്രമിക്കുന്നതു് എന്നു തോന്നും. അവർ ബിസിനസിലോ, രാഷ്ട്രീയത്തിലോ, സാഹിത്യത്തിലോ, കലയിലോ വ്യാപൃതരായിരിക്കും; നിലം ഉഴുകുന്നവരോ, കടൽയാത്ര ചെയ്യുന്നവരോ ആകാം. വാസ്തവത്തിൽ ഈ എല്ലാ മുഖാവരണത്തിൻേറയും പിന്നിൽ അവരെല്ലാവരും വളരെ ലളിതമായ, ഹൃദ്യമായ ഒന്നിനുവേണ്ടി അന്വേഷിക്കുകയാണ്: സ്നേഹത്തിനുവേണ്ടി. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും അവർ ആഗ്രഹിക്കുന്നു.

www.malankaralibrary.com

എല്ലാ മനുഷ്യരും സാക്ഷാത്തായ സ്നേഹത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നുണ്ടു്. അവരുടെ ഹൃദയം അനുവദിക്കുന്നിടത്തോളം പൂർണ്ണമായി ജീവിക്കുന്നതിനുള്ള ഒരു കാരണമാണവക്കാവശ്യം.

സംതൃപ്തിയും സന്തോഷവും പ്രദാനം ചെയ്യുന്ന പരസ്പരാധാരണയും വികാരങ്ങളുടേയും സ്നേഹത്തിൻേറയും ഭാഗഭാഗിത്വവും ഹൃദയംഗമമായ ആശയവിനിമയങ്ങളും കുടുംബത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും, അനുഭവിക്കുന്നതിനും നമുക്കു എങ്ങനെ പരസ്പരം സഹായിക്കാൻ സാധിക്കും എന്നു നിങ്ങളോടുകൂടി പരിചിന്തിക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്.

ഒരു ബോർഡിംഗ് ഹൗസിലേതുപോലെ കുടുംബാംഗങ്ങൾ താമസിക്കുന്ന വീടുകളേപ്പററി നമുക്കറിയാം. അവർ ഒരേ മേശയിൽ ഒരേ ഭക്ഷണം കഴിക്കുന്നു. എങ്കിലും അപരിചിതരേപ്പോലെയാണവർ ജീവിക്കുന്നതു്. ആധ്യാത്മികമായി അവർ ധ്റുവങ്ങളോളം അകലത്തിലാണു്.

ഇങ്ങനെയുള്ള ചുററുപാടിൽ അല്പം ചൂടു പ്രദാനം ചെയ്യണമെന്നു നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽത്തന്നെ ചൂടുണ്ടാക്കിക്കൊണ്ടു നിങ്ങൾ പരിശ്രമിക്കണം. ഭക്ഷണത്തേക്കാൾ കൂടുതലായി നിങ്ങളുടെ ഹൃദയവും ജീവിതവും തന്നെ അവരോടു് പങ്കു ചേരണം. മററാരും നമ്മെ ശല്യപ്പെടുത്താതിരിക്കുവാൻ നാം ശ്രദ്ധാലുക്കളാണു്. നമ്മുടെ ദന്തഗോപുരങ്ങളിൽ നമ്മെ അടച്ചുപൂട്ടുവാനാണു് നാമാഗ്രഹിക്കുന്നതു്. ഭയമാണോ, ലജ്ജയാണോ, വെറുപ്പാണോ ഇതിനു കാരണം? എനിക്കറിഞ്ഞുകൂടാ. പക്ഷേ ഇതാണു സംഭവിക്കുന്നതു്. താപസികളേപ്പോലെ പരിപൂർണ്ണമായ ഏകാന്തയിൽ ജീവിക്കുവാനും മനുഷ്യൻ തുനിയുന്നു. വാസ്തവത്തിൽ കൂടെത്താമസിക്കുന്നവക്കു നൽകാവുന്ന ഏററം വലിയ ആനന്ദം തങ്ങളെങ്ങനെയുള്ളവരെന്നു് സ്വയം കാണിച്ചു കൊടുക്കുകയാണു്. ജീവിതം ഏററം മെച്ചപ്പെട്ട വിധത്തിൽ കഴിക്കുവാനുള്ള ഉപാധിയും അതുതന്നെ.

www.malankaralibrary.com

ഒരു വ്യക്തിയെ വാസ്തവത്തിൽ അടുത്തറിയുമ്പോഴാണ്, ആശ്ചര്യകരമായ എന്തൊരു പുതിയ ലോകമാണു വെളിച്ചത്തു വരിക! അയാളുടെ വീക്ഷണകോണം എന്തെന്നറിയുക, എത്രമാത്രം നന്മനസ്സാണ് അയാളുടെ ഹൃദയത്തിലുള്ളത് എന്നു മനസ്സിലാക്കുക, അതുപോലെ തന്നെ ആശ്ചര്യകരമാണ്.

## പാലം പണിയുക

നല്ല മനസ്സുള്ള മനുഷ്യർ തമ്മിലുള്ള വിടവ് എങ്ങനെയാണു നമുക്കു നികത്താൻ കഴിയുന്നത്? ക്രിസ്മസിനു മുമ്പുള്ള ദിവസങ്ങളിൽ നാം അഭിമുഖീകരിക്കേണ്ട പ്രശ്നമിതാണ്. കാരണം, ആളുകളെ അടുപ്പിക്കാനുള്ള വലിയ ദിവസമാണ് ക്രിസ്മസ്. വിടവു നികത്തുന്നതു ബുദ്ധിമുട്ടുള്ള ജോലിയായി നമുക്കു തോന്നുന്നുവെങ്കിൽ ചില ആരംഭപണികളെങ്കിലും നമുക്കാരംഭിക്കാം. സാമ്പത്തികവും സാമൂഹികവുമായ തുറകളിൽ വിദഗ്ധന്മാർ നിർദ്ദേശിക്കുന്നതരം "മാനുഷികബന്ധ"ങ്ങൾ നമുക്കു പ്രാവർത്തികമാക്കാം.

ക്രിസ്തുമതത്തോളം തന്നെ പഴക്കമുള്ള ഒരു പ്രശ്നമാണിത്. പക്ഷേ ആ സത്യം കണ്ടുപിടിച്ചതിലും അതിനുവേണ്ടി പ്രവർത്തിക്കുന്നതിലും നാം സന്തോഷിക്കുകയാണു വേണ്ടത്. നമ്മുടെ കുടുംബാംഗങ്ങളോട് എന്നതിൽ കൂടുതലായി അപരിചിതരോടു സന്തോഷമായി പെരുമാറുക എളുപ്പമാണ്. കുടുംബാംഗങ്ങൾ ബാഹ്യമായവയാൽ വഞ്ചിക്കപ്പെടുന്നില്ല. എന്തുകൊണ്ടു കുടുംബത്തിൽത്തന്നെ നല്ല ബന്ധങ്ങൾ സ്ഥാപിക്കാൻ പരിശ്രമിച്ചുകൂടാ?

സ്വയം പര്യാപ്തതയ്ക്കുള്ള പ്രലോഭനം കാലത്ത് എഴുന്നേൽക്കുന്നതോടുകൂടി, അല്ലെങ്കിൽ പത്രം വായിക്കുന്നതോടുകൂടി ആരംഭിക്കുകയായി ഇതാണു നമ്മെത്തന്നെ അകററുന്നതിനുള്ള അപകടകരമായ ആദ്യത്തെ അവസരം.

www.malankaralibrary.com

കുടുംബത്തിൽ കാണുന്ന സാധാരണ രംഗങ്ങൾ നമുക്കറിയാം.. വർത്തമാനപ്പത്രത്തിൽ ആവൃതനായ പിതാവ് എല്ലാം മറന്ന് ഒരു കർട്ടനിലെന്നപോലെ പത്രത്തിനുള്ളിലാകുന്നു. കാലത്തെ ഭക്ഷണവും പത്രവിശേഷങ്ങളും കഴിയുമ്പോൾ ഇതാ പോകുന്നു അയാൾ, വാണംപോലെ, ഓഫീസിലേക്ക്.

പത്രവായനയിൽനിന്നും ഇടയ്ക്ക് ഒന്നു തലയുയർത്തി വിശേഷങ്ങൾ മററുള്ളവരോടു പറയാൻ ശ്രമിച്ചാൽ അതുതന്നെ നല്ല മാനുഷികബന്ധത്തിനു ഒരാരംഭമായിരിക്കുകയില്ലേ? ഒരു വാക്ക്, ഒന്നുരണ്ടു റിമാർക്ക്—വിടവു നികത്തപ്പെട്ടുകഴിഞ്ഞു. വർത്തമാനപ്പത്രം പിന്നെ ഒരു ഇൻസുലേററല്ല, അടച്ചുപൂട്ടിയ ബൃത്തുമല്ല, ഒരു സമ്മേളനബിന്ദുവും പൊതുവായ കേന്ദ്രവുമാകുന്നു. കുട്ടികൾ വളർച്ച പ്രാപിച്ചവരെന്ന് അവർക്കുതന്നെ തോന്നുന്നു. ഭർത്താവിൻെറ വേലക്കാരി എന്ന നിലയിൽ കൂടുതലായ ഒരു സ്ഥാനം തനിക്കുണ്ട് എന്നു ഭാര്യക്കു മനസ്സിലാവുകയും ചെയ്യുന്നു.

ഇത് ഒരുദാഹരണം മാത്രം. എന്നാൽ ഒരടയാളമായി അതുപയോഗിക്കാം. ഓരോ ദിവസവും ഇതുപോലുള്ള അവസരങ്ങൾ നിറഞ്ഞതാണ്. അവ നാം ഉപയോഗപ്പെടുത്താതിരിക്കരുത്.

എന്താണു മററുള്ളവരുമായി പങ്കു ചേരേണ്ടത്, എന്താണു തനിച്ചുപയോഗിക്കേണ്ടത് എന്നുള്ളതു തീരുമാനിക്കുക നമുക്കത്ര വിഷമമുള്ള കാര്യമല്ല. മററുള്ളവരുടെ സന്തോഷം എപ്പോഴും നമ്മുടെ കൺമുമ്പിലുണ്ടായിരിക്കണം. മാത്രമല്ല ആ സന്തോഷം ഉണ്ടാക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവയേപ്പററിയും നാം ജാഗരൂകരായിരിക്കണം.

ഒരു പൂർണ്ണചിത്രമുണ്ടാക്കുവാൻ അടുത്തടുത്തുവച്ചിട്ടുള്ള ചെറിയ മൊസയിക്കു (mosaic) പോലെയാണ് കുടുംബത്തിലെ ഒരു ദിവസം. ഓരോ കഷണവും പൊതുവായ

www.malankaralibrary.com

ചിത്രത്തിനു സഹായിക്കണം. ഓരോ കഷണവും അതാതിന്റെ സ്ഥാനത്തായിരിക്കണം. ഒരു മൊസയിക്കുകല്ലിനു് അതിൽത്തന്നെ ഒരു ഭംഗിയുമില്ല. സ്നേഹം, മൊസയിക്കുപോലെ, ഓരോ പ്രവൃത്തിയും വഴിയാണുണ്ടാകുന്നതു്. പൊതുവായ ഒരുമസ്സു ഓരോ പ്രവൃത്തിയും ആവശ്യമാകുന്നു. ഈ സായാഹ്നത്തിൽ നമുക്കോരോരുത്തർക്കും ചോദിക്കാം. കുടുംബാന്തരീക്ഷത്തിനു് നാം എന്തു സംഭാവനയാണു ചെയ്തിട്ടുള്ളതെന്നു്. ഈ ചോദ്യത്തിനു നിഷേധാത്മകമായ ഉത്തരമാണു ലഭിക്കുന്നതെങ്കിൽ, നാളെ മെച്ചപ്പെട്ട വിധത്തിൽ ചെയ്യുവാൻ ദിവ്യനാഥനു നമ്മുടെ നന്മനസ്സു നമുക്കു വാഗ്ദാനം ചെയ്യാം.

www.malankaralibrary.com

15

# മറക്കുവാൻ പഠിക്കുക

''അവരുടെ പാപങ്ങളും അപരാധ
ങ്ങളും ഞാനിനിമേൽ ഓർക്കുകയില്ല.''
(ഹീബ്രു. 1:7)

## അപരാധങ്ങൾ പൊറുക്കുക

എങ്ങനെയാണ് ക്ഷമിക്കേണ്ടത് എന്നറിയുക വളരെ പ്രാധാന്യമുള്ള കാര്യമാണ്. സംസ്കാരം എന്നു വിളിക്കുന്നതും വായനകൊണ്ടും പഠനംകൊണ്ടും നാം സ്വീകരിച്ചിട്ടുള്ളതുമായ കാര്യങ്ങളാണ് മറക്കുന്നത് എങ്കിൽ അതു വിരോധാഭാസമായി തോന്നാം. ''പഠിച്ചതെല്ലാം മറന്നുകഴിയുമ്പോൾ നിലനില്ക്കുന്നതാണ് സംസ്കാരം'' എന്നാരോ പറഞ്ഞിട്ടുണ്ട്. തലച്ചോറിനെ സ്വതന്ത്രമാക്കുന്ന, നിർജ്ജീവമായതിനെ തള്ളിക്കളയുന്ന, പുതിയ ജീവനും ശക്തിയും നൽകുന്ന ഒരു പ്രക്രിയയുണ്ട്. വസന്തത്തിന് ഒരുക്കമായി വൃക്ഷങ്ങൾതന്നെ മുറിക്കപ്പെടുന്നുണ്ടല്ലോ.

www.malankaralibrary.com

എന്നാൽ ഇതുപോലെയുള്ള ഒരു മറവിയെപ്പററിയല്ല ഞാൻ സംസാരിക്കുന്നതു്. നമ്മുടെ രക്ഷകൻ നിർവ്വചിച്ചതുപോലെയുള്ള ഒരു ക്രിസ്തീയജീവിതം നയിക്കുവാൻ ആഗ്രഹിക്കുമ്പോഠം ആത്്മാവിനെ സംബന്ധിക്കുന്ന ചില കാര്യങ്ങഠം മറക്കാൻ നാം പഠിക്കണം. പ്രത്യേകമായി നമുക്കനുഭവപ്പെട്ടിട്ടുള്ള അനീതികഠം.

നമ്മുടെ പ്രത്യേകതകഠംക്കു എതിരാണു് എന്നതുകൊണ്ടു സുവിശേഷത്തിലെ വാക്കുകഠം നമുക്കു തള്ളിക്കളഞ്ഞുകൂടാ വളരെ വ്യക്തമായ ഭാഷയിൽ സുവിശേഷങ്ങഠം പറയുന്നുണ്ടു്. അപരാധങ്ങഠം പൊറുക്കുന്നതിനേപ്പററി. അതു മനസ്സിലാകുന്നില്ല എന്നു ഭാവിക്കുവാൻ നമുക്കു കഴിയുകയില്ല. കൂടാതെ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിലെ ഒരു ഭാഗം കൃത്യമായി ഇതു നമ്മെ ബോദ്ധ്യപ്പെടുത്തുന്നുമുണ്ടു്. തങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമെന്നു് അപ്പസ്തോലന്മാർ കർത്താവിനോടു് ആവശ്യപ്പെട്ടപ്പോഠം അവിടുന്നു പഠിപ്പിച്ച ആ മാതൃകാ പ്രാർത്ഥന അവസാനിപ്പിച്ചതിങ്ങനെയാണു്: "ഞങ്ങളോടു തെററു ചെയ്യുവരോടു ഞങ്ങഠം ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകഠം ഞങ്ങളോടും ക്ഷമിക്കണമെ" വേറെ വാക്കുകളിൽ "ഞങ്ങഠം മറക്കുന്നതുപോലെ അവിടുന്നും മറക്കണമെ." ഈ സമാന്തരത നിങ്ങഠം കാണുന്നുണ്ടോ? മററുള്ളവരോടു നാം പെരുമാറുന്നതുപോലെ നമ്മോടും പെരുമാറണമെന്നു നാം അപേക്ഷിക്കുകയാണു്. അതായതു് വലിയൊരുത്തരവാദിത്വം ഏറെറടുക്കുകയാണു്. അതിനുശേഷം നാം ക്ഷമിക്കുന്നില്ലെങ്കിൽ എങ്ങനെയാണു് ദൈവം നമ്മോടു ക്ഷമിക്കുമെന്നു പ്രതീക്ഷിക്കാൻ സാധിക്കുക?

## ഫരിസേയിസത്തിനുള്ള പ്രലോഭനം

ഇതു വലിയ കാര്യമായി നമുക്കു തോന്നുന്നില്ല. കാരണം കാര്യമായി ഒന്നും ക്ഷമിക്കാനുണ്ടെന്നു നാം ഓർക്കുന്നില്ല. ഒരു പരിശീലനകോഴ്സ് നാം ചെയ്യേണ്ട

www.malankaralibrary.com

ത്തുണ്ടു്. നാം നമ്മേപ്പററിത്തന്നെ വളരെ സംതൃപ്തരാണു്. നമ്മുടെ കണ്ണുകളിൽ തികച്ചും പരിപൂർണ്ണരുമാണു്.

ഇതു് വളരെ സമർത്ഥവും ഉടച്ചയായിട്ടുള്ളതുമായ ഒരു പ്രലോഭനമത്രെ. നല്ലയാളുകളുടേതായ ഫരിസേയിസമെന്ന സുഖക്കേടിനേപ്പററി സൂക്ഷമുള്ളവരായിരിക്കണമെന്നു് കർത്താവു് ആവശ്യപ്പെട്ടിട്ടുണ്ടു്. മററാരേക്കാളുമധികമായി അപരാധങ്ങരം പൊറുക്കാനറിയാവുന്നതു് വിശുദ്ധാതു്മാക്കരംക്കാണു്. കാരണം, അവർക്കറിയാം തങ്ങരംതന്നെ പാപികളാണെന്നു്. ഇതൊരു വിരോധാഭാസമല്ല താനാണു് ലോകത്തിലെ ഏററം വലിയ പാപിയെന്നു പറഞ്ഞപ്പോരം വി ഫ്രാൻസിസിനു് അതു ബോദ്ധ്യമായിരുന്നു താൻ സ്വീകരിച്ച അനുഗ്രഹങ്ങളും അവയോടുള്ള പ്രതികരണവും മററാരേയുംകാരം കൂടുതലായി ഫ്രാൻസിസിനറിയാമായിരുന്നു തങ്ങരം പാപികളാണെന്നുള്ള ദൃഢമായ ബോദ്ധ്യം വിശുദ്ധക്കുള്ളതുകൊണ്ടു് സ്വന്തം സംതൃപ്തിയുടെ പരീക്ഷകരംക്കടിപ്പെട്ടു് അവരുടെ മനസ്സാക്ഷി മലിനമാകുന്നില്ല. അങ്ങനെയാണു് വിശുദ്ധന്മാർ തങ്ങളെപ്പററിത്തന്നെ ചിന്തിക്കുന്നതു്.

നാം പാപികളാണു് എന്ന ബോദ്ധ്യം നമുക്കുണ്ടെങ്കിലും ഇല്ലെങ്കിലും കത്താവിൻെറ കല്പന വ്യക്തമാണു്. ദൈവം നമ്മോടു ക്ഷമിക്കുന്നതുപോലെ നാം ക്ഷമിക്കണം ഇവിടേയും നമ്മരം ഒരു പ്രത്യേക സാഹചര്യമെടുത്തു വിശകലനം ചെയ്യുവാൻ വിദഗ്ദ്ധരാണു്. എത്ര തവണ ഞാൻ കേട്ടിട്ടുണ്ടു്; ''ഞാൻ ക്ഷമിക്കുന്നു; പക്ഷേ ഞാൻ മറക്കുകയില്ല'' ഇതു തീർച്ചയായും ഒരു പുരോഗമനമാണു്, ഒരു തരത്തിൽ. വാസ്തവത്തിൽ ക്ഷമിക്കുക എന്നു പറയുന്നതു് മറക്കുന്നതുതന്നെയാണു്. എല്ലാം തുത്തുകളഞ്ഞു് പുതുതായി ആരംഭിക്കുക. പാപം തുടച്ചുമാററത്തക്കവിധം ദൈവത്തിൻെറ കാരുണ്യം അത്ര വലുതാണു്. എന്നാൽ അതു ദൈവത്തിനു മാത്രം കഴിവുള്ള കാര്യവുമാണു്. നാം ചെയ്യുന്നതു് പൊട്ടിയ ഒരു പാത്രത്തിൻെറ കഷണങ്ങരം ചേർത്തു വയ്ക്കുക മാത്രമാകുന്നു. ദൈവമാണു് അതെല്ലാം ഒന്നാക്കിത്തീർക്കുന്നതു്.

www.malankaralibrary.com

മാനുഷികമായ നമ്മുടെ ക്ഷമ എത്ര അപൂർണ്ണമാണെങ്കിലും, കഴിഞ്ഞതു് കഴിയുന്നിടത്തോളം മറക്കുവാൻ നമുക്കു സാധിക്കണം. നമ്മെ വേദനിപ്പിക്കുകയും വ്രണപ്പെടുത്തുകയും ചെയ്ത ആളുടെ പക്കലേയ്ക്കുള്ള ആദ്യത്തെ ചുവടു വയ്ക്കുവാനും നമുക്കു കഴിയണം. പണത്തിന്റെ പേരിലോ ഒരാക്ഷേപത്തിന്റെ പേരിലോ വഴക്കു കൂടിയ രണ്ടു പേരെപ്പററി ചിന്തിക്കുക. തങ്ങളുടെ ഇടയിൽ സ്നേഹബന്ധമില്ലാത്ത ഒരു ഭാര്യയേയും ഭർത്താവിനേയും എടുക്കുക. രണ്ടു കൂട്ടരും കയ്പേറിയ വാക്കുകൾ പറഞ്ഞുപോയി. രണ്ടു പേർക്കും അതേപ്പററി ബോദ്ധ്യമുണ്ടു്. എങ്കിലും പരസ്യമായി അതു സമ്മതിക്കുവാൻ അവർക്കു വിഷമമാണു്. ഓരോരുത്തരും മറേറയാൾ ചെയ്ത സാക്ഷാത്തായതോ സാങ്കല്പികമോ ആയ തിന്മയിൽ രോഷാകുലനാണു്; രോഷകുലയാണു്. ഒരു ക്രിസ്ത്യാനി എന്താണു് ചെയ്യേണ്ടതു്?

## ആദ്യത്തെ പടി

ഫ്രാൻസിലെ ഒരു മാർഷലിനോടു ചോദിച്ച ചോദ്യമാണു് പ്രതിപാദ്യം: രണ്ടു ജനറൽമാർ തങ്ങളുടെ മുൻഗണനയെപ്പററി തർക്കമായി. ആരു് ആരെ ആദ്യം സല്യൂട്ടു് ചെയ്യണം? രണ്ടുപേരും ഒരേ ഗ്രേഡിലുള്ളവർ. ഒരേ പ്രായം. ഒരേ സമയത്തു ഉദ്യോഗക്കയററം കിട്ടിയവർ: മാർഷൽ ഉത്തരം പറഞ്ഞു. "കൂടുതൽ സംസ്ക്കാരം ഉള്ള ആൾ ആദ്യം സല്യൂട്ടു ചെയ്യട്ടെ."

ഞാൻ മുമ്പു് പറഞ്ഞ വഴക്കിന്റെ കാര്യത്തിലേയ്ക്കു വന്നാൽ, ആരാണു് ആദ്യത്തെ ചുവടെടുക്കേണ്ടതു്? ആദ്യം നന്മനസ്സു കാണിക്കേണ്ടതു്? സമാധാനത്തിനുള്ള ആദ്യത്തെ പരിശ്രമം നടത്തേണ്ടതു്?

## കൂടുതൽ ക്രിസ്തീയതയുമുള്ള വ്യക്തി

ചിലപ്പോൾ നിർഭാഗ്യവശാൽ ഇതു് താൽക്കാലികമായ കുഴപ്പമല്ല. കുടുംബത്തിൽ യോജിപ്പില്ലായ്മയും

www.malankaralibrary.com

വിശ്വാസരാഹിത്യവും അതിന്റെ വൃത്തികെട്ട തല പുറത്തു കാണിച്ചെന്നുവരാം. വേറൊരിടത്തു് (1) ഞാൻ പറഞ്ഞിട്ടുണ്ടു്, വൈവാഹിക കാര്യങ്ങളിൽ എന്താണു് ക്ഷമയുടെ നിയമം ആവശ്യപ്പെടുന്നതെന്നു്.

ദൈവസ്നേഹത്താൽതന്നെ ധന്യമാക്കപ്പെടുന്ന, ഉന്നതമായ തലത്തിലേയ്ക്കുയർത്തപ്പെടുന്ന നിർദ്ദോഷിയായ ദമ്പതി മാനുഷിക സ്നേഹത്തോടെയല്ലാ, ദൈവികസ്നേഹത്തോടുകൂടിത്തന്നെ കൂടുതൽ സ്നേഹിക്കണം. ഇങ്ങനെയുള്ള അവസരങ്ങളിൽ നിർദ്ദോഷിയായ വ്യക്തിയിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നതു് മറേറയാളെ അപരിമേയമായും മെച്ചപ്പെട്ട വിധത്തിലും (പാവപ്പെട്ട വ്രണിതമായ മനുഷ്യസ്നേഹത്തോടുകൂടിയല്ല), ദൈവീക സ്നേഹത്തോടുകൂടിത്തന്നെ സ്നേഹിക്കണമെന്നാണു്.

ക്രിസ്തുമതത്തിന്റെ ഈ ആവശ്യം സാധിക്കുവാൻ, ഉദാരമായ സ്നേഹത്തിന്റെ വീക്ഷണം സ്വീകരിക്കുവാൻ, ക്ഷണികമായ നമ്മുടെ മാനുഷികബുദ്ധിക്കു് വിഷമമാണു്. വിശ്വസ്തനാ(യാ)യ ദമ്പതി ദൈവത്തിന്റെ ഹൃദയംകൊണ്ടു് സ്നേഹിക്കണം. അതിന്റെ അർത്ഥം ഈ ലോകത്തിന്റേതല്ലാത്ത ഗുണങ്ങളുള്ള സ്നേഹത്തോടുകൂടി സ്നേഹിക്കണം എന്നാണു്.

അവിസ്മരണീയമായ വാക്കുകളിൽ യോഹന്നാൻ പറഞ്ഞതുപോലെ ദൈവം ആദ്യം മനുഷ്യനെ സ്നേഹിച്ചു. അവിടുത്തെ സ്നേഹം പൂർണ്ണമായ ദാനമാണു്. അതു നമ്മുടെ പ്രതികരണത്തെ ആശ്രയിക്കുന്നില്ല. നാമവിടുത്തെ ഒററിക്കൊടുത്താലും അതു് വ്യതിചലിക്കുന്നില്ല. ദൈവസ്നേഹം നിരന്തരവും സ്വാർത്ഥലേശമില്ലാത്തതുമാണു്. നമ്മിൽ അശുദ്ധതയും വിശ്വാസരാഹിത്യവും ഉള്ളപ്പോഴും അവിടുന്നു് നമ്മെ സ്നേഹിക്കുന്നു. നമ്മിൽ നിന്നുകററി നിറുത്തുന്ന വേദനകളും, വ്രണിതമാക്കുകയോ വിജ്രംഭിപ്പിക്കുകയോ ചെയ്യാവുന്ന വികാരങ്ങളും അവിടുത്തേയ്ക്കില്ല. വിഷമസാഹചര്യങ്ങളിൽ കഴിയുന്നിടത്തോളം കുടും

---

(1) Love and Control.

www.malankaralibrary.com

ബത്തെ രക്ഷിക്കുവാനും ദൈവം ആവശ്യപ്പെടുന്നതുപോലെ ജീവിക്കുവാനും വിശ്വസ്തനായ ദമ്പതി ആഗ്രഹിക്കുന്നുവെങ്കിൽ, വലിയ, ക്ഷമയുള്ളതായ, അക്ഷീണമായ ഈ സ്നേഹം അയാളുടേതാകണം.

പ്രത്യക്ഷമോ പരോക്ഷമോ ആയ അവിശ്വസ്തതയുള്ള, വേദനാജനകമായ വൈവാഹിക ചുററുപാടുകളേപ്പററി ആർക്കാണറിയാൻ പാടില്ലാത്തതു്? ഇത്തരത്തിലുള്ള വേദനയുടെ മുമ്പിൽ എന്താണു് ചെയ്യുക? മാനുഷികമായി പറഞ്ഞാൽ ഒന്നും ചെയ്യാനില്ല. ക്രിസ്തീയ വീക്ഷണകോണത്തിലാകട്ടെ, നാം സുവിശേഷത്തിലെ ആ ഭാഗം ഒരിക്കൽക്കൂടി വായിക്കണം. മറച്ചു പിടിച്ചിരിക്കുന്ന നന്ദിഹീനതയും പുച്ഛവും നേരിടുവാൻ ഉറച്ചുകൊണ്ടുതന്നെ; വേദനിപ്പിക്കപ്പെടുവാനും വിഡ്ഢിയായി കണക്കാക്കപ്പെടുവാനും തയ്യാററായിക്കൊണ്ടുതന്നെ എഴുഴുപത്തു പ്രാവശ്യം ക്ഷമിക്കണമെന്നു് കർത്താവു നമ്മോടു പറയുന്നു. വിവാഹം രക്ഷിച്ചെടുക്കുവാനുള്ള ധൈര്യം നമുക്കുണ്ടാകണം. കുററം പറയുന്നതിലും സ്വയം നീതീകരിക്കുന്നതിലും അഭയം കണ്ടെത്തുവാനല്ല, പാപത്തേക്കാൾ വലുതും ശക്തിയേറിയതുമായ സ്നേഹത്തോടെ, അനുതപിക്കുന്ന പാപിയുടെ തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന ധൂർത്തപുത്രന്റെ പിതാവിനേപ്പോലെ നാം സ്നേഹിക്കണം. വിശ്വസ്തത പാലിക്കാത്തതു് പുരുഷനോ സ്ത്രീയോ ആകട്ടെ, ആ വ്യക്തി വിശ്വസ്തത പാലിക്കുന്ന ദമ്പതിക്കു ഏല്പിച്ചു കൊടുക്കപ്പെട്ടിട്ടുള്ളതാണു്, ഇഹലോകത്തിൽ ആ ഐക്യം ഒരിക്കലും സാദ്ധ്യമാകയില്ലെങ്കിൽത്തന്നെയും.

വിവാഹമോചനത്തിൽ അഭയം കണ്ടെത്താൻ ക്രിസ്ത്യാനിക്കവകാശമില്ല; അതു് വേറൊരൊററിക്കൊടുക്കലായിരിക്കും. തന്റെ പുത്രൻ എന്തു ചെയ്താലും ഒരമ്മ അവനെ സ്നേഹിക്കുന്നു. ഒരമ്മ അവരുടെ മകനിൽനിന്നും 'മോചനം' നേടുന്നില്ല. അവിശ്വസ്തനായ ഭർത്താവ് ദൈവത്തിന്റെ മുമ്പിൽ അയാളുടെ ഭാര്യയുടെ ആദ്യജാതനാണു്. അവളയാളെ സ്നേഹിക്കണം, ഒരു രോഗിയെപ്പോലെ അയാളുടെ ഹൃദയാന്തർഭാഗത്തു് ദൈവം അഭേദ്യമായ

www.malankaralibrary.com

വിധത്തിൽ കൊടുത്തിരിക്കുന്ന നിധി കാത്തു സൂക്ഷിക്കുകയും വേണം.

ഇതു് ബുദ്ധിമുട്ടുണ്ടാക്കുന്ന, ധീരമായ വാക്കുകളാണു്. അവിശ്വസ്തത അനുഭവിക്കുന്ന പുരുഷനും സ്ത്രീക്കും ദൈവം നൽകുന്നതു് സഹനത്തിന്റെ അഗാധത തന്നെയാണു്. എന്നാൽ അതാണു സുവിശേഷത്തിന്റെ വഴി. കണ്ണുനീരിൽക്കൂടിയല്ലാതെ സമാധാനത്തിലേയ്ക്കും സന്തോഷത്തിലേയ്ക്കും നയിക്കുന്ന വേറൊരു വഴിയില്ല. ഇതാണു് ''നിങ്ങളിൽ നിന്നെടുത്തുകളയുവാൻ സാധിക്കാത്ത സമാധാനം.'' ഇതാണു് അവസാനംവരെ തന്നെ സ്നേഹിക്കുന്നവർക്കു് കർത്താവു് പറഞ്ഞൊത്തിരിക്കുന്ന സമാധാനം. സ്നേഹത്തെ ഒററിക്കൊടുത്ത വ്യക്തിയുടെ രക്ഷയ്ക്കു് ഇതുപോലുള്ള സ്നേഹം എത്രമാത്രം സഹായിക്കുന്നു എന്നറിയുവാനുള്ള സന്തോഷം, സഹിക്കുന്ന ദമ്പതിക്കു് മരണസമയത്തുണ്ടാകും.

## സ്വയം മറക്കുക

എന്നാൽ കുടുംബത്തിൽ മാത്രമല്ല ഐക്യമില്ലായ്മ ബുദ്ധിമുട്ടുണ്ടാക്കുന്നതു്. നല്ല മനുഷ്യർ തമ്മിലുള്ള ധാരണയെ അതെപ്പോഴും ഭീഷണിപ്പെടുത്തുന്നു. നാം ചെയ്യുന്ന ജോലിയുമായി നമ്മുടെ അഭിമാനത്തെ താദാത്മ്യപ്പെടുത്തുവാൻ നമുക്കു തോന്നും. അധികാരംതന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണു് എന്ന കാരണത്താൽ ക്ഷമിക്കാതിരിക്കുവാനുള്ള പ്രലോഭനം നമുക്കുണ്ടാകാം. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ മുൻകൂട്ടി കണ്ടുകൊണ്ടു് എളിമയോടെ നമുക്കു് വി. ഗ്രന്ഥം തുറക്കാം. എല്ലാ പേജിലും നാം പഠിക്കും, എല്ലാത്തിനും മുമ്പായി കരുണയും ക്ഷമയുമാണു് പ്രധാനം എന്നു്.

www.malankaralibrary.com

# 16

# പ്രോത്സാഹിപ്പിക്കുവാൻ പഠിക്കുക

> "ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞതു് എൻെറ സന്തോഷം നിങ്ങളിലുണ്ടായിരിക്കുന്നതിനും ആ സന്തോഷം പൂർണ്ണമായിരിക്കുവാനുമാണു്". (ജോൺ 15:11)

കുറച്ചു മാത്രം അറിയുകയും അതിലും കുറച്ചുമാത്രം പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഒരു ക്രിസ്തീയകടമയെപ്പററി നിങ്ങളോടു സംസാരിക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്: പ്രോത്സാഹനം നൽകേണ്ടതിനെപ്പററി. വിമർശനം എന്തെങ്കിലും നന്മ ചെയ്യണമെങ്കിൽ അതു ക്രിയാത്മകമായിരിക്കണം. മെച്ചപ്പെടുവാനുള്ള പൊതുവായ പ്രയത്നത്തിൻെറ ഭാഗമായിരിക്കണമതു്. കാര്യങ്ങൾ കൂടുതൽ നന്നായി ചെയ്യുവാൻ അതു സഹായിക്കുകയും വേണം. വിമർശനം നിർബ്ബന്ധപ്രകൃത (obsession) മാകാതിരിക്കുവാൻ സൂക്ഷിക്കണം. അതു് ഉപദ്രവകരമായ ഒരു പതിവായിത്തീരാം. കരണ്ടുതിന്നുന്ന അതിൻെറ നാശഫലത്തെ എതിർക്കുവാൻ പലർക്കും കഴിയുകയില്ല.

www.malankaralibrary.com

വിമർശനത്തെ വകവെയ്ക്കാതെ മുന്നോട്ട പോകുവാനുള്ള മനസ്സും ധൈര്യവും ഉത്സാഹവും വളരെ ചുരുക്കം പേൎക്ക മാത്രമേ ഉള്ളു.

## പ്രോത്സാഹനത്തിൻെറ ആവശ്യം

എല്ലാവൎക്കും പ്രോത്സാഹനത്തിൻെറ സാധാരണ ഭാഗഭാഗിത്വം (quota) ആവശ്യമുണ്ട്. ചിലപ്പോഴെങ്കിലും സൂര്യപ്രകാശത്തിൻെറ ചില രശ്മികൾ അവൎക്ക കൂടിയേ തീരു. അർഹിക്കുന്ന ഒരു കുട്ടിയെ പ്രോത്സാഹിപ്പിക്കുമ്പോൾ കിട്ടുന്ന വിസ്മയനീയമായ ഫലത്തെപ്പററി ചിന്തിക്കുക. മറിച്ചു പ്രവൎത്തിച്ചാലുണ്ടാകുന്ന ദൂഷ്യഫലത്തെപ്പററിയും! എങ്ങനെയാണ് കുട്ടികളെ വളർത്തരുതാത്തത് എന്നറിയണമെങ്കിൽ ട്രെയിനിലോ ട്രാമിലോ സഞ്ചരിച്ചാൽ മതി. ഒരു കൊച്ചുകുട്ടി മറെറാരുത്തനെതിരായി എന്തെങ്കിലും കുസൃതി കാണിച്ചാൽ ഭീഷണികളുടെ കുത്തിയൊഴുക്ക് അവൻെറ നേരെ ഉണ്ടാകുന്നു. മിക്കവാറും ആ ഭീഷണികൾ ഗൗരവമായിട്ടെടുക്കേണ്ടവയല്ല. ആ കുട്ടി അങ്ങനെ ചെയ്യുന്നുമില്ല. അതേപ്പററി സംശയിക്കയേ വേണ്ട.

മൂന്നുനാലു വയസ്സു പ്രായമുള്ള കുട്ടികളെ ശരിയായ വിധം അനുസരിപ്പിക്കാൻ അറിയാവുന്നവർ—ആ പ്രായത്തിലും തങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കുട്ടികൾ വെമ്പുകയാണെന്നോൎക്കണം—വളരെ ചുരുക്കമൊണ്. കുറച്ചു ശാഠ്യവും ആവശ്യമെങ്കിൽ കണ്ണുനീരിൻെറ ഒരു പ്രളയവും കൊണ്ട് ആവശ്യപ്പെടുന്നതുകിട്ടുമെന്നു കുട്ടികൾക്കറിയാം. സാധാരണയായി സമാധാനത്തിനുവേണ്ടി മാതാപിതാക്കൾ അവൎക്ക വഴങ്ങുകയും ചെയ്യും. തോല്പിക്കപ്പെടുമ്പോൾ, വിവേകമില്ലാത്ത പുലമ്പലുകളിൽ മുതിൎന്നവർ ആശ്വാസം കാണുകയാണു ചെയ്യുക.

ക്രമമായ ഒരു പരിപാടി ദൃഢമായി അനുകരിക്കുകയാണ് ഇതിലും ഭേദം. ഇളം പ്രായത്തിലുള്ള, ദുർബലമായ മനസ്സുകളെ പ്രോത്സാഹനംകൊണ്ട് സഹായിക്കണം.

www.malankaralibrary.com

അവരെ ചീത്തയാക്കുന്ന എന്തെങ്കിലും വാഗ്ദാനം ചെയ്തു് പ്രോത്സാഹിപ്പിക്കണമെന്നല്ല ഞാൻ പറയുന്നതു്. മെച്ചമായി ചെയ്യുവാൻ അവരെ സഹായിക്കുന്ന ഒരുവാക്കുകൊണ്ടു്, അവർ ചെയ്യുന്ന നല്ല പ്രവൃത്തികൾ എടുത്തു കാണിച്ചുകൊണ്ടു് കൂടുതൽ നല്ല പ്രവൃത്തികൾ അവരിൽനിന്നും പ്രതീക്ഷിക്കുന്നുവെന്നു് അവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടു് അവരെ പ്രോത്സാഹിപ്പിക്കണം. അദ്ധ്യാപകരും മാതാപിതാക്കളും അല്പംകൂടി ഔദാര്യം കാണിച്ചിരുന്നുവെങ്കിൽ സ്കൂളിലും വീട്ടിലും എത്ര കുട്ടികൾ വളരെമെച്ചമായി പെരുമാറുമായിരുന്നില്ല!

ഒരൊററ മിനിട്ടുമാത്രം മതി, മറഞ്ഞുകിടക്കുന്ന ശക്തി പുറത്തു കൊണ്ടുവരുവാൻ; കൂടുതൽ അദ്ധ്വാനത്തിനു പ്രചോദനം നൽകുവാൻ; ഒരു നല്ല വാക്കു പറയുവാൻ. ഇതു ഏതു പരിശീലനത്തേയും, ഏററം ലളിതമായതിനേയും പററി വാസ്തവമാണു്. നാമെങ്ങനെയാണു് സൈക്കിൾ (ചവിട്ടുവാൻ) പഠിച്ചതു്? സീററിൽ നമ്മെ ഒരാൾ എടുത്തവരോധിച്ചതുകൊണ്ടും മുറുകെപ്പിടിച്ചിരുന്നതുകൊണ്ടും മരങ്ങളേയും പ്രതിബന്ധങ്ങളേയുംപററി വ്യഗ്രരാകേണ്ടെന്നു പറഞ്ഞതുകൊണ്ടുമല്ലേ? നമുക്കു ചെയ്യാനുണ്ടായിരുന്നതു് നേരെ മുമ്പോട്ടു നോക്കുകമാത്രമായിരുന്നു—എല്ലാം ശരിയായിരിക്കും....നാമേതാണ്ടു് നിശ്ചിത സ്ഥലത്തെത്തിക്കഴിഞ്ഞു....ഇതാ അവിടെ എത്തി.

ശിശുപരിശീലനത്തേപ്പററി വാസ്തവമായിട്ടുള്ളതു് പ്രായം ചെന്നവരേപ്പററിയും വാസ്തവമാണു്. മിക്കപ്പോഴും അവക്കു് കുട്ടികളുടെ ഹൃദയമാണുള്ളതു്. അതു പ്രകടിപ്പിക്കുവാൻ ലജ്ജയും മടിയും ഉണ്ടെന്നുമാത്രം. ലജ്ജ പൊതുവായ ഒരു വസ്തുതയാണെന്നും അതാകർഷണീയമാണെന്നും നാം ഓക്കണം. അതു് ഉത്സാഹത്തെ നശിപ്പിക്കുകയും വ്യക്തികളെ തങ്ങളിലേയ്ക്കുതന്നെ വലിയുവാൻ ഇടയാക്കുകയും ചെയ്യാതിരിക്കണമെന്നുമാത്രം. ലജ്ജാശീലരാകയാൽ തങ്ങളിലേക്കുതന്നെ തിരിഞ്ഞു്— സൂര്യപ്രകാശമേൽക്കുന്നതിനുമുമ്പു ഒരു പുഷ്പത്തിന്റെ ദളങ്ങൾ

www.malankaralibrary.com

പോലെ—ഇരിക്കുന്ന പുരുഷന്മാരും സ്ത്രീകളും നമുക്കു ചുററുമുണ്ടു് എന്നു നാം മനസ്സിലാക്കണം. നമുക്കറിയാം സൂര്യൻ പൂക്കളെ വിടർത്തുകയും, തണുപ്പും ഇരുട്ടും അവയെ അടച്ചുകളയുകയും ചെയ്യുന്നുവെന്നു്. പ്രോത്സാഹനത്തിന്റെ ഒരു വാക്കിനു് മനുഷ്യഹൃദയങ്ങളിൽ വശ്യമായ ശക്തിയുണ്ടു്. അതവരെ വികസിപ്പിക്കുന്നു; സന്തോഷിപ്പിക്കുന്നു.

## ഉപയോഗപ്പെടുത്തേണ്ട അവസരങ്ങൾ

നമ്മുടെ പ്രോത്സാഹനങ്ങളിൽ നാം വളരെ മിതത്വം പാലിക്കുന്നവരാണു്. ഇക്കാര്യത്തിൽ എല്ലാവരും തങ്ങളുടെ മനസ്സാക്ഷി പരിശോധിക്കണം. ഭർത്താക്കന്മാരേ, നിങ്ങൾക്കുവേണ്ടിയും കുട്ടികൾക്കു വേണ്ടിയും ഇടതടവില്ലാതെ ബുദ്ധിമുട്ടുന്ന നിങ്ങളുടെ ഭാര്യമാരെ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? പ്രോത്സാഹനമെന്നു പറയുമ്പോൾ നന്ദിയുടെ ഒരു വാക്കു മാത്രമല്ല ഞാനുദ്ദേശിക്കുന്നതു്. പ്രത്യുത അവർ സ്വന്തമായി എന്തെങ്കിലും ചെയ്യുകയോ പ്രത്യേകമായ ബുദ്ധിമുട്ടുകൾ സഹിക്കുകയോ ചെയ്യുമ്പോൾ ആസ്വാദനത്തിന്റെ ഒരു പ്രത്യേക ലക്ഷണം കാണിക്കുന്നതിനെപ്പററിയാണു്. പലരും അതേപ്പററി ഗൗനിക്കാറില്ല. പ്രിയപ്പെട്ടവർക്കു് തങ്ങളോടുള്ള ഉത്തരവാദിത്വത്തേപ്പററി മാത്രമേ അവർ ചിന്തിക്കുന്നുള്ളൂ. ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാരെ അവരുടെ ജോലിയിൽ പ്രോത്സാഹിപ്പിക്കേണ്ടതിനെപ്പററി നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സ്വയം മെച്ചപ്പെടുവാനുള്ള അവരുടെ പരിശ്രമത്തിനിടയിലും പ്രേഷിതത്വത്തിൽ അവർക്കുള്ള താൽപര്യത്താലും ചില അവസരങ്ങളിൽ അവരുടെ സഖിത്വംതന്നെ ലഭിക്കാതെ വന്നേക്കാം. എങ്കിലും നിങ്ങളീ കടമ നിർവ്വഹിക്കുന്നുണ്ടോ? ഓഫീസിലെ മുരടിപ്പിന്റേയും ബുദ്ധിമുട്ടിന്റേയും അനുഭവങ്ങൾക്കുശേഷം ഉല്ലാസപൂർണ്ണമായ കുടുംബാന്തരീക്ഷത്തിലേക്കു പിന്തിരിയുവാൻ, സ്വതന്ത്രരാകുവാൻ ഉള്ള ആവശ്യം അവർക്കുണ്ടു് എന്നു നിങ്ങൾ ചിന്തിക്കാറുണ്ടോ?

www.malankaralibrary.com

കുടുംബാംഗങ്ങൾ അവരിൽ കാണിക്കുന്ന വിശ്വാസത്തിൽ നിന്നുമാണ് ആ ആവശ്യം ഉണ്ടാകുന്നതുതന്നെ.

കുടുംബജീവിതത്തിൽ വാസ്തവമായ ഈ കാര്യം സമൂഹജീവിതത്തിന്റെ എല്ലാ രൂപങ്ങളിലും വാസ്തവമാണ്. ഉടമസ്ഥന്മാരും, വേലക്കാരും, മുതലാളികളും, തൊഴിലാളികളും; അധികാരികളും അധീനരും എല്ലാം സ്വന്തം മനസ്സാക്ഷി പരിശോധിക്കേണ്ടതുണ്ട്.

മനുഷ്യർ മററുള്ളവരിൽനിന്നു് ആവശ്യപ്പെടുന്നതു് പണമല്ല. തികച്ചും വ്യത്യസ്തമായ ഒന്നാണ്. പരസ്പരം കാണുമ്പോൾ അല്പസമയം നിൽക്കുവാൻ; അവരെ ശ്രദ്ധിക്കുവാൻ; അവരുടെ അസ്തിത്വത്തെപ്പററി ബോധവാന്മാരായിരിക്കുവാൻ; ആ ബോദ്ധ്യം ഇടയ്ക്കിടയ്ക്കു കാണിക്കുവാൻ; ഇതെല്ലാമാണ് അവരാഗ്രഹിക്കുന്നതു്, നിങ്ങളെ ശ്രദ്ധിക്കുവാൻ ആളുകൾ തയ്യാറാണ് എന്നതിനേക്കാൾ വലിയ പ്രോത്സാഹനമില്ല. അതുപോലെ നിങ്ങളോടു ബഹുമാനം കാണിക്കുന്നതും നിങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത അവസരത്തിൽ പ്രോത്സാഹനം നൽകുന്നതും. അതു സ്വാഭാവികമായിട്ടുള്ളതായിരിക്കണം; സാമൂഹികം മാത്രമായ ഒരു ഉപചാരച്ചടങ്ങാകരുതു് എന്നമാത്രം.

നമുക്കു ചുററുമുള്ള ആളുകളെ നാം കാണണം. നമ്മുടെ അസ്തിത്വത്തിന്റെ ഒരു ഭാഗമായിട്ടാണ് നാം അവരെ പലപ്പോഴും വീക്ഷിക്കുന്നതു്: ഒരു കസേരയോ ഘടികാരമോ അലമാരിയോ പോലെ. എന്നാൽ നാം അവരുടെ സ്ഥാനത്തു നമ്മെതന്നെ പ്രതിഷ്ഠിക്കുവാൻ നോക്കണം.

നാമിതു മുഴുവനായി മനസ്സിലാക്കിയേ പററൂ. നമുക്കു ചുററുമുള്ള ആളുകൾ വെറും യന്ത്രങ്ങളോ സാധനങ്ങളോ അല്ല. അവരുടെ അസ്തിത്വത്തെ നാമറിയണം. ചിലപ്പോഴെല്ലാം അവരെ ഗൗനിക്കണം എന്നവരാഗ്രഹിക്കുന്നു. ക്രിയാത്മകമായ പരസ്നേഹത്തിന്റെ ഒരു രൂപമാണ് പ്രോത്സാഹനം. അതുകൊണ്ടുതന്നെ ലോകത്തിൽ ചെയ്യപ്പെടുന്ന നന്മകൾക്കു് പ്രസിദ്ധീകരണം നൽകുവാൻ

www.malankaralibrary.com

എല്ലാ അവസരങ്ങളും നാം വിനിയോഗിക്കണം. കുററങ്ങളേയും കൊലപാതകങ്ങളേയും മോഷണങ്ങളേയും പററി കോളങ്ങൾതന്നെ നിറച്ച് വിശേഷങ്ങൾ നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ആത്മഹത്യയ്ക്കുള്ള പരിശ്രമിങ്ങൾ അവയ്ക്കു പുറമെ. പ്രത്യേകമായ നന്മപ്രവൃത്തികൾക്കുവേണ്ടി നിയോഗിക്കപ്പെട്ട ഒരു കോളമെങ്കിലും (ഒരാഴ്ചപ്പതിപ്പിനു വാസ്തവത്തിൽ അങ്ങനെയൊന്നുണ്ടു്) കാണുന്നതു് സന്തോഷപ്രദമായിരിക്കും. വ്യക്തിപരമായ ഭക്തിപ്രകടനങ്ങൾക്കും ധീരപ്രവൃത്തികൾക്കും പ്രാധാന്യം കൊടുക്കുകയും തങ്ങളുടെ പേരു് പ്രസിദ്ധീകരിക്കാതിരിക്കുകയും ചെയ്യുന്നവരേപ്പററിയുള്ള ലളിതമായ വിശേഷം കാണുന്നതു് മരുഭൂമിയിൽ ശുദ്ധജലം കാണുന്നതു പോലെയാണു്. തങ്ങൾ ആഗ്രഹിക്കുന്ന നന്മ ചെയ്യുന്നതിനു് അയൽക്കാരെ പ്രോത്സാഹിപ്പിക്കുവാൻ മനുഷ്യർക്ക് അറിയാമായിരുന്നെങ്കിൽ, അവരെ മെച്ചപ്പെടുത്തുകയും പ്രവത്തനോന്മുഖരാക്കുകയും ചെയ്യുന്നതിനു പററിയ ഒരു വാക്കു കൃത്യസമയത്തു പറയുവാൻ അവർക്കറിയാമായിരുന്നെങ്കിൽ ലോകം ഇന്നത്തേതിലും വളരെ മെച്ചപ്പെട്ട സ്ഥലമായിരുന്നേനേ.

ക്രിസ്തീയ ഉപവി സ്വീകരിക്കുന്ന ഒരു രൂപം പ്രോത്സാഹനമെന്ന കലയാണു്. എല്ലാവർക്കും സാധിക്കുന്ന കലയാണതു്. നമുക്കു ചെയ്യുവാനുള്ളതു് നമ്മുടെ കണ്ണും കാതും തുറക്കുകയും തുറന്ന ഒരു ഹൃദയമുണ്ടായിരിക്കുകയുമാണു്.

www.malankaralibrary.com

## 17

# വിശ്രമിക്കുവാൻ പഠിക്കുക

"വിജനമായ ഒരു സ്ഥലത്തേക്കു വരുവിൻ;
അല്പം വിശ്രമിക്കാം." (മർക്കോസ് 6:31)

## ആവശ്യമായ വിശ്രമം

ആധുനിക ജീവിതത്തിൽ വളരെയധികം പിരിമുറുക്കം അനുഭവപ്പെടുന്നുണ്ട്. ഞരമ്പുകൾ വലിഞ്ഞിറുങ്ങുന്നു. ജീവിതചലനം വളരെ വേഗത്തിലാണ്. എത്ര വലിയ ബുദ്ധിമുട്ടാണെങ്കിലും ,ആവശ്യമുള്ളപ്പോൾ ഒന്നു നിന്ന് ശാന്തമായി ശ്വസിക്കാൻ നാം പഠിക്കണം. ആവശ്യമായ ഉല്ലാസത്തിന്റെ പ്രശ്നം മനുഷ്യൻ പരിഹരിക്കുന്നത് കൂടുതൽ വാരാന്ത്യങ്ങളും (week-ends) ഒഴിവുദിവസങ്ങളും വഴിയാകുന്നു. അതു വരാൻ പോകുന്ന ഒരു പടിയാണ്. എന്നാൽ വിശ്രമിക്കുവാനും ഉല്ലാസങ്ങളാൽ നമ്മുടെ സമനില തെറ്റാതിരിക്കുവാനും വിശ്രമവും ജോലിയും ഉല്ലാസവും ആവശ്യമായ രീതിയിൽ എങ്ങനെ ക്രമീകരി

www.malankaralibrary.com

ക്കണം എന്നറിയുവാനും നാം പഠിക്കണം. വിശ്രമം ആശ്വാസപ്രദമായിരിക്കണം. ഉല്ലാസം ആ വാക്കു് സൂചിപ്പിക്കുന്നപോലെ, ശ്രമഹരണം ഉണ്ടാക്കുന്നതിനും നമുക്കു പുതിയ ജീവനും പുതിയ ആരംഭവും തരുന്നതിനും സഹായിക്കണം. എന്നാൽ നാം അതിൽനിന്നും വളരെ അകലെയാണു്. എന്തുമാത്രം വിനോദയാത്രക്കാരാണു് ഇതറിയാതെ ഓടിപ്പിടിച്ചു യാത്ര ചെയ്യുന്നതു്! അവർ മൈലുകൾ തന്നെ സഞ്ചരിക്കുന്നു; ഗ്രാമപ്രദേശങ്ങൾ പിന്നിടുന്നു. ഒന്നും കാണുന്നില്ലെന്നുതന്നെയല്ല, ആരംഭിച്ചതിൽ കൂടുതൽ പരിക്ഷീണിതരായി തിരിച്ചുവരികയും ചെയ്യുന്നു. ഇതു ടൂറിസത്തെ മാത്രമല്ല ബാധിക്കുന്നതു്. സിനിമയേയും ടെലിവിഷനേയും സംബന്ധിച്ചും വാസ്തവമാണു്. കൂടുതൽ നന്നായി ജോലി ചെയ്യുന്നതിനുവേണ്ടി വിശ്രമിക്കുവാൻ നാം പഠിക്കുന്നില്ലെങ്കിൽ, വായനയെ സംബന്ധിച്ചു അതു് വാസ്തവമായിരിക്കും.

ഈ കല അഭ്യസിക്കണമെങ്കിൽ, ജീവിതം പ്രദാനം ചെയ്യുന്ന ചെറിയ അവസരങ്ങൾ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ പഠിക്കുകയും ഹൃദയത്തിൽ കുട്ടികളേപ്പോലെ ആവുകയും വേണം. വളരെ സാന്ദ്രമായ, തിരക്കുള്ള വിധം—സമയമുണ്ടാകുവാൻ സമയമില്ലാത്തവിധം—നാം ജീവിക്കരുതു്. വ്യഗ്രതയില്ലാതിരിക്കുമ്പോൾ—ശരിയായി വിശ്രമിക്കുമ്പോൾ—മററുള്ളവർക്കു നമ്മെ സമീപിക്കുവാൻ സാധിക്കുന്ന ഒരവസ്ഥയിലാണു് നാം എന്നോർക്കണം.

## കുടുംബത്തിൽ വിശ്രമിക്കുക

മാതാപിതാക്കളേ, ദിവസത്തിലെ ജോലിത്തിരക്കുകൾക്കിടയിൽ നിങ്ങളോടുതന്നെ ചോദിക്കണം. നിങ്ങളുടെ കുട്ടികൾ, പ്രത്യേകിച്ചു് മുതിർന്നവർ, നിങ്ങളുടെ അടുക്കൽ വരത്തക്കവിധമാണോ നിങ്ങളുടെ പെരുമാററം എന്നു്. മററുള്ളവർക്കുവേണ്ടി ചെലവഴിക്കുവാൻ സമയമില്ലാത്തവിധം നമ്മുടെ ജോലികളിൽ വ്യാപൃതരാകുന്ന ഒരു സ്ഥിതിയിലാവുക വളരെ എളുപ്പമാണു്. ഇരുന്ന

www.malankaralibrary.com

ശ്രദ്ധിക്കേണ്ട അവസരങ്ങളിൽ നാം ഓടിനടന്നു് പല കാര്യങ്ങളിൽ വ്യഗ്രരാകുന്നു. നിശ്ശബ്ദതയിൽ വെറുതെ ഒന്നിച്ചിരിക്കത്തക്കവിധം അന്തരീക്ഷം ആത്മാർത്ഥമാകുമ്പോഴും ഇതു സംഭവിക്കാറുണ്ടു്. വളരെ കാര്യങ്ങൾക്കു് ശരിയായ ഒരന്തരീക്ഷം ആവശ്യമുണ്ടു്; പദാൻപദമായ സാവധാനത്തിലുള്ള സമീപനവും.

സമയവുമായി ബന്ധപ്പെടുത്താതെ ചെയ്യുന്ന ഒന്നിനോടും സമയത്തിനു (കാലത്തിനു്) ബഹുമാനമില്ല എന്നു പറയാറുണ്ടു്. പൂവിരിയുന്നതിനും ചോളം വിളയുന്നതിനും സമയം ആവശ്യമാണു്. നമ്മുടെ കുടുംബജീവിതം വളരെ ധൃതിയുള്ളതാണു്. പലപ്പോഴും കുടുംബം ഒരുതരം ബോർഡിംഗ് കെട്ടിടമാകുന്നു; ഒരു നാല്ക്കവല. അവിടെ നിന്നും ഓരോരുത്തർ ഓരോ കാര്യത്തിനും പോകുന്നുണ്ടു്. അവിടെ നാം മററുള്ളവരെ കടന്നുപോകുന്നു. നാം ഒന്നിച്ചു ജീവിക്കുന്നില്ല, ശ്വസിക്കുന്നില്ല. ഈ പറഞ്ഞതെല്ലാം ഹൃദയത്തിന്റേയും മനസ്സിന്റേയും ഐക്യം സാധിക്കുന്നതിനു് വളരെയധികം സഹായിക്കുന്നവയാണുതാനും. നമ്മുടെ വീടുകളിൽ ചെറിയൊരുല്ലാസമെങ്കിലും പൊതുവായി ഉണ്ടായിരിക്കണം; നമുക്കൊന്നിച്ചു ചെയ്യാവുന്ന എന്തെങ്കിലുമുണ്ടാകണം. വൈകുന്നേരം കുടുംബപ്രാത്ഥനയ്ക്കു് പൊതുവായ സമയം നാം കണ്ടുപിടിക്കണം. കുടുംബജപമാല എന്തൊരനുഗ്രഹമാണു്; ജപമാലമണികൾ ചേർത്തു കെട്ടിയിരിക്കുന്നതിൽ ഗാഢമായി 'നന്മനിറഞ്ഞമറിയ'ങ്ങൾ വ്യക്തികളെ ഒന്നിച്ചു ബന്ധിക്കുന്നു. പ്രാത്ഥന ബന്ധമാണു്, ശൃംഖലയാണു്, ഐക്യമാണു്.

ഭർത്താവും ഭാര്യയും ഒരേ പുസ്തകം വായിക്കുകയും പരസ്പരം അതേപ്പററി അഭിപ്രായം കൈമാറുകയും ചെയ്യുന്ന കുടുംബം സന്തോഷമുള്ളതാണു്. നശിച്ചുപോകുന്ന ആഹാരം മാത്രമല്ല, സന്തോഷങ്ങളും സങ്കടങ്ങളും താല്പര്യങ്ങളും ഒന്നിച്ചു പങ്കുപററുന്ന കുടുംബം സന്തോഷിക്കുന്നു. ഉല്ലാസങ്ങൾ ആസ്വദിക്കണമെങ്കിൽ അവ വിലയുള്ള (ചെലവുള്ള) വയായിരിക്കണം എന്നു നമുക്കൊരു ചിന്തയുണ്ടു്. എത്ര തവണ ധനവാന്റെ കുട്ടി അവന്റെ വിലപ്പെട്ട

www.malankaralibrary.com

കളിക്കോപ്പുകളുടെ മദ്ധ്യേ സന്തോഷരഹിതനാണ്. എത്ര തവണ ദരിദ്രരുടെ കുട്ടികൾ അവരുടെ കാററാടികളും മരപ്പാവകളുമായി സന്തോഷവാന്മാരായി കഴിയുന്നു. സന്തോഷത്തിനുള്ള താക്കോൽ നമ്മിൽ തന്നെയാണ്. നമ്മുടെ ഹൃദയംകൊണ്ടു മാത്രമേ സന്തോഷം അളക്കാനാവൂ.

## ക്രിസ്തുനാഥന്റെ മാതൃക

സമയം കണ്ടുപിടിക്കുവാൻ നാം പഠിക്കണം; വീണ്ടും പഠിക്കണം. നമ്മുടെ കത്താവാഗ്രഹിച്ചില്ല, അവിടുത്തെ ശിഷ്യന്മാർ വ്യഗ്രതയിൽ ജീവിക്കണമെന്ന്. ശാന്തമായ ഒരു സ്ഥലത്തേയ്ക്കു വരുവാൻ അവിടുന്നവരോടാവശ്യപ്പെട്ടു. അവരുടെ അപ്പസ്തോലിക ദൗത്യങ്ങൾ അവസാനിച്ചപ്പോൾ ഒരു ദിവസം അവിടുന്നവരോടു പറഞ്ഞു: ''അല്പം വിശ്രമിക്കുവിൻ''. ഏകാന്തതയിലും വിജനപ്രദേശത്തും തന്നെത്തന്നെയും തന്റെ ദൗത്യവും അവിടുന്നവർക്കു വെളിപ്പെടുത്തി. സമയം കണ്ടെത്തുന്നതിലും ക്രമാനുസൃതമായ സമീപനം സ്വീകരിക്കുന്നതിലും കത്താവു വളരെയധികം ശ്രദ്ധവച്ചു. എത്ര തവണ അവിടുന്ന് അപ്പസ്തോലന്മാരോടു പറഞ്ഞു: ''ഞാൻ ചെയ്യുന്നതെന്തെന്നു ഇപ്പോൾ നിങ്ങൾ അറിയുകയില്ല, പിന്നീടു മനസ്സിലാകും'', അല്ലെങ്കിൽ ''എന്റെ സമയം'', ''സമയമാകുന്നു'' എന്നെല്ലാം.

## ഇരുന്നു ചെയ്യുവാനുള്ള കടമ

നമുക്കു് വിശ്രമമാവശ്യമാണ്. സാധാരണ അത്ഥത്തിലുള്ള വിശ്രമവും ദൈവത്തിലുള്ള വിശ്രമവും. ദൈവത്തിനു ഒരു സ്ഥാനം നാം കണ്ടുപിടിക്കണം, ജീവിതത്തിലെ അനുദിനബദ്ധപ്പാടിലും. വ്യക്തിപരമായ പ്രാത്ഥനയ്ക്കു്, സാവധാനത്തിലുള്ള, ധ്യാനനിരതമായ വായനയ്ക്കുള്ള സമയം. ഈ ''പ്രാണവായു'' നമുക്കാവശ്യമാണ്. ഇതു സുഖലോലുപതയല്ല. ഒരു അത്യാവശ്യമാണ്. അനുദിന ജീവിതത്തിലെ അനുപേക്ഷണീയമായ

www.malankaralibrary.com

ജോലികൾക്കായി പോകുന്നതിനുമുമ്പ്, മറിയത്തെപ്പോലെ കർത്താവിന്റെ പാദാന്തികത്തിലിരിക്കുന്നതു നല്ലതാണ്. ജോലിയുടെ മദ്ധ്യത്തിൽ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിനായി നാം തുറന്നുവയ്ക്കണം. സ്വർഗ്ഗത്തിലേക്ക് ഒരു ജനൽ തുറന്നിട്ടിട്ടുണ്ടെങ്കിൽ അതാതിന്റെ സ്ഥാനത്തു കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ അതു വളരെ സഹായിക്കും.

ഇടയ്ക്കിടയ്ക്ക് നാമൊന്നു നിൽക്കണം. ഒരു കാര്യം താമസിച്ചു ചെയ്യുന്നതിലും നല്ലതു് അതു് കഴിയുന്നതും നേരത്തെ ചെയ്യുകയാണ്. നല്ലതും ആരോഗ്യകരവുമായ ഉല്ലാസങ്ങൾ കണ്ടുപിടിക്കുവാൻ ക്രിസ്ത്യാനി ബുദ്ധിമുട്ടണം. ഉല്ലാസത്തിന്റെ ലോകം ക്രിസ്തീയമാക്കാനുള്ള കടമ അവനുണ്ട്. ഉല്ലാസത്തിനു പോകുന്നതും നൃത്തം ചെയ്യുന്നതുമെല്ലാം ക്രിസ്തീയമായ വിധത്തിൽ ചെയ്യുവാൻ സാധിക്കും. നാം പ്രഖ്യാപിക്കേണ്ട ഒരു ജീവിതവീക്ഷണമുണ്ട്; നമുക്കു സ്വീകാര്യമല്ലാത്തതും സമ്മതിച്ചുകൊടുക്കുവാൻ പാടില്ലാത്തതുമായ ജീവിതവീക്ഷണങ്ങളുമുണ്ട്. ക്രിസ്തീയ മാതാപിതാക്കളേ, സാന്മാർഗ്ഗികമായ അന്തരീക്ഷമല്ലെന്നു സംശയിക്കുന്ന സ്ഥലങ്ങളിൽ കൂട്ടുകാരൊത്തു പോകുവാൻ മക്കളെ അനുവദിച്ചുകൊണ്ട് അവരെ നിങ്ങൾ അപകടത്തിലാക്കരുതു്. ആനുകാലികമാകുന്നതിനുവേണ്ടി എല്ലാം കാണുന്നതിനും എല്ലാം വായിക്കുന്നതിനും നിങ്ങളുടെ കുട്ടികൾ ആവശ്യപ്പെടുമ്പോൾ ആ സമ്മർദ്ദത്തിനു നിങ്ങൾ വഴങ്ങരുതു്.

സാങ്കേതികമായ പുരോഗമനം. വർദ്ധിക്കുന്നതോടുകൂടി വിശ്രമത്തിന്റെ വിസ്തൃതമായ തുറയും വ്യാപകമാകും. ഇവിടെ ക്രിസ്തീയസ്വാധീനത്തിനു വളരെയധികം ചെയ്യുവാൻ കഴിയും. അതീതകാലങ്ങളിൽ നമ്മുടെ നിഷേധാത്മകമായ ചിന്താഗതി മൂലം നാം പാപം ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്നും യാതൊരു ഭാഗഭാഗിത്വവുമില്ലാതെ മററുള്ളവരെ കുററപ്പെടുത്തിക്കൊണ്ട് നാം പലപ്പോഴും തൃപ്തിപ്പെട്ടിട്ടുണ്ട്. രൂപംകൊള്ളുന്ന ഈ ലോകത്തെ നാം അവഗണിക്കരുതു്. പുതിയ തലമുറ

www.malankaralibrary.com

യുടെ ജീവിതസരണി അവിടെ ത്രാസ്സിൽ തൂങ്ങുകയാണു്. ചെറുപ്പക്കാരെ കുററം വിധിക്കാതെ, ആരോഗ്യപരവും നല്ലതുമായ അവരുടെ വിശ്വാസത്തേയും ഹൃദയത്തേയും ആത്മാക്കളേയും, ബഹുമാനിക്കുന്ന ഉല്ലാസമൂറകരം കണ്ടു പിടിക്കുവിൻ.

ലോകത്തിലെല്ലായിടത്തും ബീററ്നിക്കുകളുടേയും ഹിപ്പികളുടേയും പെരുമാററത്തെപ്പററി ആവലാതിയുണ്ടു്. ഇന്നത്തെ ചെറുപ്പക്കാർക്കു് പല കാരണങ്ങളാലും ആന്തരികമായ ഒരുറപ്പു തോന്നുന്നില്ല. തന്മൂലം ചീത്തയായോ ബുദ്ധിഹീനമായോ പ്രവർത്തിച്ചുകൊണ്ടു് തങ്ങളുടെ ക്ലേശങ്ങരം മറക്കുവാൻ അവർ പരിശ്രമിക്കുകയാണു്.

## ഞായറാഴ്ച വിശ്രമം

നമുക്കു നമ്മുടെ ശ്വാസം തിരിയെ കിട്ടണം. അതുകൊണ്ടാണു് ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കണമെന്നു് തിരുസ്സഭ ഇത്ര നിഷ്കർഷിക്കുന്നതു്. പൊതുവായ ആരാധനയ്ക്കുള്ള ദിവസമാണതു്. അതുപോലെ വിശ്റമത്തിനുള്ള ഒരു ദിവസം. അതു് ആഴ്ചയിലെ ഏററം ബഹളം പിടിച്ച ദിവസമാക്കാതിരിക്കുവാൻ നമുക്കു പരിശ്റമിക്കാം. ധ്യാനത്തിനു സമാനമായ വിശ്റമത്താൽ, ശൂന്യമല്ലാത്തതും ക്രിയാത്മകവുമായ വിശ്റമത്താൽ മററുദിവസങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കണം ഞായറാഴ്ച. ഞായറാഴ്ചദിവസം നമ്മുടെ ഏററം നല്ല വസ്ത്രങ്ങളണിഞ്ഞു് നാം പുറത്തിറങ്ങുമ്പോരം, മറെറല്ലാ ദിവസങ്ങളേക്കാരം കൂടുതലായി അന്നു് ഒരു പുതിയ ഹൃദയം നമുക്കുണ്ടാകണം; അല്ലെങ്കിൽ നവീകരിക്കപ്പെട്ട ഒരു ഹൃദയമെങ്കിലും. നാം നമ്മുടെ ജോലിയിൽ നിന്നും നമ്മെത്തന്നെ സ്വതന്ത്രമാക്കണം. അതു്, കൂടുതൽ ആവശ്യമായ കാര്യത്തിനു നമ്മെത്തന്നെ സമർപ്പിക്കുവാൻ വേണ്ടി ആയിരിക്കണമെന്നു മാത്രം. ഉന്നതമായ ഒരു കൊടുമുടിയിലെത്തിയിരിക്കുന്ന ആൽപ്സ് ആരോഹണക്കാരനേപ്പോലെ ഒരു നിമിഷത്തേക്കു ഒന്നു ശ്വസിക്കു

www.malankaralibrary.com

ന്നതിനും കാഴ്ചകൾ ആസ്വദിക്കുന്നതിനും നമ്മുടെ പുപ്പുകൾ (lungs) ശുദ്ധവായുവിനാൽ നിറയ്ക്കുന്നതിനും നാം നില്ക്കണം. എന്നിട്ട് അടുത്ത കൊടുമുടിയിലേയ്ക്ക് പോകണം. നമ്മുടെ യാത്ര കുറച്ചുകൂടി ഉറച്ച ചുവടുകളോടുകൂടി തുടങ്ങുവാൻ ഞായറാഴ്ചദിവസം നാം വിശ്രമിച്ചേ മതിയാവൂ. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ കാണുന്നതുവരെ ആകാശത്തിൽ സൂക്ഷിച്ചുനോക്കാൻ നാം മടിക്കരുത്. എങ്ങോട്ടാണു പോകുന്നതെന്നറിയുകയും ഉറച്ച പാദങ്ങളോടെ ഓരോ ചുവടും വയ്ക്കുകയും ചെയ്യുമ്പോൾ സുഗമമായി മുന്നോട്ടു പോകാൻ നമുക്കു കഴിയും. ജീവിക്കുവാൻ കൊള്ളാവുന്ന ഒരു സ്ഥലമായി ഈ ലോകം കാണുവാനും സംഗതികൾ അതാതിന്റെ സ്ഥാനങ്ങളിൽ ആയിരിക്കുവാനും നാം ആഗ്രഹിക്കുന്നുവെങ്കിൽ സ്വർഗ്ഗോന്മുഖമായ ചിന്തകളോടുകൂടിയ വിശ്രമം നമുക്ക് ഒരിക്കലും ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

www.malankaralibrary.com

# 18

## മനുഷ്യനേപ്പോലെ
## സ്നേഹിക്കുവാൻ പഠിക്കുക

"ഞാൻ നീങ്ങൾക്ക തരുന്ന നിർദ്ദേശം
ഇതാണു്, നീങ്ങൾ അന്യോന്യം സ്നേഹി
ക്കണം". (ജോൺ 15:17)

ഉപവിയുടെ വിപ്ലവകരമായ ശക്തിയെപ്പററി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉപവിയെ വലത്തും ഇടത്തും ഭാഗത്തുള്ള പ്രസിദ്ധീകരണങ്ങൾ വളരെ മോശമായ രീതിയിലാണു് കണക്കിലെടുക്കുന്നതു്.

### ഉപവി: പുരുഷത്വമുള്ള ഗുണം

വർഗ്ഗീയസംരംഭങ്ങളും അവയുടെ കുപ്രസിദ്ധ പ്രവാചകനായ റോസൻബർഗ്ഗും പറഞ്ഞ കാര്യങ്ങൾ വലത്ത

www.malankaralibrary.com

ന്മാരുടെ ചിന്താഗതി കാണിക്കുന്നു; "ഉപവി കിഴക്കു നിന്നുമാണു് വന്നതു്. അതു മനുഷ്യനു ചേർന്നതല്ല" എന്നയാരം അഭിപ്രായപ്പെട്ടു. "നമ്മുടെ കാലാവസ്ഥയിൽ വളരാനാവാത്ത ഉഷ്ണമേഖലയിലെ ഒരു ചെടിയാണതു്. കിഴക്കുള്ള നിരുന്മേഷത്തിന്റേയും ജീവിക്കാനുള്ള ഭയത്തിന്റേയും ഫലമാണതു്. അതു് സ്ത്രൈണമാണു്; തരംതാഴ്ത്തുന്നതാണു്; ഹീനമാണു്; അതു് സ്വയം നിഷേധവും ഭീരുത്വവും ദ്രോഹവുമാണു്. അതിനു ക്രിസ്തുമതത്തിലുള്ള സ്വാധീനം ഇല്ലാതാക്കണം. ശക്തനായ ഒരു മനുഷ്യനെന്നതൊഴിച്ചാൽ ക്രിസ്തു സ്വീകാര്യനല്ലായിരുന്നു. നാണയമാററക്കാരെ ദേവാലയത്തിൽനിന്നും അടിച്ചോടിച്ച ക്രിസ്തുവിനെ സ്വീകരിക്കാം. സുവിശേഷഭാഗ്യങ്ങൾ പ്രഖ്യാപിച്ച ക്രിസ്തുവിനേയും തന്റെ ഘാതകർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് കുരിശിൽ മരിച്ച ക്രിസ്തുവിനേയും സ്വീകരിക്ക വയ്യ".

ഇതിനുത്തരം പറയേണ്ട ആവശ്യമുണ്ടോ? ഈ തരം തിരിവിനേക്കാൾ വലിയ കൃത്രിമത്വമില്ല; ക്രിസ്തുമതം അങ്ങനെയുള്ള തരംതിരിവിനെ എതിർക്കുന്നു. ഞാൻ പറയുന്നതു് സാക്ഷാത്തായ ക്രിസ്തുമതത്തേപ്പററിയാണു്. കാരണം, ഏററം വലിയ പ്രവർത്തനരാഹിത്യം ക്രിസ്തീയ മണ്ണിൽ വളർത്തിയെടുക്കുവാനുള്ള സംരംഭങ്ങളും ഇടയ്ക്കിടയ്ക്കു നടക്കാറുണ്ടു്. വൈകാരികവും നിരാശാജനകവുമായ, മനുഷ്യത്വമില്ലാത്ത സ്നേഹത്തിന്റെ രൂപമാണു് സുവിശേഷോപവിയുടെ ബാനറിൽ അവർ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നതു്. സന്ദർഭത്തിൽ നിന്നും മാറി കർത്താവിന്റെ ഒരു വാചകം അവരുദ്ധരിക്കുന്നു. "നിന്നെ ഒരു മനുഷ്യൻ കരണത്തടിച്ചാൽ മറേറ കരണവും കാണിച്ചുകൊടുക്കുക. ഒരു മനുഷ്യൻ നിന്റെ മേലങ്കി എടുക്കാനാഗ്രഹിക്കുന്നെങ്കിൽ അവനു നിന്റെ കുപ്പായവും കൊടുക്കുക. ചോദിക്കുന്ന ഏവനും കൊടുക്കുക; ആരെങ്കിലും നിന്റേതായതു എടുക്കുന്നുവെങ്കിൽ അതു തിരിച്ചുതരുവാൻ അവരോടു് ആവശ്യപ്പെടരുതു്". (ലൂക്കു് 6:29_30)

www.malankaralibrary.com

എന്നാൽ ഇതിൻെറയത്ഥം ക്രിസ്തീയപൂണ്ണത സ്വന്ത അവകാശങ്ങളെ സംരക്ഷിക്കുവാൻവേണ്ടിപ്പോലും മൃഗീയ ത്വത്തിനെതിരായി പ്രവർത്തിക്കുകയില്ലെന്നാണോ? അല്ല. വിശുദ്ധലിഖിതം ശ്രദ്ധാപൂവ്വം വായിച്ചാൽ മതി, എങ്ങനെയാണു് ക്രിസ്തുവും അവിടുത്തെ ശിഷ്യന്മാരും ഈ കല്പന ഗ്രഹിച്ചതെന്നു മനസ്സിലാക്കുവാൻ.

പ്രധാന പുരോഹിതൻെറ പരിചാരകൻ അവിടുത്തെ അടിച്ചപ്പോഠം ക്രിസ്തുനാഥൻ മറേറ കരണവും കാണിച്ചുകൊടുക്കുകയല്ല, അയാളോടു ചോദിക്കുകയാണു ചെയ്തതു്: ''ഞാൻ പറഞ്ഞതിൽ തെററുണ്ടെങ്കിൽ അതെന്താണെന്നു പറയുക. തെററില്ലെങ്കിൽ നീ എന്തിനാണെന്നെ അടിക്കുന്നതു്?''. (ജോൺ 18:22)

വി. പൗലോസിനു് അനനിയാസിൻെറ ന്യായാസനത്തിങ്കൽ നില്ക്കേണ്ടിവന്നു. പ്രധാന പുരോഹിതൻ പരിചാരകനാജ്ഞ നൽകി, പൗലോസിൻെറ മുഖത്തടിക്കുവാൻ. പൗലോസവനോടു പറഞ്ഞു: ''ദൈവമാണു് നിന്നെ അടിക്കാൻ പോകുന്നതു്. വെള്ള പൂശിയ മതിലാണു നീ. നിയമത്തിനനുസൃതമായി എന്നെ വിധിക്കുവാൻ ആജ്ഞാപിച്ചുകൊണ്ടു് നീ നിയമം ലംഘിക്കുകയോ?'' (നടപടി 23:3).

പൗലോസിനു സുവിശേഷം മനസ്സിലായില്ലെന്നോ, ക്രിസ്തു തൻെറ പഠനത്തിനെതിരായി പ്രവത്തിച്ചുവെന്നോ ആരെങ്കിലും പറയുമോ?

ഇല്ല. ഇവിടെ ക്രിസ്തുനാഥൻ പഠിപ്പിക്കുന്ന പാഠം ഇതാണു്. നമ്മുടെ അവകാശങ്ങഠം–വ്യക്തിപരവും മററുള്ളവക്കു കൊടുക്കാവുന്നതുമായ അവകാശങ്ങഠം– സംരക്ഷിക്കുവാൻ നാം വലിയ ഒച്ചപ്പാടൊന്നും ഉണ്ടാക്കേണ്ട. നമുക്കു് ഏല്പിച്ചുതന്നിരിക്കുന്ന പരിശുദ്ധമായ അവകാശങ്ങളുമായി അവയ്ക്കു വലിയ ബന്ധമൊന്നുമില്ല. പരിശുദ്ധമായവ നാം സംരക്ഷിക്കണം.

www.malankaralibrary.com

മിതത്വമുള്ള കടലാസുരൂപങ്ങളും കേ്താഭാസങ്ങളും സാക്ഷാത്തായ ഉപവിയിൽനിന്നും വ്യത്യസ്തമാണ്. ശക്തിയും തന്റേടവുമാണ് ഉപവിയുടെ അസ്ഥിവാരം. അതു ശക്തവും പുരുഷത്വമുള്ളതുമായ ഒരു പുണ്യമാണ്.

ഞാൻ പറയാൻ പോകുന്നതു് ഈ ഉപവിയെപ്പററിയാണ്.

## ഉപവി: പരിപൂർണ്ണമായ പുണ്യം

ഉപവിയെ ആധുനികചിന്തകരായ ഇടത്തന്മാരും ശക്തിയായിത്തന്നെ വിമർശിച്ചിട്ടുണ്ട്. ആദ്യമായി അതു ധർമ്മദാനമായി (ഭിക്ഷകൊടുക്കുന്നതു്) തെററിദ്ധരിക്കുന്നു. എന്നാൽ അതു ധർമ്മദാനമല്ല. ക്രിസ്തീയ ഉപവി–അതിനെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നതു്–ഒരു വിധത്തിലും ധർമ്മദാനമായി വിവക്ഷിച്ചുകൂടാ. അതിനതിന്റേതായ മഹത്വമുണ്ടു്, അതിന്റെ സ്ഥാനവും നിലയുമനുസരിച്ചു്. ഉപവി സ്വീകരിക്കുന്ന പല രൂപങ്ങളിൽ ഒന്നുമാത്രമാണ് ധർമ്മദാനം. ദാനധർമ്മം (ധർമ്മദാനം) അതിന്റെ ഒരു പ്രതിഫലനം–ചില പ്രത്യേക അവസരങ്ങളിൽ അതെടുക്കുന്ന ഒരു രൂപം–മാത്രം. എന്നാൽ അതു ദൈവികപുണ്യമായ ഉപവിയുടെ മണ്ഡലത്തിൽ ഒന്നല്ല.

'ശരിയാണ്, ഉപവി ദാനധർമ്മമല്ല; എങ്കിലും അതു് നീതിയുടെ വേറൊരു രൂപമാണ്' എന്നു ചിലർ പറയും. നീതിയിലാണ്. ഉപവിയിലല്ല നാം മനുഷ്യസമൂഹം പടുത്തുയർത്തേണ്ടതു്.

ഉപവി നീതിയുടെ വേറൊരു രൂപമായിരുന്നെങ്കിൽ ഉപവിക്കുവേണ്ടിയെന്നതിനേക്കാൾ, നീതിക്കുവേണ്ടി എന്റെ വോട്ടു ഞാൻ രേഖപ്പെടുത്തുമായിരുന്നു.

മനുഷ്യൻ മനുഷ്യനായി സ്നേഹിക്കപ്പെടണമെങ്കിൽ അവന്റെയവകാശങ്ങൾ ആദരിക്കപ്പെടണം എന്നുള്ളതു് വാസ്തവമാണ്. മനുഷ്യസമുദായം പടുത്തുയർത്തേണ്ടതു് മനുഷ്യ മഹത്വത്തോടുള്ള ബഹുമാനത്തിലാണ്. ഈ

www.malankaralibrary.com

ബഹുമാനം, ഒരു പിതാവിന്റെ മക്കളെന്ന നിലയിലുള്ള സാഹോദര്യവും സമത്വവും ആവശ്യപ്പെടുന്നു. സാമൂഹിക പുരോഗതിക്കും താഴേക്കിടയിലുള്ളവരുടെ നന്മയ്ക്കും വേണ്ടിയുള്ള തീവ്രമായ പ്രയത്നവും അതാവശ്യപ്പെടുന്നു. എന്നാൽ അതേപ്പററിയല്ല നാം പറയുന്നത്.

## നീതിയും സ്നേഹവും

സ്നേഹത്തിനു പകരം നീതി തെരഞ്ഞെടുക്കേണ്ട ഒരവസരവുമില്ല. അത്രപോലുമില്ല നീതിക്കു പകരം സ്നേഹം തെരഞ്ഞെടുക്കേണ്ട അവസരം. കാരണം, നാം വിവക്ഷിക്കുന്ന ക്രിസ്തീയസ്നേഹം മനുഷ്യനീതിയുടെ കേന്ദ്രഭാഗത്താണ്.

ഒരു ഫ്രഞ്ചുസാത്വികൻ ഉപവിയെ ഇങ്ങനെ ഭംഗിയായി നിർവ്വചിച്ചിട്ടുണ്ട്: ''മററൊരാളുടെ അസ്തിത്വത്തോടുള്ള അവിഭക്തമായ ശ്രദ്ധ''.

വളരെ കുറച്ചുപേർ മാത്രമേ മററുള്ളവരുടെ അസ്തിത്വത്തിൽ ഇത്തരമൊരു ശ്രദ്ധ ചെലുത്തുന്നുള്ളു. ചുരുക്കംപേർ മാത്രമേ വാസ്തവത്തിൽ വിചാരിക്കുന്നുള്ളു, തങ്ങളുടെ അയൽക്കാർ ജീവിക്കുന്നുണ്ടെന്ന്. എന്നാൽ അതാണ് ഉപവിയെങ്കിൽ, അതിന്റെ ആദ്യത്തെ പടവിയിൽത്തന്നെ, അടിസ്ഥാനമേഖലയിൽ എന്റെ അയൽക്കാരന്റെ അവകാശങ്ങളെ ബഹുമാനിക്കുമ്പോഠം, അയാളിൽ ഞാൻ കാണിക്കുന്ന ശ്രദ്ധയും ഉഠംക്കൊള്ളുന്നു. നീതിയെന്ന പുണ്യം (സ്വാഭാവിക ചാച്ചിലെന്നു ഞാൻ പറയുന്നില്ല) ആദ്യമായി സ്നേഹത്തിൽനിന്നാണ് വരുന്നത്. മനുഷ്യർ തമ്മിൽ ആരംഭത്തിലുണ്ടായിരുന്ന ബന്ധം ശരിപ്പെടുത്തുവാൻ പരിശ്രമിക്കുകയും എന്റെയും നിങ്ങളുടെയും അവകാശങ്ങഠം വ്യക്തമായി കാണുകയും ചെയ്യുമ്പോഠം സ്നേഹം സ്വീകരിക്കുന്ന രൂപമാണത്. സമൂഹം ജോലി ചെയ്യേണ്ടിവരുമ്പോഠം ഓരോരുത്തർക്കും സ്നേഹം നിശ്ചയിച്ചു കൊടുക്കുന്ന ഏററം കുറഞ്ഞ പ്രതിഫലമാണത്.

www.malankaralibrary.com

ഒരു കാര്യം തീർച്ച. നീതികൊണ്ടുമാത്രം ഭരിക്കപ്പെടുന്ന ഒരു സമൂഹം പട്ടാളക്യാമ്പുപോലെ ആയിരിക്കും. ബസ്സിലോ തീവണ്ടിയിലോ ഉള്ള യാത്രക്കാരുടെ ഒരു കൂട്ടമായി സമൂഹത്തെ വിവക്ഷിക്കുക. അവിടെ പൂർണ്ണമായ നീതിയാണു ഭരിക്കുന്നത്. ഓരോ വ്യക്തിയും അയാളുടെ ഇരിപ്പിടത്തിനു കാശു കൊടുത്തിട്ടുണ്ട്: ഏറ്റം തിരക്കുള്ള സമയമൊഴിച്ചാൽ കൊടുത്ത പണത്തിനു നീതിപൂർവ്വമായ പ്രതിഫലവുമുണ്ട്. ഓരോരുത്തരും അവരുടെ അയൽക്കാർക്കു സമന്മാരാണ്. ന്യായമായ രീതിയിൽ, ഇഷ്ടംപോലെ പ്രവർത്തിക്കാം.

എന്നാൽ ഒരു സമൂഹമെന്ന നിലയിൽ അതിൽ വളരെ ആകർഷകമായ ഒന്നുമില്ല എന്നു നിങ്ങൾ സമ്മതിക്കും, എന്തുകൊണ്ടാണത്?

കാരണം, സാക്ഷാത്തായ ഉപവിയിൽനിന്നുമുണ്ടാകുന്ന മനുഷ്യബന്ധം പ്രാവർത്തികമാകുന്നതിനു അവിടെ സ്ഥാനമില്ല.

'ക്വാഡ്രജേസിമോ ആന്നോ' (Quadragesimo Anno) യിൽ 11-ാം പീയൂസ് മാർപ്പാപ്പാ ഇങ്ങനെ എഴുതി: "ഈ സാമൂഹിക പരിഷ്കാരങ്ങൾ പ്രാവർത്തികമാക്കുമെന്നുള്ള ഉറപ്പുവരുത്തുവാൻ, നാം ആദ്യമായും പ്രധാനമായും ഉപവിയുടെ നിയമത്തിൽ ആശ്രയിക്കണം: ഉപവി പരിപൂർണ്ണതയുടെ ബന്ധമാണ്. നീതിയുടെ കടമകൾ നിർവ്വഹിക്കാതിരിക്കുമ്പോൾ അവയ്ക്കു പകരം ഉപവി പ്രവർത്തനങ്ങൾ ഉണ്ടായിക്കൊള്ളുമെന്നു ഒരിക്കലും പറയുവാൻ സാദ്ധ്യമല്ല. എന്നാൽ ലോകത്തിലെല്ലാവർക്കുംതന്നെ അവർക്കവകാശമായതു ലഭിച്ചാലും ഉപവിയുടെ പ്രവർത്തനങ്ങൾക്കു പിന്നെയും ധാരാളം വകയുണ്ടാകും."

എത്ര സൂക്ഷ്മമായി പ്രാവർത്തികമാക്കിയാൽത്തന്നെയും സമൂഹത്തിലുള്ള സംഘട്ടനങ്ങളുടെ കാരണങ്ങൾ ഇല്ലാതാക്കുവാൻ നീതിക്കുതന്നെ സാധിക്കുകയില്ല. അതു തനിച്ചു ഹൃദയങ്ങളുടെ ഐക്യമോ മനസ്സിൻെറ ശാന്തിയോ കൈവരുത്തുന്നില്ല. ഉപവിക്കും നീതിക്കുമിട

www.malankaralibrary.com

യ്ക്കുള്ള കൃത്രിമമായ ഉരംപ്പിരിവുകരം ഉപേക്ഷിക്കണമെങ്കിൽ രണ്ടു കാര്യങ്ങരം ശരിക്കും മനസ്സിലാക്കണം. നീതി ഉപവിയേക്കാരം കക്കശമായ ഒരു കടമയാണു്; എങ്കിലും ഉപവി പ്രത്യേകമായ വിധം സാമൂഹികപൂണ്ണ്യമാണു്.

നീതിയുടെ കാര്യത്തിൽ കടമ കക്കശവും കൂടുതൽ പരിമിതവുമാണു്. നീതി കൂടുതൽ പൂണ്ണമായതുകൊണ്ടല്ലതു്; സ്നേഹത്തിൽ പുരോഗമിക്കുവാനുള്ള ആവശ്യമായ വ്യവസ്ഥയെന്നോണം സ്നേഹബന്ധങ്ങളുടെ ഏററം കുറഞ്ഞ സംരക്ഷണം അതു് ഉറപ്പു വരുത്തുന്നതുകൊണ്ടാണു്.

ഫ്രഡറിക്കു ഒസാനാം പറഞ്ഞു: ''നീതി സ്നേഹത്തെ വളരെയധികം കണക്കിലെടുക്കുന്നു. നാം മനുഷ്യരുടെ അവകാശങ്ങളെ ബഹുമാനിക്കുന്നതിനു മുമ്പു് അവരെ വളരെ സ്നേഹിക്കണം; പ്രത്യേകിച്ചു്, ആ അവകാശങ്ങരം നമ്മുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നുവെങ്കിൽ''. ടൂർണായി (Tournai) യിലെ മെത്രാൻ ഉപവിയുടെ സാമൂഹിക വശത്തെപ്പററി ഊന്നിപ്പറഞ്ഞതു മനസ്സിലാക്കുമ്പോരം എല്ലാ വൈരുദ്ധ്യങ്ങളും ഇല്ലാതാകുന്നു. അദ്ദേഹമിങ്ങനെയെഴുതി:- ''നിങ്ങളേപ്പോലെ നിങ്ങളുടെ സഹോദരനേയും സ്നേഹിക്കുക എന്നു പറയുന്നതിൻെറ അത്ഥമെന്താണു്? ധമ്മം കൊടുക്കുന്നതോ വ്യക്തികളോടു സൗമനസ്യം കാണിക്കുന്നതോ മാത്രമല്ലതു്; അതതിലും കൂടുതലാണു്. സമൂഹത്തിൻെറ ഉച്ചനീചത്വങ്ങരം കുറയ്ക്കുവാൻ അതിനെ നിങ്ങളുടെ ചിറകുകളുടെ കീഴിലെടുക്കുക; നീതികൊണ്ടതിനെ പ്രശോഭിപ്പിക്കുക. സാമൂഹിക പുരോഗമനംകൊണ്ടു് ലക്ഷക്കണക്കിനു മനുഷ്യജീവികളുടെ ലൗകികവും സാന്മാൎഗ്ഗികവുമായ ഞെരുക്കം ഒററ നിമിഷത്തിൽ തുടച്ചുനീക്കുകയോ കുറയ്ക്കുകയോ ചെയ്യാമെന്നുള്ള കാര്യം നാം മറക്കരുതു്. ഇതാണു് ക്രിസ്തീയ ഉപവിയുടെ ശരിയായ മുഖം.''

www.malankaralibrary.com

19

# ദൈവത്തെപ്പോലെ സ്നേഹിക്കുവാൻ പഠിക്കുക

"ദൈവം സ്നേഹമാകുന്നു" (1 ജോൺ 4:16).

സാക്ഷാത്തായ, അതിശയോക്തി കലർന്ന വ്യാഖ്യാനങ്ങൾക്കു വിധേയമാകാത്ത ഉപവിക്കു്, അതിൽത്തന്നെ വിസ്മയനീയമായ വിപ്ലവശക്തിയുണ്ടു്. ഈ സത്യം ജീവിതത്തിൽ കാണണമെങ്കിൽ അതിന്റെ സ്വാഭാവികമായ ശക്തികളും വാസനകളുമുള്ള മനുഷ്യഹൃദയത്തെ അപഗ്രഥിച്ചാൽ മതി.

## മനുഷ്യഹൃദയത്തിന്റെ ദൗർബല്യം

നാം ആരെയാണു സാക്ഷാൽ സ്നേഹിക്കുന്നതു്? മനുഷ്യകുലത്തെ മുഴുവൻ സ്നേഹിക്കുന്നെന്നു പറയുവാൻ എളുപ്പമാണു്. എന്നാൽ ഉത്തരധ്രുവത്തിലുള്ളവരെപ്പററി ചിന്തിക്കുമ്പോൾ ഹൃദയങ്ങൾ ശക്തമായി ത്രസിക്കത്തക്ക ഒരു സ്നേഹമല്ല നമുക്കുള്ളതു് എന്നു നാം സമ്മതിച്ചേ തീരൂ.

ചോദ്യം കൃത്യമായി ഇതാണു്: നമ്മുടെ ഹൃദയമിടിപ്പുകൾ എത്ര ദൂരം പോകുന്നുണ്ടു്? നാം ആരെയാണു് സ്വാഭാവികമായി സ്നേഹിക്കുന്നതു്? നമ്മുടെ അടുത്തവരേയും പ്രിയപ്പെട്ടവരേയും. നമ്മുടെ ബന്ധുക്കളെ, സ്നേഹിതരെ,

www.malankaralibrary.com

അയൽക്കാരെ. അയൽക്കാർ എന്നു ഞാൻ പറയുന്നതു് നാം ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുകയാണെങ്കിലാണു്. പട്ടണത്തിലാണു ജീവിക്കുന്നതെങ്കിൽ അയൽക്കാരുടെ പേരു പോലും നമുക്കറിഞ്ഞുകൂടായിരിക്കും. അവരുടെ എണ്ണമെടുക്കുക; എത്രപേരുണ്ടെന്നു തിട്ടപ്പെടുത്തുക. അതെത്രയാണെങ്കിലും അവരെ സ്നേഹിക്കുവാനുള്ള നമ്മുടെ കഴിവു് പെട്ടെന്നു തീർന്നുപോകുന്നു. കാരണം, അവർ നമുക്കപരിചിതരാണു്.

അതിസ്വാഭാവിക ഉപവിയാകട്ടെ, നമ്മിൽ അത്ഭുതം പ്രവർത്തിക്കുന്നു. അതൊരു വെള്ളച്ചാട്ടംപോലെ നമ്മിലേയ്ക്കൊഴുകുന്നു. വെള്ളം കയറാത്ത അറകളേയും ചൈനയിലെ വലിയ മതിലുകളേപ്പോലും അതു ഭേദിക്കുന്നു; ഹൃദയത്തെ പുതിയ ചക്രവാളങ്ങൾക്കായി തുറക്കുന്നു: ദൈവത്തിൻെറ സ്നേഹം തന്നെയായ ചക്രവാളങ്ങൾക്കു്. കാരണം, മനുഷ്യഹൃദയങ്ങളിൽ അതിൻെറ വാസസ്ഥാനം സ്വീകരിക്കുകയും അതിനെ വികസിപ്പിക്കുകയും അതിനു് അപ്രതീക്ഷിതമായ ശക്തിയും കഴിവും നൽകുകയും ചെയ്യുന്ന ദൈവസ്നേഹം തന്നെയാണു് ഉപവി. ദൈവമാണു് നമ്മിൽ സ്നേഹിക്കുവാൻ വരുന്നതും നാംവഴി സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നതും. അവിടുത്തേയ്ക്കു കൊടുക്കുന്ന സ്ഥാനത്തിനനുസരണമായി അത്ര സുശക്തമാവുകയാണു് ആ സ്നേഹം.

ദൈവം നമ്മിലുണ്ടാക്കുന്ന ഈ വിപ്ളവത്തിൻെറ ഫലം ഗ്രഹിക്കുവാനുള്ള ഒരെളുപ്പവഴിയുണ്ടു്: എല്ലാവർക്കും സുഗമമായ ഒരു വഴി. പൊതുവായ ഒരാത്മശോധന നടത്തുവാൻ ദിവ്യനാഥൻ ആവശ്യപ്പെടുന്ന അവസരത്തിൽ അവിടുന്നു ചോദിക്കുന്ന ഒരു ചോദ്യമുണ്ടു്. അതു നിങ്ങളോടുതന്നെ ചോദിക്കു: അന്യ ജാതിക്കാരും ഇതുതന്നെ ചെയ്യുകയില്ലേ? (മത്താ. 5:47). നിങ്ങളോടു സന്തോഷപൂർവ്വം സംസാരിക്കുന്നവരുമായി നിങ്ങൾ ദിവസം കഴിച്ചുകൂട്ടുന്നു. വളരെ നല്ലതു്. പുറജാതിക്കാരനും അതുതന്നെ ചെയ്കയില്ലേ? നിങ്ങളുടെ ദിവസം മുഴുവൻ ഇതുപോലെ പരിശോധിക്കുക. സ്വാഭാവികമായ രീതിയിലല്ലാതെ

www.malankaralibrary.com

ചെയ്തിട്ടുള്ള ഒരു പ്രവൃത്തിയോ സ്വീകരിച്ചിട്ടുള്ള ഒരു മനോഭാവമോ കണ്ടുകിട്ടുവോളം ഈ അഭ്യാസം തുടരുക.

ഈ അവസ്ഥയിലെത്തുമ്പോഠം നിങ്ങഠം ശരിയായ പാതയിലായിരിക്കുവാനും ദൈവസ്നേഹം നിങ്ങളിൽ പ്രവർത്തിക്കുന്നെന്നറിയുവാനുമുള്ള വലിയ സാദ്ധ്യതയുണ്ടു്. അതല്ലെങ്കിൽ, നിങ്ങഠം നിങ്ങളെത്തന്നെ വഞ്ചിക്കുകയല്ലേയെന്നു ചോദിക്കുന്നതു കൊള്ളാം.

''ഞാനിപ്പോഠം ചെയ്തതു് ക്രിസ്തുവിനെക്കൂടാതെ ചെയ്യരുതായിരുന്നു'' എന്നു് എത്ര തവണ നമുക്കു പറയുവാൻ സാധിക്കയില്ല!

റോഡിൽക്കൂടി കുതിരപ്പുറത്തു യാത്ര ചെയ്യുന്ന വി. ഫ്രാൻസീസ് അസ്സീസ്സിയെ ഓക്കുക. തന്റെ പിച്ചപ്പാത്രവുമായി വരുന്ന കുഷ്ഠരോഗിയെ ഫ്രാൻസീസ് കാണുന്നു. അദ്ദേഹം ഭയചകിതനാവുകയും ഒരു മടിശ്ശീല നിറയെ നാണയങ്ങഠം അയാഠംക്കിട്ടുകൊടുക്കുകയും ചെയ്തശേഷം അതിവേഗം ഓടിച്ചുപോകുന്നു. അതു് മനുഷ്യഹൃദയത്തിന്റെ സ്വാഭാവികമായ പ്രതികരണമാണു്. എന്നാൽ ദൈവത്താൽ പ്രചോദിതനായി അതേ ഫ്രാൻസീസ് തന്നെ കുതിരയെ നിറുത്തുന്നതും തിരിച്ചുവരുന്നതും നിലത്തിറങ്ങി ആ കുഷ്ഠരോഗിയുടെ അടുത്തെത്തി അയാളെ ആലിംഗനം ചെയ്യുന്നതും കാണുക. അതു സ്വാഭാവികമല്ല. ഫ്രാൻസീസിന്റെ ഹൃദയത്തിൽ ഒരു വിപ്ളവം സംഭവിച്ചുകഴിഞ്ഞു. ദൈവസ്നേഹം അതിൽ പ്രവേശിച്ചു. ദൈവത്തിന്റെ ഹൃദയത്തോടെയാണു് ഫ്രാൻസീസ് ഇപ്പോഠം ആ കുഷ്ഠരോഗിയെ സ്നേഹിക്കുന്നതു്. ഇതുപോലുള്ള ധീരപ്രവൃത്തികഠം നാമെല്ലാവരിലുംനിന്നു് ദൈവം ആവശ്യപ്പെടുന്നില്ല. എന്നാൽ നാം വഴി മനുഷ്യരെ സ്നേഹിക്കുവാൻ നമ്മുടെ ഹൃദയങ്ങളെ അവിടുന്നു് ആവശ്യപ്പെടുന്നുണ്ടു്.

## ദൈവികമായ സ്നേഹത്തിന്റെ ശക്തി

ആത്മാത്ഥമായിപ്പറഞ്ഞാൽ ദൈവസ്നേഹത്തെപ്രതി മനുഷ്യരെ സ്നേഹിക്കുവാനുള്ള ആഗ്രഹം നമുക്കു ചില

www.malankaralibrary.com

പ്പോൾ ഉണ്ടാകാറുണ്ട്. അതുപോലെ, അതു കൃത്രിമമായി പ്പോകുവാനുള്ള സാദ്ധ്യതയുമുണ്ടാകാം. നമ്മുടെ ഹൃദയങ്ങളെ പുറത്തുനിന്നുമുള്ള ദൈവസ്നേഹത്താൽ ശക്തിപ്പെടുത്തുക മാത്രമല്ല, അകത്തുനിന്നും രൂപാന്തരപ്പെടുത്തുകയും വേണം. അതിൽ കൂടുതലും നാം ചെയ്യണം. ദൈവസ്നേഹത്തെ പ്രതി മാത്രമല്ല, ദൈവം സ്നേഹിക്കുന്ന ആ സ്നേഹത്താൽത്തന്നെ മനുഷ്യരെ സ്നേഹിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. എന്തു വലിയ വ്യത്യാസമാണതുണ്ടാക്കുന്നത്! അല്പംകൂടി അടുത്തു പരിശോധിക്കുന്നതു് നല്ലതാണ്. കാരണം, അതു സാദ്ധ്യമാകണമെങ്കിൽ ദൈവസ്നേഹത്തിന്റെ തന്നെ ഗുണങ്ങൾ നമ്മുടെ സ്നേഹം സ്വീകരിച്ചേ മതിയാവൂ.

## ആദ്യം അനുഭവപ്പെടുന്ന സ്നേഹം

ദൈവം എങ്ങനെയാണു സ്നേഹിക്കുന്നത്? ആരംഭത്തിൽ നാം മനസ്സിലാക്കേണ്ടതു് ആദ്യം സ്നേഹിക്കുന്നതു് ദൈവമാണ് എന്നാണ്. ദൈവമാണ് സ്നേഹിക്കുവാൻ ആരംഭമിടുന്നത്. ദൈവമാണ് ആദ്യത്തെ വാക്കു പറയുക. എല്ലായ്പ്പോഴും മുൻകൈ എടുക്കുന്നതു് ദൈവമാണ്. അതു നാം മനസ്സിലാക്കേണ്ടതു് വളരെ ആവശ്യമാകുന്നു. ദൈവത്തിന്റെ സ്നേഹമാണ് ആദ്യം നമ്മെ വഴിക്കുവെച്ചു് കണ്ടുമുട്ടുന്നത്; പ്രത്യേക പ്രേരകശക്തിയൊന്നും അതിനു വേണ്ട; അവിടുത്തെ ഹൃദയത്തിന്റെ പ്രചോദനം മതി.

വീട്ടിൽ ഒരു വഴക്കുണ്ടാകുമ്പോൾ ദൈവത്തിന്റെ ഈ അവകാശങ്ങൾ ഓർക്കുക. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം, ആദ്യത്തെ ചുവടു വെയ്ക്കാതിരിക്കുന്ന ആളാണ് കുററക്കാരനെന്നും നാമോർക്കണം.

ഞാനീ വിശകലനം തുടരുകയാണ്. എന്തുകൊണ്ടാണ് നമ്മെ സ്നേഹിക്കുന്നവരെ നാം സ്നേഹിക്കുന്നതു്? അവരിൽ നമ്മുടെ ആത്മാവിന്റെ സാദൃശ്യങ്ങളും ഗുണങ്ങളും നാം കാണുന്നു. എന്നാൽ ആ ഗുണങ്ങൾ ഇല്ലാതാകട്ടെ,

www.malankaralibrary.com

ആ സാധമ്മ്യങ്ങളും കുറയട്ടെ, നമ്മുടെ സ്നേഹം ഒന്നുകിൽ തണുത്തുപോകും; അല്ലെങ്കിൽ പൂർണ്ണമായി കെട്ടുപോകും.

പാസ്കൽ എന്താണതിനെപ്പററി പറഞ്ഞതെന്നു നമുക്കറിയാം: ''പത്തു വർഷം മുമ്പ് അവൻ സ്നേഹിച്ച സ്ത്രീയെ അവനിപ്പോൾ സ്നേഹിക്കുന്നില്ല, അവൾ മുമ്പിലത്തെ ആളല്ല എന്നെനിക്കറിയാം. അതുപോലെ തന്നെ അവനും മുമ്പിലത്തെ ആളല്ല.''

നേരേമറിച്ച്, ദൈവത്തിൻെറ സ്നേഹം ആ സ്നേഹത്തോടു നമുക്കുള്ള പ്രതികരണത്തെ ആശ്രയിച്ചല്ല ഇരിക്കുന്നത്; നമ്മുടെ മറുപടിയേയും അതാശ്രയിക്കുന്നില്ല. ദൈവം നമ്മെ തുടർച്ചയായി സ്നേഹിക്കുകയാണ്. നാം മനുഷ്യരെ ദൈവത്തിൻെറ സ്നേഹംകൊണ്ടു് സ്നേഹിച്ചിരുന്നെങ്കിൽ, നാം ആ സ്നേഹത്തിൽ ശരിയായി പ്രവേശിച്ചിരുന്നെങ്കിൽ, നാം അവരെ എപ്പോഴും സ്നേഹിച്ചേനെ. വിശ്വസ്തതാപൂർവ്വം. അവരുടെ മറുപടി എന്തുതന്നെ ആയാലും, ക്ഷീണമില്ലാത്ത, ഉദാരമായ, പരിശുദ്ധമായ ആ സ്നേഹംകൊണ്ടുതന്നെ നാമവരെ സ്നേഹിക്കണം.

## പ്രതിനന്ദി ലഭിക്കാത്ത സ്നേഹം

പ്രതിസ്നേഹം പ്രതീക്ഷിക്കാതെ സ്നേഹിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. നാം സ്നേഹിക്കുന്നതിൻെറ ഫലമായി നമുക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടു്. സഹോദരനുവേണ്ടി ജീവൻ കൊടുക്കുന്ന മനുഷ്യൻ പരിത്യാഗത്തിൻെറ ആ പ്രവൃത്തിയിൽ തന്നെത്തന്നെ പൂർണ്ണനാക്കുകയാണ്. അയാൾ ധന്യനാക്കപ്പെടുന്നു: അയാളുടെ വ്യക്തിത്വം വളരുന്നു. ദൈവം എല്ലാത്തിൻേറയും പൂർണ്ണതയാകയാൽ, എല്ലാ നന്മയുമായതുകൊണ്ടു്, അവിടുത്തെ കൂടുതൽ സമ്പന്നനാക്കുക സാദ്ധ്യമല്ല. യാതൊന്നും പ്രതീക്ഷിക്കാതെ തന്നെത്തന്നെ കൊടുക്കാനേ ദൈവത്തിനു കഴിയൂ. ലോകത്തെ സൃഷ്ടിച്ചതുകൊണ്ടു് അവിടുത്തേക്കൊന്നും കിട്ടാനുണ്ടായിരുന്നില്ല. തന്മൂലം അവിടുത്തെ സ്നേഹത്തിൻെറ ആ പ്രവൃത്തി ഏററം ഉദാരവും ചിന്തിക്കാവുന്നതിൽ വച്ചേററം വിശാല മനസ്സോടുകൂടി

www.malankaralibrary.com

യത്രമായിരുന്നു, അതിൽ നിന്നും നമുക്ക മനസ്സിലാക്കാം. വിശുദ്ധ ലിഖിതത്തിൽ കർത്താവു പറയുന്നതു്: "അവക്കു് ഒരു മനസ്സ് ഉണ്ടാവുകയുള്ളു; ഒരു പുതിയ അരൂപി അവരുടെ അന്ത:സത്തയെ നിറയ്ക്കും; ശിലാഹൃദയം പോയി മനുഷ്യഹൃദയം അതിന്റെ സ്ഥാനത്തുണ്ടാകും" (എസക്കിയേൽ 11:19). അവിടുത്തെ വിപ്ലവം സാധിക്കുവാൻ വേണ്ടി നമ്മുടെ ഹൃദയത്തിന്റെ സ്ഥാനമെടുക്കുന്ന ഈ പുതിയ ഹൃദയം ദൈവത്തിന്റെ ഹൃദയം തന്നെയാണു്.

ഒരിക്കൽ ദൈവസ്നേഹം ആത്മാവിൽ പ്രവേശിക്കയും ആത്മാവു് സ്നേഹത്തിന്റെ ആവശ്യങ്ങളെ സ്വീകരിക്കയും ചെയ്താൽ ദൈവത്തിന്റെ തന്നെയായ ആ സ്നേഹം പുതിയ കണ്ടുപിടുത്തത്തിന്റേയും സൃഷ്ടിയുടേയും വിപ്ലവത്തിന്റേയും ശക്തിയായി രൂപാന്തരപ്പെടുന്നു.

## നിങ്ങൾ സ്നേഹിക്കുവിൻ

വാസ്തവത്തിൽ ക്രിസ്തീയ സന്മാർഗ്ഗം ഒരൊററ കല്പനയുടെ സ്വാഭാവിക വികസനമല്ലാതെ മറെറാന്നുമല്ല: ദൈവത്തിന്റെ സ്നേഹംകൊണ്ടു തന്നെ സ്നേഹിക്കുക. ഉപവിയുമായുള്ള ബന്ധത്തിൽ നമ്മുടെ കടമ എന്താണെന്നു നിർവ്വചിക്കുക തീർച്ചയായും വിഷമമാണു്. സ്നേഹത്തിന്റെ ഋജുവായ മാർഗ്ഗത്തിലൂടെ എന്തുമാത്രം പോകണം എന്നു പറയുന്നതിലും എളുപ്പമാണു് എന്തു ചെയ്യരുതു് എന്നു പറയുവാൻ. അതു സ്വാഭാവികവുമാണു്. വൻമതിലുകളേപ്പോലെ നമ്മെ തടഞ്ഞു നിറുത്തുന്ന നിയമങ്ങളുണ്ടു്; മോഷ്ടിക്കരുതു്; കള്ളം പറയരുതു്....അവയെല്ലാം എല്ലായിടത്തും എക്കാലത്തും, വാസ്തവമാണു്. നാം ഉപയോഗിക്കേണ്ട പാത വളരെ വ്യക്തമാണു്. എന്നാൽ ക്രിയാത്മകമായ വശം നോക്കു; "നിന്റെ അയൽക്കാരനെ സ്നേഹിക്കുക". എന്തുമാത്രം അർത്ഥവ്യാപ്തിയാണതിനുള്ളതു്! എന്തു വ്യാപ്തി! എല്ലാ സമയത്തും കാലത്തുമുള്ള കർക്കശമായ ഒരു കടമയാകയാൽ എന്തു പുതിയ ചക്രവാളങ്ങളാണു് ഈ കല്പന നമ്മുടെ മുമ്പിൽ തുറന്നു തരുന്നതു്.

www.malankaralibrary.com

## അവസാന വിധിയുടെ കാഴ്ച

അതേപ്പററി ഏതെങ്കിലും സംശയമുണ്ടെങ്കിൽ സുവിശേഷത്തിൽ പൊതുവിധിയെ സംബന്ധിക്കുന്ന ഭാഗം ഒന്നുകൂടി വായിച്ചു നോക്കുക:

"മനുഷ്യപുത്രൻ തൻെറ സകല പരിശുദ്ധ ദൂതന്മാരുമായി മഹത്വത്തോടുകൂടി വരുമ്പോ‌ാം അവൻ മഹത്വത്തിൻെറ സിംഹാസനത്തിലിരിക്കും. അവൻെറ മുമ്പിൽ സകല ജനങ്ങളും കൂട്ടപ്പെടും. ആട്ടിടയൻ ചെമ്മരിയാടുകളെ കോലാടുകളിൽനിന്നു വേർതിരിക്കുന്നതുപോലെ അവൻ അവരെ തമ്മിൽ വേർതിരിക്കുകയും ചെമ്മരിയാടുകളെ തൻെറ വലത്തുഭാഗത്തും കോലാടുകളെ തൻെറ ഇടത്തുഭാഗത്തും നിരത്തുകയും ചെയ്യും. അപ്പോ‌ാം രാജാവു് വലത്തുഭാഗത്തുള്ളവരോടു് അരുളിച്ചെയ്യും: എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകാരംഭം മുതൽ നിങ്ങ‌ാക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങ‌ാം എനിക്കു ഭക്ഷിക്കുവാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങ‌ാം എന്നെ കുടിപ്പിച്ചു; ഞാൻ പരദേശിയായിരുന്നു, നിങ്ങ‌ാം എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങ‌ാം എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങ‌ാം എന്നെ വന്നു കണ്ടു; ഞാൻ കാരാഗ്രഹത്തിലായിരുന്നു, നിങ്ങ‌ാം എൻെറ അടുക്കൽ വന്നു" (മത്താ: 25:31–36). കർത്താവു തുടരുന്നു: "എൻെറ ഈ ചെറിയ സഹോദരരിൽ ഒരാ‌ാക്കു നിങ്ങളിതു ചെയ്തപ്പോ‌ാം എനിക്കുതന്നെയാണു് ചെയ്തതു് എന്നു സത്യമായി നിങ്ങളോടു പറയുന്നു" (മത്താ 25:40). നാമെല്ലാവരും സർവ്വസാധാരണമായി ചെയ്യുന്ന വലിയ അപരാധം–സ്നേഹിക്കുന്നില്ല എന്ന അപരാധം–നമ്മെ ഓർമ്മിപ്പിക്കുകയാണു് ഈ ഭാഗം.

www.malankaralibrary.com

## ഒരു സംഭാഷണം

ഓരോരുത്തരും വിശ്വസ്തതാപൂർവ്വം ദൈവത്തിന്റെ മുമ്പിൽ തങ്ങളെത്തന്നെ പരിശോധിക്കട്ടെ. സഹോദരരുടെ സേവനത്തിൽ സ്നേഹം ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത അവസരങ്ങൾ കണ്ടുപിടിക്കുവാനും മേലിൽ കൂടുതൽ ആ സ്നേഹം ഉപയോഗിക്കുവാനും എല്ലാവരും പരിശ്രമിക്കട്ടെ; പ്രാർത്ഥിക്കട്ടെ. ഈ ആത്മശോധനയിൽ നിങ്ങളെ സഹായിക്കുവാൻ പ്രസിദ്ധമായ (ഒരു സിനിമയിലെ) ഒരു സംഭാഷണം നിങ്ങൾ വായിക്കണം. അതു് ഓസ്ട്രിയായിലെ ആനിരാജ്ഞിയും വിൻസെൻറു് ഡി പോളും തമ്മിലുള്ളതാണു്. വിൻസെൻറു് ഡി പോളിന്റെ നേരെ തിരിഞ്ഞു്.

രാജ്ഞി: ''അങ്ങു് വളരെയധികം കാര്യങ്ങൾ ചെയ്യുന്നു, ഫാദർ വിൻസെൻറു്''.

വിൻസെൻറു്: ''ഞാൻ വളരെ കുറച്ചേ ചെയ്തിട്ടുള്ളു.''

രാജ്ഞി: ''അങ്ങേക്കറിയാം അങ്ങു് വളരെയധികം ചെയ്തിട്ടുണ്ടെന്നു്. വിധിദിവസം, നന്നായി സമയം ചിലവഴിച്ചു എന്നു അങ്ങയേപ്പോലെ പറയാൻ കഴിയുന്നവർ അധികം കാണുകയില്ല''.

വിൻസെൻറ് (ഇച്ഛാഭംഗത്തോടെ): ''ഞാൻ അലസനായിരുന്നു, വളരെ ഭയങ്കരമായ വിധത്തിൽ പലപ്പോഴും ഞാൻ മടിയനായിരുന്നു.''

രാജ്ഞി: ''ഫാദർ വിൻസെൻറ്, സന്തോഷത്തേയും സന്തോഷത്തിനുള്ള ആകാംക്ഷയേയും പററിയല്ലാതെ ഞങ്ങൾ ഒന്നിനേപ്പററിയും ചിന്തിച്ചിട്ടില്ല. അങ്ങല്ലായിരുന്നെങ്കിൽ ഞങ്ങളുടെ ഈ കണ്ണുകൾ തുറക്കുകയുമില്ലായിരുന്നു. കൊടുക്കുന്നതിനേക്കുറിച്ചല്ലാതെ ഒന്നും ചിന്തിച്ചിട്ടില്ലാത്ത അങ്ങേയ്ക്കു്, സന്തോഷവും പ്രതാപവും എന്നേക്കുമായി ഉപേക്ഷിച്ച അങ്ങേക്കു്, ക്ഷണികങ്ങളായ കൊട്ടാരങ്ങളും ഉപയോഗശൂന്യമായ കീർത്തിയും

www.malankaralibrary.com

ഉപേക്ഷിച്ച അങ്ങേയ്ക്ക്, മരണത്തോട്ട സമീപിക്കു മ്പോൾ ഒരു വലിയ ശൂന്യത അനുഭവപ്പെടുന്നുണ്ടോ?"

വിൻസെൻറ്: "അതെ ഞാനൊന്നും തന്നെ ചെയ്തി ട്ടില്ല."

രാജ്ഞി: ഹ്രസ്വമായ ഈ ജീവിതത്തിൽ എന്തെ ങ്കിലും പ്രവർത്തിക്കണമെങ്കിൽ ഒരാൾ എന്തു ചെയ്യണം?"

വിൻസെൻറ് ഒററവാക്കിൽ ഉത്തരം പറഞ്ഞു. ആ വാക്ക് നിങ്ങളുടെ പരിചിന്തനത്തിനു ഞാൻ തരിക യാണ്: "കുറച്ചുകൂടി" (More).

www.malankaralibrary.com

## 20

# എല്ലായ്പ്പോഴും സ്നേഹിക്കുവാൻ പഠിക്കുക

''നിങ്ങളെൻെറ ശിഷ്യരാണെന്നറിയുവാനുള്ള അടയാളം നിങ്ങൾക്കു പരസ്പരം ഉള്ള സ്നേഹമായിരിക്കും'' (ജോൺ 13:45).

ഉപവി എന്നു പറഞ്ഞാൽ മനുഷ്യനെ ദൈവത്തിൻെറ സ്നേഹംകൊണ്ടു സ്നേഹിക്കുക എന്നു സാരം. നമുക്ക് അവിടുത്തെ നേർക്കുള്ള സ്നേഹത്തിൻെറ തെളിവായിട്ടാണ് ദിവ്യനാഥൻ പരസ്നേഹത്തെ വിവക്ഷിച്ചത്. നാം അന്ത്യവിധിയെന്നു വിളിക്കുന്ന ആ പരീക്ഷണത്തിൻെറ അടിസ്ഥാനവും പരസ്നേഹം തന്നെയാണ്. ആർക്കും ഉപദ്രവം ചെയ്യുന്നില്ല എന്ന കാരണത്താൽ പരസ്നേഹത്തിൽ വലിയ തരക്കേടില്ലാത്തവരെന്നു നമ്മെപ്പററി നാം ചിന്തിച്ചേന്നുവരാം. പരസ്നേഹത്തിനെതിരായ ഒരു പാപമുണ്ട്. ആ പാപത്തിനൊരു പേരുണ്ട്, എന്നു നമ്മെ ബോദ്ധ്യപ്പെടുത്തുക നമുക്കു വിഷമമാണ്, അതിൻെറ

www.malankaralibrary.com

പേരാണ് "ഉപേക്ഷയാലുള്ള പാപം" (sin of omission) ലെയോൺ ബ്ലോയി (Leon Bloy) യുടെ വാക്കുകളിൽ "സ്നേഹിക്കാത്തതുകൊണ്ടുള്ള പാപം."

## ഉപേക്ഷയാലുള്ള പാപം (sin of omission)

നമുക്കു ഉപേക്ഷയാലുള്ള പാപത്തെപ്പററി ചിന്തിക്കാം. നാം ചെയ്യേണ്ടിയിരുന്നതും എന്നാൽ ചെയ്യാതിരുന്നതുമായ കാര്യങ്ങളേപ്പററിയുള്ള വിശാലമായ രംഗം നമുക്കു പരിശോധിക്കാം. ഉദാഹരണങ്ങൾ ആവശ്യമാണോ?

സാമൂഹിക പ്രശ്നങ്ങളെടുക്കുക. തൊഴിലാളികൾ സഭയ്ക്കു നഷ്ടപ്പെട്ടുവെങ്കിൽ അതു്, പത്തൊൻപതാം നൂററാണ്ടിൽ, വേദനിപ്പിക്കുന്ന അവരുടെ പ്രശ്നങ്ങളും കഷ്ടപ്പാടുകളുമായി സഭ ഗൗരവമായി താദാത്മ്യം പ്രാപിക്കാതിരുന്നതുകൊണ്ടാണ്. ക്ലെമെൻസോ (Clemenceau) ഒരിക്കൽ പറഞ്ഞു: എല്ലാ നാമമാത്ര ക്രിസ്ത്യാനികളും നല്ല ക്രിസ്ത്യാനികളായിരുന്നെങ്കിൽ സാമൂഹികപ്രശ്നമേ ഉണ്ടാവുകയില്ലായിരുന്നു". ഉപേക്ഷയുടെ ഒരു പാപം, സ്നേഹിക്കാത്ത ഒരു കുററം. അതിൻെറ അനന്തരഫലങ്ങൾ നാമനുഭവിക്കുകയാണ്. നാം ആ വസ്തുത അംഗീകരിക്കണം. കാരണം, അതു വാസ്തവമാണ്. ഈ ഇരുപതാം നൂററാണ്ടിൽ കൂടുതൽ കഷ്ടപ്പാടും ബുദ്ധിമുട്ടും നമ്മെ ആശ്ചര്യപ്പെടുത്താതിരിക്കുവാനും അതാവശ്യമാണ്. ലോകത്തിലുള്ള ഭയാനകമായ വിശപ്പിൻെറ പ്രശ്നത്തേപ്പററി, മനുഷ്യവംശത്തിൻെറ മൂന്നിൽ രണ്ടു ഭാഗം വരുന്ന അവികസിതരാജ്യങ്ങളേപ്പററി, മനുഷ്യത്വത്തിനു ചേരാത്ത നിലയിൽ ജീവിക്കുന്നവരെപ്പററി നമുക്കു ചിന്തിക്കാം. ഇന്നലത്തെ ഉപേക്ഷയുടെ പാപം വേദനിക്കുന്ന ഈ പ്രശ്നത്തിലേയ്ക്കു് ആദ്യം നമ്മുടെ കണ്ണുകളെയും പിന്നീടു് നമ്മുടെ ഹൃദയങ്ങളെയും തിരിക്കട്ടെ. ഈ പ്രശ്നം എല്ലാ നല്ല മനുഷ്യരുടെയും സഹകരണം ആവശ്യപ്പെടുന്നു.

www.malankaralibrary.com

## മററുള്ളവരുടെ വീക്ഷണകോണം

തൻെറ അയൽക്കാരനെപ്പററി ചിന്തിക്കുക. അവൻെറ ബുദ്ധിമുട്ടുകളെ കാര്യമായി പരിഗണിക്കുക. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ അവൻെറ വീക്ഷണകോണത്തിൽനിന്നും സംഗതികഠം കാണുക എപ്പോഴും ബുദ്ധിമുട്ടുള്ള കാര്യമാണ്.

പോസ്റ്റാഫീസിൽ, നീളമുള്ളതെന്നു തനിക്കു തോന്നിയ ഒരു നിര (queue) യുടെ നടുക്കു നിന്നിരുന്ന ഒരു സ്ത്രീ അക്ഷമയാവുകയായിരുന്നു. അവസാനം അവരുടെ സമയമായപ്പോഠം, ക്ഷീണിച്ചിരുന്ന അവിടത്തെ ജോലിക്കാരനോട്, വളരെ വെറുപ്പു തോന്നിക്കുന്ന വിധത്തിൽ അവർ പറഞ്ഞു: ''ഞാൻ ഇവിടെ അര മണിക്കൂറായി കാത്തു നിൽപ്പു തുടങ്ങിയിട്ട്''. അതിന് ആ ജോലിക്കാരൻ ശാന്തമായി മറുപടി പറഞ്ഞതിങ്ങനെയാണ്: ''ഭവതി, ഞാനിവിടെ കാത്തു നില്ക്കാൻ തുടങ്ങിയിട്ട് മുപ്പതു വർഷമായി''. അതൊരു വീക്ഷണകോണമാണ്; ഒരു കാഴ്ചപ്പാട്. മററയാളുടെ കാഴ്ചപ്പാടിൽക്കൂടി സംഗതികഠം നാം കാണണം. അപ്പോഠം ദയയുടേയും ബഹുമാനത്തിൻേറയും ഒരു പുതിയ ലോകം അപ്രതീക്ഷിതമായി നമ്മുടെ കൺമുമ്പിൽ തുറക്കപ്പെടും. മററുള്ളവരുടെ ജീവിതം അല്പംകൂടി സന്തോഷപ്രദമാക്കാനുള്ള കാര്യങ്ങഠം അപ്പോഠം നാം കണ്ടുപിടിക്കും.

''എല്ലാ മാനുഷിക ബുദ്ധിമുട്ടുകളും അത്യാഗ്രഹത്തിൽനിന്നുമാണ് വരുന്നത്'' എന്നാണ് ഇസബൽ റിവിയർ (Isabel Riviere) പറയുന്നത്. സ്വത്തുക്കഠം കൊടുക്കാൻ മടിക്കുമ്പോഴാണ് ശരീരത്തിൻെറ ബുദ്ധിമുട്ട് ഉണ്ടാവുക. സമയവും ഹൃദയവും കൊടുക്കാൻ ഉപേക്ഷ കാണിക്കുമ്പോഠം ആത്മാവിൻെറ ബുദ്ധിമുട്ടുകഠം അനുഭവപ്പെടുന്നു. ഉപവിയാകട്ടെ, നേരെമറിച്ച് തന്നെത്തന്നെ മറക്കുകയും മററുള്ളവർക്കുവേണ്ടി സ്വയം ശൂന്യമാക്കുകയും ചെയ്യുന്നതാണ്.

www.malankaralibrary.com

## നിങ്ങൾക്കു കണ്ടുപിടിക്കാവുന്നവ

മററുള്ളവക്കു കൊടുക്കുവാനുള്ള സന്തോഷത്തിന്റെ സ്രോതസ്സ് നമ്മിൽത്തന്നെ നാം സംവഹിക്കുന്നു. കത്താവിന്റെ ശിഷ്യരെന്ന നിലയിൽ പ്രകാശം ഉണ്ടാക്കുവാനും സന്തോഷവും ചൂടും ഉളവാക്കുവാനും നമുക്കു കടമയുണ്ട്. നമുക്കല്പം ഭാവന ആവശ്യമാണ്. എല്ലാം തയ്യാറായിരിക്കുന്ന (ready-made) ഒരു വഴി ആരും നമുക്കു കാണിച്ചു തരില്ല ആക്കെങ്കിലും ചെയ്യാൻ സാധിക്കുന്നതു്, പോകേണ്ടതെങ്ങോട്ടാണെന്നു (direction) പറഞ്ഞുതരികയും കത്താവിന്റെ പ്രമാണം അനുവദിക്കുന്നിടത്തോളം ആ നേരിനു (direction) പോകാൻ പറയുകയുമാണ്. ''നിന്റെ പൂണ്ണഹൃദയത്തോടും പൂണ്ണ ആത്മാവോടും പൂണ്ണശക്തിയോടുംകൂടെ'' നിന്റെ അയൽക്കാരനെ നീ സ്നേഹിക്കണം. ഒരിക്കൽ ശ്രദ്ധ ഉണത്തിക്കഴിഞ്ഞാൽ പിന്നെ ഉറച്ചു ചിന്തിക്കുകമാത്രം മതിയാകുന്ന പല കാര്യങ്ങളുമുണ്ട്. ''നാം സ്നേഹിക്കേണ്ടതായ അനവധി ഗുണങ്ങൾ വളരെ ശാന്തമായി അഭ്യസിപ്പിക്കപ്പെടുന്നതുകൊണ്ട് നാം അവയെപ്പററി അറിയുന്നില്ല'' എന്നു് ഫാദർ പൂസൽ (Poucel) എഴുതിയിട്ടുണ്ട്.

മുറിയിൽനിന്നു പുറത്തോട്ടു പോകുമ്പോൾ വാതിലടയ്ക്കുക, അടുത്ത മുറിയിൽ താമസിക്കുന്നയാളെ ഉണത്താതിരിക്കുവാൻ ശബ്ദമുണ്ടാക്കാതെ നടക്കുക, നിലത്തു വീണുകിടക്കുന്ന കടലാസു കഷണങ്ങൾ പെറുക്കിയെടുക്കുക, അരുവിയിൽനിന്നു വെള്ളം കുടിച്ചതിനുശേഷം അതിൽ കല്ലെറിയാതിരിക്കുക, കുട്ടികളുടെ കളിപ്പാട്ടങ്ങൾ പരിഗണനാപൂവ്വം കൈകാര്യം ചെയ്യുക, ഉടനെ തന്നെ എതിരഭിപ്രായം പറയാതെ ഒരഭിപ്രായമോ വിമശനമോ സ്വീകരിക്കുവാൻ പഠിക്കുക, സന്ദർശനവേളയിൽ രോഗിയുടെ ആശ്വാസത്തിനുതകുന്നവിധം പെരുമാറുക, അടുപ്പിനടുത്തു വളരെ സമയം കഴിച്ചുകൂട്ടുന്ന പാചകനോടു നല്ലവാക്കു പറയുക, തിരിച്ചു കിട്ടുകയില്ലെന്നറിയാവുന്ന അവസരത്തിലും ഒരു പുസ്തകം വായി

www.malankaralibrary.com

ക്കാൻ കൊടുക്കുക: ഇതെല്ലാം ചെയ്യുന്നതിന്ന് ഒരു പ്രത്യേകവിധമുണ്ട്.

ഉപവി അടങ്ങിയിരിക്കുന്നത് പെരുമാറുന്ന വിധത്തിലാണ്: മററുള്ളവക്കാവശ്യമുള്ളതും അവർ പ്രതീക്ഷിക്കുന്നതും ഉപവി അറിയുന്നു. കത്താവു കാനായിൽ ചെയ്ത ആദ്യത്തെ അത്ഭുതം നിങ്ങളോക്കുന്നുണ്ടോ? മററുള്ളവരുടെ ബുദ്ധിമുട്ടറിഞ്ഞ പരിശുദ്ധ കന്യകയുടെ ഒരു പ്രവൃത്തി അതിനു വഴി തെളിച്ചു.

അങ്ങനെയുള്ള പ്രവൃത്തികൾക്ക നമ്മുടെ കത്താവ് അപ്രതീക്ഷിതവും മനോഹരവുമായ ഫലങ്ങളാണ് ചിലപ്പോഠം കൊടുക്കുന്നത്. ഒരു ചെറിയ സംഭവം ഞാനോമ്മിക്കുന്നു:

ബ്രസൽസിലെ ഒരു വികാരിയച്ചൻ പള്ളിയിൽ നിന്നും പുറത്തോട്ടു വരുന്ന അവസരത്തിൽ ഒരാൾ പള്ളിമുററത്തുവച്ച് ഭാര്യയുടേയും കുഞ്ഞിൻേറയും ഫോട്ടോ എടുക്കുന്നതു കണ്ടു. ആ മനുഷ്യൻ സാധാരണ പള്ളിയിൽ പോകുന്ന ആളല്ലായിരുന്നു. അയാളുടെ അടുത്തേക്കു ചെന്നിട്ട് അച്ചൻ ചോദിച്ചു: "നിങ്ങളുംകൂടി ആ പടത്തിലുണ്ടായാൽ അതു കുറേക്കൂടി മെച്ചമായിരിക്കുമെന്നു കരുതുന്നില്ലേ?" ....ആസ്വാദനത്തിൻെറ ആമന്ത്രണങ്ങൾ.... വൈദികൻ പടമെടുത്തു. ക്യാമറ തിരിച്ചുകൊടുത്തു, നടന്നുപോയി രണ്ടുമൂന്നു ചുവടു വച്ചതേയുള്ളു, പിറകിൽ കാലൊച്ചകൾ കേട്ടു. അദ്ദേഹം തിരിഞ്ഞുനോക്കി. ഭാര്യയാണ് ശ്വാസമടക്കി അവിടെ നിന്നിരുന്നത്. "അച്ചാ എൻെറ കുഞ്ഞിനെ മാമ്മോദീസാ മുക്കിയിട്ടില്ല, അച്ചൻ അതു ചെയ്യുമോ?" സമ്പർക്കം ഉണ്ടായിക്കഴിഞ്ഞിരുന്നു. അവർ സംസാരിച്ചു. ആ വിവാഹം തന്നെ സാധുവായിട്ടുള്ളതല്ലായിരുന്നു; ഒന്നു മറെറാന്നിലേയ്ക്കു നയിച്ചു. ആ കൊച്ചുകുട്ടിയെ മാമ്മോദീസാ മുക്കി; വിവാഹം ക്രമപ്പെടുത്തി. താൽക്കാലികമായ ആവശ്യം സാധിക്കുവാൻ ചിന്തിച്ചെടുത്ത ഒരു ചെറിയ ഉപവി പ്രവൃത്തിയുടെ ഫലമായി ക്രിസ്തുമതത്തിൻെറ പൂർണ്ണത ആ കുടുംബത്തിൽ പ്രവേശിച്ചു.

www.malankaralibrary.com

എന്നോടു് ഈ അനുഭവം പറഞ്ഞ അച്ചൻ പുഞ്ചിരിച്ചുകൊണ്ടു് തുടർന്നു: "ഇതെല്ലാം വിജയകരമാകാതിരുന്ന ഒരു ഫോട്ടോ കാരണം!"

## ഒരന്വേഷണം

സജീവമായ ഉപവിയുടെ പല മാതൃകകളിൽ ഒന്നാണിതു്. ഇങ്ങനെയുള്ള ഭാവനാപൂർണ്ണമായ ഉപവി പ്രാവർത്തികമാക്കിയാൽ നമ്മിൽത്തന്നെയും നമ്മുടെ ചുററുമുള്ളവരിലും നമ്മുടെ കുടുംബങ്ങളിലും ഒരു വലിയ വ്യതിയാനം നാം കാണും. കുടുംബവൃത്തത്തിൽ നിങ്ങൾക്കു ഉപവിയിലേക്കു പ്രചോദനം ലഭിക്കുന്നതിനും ആ വിധത്തിൽ നിങ്ങളുടെ ഭാവനയ്ക്കു മൂർച്ച കൂട്ടുന്നതിനും ഒരു ചോദ്യാവലിയെപ്പററി ഞാൻ പറയാം. പല ഭൂഖണ്ഡങ്ങളിലുമുള്ള ധാരാളം കുട്ടികൾക്കു് അടുത്തകാലത്തു് അതയച്ചുകൊടുത്തതാണു്. തങ്ങളുടെ മാതാപിതാക്കളിൽനിന്നും എന്തു പ്രതീക്ഷിക്കുന്നു എന്നാണവർ പറയേണ്ടിയിരുന്നതു്.

കൂടുതൽ ആത്മാർത്ഥത ഉണ്ടാകുവാൻവേണ്ടി ഉത്തരം എഴുതുന്ന എല്ലാവരുടേയും വ്യക്തിത്വത്തെപ്പററി പരിപൂർണ്ണരഹസ്യം കാത്തുകൊള്ളാമെന്നു് അവർക്കു വാക്കുകൊടുത്തിരുന്നു. ഭീമമായ ആ ഉത്തരക്കൂമ്പാരം തരം തിരിച്ചിരുന്ന അവസരത്തിൽ, അപഗ്രഥിക്കയും വ്യാഖ്യാനിക്കയും ചെയ്യേണ്ടിയിരുന്ന മനശ്ശാസ്ത്രജ്ഞന്മാർക്കു് ഒരു കാര്യം ആശ്ചര്യകരമായിത്തോന്നി. എല്ലാ ജനതകളിലും നിറങ്ങളിലുമുള്ള ആ കുട്ടികളുടെ ഉത്തരം, പൊതുവെ, ഒന്നു മറെറാന്നിൽ നിന്നും ഒട്ടുംതന്നെ വ്യത്യസ്തമായിരുന്നില്ല.

മറുപടികളിൽനിന്നും മനസ്സിലായ അവരുടെ ആവശ്യങ്ങൾ യഥാക്രമം ഇവയാണു്:

1. കുട്ടികളുടെ മുമ്പിൽ ശണ്ഠ കൂടരുതു്.
2. എല്ലാ കുട്ടികളേയും ഒരേ വിധത്തിൽ സ്നേഹിക്കുക.

www.malankaralibrary.com

3. ഒരിക്കലും കുട്ടികളോടു് കള്ളം പറയരുതു്.

4. മാതാപിതാക്കൾ പരസ്പര സ്നേഹത്തോടെ പെരുമാറണം.

5. മാതാപിതാക്കളും കുട്ടികളും തമ്മിൽ കൂട്ടാളിത്വവും (comradeship) സഹകരണവും ഉണ്ടാകണം.

6. നിങ്ങളുടെ കുട്ടികളുടെ കൂട്ടുകാരെ നിങ്ങളുടേതെന്നപോലെ സ്നേഹിക്കുക.

7. മററുള്ളവരുടെ മുമ്പിൽ കുട്ടികളെ ശകാരിക്കയോ ശിക്ഷിക്കയോ അരുതു്.

8. നിങ്ങളുടെ കുട്ടികളുടെ നല്ല ഗുണങ്ങളേപ്പററി ശ്രദ്ധിക്കുക. അവരുടെ തെററുകൾക്കു് അമിതപ്രാധാന്യം കൊടുക്കരുതു്.

9. എപ്പോഴും അവരുടെ ചോദ്യങ്ങൾക്കുത്തരം പറയുക.

10. എപ്പോഴും അവരോടു് ഒരേ സ്നേഹവും ഒരേ സന്തോഷവും കാണിക്കുക.

ഇങ്ങനെയുള്ള ഒരാഹ്വാനത്തിനു ചെവി കൊടുക്കാതിരിക്കുക സാദ്ധ്യമല്ല. തങ്ങളെ നിരീക്ഷിക്കുകയും വിധിക്കയും ചെയ്യുന്ന തങ്ങളുടെ കുട്ടികളുടെ ന്യായമായ പ്രതീക്ഷകൾ പിന്നിലാവുകയില്ല തങ്ങളെന്നു് വളർച്ച പ്രാപിച്ചവർ ഐകകണ്ഠ്യമായി തീരുമാനിച്ചിരുന്നെങ്കിൽ സമാധാനത്തിനും സന്തോഷത്തിനുമുള്ള എത്ര വലിയ സ്രോതസ്സായിരുന്നേനെ അതു്!

നമ്മുടെ കുടുംബത്തിൻെറ മദ്ധ്യത്തിൽത്തന്നെയുള്ള വിപ്ലവകരമായ ശക്തിയാണു് സ്നേഹം. അതിനു തക്ക സ്ഥാനം കൊടുക്കുക; ഹൃദ്യമായ സ്വാഗതവും. ഞാനവസാനിപ്പിക്കുകയാണു്. ബർണനോസിൻെറ വാക്കുകളിൽ: ''മററുള്ളവർ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നതാണു് ദൈവം പ്രതീക്ഷിക്കുന്നതു്.''

www.malankaralibrary.com

# 21

# എല്ലാ അവസരങ്ങളിലും സ്നേഹിക്കുവാൻ പഠിക്കുക

"സഹോദരരേ, നന്മ ചെയ്യുന്നതിൽ
നിങ്ങൾക്കു മടുപ്പു തോന്നരുതു്." (2 തെസ്സ. 3:13)

സാമൂഹികവും കുടുംബപരവുമായ തലങ്ങളിൽ ഉപവിയുടെ ക്രിയാത്മകമായ കടമകൾ മനസ്സിലാക്കുവാൻ നാം ശ്രമിക്കുകയായിരുന്നു, ഇതുവരെ.

നാം വളരെയധികം സ്വയം സംതൃപ്തരാണു്; തന്മൂലം നമ്മെപ്പററിത്തന്നെ കുററം വിധിക്കുക നമുക്കേററം വിഷമമുള്ള കാര്യമാകുന്നു. അക്കാര്യത്തിൽ നാമൊട്ടും തന്നെ വിശുദ്ധരേപ്പോലെയല്ല. വിശുദ്ധരാണു് ആദ്യം സ്വയം തെററംഗീകരിക്കുന്നതു്. ചെസ്റ്റർട്ടൺ പറഞ്ഞു: 'താൻ പാപിയാണെന്നറിയുന്നവനാണു് വിശുദ്ധൻ'. നാം ഇതുവരെ ആ അവസ്ഥയിലായിട്ടില്ല. അതുകൊണ്ടു

www.malankaralibrary.com

ഇടയ്ക്കിടയ്ക്കു നമ്മുടെ കുറവുകളാകുന്ന പാപങ്ങളുടെ ഒരു ലിസ്റ്റെടുക്കുന്നതു നല്ലതാണ്.

നമ്മുടെ കുടുംബത്തിലേയ്ക്കു തിരിഞ്ഞ് അവിടെ ഓരോ ദിവസവും സംഭവിക്കുന്നതെന്തെന്നു നോക്കാം. സ്നേഹമില്ലായ്മയുടെ എന്തുമാത്രം പാതകങ്ങളാം! വളരെ ചെറിയവയെങ്കിലും, പ്രവൃത്തികളെ നയിക്കുന്ന അരൂപി യാൽ വലിയവയാകുന്ന എന്തുമാത്രം കാര്യങ്ങളാം നമുക്കു ചെയ്യാൻ സാധിക്കും, കുടുംബം സന്തോഷപ്രദമാക്കുവാൻ! ഒരു മുറി മുഴുവനും പ്രകാശമാനമാക്കുവാൻ സൂര്യപ്രകാശ ത്തിന്റെ ഒരു രശ്മി മതി. യാതൊരു ബുദ്ധിമുട്ടുമില്ലാ തെതന്നെ, സന്തോഷമുണ്ടാക്കുവാൻവേണ്ടി നമുക്കു ചെയ്യാ വുന്നതായി അനേകമനേകം കാര്യങ്ങളുണ്ട്.

## ആത്മശോധന

ഭാവന കുറഞ്ഞവർക്കുവേണ്ടി ഒരു പുസ്തകത്തിൽ കൊ ടുത്തിരിക്കുന്ന ആത്മശോധനസ്സൂതകന്ന ഉപദേശമാണി വിടെ ചേർക്കുന്നതു്:

### പുരുഷന്മാർക്ക്:

ചീട്ടു കളിക്കാൻ പുറത്തേയ്ക്കു പോകണമെന്നു തോന്നുമ്പോൾ വീട്ടിൽത്തന്നെ കഴിച്ചുകൂട്ടുക—പത്രം താഴെവച്ചിട്ട് ഭാര്യയെ ഒന്നു സഹായിക്കുക—സ്കൂളിലെ കാര്യങ്ങളെപ്പററി കുട്ടികൾ പറയുമ്പോൾ അവർ പറയു ന്നതു ശ്രദ്ധിക്കുക—ഭാര്യയുടെ വലിയ ബദ്ധപ്പാടിൽ നിന്നും അവരെ അല്പം സ്വതന്ത്രയാക്കുക—നിശ്ശബ്ദതകൊ ണ്ട് ഒരു വാദപ്രതിവാദം ഒഴിവാക്കുക—ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും ജന്മദിനം അനുസ്മരിക്കുക—കറികൾ നല്ലതാണെന്നു പറയുക, അതിൽ ഉപ്പധികമുണ്ടെങ്കിൽ ഒന്നും പറയാതിരിക്കുക—മൂത്തിന്റ കുട്ടികളുടെ അഭിപ്രാ യം ആരായുക—നന്നായി ജോലി ചെയ്യുമ്പോൾ കുട്ടി കളെ അനുമോദിക്കുക—അയൽവാസി ചെയ്ത ബുദ്ധിഹീന

www.malankaralibrary.com

മായ കാര്യത്തേപ്പററി മീണ്ടാതിരിക്കുക—ഒരു വൃദ്ധൻ പഴയ കാലത്തേപ്പററി പറയുമ്പോൾ അതു ശ്രദ്ധിച്ചു കേൾക്കുക—നിങ്ങളേപ്പററി അനാവശ്യമായ കാര്യങ്ങൾ പറഞ്ഞ ഒരു മനുഷ്യന്ന് എന്തെങ്കിലും സഹായം ചെയ്യുക—നിങ്ങൾക്കു ഭാഗ്യമുണ്ടാകുമ്പോൾ അതിൽ ഒരു പാവപ്പെട്ട മനുഷ്യനേയും അല്പമെങ്കിലും ഭാഗഭാക്കാക്കുക—അയല്ക്കാരൻ ചെയ്ത ഒരു നല്ല കാര്യത്തേപ്പററി മററുള്ളവരോടു പറയുക....ഇങ്ങനെ വേറെയും. പുരുഷന്മാർക്കിതുമതി.

## സ്ത്രീകൾക്കു്:

നിങ്ങൾ ക്ഷീണിച്ചിരിക്കുമ്പോഴും കുട്ടികൾ ശണ്ഠകൂടുമ്പോഴും പുഞ്ചിരിക്കുക—ഭർത്താവിന്റെ ജോലിയിൽ ശ്രദ്ധ കാണിക്കുക—കൊച്ചുമകൻ ഇരുപതാമത്തെ തവണയും "എന്തുകൊണ്ടു്?" എന്നു ചോദിക്കുമ്പോൾ ഉത്തരം പറയുക—മക്കളുടെ കൂട്ടുകാരോടു്, പ്രത്യേകിച്ചു് അവർ മക്കളുടെ ഇരട്ടി സ്വരമുണ്ടാക്കുന്നവരാണെങ്കിൽ, ക്ഷമയോടുകൂടി പെരുമാറുക—കുട്ടികളുടെ മുമ്പിൽ ഭർത്താവിനേപ്പററി വളരെ ആദരപൂർവ്വം സംസാരിക്കുക—ഭർത്താവിന്റെ ജോലികൾ ഉത്സാഹത്തോടെ പോയി കാണുക—കുട്ടികൾക്കു് അപ്രതീക്ഷിതമായ സന്തോഷങ്ങൾ നൽകുക—ഭർത്താവിന്റേയും തന്റേയും ബന്ധുക്കളെ സ്വാഗതം ചെയ്യുക—ഭർത്താവിനു കൂടുതൽ ഇഷ്ടമുള്ള സാധനങ്ങൾ വാങ്ങുക—സുഖമില്ലാത്ത ഒരയൽക്കാരനെ സന്ദർശിക്കുക—വീടു വൃത്തിയായി സൂക്ഷിക്കുന്ന വ്യക്തികളെ സ്തുതിക്കുക—ബുദ്ധിമുട്ടുണ്ടാക്കുന്നവ പെട്ടെന്നു് മറക്കുക—ബുദ്ധിമുട്ടുള്ളപ്പോഴും പുഞ്ചിരിക്കുക.

അജ്ഞാതനായ പ്രസ്തുത ഗ്രന്ഥകർത്താവു് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഉപദേശം നൽകുന്നുണ്ടു്.

## ആൺകുട്ടികൾക്കു്:

മുറി, പ്രത്യേകിച്ചു് അതു ശുചിയാക്കിയ ഉടനെ, വൃത്തികേടാക്കരുതു്—കുടുംബജോലികളിൽ സഹായി

www.malankaralibrary.com

ക്കുക—പിതാവിന്റെകൂടെ നടക്കാൻ പോവുക—മൂത്ത സഹോദരിയെ ഉപദ്രവിക്കാതിരിക്കുക—അമ്മയെ സഹായിക്കാൻ സാധിക്കുമ്പോൾ കസേരയിൽ ചടഞ്ഞുകൂടിയിരിക്കരുത്—കുടുംബത്തിലെ പാചകരീതിയെ അഭിനന്ദിക്കുക—അപ്പനോടു എതിരു പറയാതിരിക്കുക—കൂട്ടുകാരന്റെ ഗൃഹപാഠം ചെയ്യാൻ സഹായിക്കുക—കളികളിൽ, മാറിനിൽക്കുന്ന കൂട്ടുകാരനേയും ഉൾപ്പെടുത്താൻ ശ്രമിക്കുക—സ്വന്തം വിജയങ്ങളേപ്പററി വിവരിക്കുന്നതിനു പകരം കൂട്ടുകാരുടെ വിജയങ്ങളേപ്പററി ശ്രദ്ധിച്ചു കേൾക്കുക—മററുള്ളവർ നമ്മേപ്പോലെ ചിന്തിക്കുന്നില്ല എന്ന വസ്തുത അംഗീകരിക്കുക—പഠനം മററുള്ളവരുടെ സേവനത്തിനു ഉപയുക്തമാക്കുക—ജോലിയിൽ സന്തോഷത്തിന്റെ അരുപി പുലർത്തുക.

**പെൺകുട്ടികൾക്കു്:**

സഹോദരന്റെ ഉടുപ്പു കീറിയതു് തയ്ച്ചുകൊടുക്കുക, അതേപ്പററി ആവലാതി പറയാതെ—അമ്മയെ പൂർണ്ണമായി വിശ്വസിക്കുക— ആങ്ങളയുടെ കളിയാക്കൽ ക്ഷമിക്കുക—വേലക്കാരിക്കു സന്തോഷം കൊടുക്കത്തക്കവിധം അവളെ സഹായിക്കുക—പിതാവിനു് തീപ്പെട്ടി ആവശ്യമുള്ളപ്പോൾ ചോദിക്കാതെതന്നെ കൊടുക്കുക—കാലത്തു് ഏററം ആദ്യം (first) എഴുന്നേൽക്കുവാൻ പരിശ്രമിക്കുക—പാട്ടു പാടുവാൻ കുടുംബാംഗങ്ങളെ പരിശീലിപ്പിക്കുക—സഹോദരീസഹോദരന്മാരുടെ പിറന്നാൾ ഓർക്കുക—ജോലിസ്ഥലത്തു നല്ല കഥകൾ പറയുക—എല്ലാവരോടും ഒരേ ഉപചാരത്തോടുകൂടെ പെരുമാറുക—ശമ്പളമുണ്ടെങ്കിൽ അതിൽ ഒരംശം സാധുക്കൾക്കു കൊടുക്കുക.

എന്തിനാണു് ഞാനീ ഉദാഹരണങ്ങൾ തന്നതു്? നിങ്ങളുടെ ഭാവനയെ ഉദ്ദീപിപ്പിക്കുവാനും അതിനു ഉന്മേഷം കൊടുക്കുവാനും. നാം ചിന്തിക്കേണ്ട പല കാര്യങ്ങളുടേയും ഒരു സമാഹാരമാണിതു്. നാമെല്ലാവരും അതേപ്പററി ചിന്തിച്ചിട്ടുണ്ടു്, തീർച്ച. ഈ സംഭാഷണത്തിൽ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതു വിവരിക്കുവാനും

www.malankaralibrary.com

കൂടിയാണവ എഴുതിയതു്. ഉപവിക്കു പുതിയ കാര്യങ്ങൾ കണ്ടുപിടിക്കുവാനുള്ള സൃഷ്ടിപരമായ ശക്തിയുണ്ടു്. പുതിയ കാര്യങ്ങൾ കണ്ടുപിടിക്കുന്നതിലും ചെയ്യുന്നതിലും നാമൊട്ടും ഭയപ്പെടേണ്ട. ചെറിയ കാര്യങ്ങളെപ്പററി ചിന്തിക്കണം. കാരണം ഓരോ ദിവസത്തേയും സന്തോഷത്തിനു നിദാനം അവയാണു്.

## അപ്പസ്തോലികമായ ഉപവി

സമൂഹജീവിതത്തിലെ ഉപവി; കുടുംബജീവിതത്തിലെ ഉപവി; ഇപ്പോഴിതാ, അപ്പസ്തോലികമായ ഉപവി. ഉപേക്ഷയുടെ എന്തുമാത്രം പാപങ്ങളാണു് ഈ തലത്തിലുള്ളതു്! തങ്ങളുടെ ആത്മാക്കളെ രക്ഷിക്കണം എന്ന ആശയത്താൽ നയിക്കപ്പെടുന്നുവെങ്കിലും അപ്പസ്തോലികമായ യാതൊന്നും ചെയ്യാതെ എത്ര പേരാണു് ജീവിതം നയിക്കുന്നതു്! ഓരോരുത്തരും അവരുടെ ആത്മാക്കളെ രക്ഷിക്കണം. എന്നാൽ, എങ്ങനെയാണവക്കു അവരുടെ അയല്ക്കാരെപ്പററി ഉത്തരവാദിത്വമുണ്ടായിരിക്കുക?

വളരെമുമ്പു്, പഴയനിയമത്തിൽ ദൈവം ചോദിച്ചു: നിൻെറ സഹോദരനെവിടെ? ഈ ചോദ്യം എന്നും സമകാലീനമാണു്. അപ്പസ്തോലിക പ്രവത്തനങ്ങളിൽ ഇന്നും ഉപേക്ഷയാലുള്ള പാപമുണ്ടു്. ഗൗരവമായ പാപം. ഞാൻ ഉദ്ദേശിക്കുന്നതു് നിങ്ങൾ മനസ്സിലാക്കുവാൻ, ഒരു വിയന്നാ ദിനപ്പത്രത്തിലെ തുറന്ന കത്തിൽനിന്നും ഒരു ഭാഗം ഉദ്ധരിക്കട്ടെ. തൻെറ മാനസാന്തരത്തിൻെറ പിറേറന്നു് ഒരു ഓസ്ട്രിയൻ സോഷ്യലിസ്റ്റു് എഴുതിയതാണിക്കത്തു്.

"ഇരുപത്തെട്ടു വയസ്സിൽ ഞാൻ ക്രിസ്തുവിനെ കണ്ടെത്തി. ഈ കണ്ടുമുട്ടലിനു മുമ്പുണ്ടായിരുന്ന വർഷങ്ങൾ നഷ്ടപ്പെട്ടതായി ഞാൻ കണക്കാക്കുന്നു. എന്നാൽ ഈ സമയനഷ്ടത്തിനു കുററപ്പെടുത്തേണ്ടതു് എന്നെ മാത്രമാണോ? ക്രിസ്തുമതത്തിൽ എനിക്കുത്സാഹമുണ്ടാകുവാൻ ആരും പരിശ്രമിച്ചിട്ടില്ല. എനിക്കു സ്നേഹിതരും പരിചയക്കാരുമുണ്ടു്, നല്ല ക്രിസ്ത്യാനികൾ മതം മനുഷ്യ—

www.malankaralibrary.com

ജീവിതത്തിന് നൽകുന്നതെന്താണെന്നു് അവർക്കു നല്ല വണ്ണമറിയാം. എങ്കിലും അവരിലൊരാളും ഒരിക്കലും എന്നോടു വിശ്വാസത്തേപ്പററി സംസാരിച്ചിട്ടില്ല. അതേസമയം എല്ലാവർക്കുമറിയാമായിരുന്നു, ഞാൻ കുത്തഴിഞ്ഞ ജീവിതക്കാരനോ, തോന്ന്യാസക്കാരനോ, മററുള്ളവരെ പരിഹസിക്കുന്നവനോ അല്ല; എൻെറ പരിഹാസം ഭയപ്പെടാനുമില്ല എന്നു്. ആയിരക്കണക്കിനും ലക്ഷക്കണക്കിനുമുള്ള ചെറുപ്പക്കാരിൽ ഒരാാം മാത്രമായിരുന്നു ഞാൻ. അവർ നല്ലവരുമല്ല. ചീത്തയുമല്ല. ക്രിസ്തുമതത്തേപ്പററി അവ്യക്തമായ ചില ആശയങ്ങൾ മാത്രമുണ്ടു്. അവക്കു് സത്യം കണ്ടുപിടിക്കുവാൻ ഇത്രമാത്രം താമസിക്കുന്നതിനുണ്ടായ കാരണമെന്താണെന്നു് നിങ്ങൾക്കറിയാമോ? മറെറാന്നുമല്ല, മിക്കവാറും വിശ്വാസികൾ ഇക്കാര്യത്തിൽ ഉദാസീനരാണു്. തങ്ങളുടെ മാത്രം സുഖം അന്വേഷിക്കുന്ന അലസരാണു്, അവരുടെ അയൽക്കാരൻെറ ആത്മാവിനെപ്പററി അവക്കു വ്യഗ്രതയില്ല''

മമ്മഭേദകമായ ആ അഭ്യേത്ഥനയുടെ വെളിച്ചത്തിലാണു് നമ്മുടെ സ്നേഹമില്ലായ്മയാകുന്ന പാതകത്തേപ്പററി ധ്യാനിക്കുവാൻ ഞാൻ യാചിക്കുക. സ്നേഹമില്ലായ്മ നമ്മുടെ അപ്പസ്തോലിക പാപ്പരത്വത്തിൻെറ അടയാളമാണു്, സംശയമില്ല. അല്ല, ഒരു ക്രിസ്ത്യാനി മററുള്ളവരുടെ ചെലവിലല്ല തൻെറ ആത്മാവിനെ രക്ഷിക്കുന്നതു്. തൻെറ മുഴുവൻ ശക്തിയോടെ ലോകത്തെ രക്ഷിക്കുവാൻ സഹായിച്ചു കൊണ്ടാണു് സ്വന്തം ആത്മാവിനെ അയാൾ രക്ഷിക്കുന്നതു്. ക്രിസ്തീയ ഉപവിയുടെ വിപ്ലവകാരികളാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഈ അടയാളത്താലാണു് ദൈവം നമ്മെ തിരിച്ചറിയുന്നതും. കാരണം, നമ്മുടെ ജീവിതം അവസാനിക്കുമ്പോൾ സ്നേഹത്തിനനുസരിച്ചായിരിക്കും നാം വിധിക്കപ്പെടുക. ആധുനികമനുഷ്യൻ, വസ്തുതകൾ ആവശ്യപ്പെടുന്ന പ്രായോഗികമനുഷ്യൻ, വാക്കുകൾകൊണ്ടു തൃപ്തിയടയാത്തവനായ മനുഷ്യൻ നമ്മെ തിരിച്ചറിയുന്നതും ഈ അടയാളം കൊണ്ടുതന്നെയാണു്. അയാൾക്കു് അതിനു തെളിവു കൊടുക്കുക നമ്മുടെ കടമയാണു്. മററാരുടേതുമല്ല.

www.malankaralibrary.com

# 22

# ലോകത്തോടും സംസാരിക്കുവാൻ പഠിക്കുക

''അവിടുന്നു നമുക്കു തന്നിരിക്കുന്ന ആത്മാവ് അപകടത്തിൽനിന്നും ഓടിയകലുന്നതല്ല. ആത്മ പ്രവൃത്തിയുടെ ആത്മാവിയാണ്. നമ്മുടെ കർത്താവിനു സാക്ഷ്യം വഹിക്കുന്നതിൽ നിങ്ങൾ ലജ്ജിക്കേണ്ടതില്ല'' (2 തിമോ. 1:7–8).

അൽമായരുടെ അപ്പസ്തോലികത്വം നമ്മുടെ കാലത്തെ കണ്ടുപിടുത്തമോ പുതുമയോ ആണോ? അതേയെന്നും അല്ലെന്നും പറയാം. അല്ല. കാരണം അപ്പസ്തോലികവൃത്തി എന്നും മാമ്മോദീസായോടു ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ആദിമക്രിസ്ത്യാനികൾ അതു ശരിക്കു മനസ്സിലാക്കുകയും അറിയപ്പെട്ടിരുന്ന ലോകത്തിലെവിടെയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ക്രിസ്തുവിനെ കണ്ടെത്തിയതിലുള്ള തങ്ങളുടെ സന്തോഷം ആദ്യമായി പ്രഖ്യാപിച്ചതു് റോമൻപടയാളികളും അടിമകളും വ്യവസായികളുമായിരുന്നു. റോമൻസാമ്രാജ്യം

www.malankaralibrary.com

മുഴുവൻ സുവിശേഷം പ്രസംഗിച്ചതു് അവരായിരുന്നു. കാരണം, സഭ താത്വികമായ ഒരു സത്തയല്ല; മറിച്ചു് നാം പറഞ്ഞ ഓരോ പുരുഷനും സ്ത്രീയുമാണു്. സഭ നിങ്ങളും ഞാനും നാമെല്ലാവരും കൂടിയതാണു്. കുറേക്കൂടെ വ്യക്തമായിപ്പറഞ്ഞാൽ അതു നാം ഓരോരുത്തരിലും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ക്രിസ്തുവാണു്. അതുകൊണ്ടു് തൻെറ സഹോദരങ്ങളുടെ ഇടയിൽ ക്രിസ്തുവായിരിക്കുവാനുള്ള, താൻ വഴി സഹോദരങ്ങളുടെ രക്ഷകൻ എന്ന നിലയിൽ ക്രിസ്തുവിൻെറ അസ്തിത്വം തുടരുവാൻ അവിടത്തെ അനുവദിക്കുവാനുള്ള കടമ ഓരോ വിശ്വാസിക്കുമുണ്ടു്. കുറെ പുണ്യങ്ങളുടെ അഭ്യാസത്തിലും താൻ തിരഞ്ഞെടുക്കുന്ന ചില നിയമങ്ങളുടെ അനുസരണത്തിലും ക്രിസ്തീയത്വത്തെ ഒതുക്കി നിറുത്തുന്ന ഒരു ക്രിസ്ത്യാനിയും ആ പേരിനു് അർഹനല്ല. ''ആരാണു് ഒരു ക്രിസ്ത്യാനി?'' എന്നു നേരെ ചോദിച്ചാൽ നിങ്ങൾക്കു കിട്ടുന്ന ഉത്തരം ഒരു പക്ഷേ ഇതായിരിക്കാം: ''ഞായറാഴ്ച കുർബ്ബാന കാണുകയും വെള്ളിയാഴ്ച മാംസം വർജ്ജിക്കുകയും പെസഹാക്കാല കടമകൾ നിർവ്വഹിക്കുകയും ചെയ്യുന്നയാൾ''. അതു് പകുതി ക്രിസ്ത്യാനി മാത്രമാണു്; വെട്ടിച്ചുരുക്കപ്പെട്ട ക്രിസ്ത്യാനി. എന്നാൽ ഇവയ്ക്കും പുറമേ, ക്രിയാത്മകമായി തൻെറ ആത്മരക്ഷയിൽ വ്യാപൃതനായിരിക്കുന്നവനാണു് സാക്ഷാലുള്ള, ശരിയായ ക്രിസ്ത്യാനി.

## ക്രിസ്ത്യാനി അപ്പസ്തോലൻ

നമ്മുടെ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി ജീവിക്കുകയും മാമ്മോദീസായിലെ വാഗ്ദാനത്തോടു് അവിശ്വസ്തരല്ലാതിരിക്കുകയും ചെയ്യണമെങ്കിൽ നാം ഈ അപ്പസ്തോലിക കടമയിലേക്കു തിരിച്ചു വരണം. ആരും തനിക്കു വേണ്ടി മാത്രമല്ല ക്രിസ്ത്യാനിയായിരിക്കുന്നതു്. ''ദൈവം എന്തിനു നിന്നെ സൃഷ്ടിച്ചു?'' എന്ന വേദോപദേശത്തിലെ ചോദ്യം നാം ശരിക്കും മനസ്സിലാക്കണം. അതിനുള്ള മറുപടി. ''അവിടത്തെ അറിയുന്നതിനും

www.malankaralibrary.com

സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും.'' ശുശ്രൂഷിക്കുക എന്ന വാക്കിന്റെ അർത്ഥത്തെപ്പററി നമുക്കു തെററിദ്ധാരണ ഇല്ലാത്തിടത്തോളം കാലം വളരെ നല്ല കാര്യമാണത്. കാരണം അതിന്റെ മുഴുവൻ ഉത്തരം ഇതാണ്: അവിടുത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും. അതാണ് ക്രിസ്തുമതം. അതെല്ലാമാണ് ക്രിസ്തുമതം. സഭ എന്നും അതു് അറിഞ്ഞിരുന്നു. പക്ഷേ നാം മറന്നുപോകാൻ സാദ്ധ്യതയുണ്ടു് എന്നു മാത്രം.

ദൈവരാജ്യത്തിന്റെ ദൃശ്യമായ വികസനത്തിനുള്ള സേവനത്തിൽ, അൽമായരിൽ ഒരു വലിയ വിഭാഗത്തിന്റെ സംഘടന ഉപയോഗപ്പെടുത്തുന്നു എന്നതാണ് പ്രേഷിതപ്രവർത്തനതലത്തിലെ പുതുമ. ഈ തുറയിൽ ഉറങ്ങിക്കിടക്കുന്ന ശക്തികളെ ചൂഷണം ചെയ്യുന്നതിനും ഗംഭീരമായ പ്രയത്നം ഇനിയും ആവശ്യമായിട്ടാണിരിക്കുന്നതു്. എല്ലാ ക്രിസ്ത്യാനിയിലും ഉറങ്ങിക്കിടക്കുന്ന ഒരു ''ക്രിസ്തുശക്തി'' ഉണ്ടു്. അതു പുറത്തു കൊണ്ടുവരണം, ശക്തിപ്പെടുത്തണം, ശരിയായ പശ്ചാത്തലത്തിലാക്കണം. അതു പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിനുള്ള സൗകര്യങ്ങൾ കൊടുക്കണം. പ്രേഷിതപ്രവർത്തനത്തിലുള്ള എല്ലാ സംഘടനകളുടേയും സഭാകോപിച്ചുള്ള പ്രവർത്തനങ്ങൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് ഉറങ്ങിക്കിടക്കുന്ന ഈ ശക്തി പുറത്തു കൊണ്ടുവരുന്നതിനും അതിൽ നിന്നു് നൂറു ശതമാനം ഫലം എടുക്കുന്നതിനുമാണ്. നാം ചിലപ്പോൾ കേൾക്കാറുണ്ടു്. ലോകം ക്രിസ്തുവിന്റെ സന്ദേശം കേൾക്കുവാൻ തയ്യാറില്ല എന്നു്. നാം അതു് ലോകത്തിലേയ്ക്കു കൊണ്ടുപോകുവാൻ തയ്യാറില്ല എന്നതാണു വാസ്തവം. ദൈവത്തിനു വേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹം. ദൈവത്തിനുവേണ്ടിയുള്ള വിശപ്പും ദാഹവും മനുഷ്യഹൃദയത്തിൽ ഒളിഞ്ഞുകിടപ്പുണ്ടു്. അതേപ്പററി ഒരു സംശയവും വേണ്ട. എല്ലാ ഇരുമ്പുമറകളേയും അതിലംഘിക്കുന്ന ഈ ആഗ്രഹം എത്ര രൂക്ഷവും വേദനാജനകവുമാണെന്നു് ഇടയ്ക്കിടയ്ക്കു നമുക്കു കാണുവാൻ കഴിയും.

www.malankaralibrary.com

## ലോകത്തിന്റെ അഭ്യർത്ഥന

ഹങ്കറിയിൽനിന്നും രക്ഷപെട്ട ഒരു സ്ക്കൂളദ്ധ്യാപികയുടെ വിവരണം ഞാനീയിടെ വായിക്കുകയുണ്ടായി. അവരുടെ കുട്ടികളുടെ ക്ലാസ്സിൽ താഴെക്കാണുന്ന സംഭവം നടന്നു: "അവിടെ ദൈവനാമം ഉച്ചരിക്കുന്നതു ശിക്ഷാർഹമായി മുടക്കിയിരുന്നു. ഒരിക്കൽ തങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും ഒരു പാട്ടു പാടുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നോ എന്നു ഞാൻ ചോദിച്ചു. ഒരു കൊച്ചു പെൺകുട്ടി കൈ പൊക്കി. ദിവസവും അവളുടെ പിതാമഹി (വല്യമ്മ)ക്കു ചൊല്ലിക്കൊടുത്തിരുന്ന പാട്ടു പാടുന്നതിനാണു് അവളതു ചെയ്തതു്. എന്നിട്ടാ കുഞ്ഞു തുടങ്ങി: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം പരിശുദ്ധമാകണം...." അവൾ തുടങ്ങിയപ്പോൾ 'എല്ലാ'വരും അതു കൂടെച്ചൊല്ലി. സമൂഹമായി ആ പ്രാർത്ഥന ചൊല്ലിത്തീർക്കുകയും ചെയ്തു.

ഒരു രാഷ്ട്രത്തിന്റെ അമർത്ത്യമായ വിശ്വാസത്തിന്റെ ലക്ഷണം. പേരുപോലും അവൾക്കറിയാൻ പാടില്ലാതിരുന്ന സുശക്തമായ പ്രാത്ഥന. നമുക്കു ചുററുമുള്ള ലോകത്തിൽനിന്നുയരുന്ന നിശ്ശബ്ദമായ അഭ്യർത്ഥനയുടെ പ്രതിഫലനം. ക്രിസ്ത്യാനിയുടെ കടമയാണു് സാക്ഷ്യം നൽകുക എന്നതു്. നിശ്ശബ്ദമായ സാക്ഷ്യമല്ല, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ വിശ്വസ്ത സാക്ഷ്യം. രക്ഷയുടെ വാക്കുകൾ ആവശ്യപ്പെടുന്നവർക്കു്, അതറിഞ്ഞുകൂടാത്തവർക്കു്, അന്ധകാരത്തിൽ അലയുന്നവർക്കു് അതു പറഞ്ഞുകൊടുക്കുക അയാളുടെ കടമയാണു്.

പെഗി (Peguy) പറഞ്ഞു: "പണം സൂക്ഷിക്കുന്നതുപോലെ ആത്മാവിനെ രക്ഷിക്കുവാൻ കഴിയുകയില്ല. പണം നഷ്ടപ്പെടുത്തുന്നതുപോലെ മാത്രമേ അതു രക്ഷിക്കുവാൻ കഴിയൂ: ചിലവഴിച്ചുകൊണ്ടു്". ഇതാണു് തന്റെ മക്കൾ പഠിക്കണമെന്നു് സഭ ആവശ്യപ്പെടുന്നതു്. ഏതെങ്കിലും തരത്തിലുള്ള അപ്പസ്തോലികവൃത്തിയിലേക്കുള്ള ആഹ്വാനം നിങ്ങൾക്കു ലഭിക്കുകയാണെങ്കിൽ,

www.malankaralibrary.com

നിങ്ങളുടെ ഹൃദയം കഠിനമാക്കാതെ അതിനുത്തരം നൽകു. കാരണം, വിശ്വാസം പ്രാവർത്തികമാക്കണമെങ്കിൽ അതു മററുള്ളവർക്കു കൊടുത്തേ പററൂ. നിങ്ങളേക്കാൾ കൂടുതലായി ലോകത്തിനതാവശ്യമുണ്ട്. അതു ജീവിക്കണമെങ്കിൽ, ജീവിക്കുന്നതിനും പ്രതീക്ഷിക്കുന്നതിനും കാരണമുണ്ടായിരിക്കണം. തൻെറ സ്നേഹിതനായ ഒരു ജനറലിനു് സെൻറ് എക്സ്പെറി ഇങ്ങനെ എഴുതി: ''ഇന്നെനിക്കു വലിയ സങ്കടമാണു്. ദൈവികസത്ത അശേഷമില്ലാത്ത എൻെറ തലമുറയെ ഓർത്തു ഞാൻ സങ്കടപ്പെടുന്നു. അല്ലയോ ജനറൽ, ഈ ലോകത്തിൽ ഒരൊററ പ്രശ്നമേയുള്ളു. എങ്ങനെ മനുഷ്യജീവികൾക്കു് ജീവിതത്തിൻെറ ആദ്ധ്യാത്മികാർത്ഥം കൊടുക്കുവാൻ കഴിയും; ആദ്ധ്യാത്മികകാര്യങ്ങളിൽ താല്പര്യവും''. ആളുകളോടു് ഇതു പറയേണ്ടതു് എല്ലാവിധത്തിലും ആവശ്യമാണു്.

www.malankaralibrary.com

# 23

# ഐക്യപ്പെട്ടവാൻ പഠിക്കുക

''ഒരേക അരൂപിയുടെ ശക്തിയാൽ
നാമെല്ലാവരും ഒരു ശരീരത്തിൽ മാമ്മോ
ദീസാ മുങ്ങിയിരിക്കുന്നു''.

(I കൊറി. 12:13).

### ഒരു കണ്ടുപിടുത്തം

നമ്മുടെ കാലഘട്ടത്തിലെ ഏററം സന്തോഷകരമായ കാര്യങ്ങളിൽ ഒന്നു് തങ്ങൾ ഓരോരുത്തരും മററുള്ളവരുടെ അവയവങ്ങൾ ആണു് എന്നു് സഭാംഗങ്ങൾക്കിടയിലുള്ള അവബോധമാണു്. ക്രിസ്തീയമായ സാമൂഹ്യബോധം അൽമയപ്രേഷിതത്വത്തിനു ചൈതന്യം പകരുന്നു. സഭ വൈദികരുടേയും ജനങ്ങളുടേയും പൊതുമുതലായിരിക്കുന്നു. നമ്മുടെ പ്രശ്നങ്ങൾ ഒന്നിച്ചു ചിന്തിച്ചു പഠിക്കണം. ശത്രുവിനെതിരായി പൊതുവായ ഒരു രക്ഷാനിര കെട്ടിപ്പടുക്കണം എന്ന ബോദ്ധ്യം ഇന്നുണ്ടു്. ''പ്രേഷിതപ്രവർത്തനത്തിന്റെ സാക്ഷാൽ

www.malankaralibrary.com

അപ്പസ്തോലൻ ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്ത്യാനി തനിച്ചും വൈദികൻ തനിച്ചുമല്ല; ക്രിസ്തീയസമൂഹമാണ്'' എന്ന കർദ്ദിനാൾ സൂഹാർഡിന്റെ വാക്കുകളുടെ സജീവവിവരണമാണത്. അടിസ്ഥാനപരമായ കോശം. പ്രേഷിതത്വത്തിന്റെ അളവുകോൽ, മററെല്ലായിടത്തുമെന്നതുപോലെ ക്രിസ്തീയസമൂഹമാണ്. അവിഭാജ്യമായ വൈദിക അൽമായ ഒന്നിപ്പ്. ആവശ്യമായ ഈ വൈദികഅൽമായ ബന്ധം കണക്കിലെടുക്കാതെ പ്രേഷിതത്വത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങൾക്കുള്ള യാതൊരു പരിഹാരവും തൃപ്തികരമായിരിക്കയില്ല. അജപാലനത്തെപ്പററിയുള്ള ഒരു ലേഖനത്തിൽ ബ്രസൽസിലെ ഒരു ഇടവകവികാരി എഴുതി, ദിവസം മൂന്നുപേരെവച്ച്, 20,000 വരുന്ന തന്റെ ഇടവകക്കാരെ സന്ദർശിക്കുവാൻ അദ്ദേഹത്തിന് ഏഴ വർഷം ആവശ്യമാണെന്ന്, സംഘടിതമായ പ്രവർത്തനങ്ങളുടെ അത്യാവശ്യം മനസ്സിലാക്കണമെങ്കിൽ, പൊതുവായ പ്രേഷിത പ്രവർത്തനത്തിൽ എല്ലാവരും എല്ലാത്തലത്തിലും പങ്കു ചേരേണ്ടതിന്റെ ആവശ്യം മനസ്സിലാക്കണമെങ്കിൽ, നാം മേല്പറഞ്ഞ എണ്ണം കണക്കിലെടുത്തേ മതിയാവൂ.

## അൽമായരുടെ പൗരോഹിത്യം

ഇന്നു സഭ പ്രത്യേകമായി വൈദികരോടാവശ്യപ്പെടുന്നുണ്ട്, വിശ്വാസികളുടെ ജ്ഞാനസ്നാനലബ്ധമായ പ്രസാദവരത്തിൽ വിശ്വസിക്കുവാനും ക്രിസ്തുവിനേയും അവരിൽക്കൂടി പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെശക്തിയേയും കാണുവാനും. വിശ്വാസികൾക്കു പകരമായി പ്രാർത്ഥിക്കുകയും അവരെ പ്രാർത്ഥിക്കുവാനുള്ള കടമയിൽനിന്ന് ഒഴിവാക്കുകയുമല്ല വൈദികന്റെ ദൈവവിളി; അവർക്കു നേതൃത്വം കൊടുത്തുകൊണ്ട് പ്രാർത്ഥിക്കുകയാണ്. അതുപോലെതന്നെ പ്രേഷിത പ്രവർത്തനത്തിലും അവരെ നയിക്കണം; അവർക്കു പകരം പ്രവർത്തിക്കയല്ലവേണ്ടത്. തീർച്ചയായും, എവിടെയാണു സഹപ്രവർത്തകരെ കാണുവാൻ സാധിക്കുന്നതെന്നദ്ദേഹം അറിയണം.

www.malankaralibrary.com

"എനിക്കാരേയും കാണുവാൻ കഴിയുന്നില്ല" എന്നു പറയുവാനുള്ള പ്രലോഭനത്തിനു് വൈദികൻ അടിപ്പെടാതിരിക്കണം. പ്രഥമവീക്ഷണത്തിൽ മാനുഷികമായ മാനദണ്ഡം വച്ചു നോക്കുമ്പോൾ അതു ശരിയായിരിക്കാം. എന്നാൽ വിശ്വാസം അദ്ദേഹത്തോടു പറയും, പ്രസാദവരമുള്ള എല്ലാ ആത്മാവും—ഒരു കുട്ടിയോ സാധുവായ ഒരു വൃദ്ധസ്ത്രീയോ—ക്രിസ്തുവിനെ കൈവശമാക്കിയിട്ടുണ്ടു്; ഒരു പക്ഷേ അവരായിരിക്കാം സർവ്വതോമുഖമായ പ്രവർത്തനം ആരംഭിക്കുന്നതിനു് താൻ പ്രതീക്ഷിക്കുന്ന വ്യക്തി എന്നു്. ഒരാത്മാവു് ഒരു ഉത്തോലകം (lever) പോലെയാണു്. വി. ചാറസ് ബറോമയോ St. Charles Borromeo) പറയുന്നതുപോലെ ഒരൊററ ആത്മാവു് ഒരു രൂപതയാണു്: ഒരു മെത്രാനാവശ്യമായ സ്ഥലവിസ്തീർണ്ണം അതിനുണ്ടു്. നമുക്കു നൽകാവുന്ന എല്ലാ ശ്രദ്ധയും ലഭിക്കുവാൻ അതിനർഹതയുണ്ടു്. എല്ലാ ക്രിസ്ത്യാനികളും അവരോരോരുത്തരും മററു ക്രിസ്തുവാകയാൽ അവശ്യമായി പ്രേഷിതരായിരിക്കണം. കാരണം, ക്രിസ്തു പ്രേഷിതനായിരുന്നു. ക്രിസ്തുവിനെ തങ്ങളുടെ ഓരോരുത്തരുടേയും പ്രതിരൂപമല്ലാതെ പൊതുവായ പ്രതിരൂപമായി മാത്രം വിശ്വാസികൾ കാണുന്നുവെങ്കിൽ അവർക്കു വലിയ തെററു പററുന്നു. അല്ലെങ്കിൽ പ്രേഷിത പ്രവർത്തനം ഭാവിയിലെ കുറെ വിശുദ്ധന്മാർക്കു മാററിവച്ചിരിക്കുകയാണു്. ആ വിശുദ്ധർ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടു് തങ്ങളെ എല്ലാ അദ്ധ്വാനത്തിൽനിന്നും സ്വതന്ത്രരാക്കും എന്നു വിചാരിച്ചാലും അവർക്കു തെററു പററുന്നു. ഇംഗ്ലണ്ടിലെ ഒരു അപ്പസ്തോലിക് ഡലഗേററിൻെറ വാക്കുകൾ വൈദികൻ എല്ലാവരോടും ആവർത്തിച്ചു പറയണം. വിശ്വാസികളോടു് സംസാരിച്ച ഒരവസരത്തിൽ അദ്ദേഹം പറഞ്ഞു: "സുവിശേഷം ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും എത്തിക്കുവാൻ നിങ്ങളുടേതല്ലാത്ത സ്വരമോ കൈകാലുകളോ ദൈവത്തിനില്ല."

www.malankaralibrary.com

## വൈദികരുടെ പൗരോഹിത്യം

എന്നത്തേക്കാളധികം ഇന്നു് വൈദികരുടെ പൗരോഹിത്യത്തോടു് വളരെയധികം ബഹുമാനം അൽമായരിൽ നിന്നും സഭ പ്രതീക്ഷിക്കുന്നു. സ്ഥാപനങ്ങളുടേയും അവയുടെ പ്രതിനിധികളുടേയും മാനുഷ്യകമായ വശംമാത്രം കാണുവാനുള്ള ഒരു പ്രലോഭനം നമുക്കു് എല്ലായ്പ്പോഴമുണ്ടു്. നാമെല്ലാവരും നമ്മുടെ നിധി സൂക്ഷിക്കുന്നതു തകരുന്ന പാത്രങ്ങളിലാണു്. വൈദികനെപ്പോലെ ഇതു് അറിയാവുന്നവരാരുമില്ല. കാരണം താൻ തനിച്ചെന്താണെന്നും ദൈവാനുഗ്രഹംകൊണ്ടു് അതിൽനിന്നു് എത്ര വ്യത്യസ്തനാണു് താനെന്നും അദ്ദേഹത്തിനു നന്നായിട്ടറിയാം. നിങ്ങളുടെ വീക്ഷണം ശരിയാകുവാനും ഓരോ മനുഷ്യനിലും ദൈവം പ്രവർത്തിക്കുന്നതു കാണുവാനും അവിടുന്നാവശ്യപ്പെടുകയാണു്. അതു വിശ്വാസത്തിൻെറ അഭ്യാസമാണു്. തൻെറ മനുഷ്യാവതാരത്തിൻെറ ഫലമായി ക്രിസ്തു അതാവശ്യപ്പെടുന്നു. മനുഷ്യസഹായം ആവശ്യപ്പെടുന്നതു് ദൈവം അതു തീരുമനസ്സായതുകൊണ്ടാണു്. പരിപൂർണ്ണസ്വതന്ത്രനായ ദൈവം ആശ്രിതനായിരിക്കുവാൻ ആഗ്രഹിക്കുന്നു. പൗരോഹിത്യത്തിൻെറ ഈ മാദ്ധ്യസ്ഥം സ്ഥിരീകരിക്കുക, ആ മദ്ധ്യസ്ഥം നമ്മുടെ ജീവിതത്തിൽ ഉള്ള ക്രിസ്തുവിൻെറ മാദ്ധ്യസ്ഥം തന്നെയാണു്. നിങ്ങളാഗ്രഹിക്കുന്ന തരത്തിലുള്ള ധാരാളം വൈദികരെ ലഭിക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുക. നിങ്ങളുടെ വീട്ടിൽ അവിടുത്തെ വിളി കേൾക്കുന്നെങ്കിൽ ഔദാര്യപൂർവ്വം നിങ്ങളുടെ മകനെ അവിടുത്തേക്കു കൊടുക്കുക. നിങ്ങളുടെ വാതിൽക്കൽ ദൈവം മുട്ടി നിങ്ങളെ ബഹുമാനിക്കുന്നുവെങ്കിൽ, ഒരു ദൈവവിളിയുടെ വിത്തു് നഷ്ടപ്പെടുത്തിക്കളയരുതു്.

തത്ത്വംമാത്രം പോരാ; അതു പ്രായോഗികമാക്കണം. തങ്ങളുടെ തോളു് വണ്ടിക്കു വച്ചുകൊടുക്കുന്ന (അദ്ധ്വാനിക്കുവാൻ തയ്യാറുള്ള)വരെയാണാവശ്യം. ഈ വാക്കുകളെപ്പററി ധ്യാനിക്കുക. "ഒരു പുതിയ ലോകം പണിതുടങ്ങുവാ

www.malankaralibrary.com

ന്നുള്ള നമ്മുടെ ശ്രമത്തിൽ കുറെ മേസ്ത്രി (architect) മാരെ കുറയ്ക്കുകയും കുറെ ജോലിക്കാരെ (masons) കൂട്ടുകയും ചെയ്യുക''. അങ്ങനെയാണു് ഭദ്രാസനങ്ങൾ പണിതിട്ടുള്ളതു്. അതിനുള്ള ഏകവഴി ഇതാണു്.

## സഭയും ലോകവും

നമ്മുടെ പ്രേഷിതപ്രവർത്തനത്തെ നിർവ്വചിക്കുവാൻ, ഒരു നിമിഷനേരത്തേക്കു രണ്ടു കാര്യങ്ങൾ പരിഗണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ''സഭയെന്നു പറയുമ്പോൾ ആത്യന്തികമായി നാമോരോരുത്തരേയുമാണു് ഞാൻ വിവക്ഷിക്കുന്നതു്. കാരണം സഭയുടെ പേരു് നാമോരോരുത്തരിലും നമ്മുടെ ശരീരത്തിലും ആത്മാവിലും എഴുതപ്പെട്ടിരിക്കുന്നു.

ലോകമെന്നു പറയുമ്പോൾ ക്രിസ്തുവിനേപ്പററി ഒന്നും അറിയാത്തവരോ, വളരെ കുറച്ചു മാത്രം അറിയുന്നവരോ, ആയ നമുക്കു ചുററുമുള്ള മനുഷ്യസമൂഹത്തെയാണു് വിവക്ഷിക്കുന്നതു്.

വസ്തുതകളെ അഭിമുഖീകരിക്കുന്നതിനുള്ള ധൈര്യം നമുക്കു വേണം. ലോകത്തിൽ 30,000,000,000 ജനങ്ങളുള്ളതിൽ 500,000,000 മാത്രമേ സഭയുടെ അംഗങ്ങളായുള്ളു.

ജനനനിരക്കു*കൊണ്ടുമാത്രം ഭയാനകമായ വിധത്തിൽ ക്രിസ്തുവിൽനിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരിടമാണീ ലോകം. വെറും 15 കൊല്ലത്തിനിടയ്ക്കു ലോകജനസംഖ്യ 500,000,000 എങ്കിലും കൂടിയിട്ടുണ്ടു്. ഇതിൽ 400,000,000 സഭയ്ക്കു പുറമേയാണു്. മാമ്മോദീസാ സ്വീകരിക്കുന്ന ഓരോ ശിശുവിനും അതു് സ്വീകരിക്കാത്ത നാലുപേർ വച്ചുണ്ടെന്നു സാരം. ഈ അനുപാതം വളരെ കൃത്യമായവിധം നമ്മെ മനസ്സിലാക്കുകയാണു്, സഭയ്ക്കു ലോകത്തിലെ സ്വാധീനത്തെക്കുറിച്ചുള്ള പ്രശ്നം.

---

* 1961-ലെ കണക്കു്

www.malankaralibrary.com

## ഗോതമ്പുപൊടിയിലെ പുളിമാവു്

പുളിമാവാണു സഭ എന്നു കർത്താവു പറഞ്ഞപ്പോൾ അതുവഴി സഭയുടെ സാദൃശ്യത്തിനു് ഒരു പുതിയ ഭാവം അവിടുന്നു നൽകുകയായിരുന്നു.

പുളിമാവു്! ക്രിയാത്മകമായ വസ്തു. അതു ഘനമായ, മരവിച്ച, മയമില്ലാത്ത മാവിൽ പ്രവേശിച്ചു് അതു വീണ്ടും താണുപോകാത്തവണ്ണം ഉയർത്തുകയും മാവിനാൽ നശിപ്പിക്കപ്പെടാതിരിക്കുകയും അതിൻെറ തന്നെ സ്വഭാവം കാത്തുസൂക്ഷിക്കുകയും ചെയ്യണം. ശക്തമായ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടു്. സഭ പുളിമാവാണെങ്കിൽ ഇതാണു് ചോദ്യം: ലോകത്തിൽ പുളിമാവാകുവാനുള്ള ദൗത്യം നാമോരോരുത്തരും സ്വീകരിക്കുന്നുണ്ടോ? ക്രിയാത്മകമായി, മററുള്ളവയെ പുളിപ്പിച്ചെടുക്കുവാൻ പരിശ്രമിക്കുന്നുണ്ടോ? അതോ, ഘനീഭവിച്ച മാവായിരിക്കുന്നതിൽ നാം സംതൃപ്തരാണോ?

നമ്മുടെ കർത്താവൊരിക്കലും തൻെറ ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തിട്ടില്ല, അവരായിരിക്കും ലോകജനതയിൽ കൂടുതൽ അംഗങ്ങൾ, അല്ലെങ്കിൽ ഭൂരിപക്ഷം എന്നു്. അവിടുന്നു് പുളിമാവിനേപ്പററിയാണു പറഞ്ഞതു്. ഇതു രണ്ടും വ്യത്യസ്തമാണു്, പുരോഗമിച്ചുകൊണ്ടിരിക്കുന്ന സഭയിൽ എല്ലാവരും പുരോഗമിക്കണം. മുഴുവനും മിഷനറിയായ ആ സഭയിൽ എല്ലാവരും മിഷനറിമാരായിരിക്കണം. മുഴുവനും കാതോലികമായ ഒരു സഭയിൽ എല്ലാവരും കത്തോലിക്കരായിരിക്കണം.

ഭാഗ്യദോഷത്തിനു് ഇതുവരെ എല്ലാവരും ഇതു മനസ്സിലായിട്ടില്ല. നമ്മുടെ അയൽക്കാരെ തീർച്ചയായും വളരെയധികം ജാഗ്രതയോടും ബഹുമാനത്തോടുംകൂടി വേണം നാം സമീപിക്കുവാൻ. എന്നാൽ ഒന്നും പറയാതിരിക്കത്തക്കവിധത്തിലായിരിക്കരുതു് ഈ ജാഗ്രതയും ബഹുമാനവും. നാം മററുള്ളവരെ സമീപിക്കണം. നാമവരോടു് സൂക്ഷ്മത്തോടും ആദരവോടുംകൂടി സംസാരിക്കണം. അതു വളരെ വ്യത്യസ്തമായ ഒരു കാര്യമാണു്. ലോകം മുഴുവനിലും പോകുവാനും എല്ലാ സൃഷ്ടികളോടും

www.malankaralibrary.com

സുവിശേഷം പ്രസംഗിക്കുവാനും അതു് എല്ലാവക്കും സുഗമമാക്കുവാനും ക്രിസ്തു നമ്മോടാജ്ഞാപിച്ചിട്ടുണ്ടു്. അതെപ്പോഴും ഒരു സാദ്ധ്യതയാണു്. അവരെ മാനസാന്തരപ്പെടുത്തുന്നതാകട്ടെ, വേറൊരു കാര്യവും. എല്ലാ മാനസാന്തരങ്ങളും അനുഗ്രഹത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും രഹസ്യങ്ങളാകുന്നു. എന്നാൽ സുവിശേഷം എല്ലാവക്കും എത്തിച്ചുകൊടുക്കുകയും അതിൻെറ സന്തോഷം എല്ലാവരെയും അറിയിക്കുകയും ചെയ്യുക എപ്പോഴും സാദ്ധ്യമാണു്. അതാണു് നമ്മോടാജ്ഞാപിച്ചിരിക്കുന്നതു്. ലോകരക്ഷയ്ക്കുവേണ്ടി നമ്മെത്തന്നെ ദൈവത്തിനു കൊടുക്കാൻ നാം ഉപേക്ഷ കാണിക്കരുതു്.

## പ്രേഷിതത്വം അനധികൃതപ്രവത്തനമോ?

നമ്മിൽ ഏററം നല്ലവരുടെപോലും ഹൃദയങ്ങളിൽ, പ്രേഷിതത്വത്തിനുള്ള ആഗ്രഹത്തെ മരവിപ്പിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന അപകടകരമായ ഒരു നാടോടി മുദ്രാവാക്യമുണ്ടു്. അതനുസരിച്ച് പ്രേഷിതപ്രവർത്തനം മററുള്ളവരുടെ മനസ്സാക്ഷിയുടെ ലംഘനമാണു്; തങ്ങളുടെ അഭിപ്രായങ്ങൾ ബഹുമാനിക്കപ്പെടുവാനുള്ള അവരുടെ അവകാശത്തിൻെറ നിഷേധം. തന്മൂലം ഓരോരുത്തരേയും അവരുടെ മനസ്സാക്ഷി കാണിച്ചുതരുന്ന വഴിയനുസരിക്കുവാൻ അനുവദിക്കണം. എല്ലാ പ്രേഷിതപ്രവത്തനങ്ങളിൽനിന്നും നാം വിരമിക്കണം. അവാസ്തവങ്ങളായ ഈ പ്രസ്താവനകൾ കൂലങ്കഷമായി പരിശോധിക്കുന്നില്ലെങ്കിൽ സഭയുടെ മിഷനറി പ്രവത്തനങ്ങളെ തടയുകയും ക്രിസ്തുവിനോടു് അവിശ്വസ്തത കാണിക്കുകയും ചെയ്യുന്ന ഒരപകടത്തിൽ പെട്ടുപോകും. ക്രിസ്ത്യാനിയുടേയും അവിശ്വാസിയുടേയും മനസ്സാക്ഷി തീർച്ചയായും ബഹുമാനിക്കപ്പെടണം. മററുള്ളവരുടെ മനസ്സാക്ഷിയോടുള്ള ബഹുമാനത്തിൽ കൂടുതലായ ഒന്നു് സഭ പ്രതീക്ഷിക്കുന്നുണ്ടു്. മനസ്സാക്ഷിയിൽ, തന്നോടുള്ള സ്വതന്ത്രമായ വിധേയത്വവും അവ

www.malankaralibrary.com

രിൽനിന്നും അവർ പ്രതീക്ഷിക്കുന്നു. ബുദ്ധിപൂർവ്വകമല്ലാത്ത ഒരു വിശ്വാസം അവരിൽനിന്നു വലിച്ചെടുക്കുവാൻ അവളാഗ്രഹിക്കുന്നില്ല. അങ്ങനെയുള്ള ഒരു മനസ്സാക്ഷി അതിനോടുതന്നെ അവിശ്വസ്തമായിരിക്കും. "സ്വതന്ത്രനായ മനുഷ്യന്റെ ആത്മാർത്ഥമായ വിധേയത്വ"മാണു് അവളാഗ്രഹിക്കുന്നതു്. അതിനെപ്പററിയാണു് പെഗി (Peguy) പറഞ്ഞതും. സഭയെപ്പററിയും ക്രിസ്തുവിനെപ്പററിയുമുള്ള സത്യം അവിശ്വാസിയുടെ കണ്ണുകൾകൊണ്ടു് കാണാതിരിക്കുന്നിടത്തോളം നാം സഭയിൽ പ്രവേശിക്കുവാൻ അവനൊരവകാശവുമില്ലെന്നും പറയുവാൻ അവൾ മടിക്കുന്നില്ല.

ഇത്രയും പറഞ്ഞുകഴിഞ്ഞു് സഭ നമ്മോടു വീണ്ടും പറയുന്നു: പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. ആ ആജ്ഞ ആധികാരികമാണു്, അതു പ്രചോദിപ്പിക്കുന്ന ദൈവസ്നേഹംപോലെതന്നെ.

പ്രേഷിതത്വം അനധികൃതമാണോ? അങ്ങനെയെങ്കിൽ "പോയി എല്ലാ ജനതകളിൽനിന്നും അനുയായികളെ ഉണ്ടാക്കുക" എന്ന ഗുരുവിന്റെ വാക്കുകൾ അസംബന്ധമായിരിക്കും. അജ്ഞന്മാരുടെ ശുദ്ധമനസ്സും ബോദ്ധ്യവും ദൈവികപുണ്യമായ വിശ്വാസത്തിനു സമമാണെങ്കിൽ എല്ലാ പ്രേഷിതകേന്ദ്രങ്ങളുടേയും അടിസ്ഥാനം തന്നെ തകർന്നുപോകും.

മററുള്ളവരുടെ മനസ്സാക്ഷിയെ വ്രണപ്പെടുത്തുന്നതോ, അവരുമായി അനാവശ്യമായ സംഘട്ടനത്തിനു വഴി തെളിക്കുന്നതോ ആയ ഒന്നും തീർച്ചയായും ചെയ്യരുതു്. എന്നാൽ നമുക്കായി മാത്രം സൂക്ഷിക്കുവാൻ യാതൊരു അവകാശവുമില്ലാത്ത "ജീവന്റെ വാക്കുക"ളുണ്ടു്, നമ്മുടെ പക്കൽ. നമ്മുടെ അയൽക്കാർ ആ വാക്കുകളിൽ അടങ്ങിയിട്ടുള്ള അനുഗ്രഹം സംശയിക്കുന്നില്ലെന്നുപോലും വരാം. ഉപവിയുടെ ആദ്ധ്യാത്മികമായ പ്രവൎത്തനങ്ങളിൽ, മററെല്ലാററിനേക്കാൾ വലുതായ, ഉപേക്ഷയുടെ പാപങ്ങളുണ്ടു്. അവ കണക്കിലെടുത്തു ദൈവം നമ്മെ വിധിക്കും.

www.malankaralibrary.com

അവർക്കറിഞ്ഞുകൂടാത്തതെങ്കിലും നാം ജീവിക്കുന്ന, അപരിമേയമായ സന്തോഷം പ്രദാനം ചെയ്യുന്ന സത്യത്തെ അവരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു എന്ന വസ്തുതയിൽക്കവിഞ്ഞ് എന്തു തെളിവാണുള്ളത്, അവരോടു ബഹുമാനം കാണിക്കുന്നതിന്? സത്യത്തെ അന്വേഷിക്കുന്ന, ഇരുട്ടിൽ തപ്പിത്തടയുന്ന ആ ജനതതിയുടെ, ഉത്തരം നൽകുവാനുള്ള വഴി തീർച്ചയായും ഇതാണ്.

'ജനതതി' എന്ന വാക്കു ബോധപൂർവ്വമാണ് ഞാനുപയോഗിക്കുന്നത്. ഒരുദാഹരണം മാത്രം പറയാം. ഒരൊററക്കൊല്ലത്തിനിടയിൽ, പ്രേഷിതത്വമായി ബന്ധപ്പെട്ട അമേരിക്കയിലെ ഒരു വലിയ സംരംഭത്തിനു സഭയേപ്പററിയുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു 3,000,000ൽ പരം അപേക്ഷകൾ ലഭിച്ചു എന്നു നിങ്ങൾക്കറിയാമോ? കത്തോലിക്കാമതത്തേപ്പററി വിവരങ്ങൾ നൽകുവാൻ സാധിക്കും എന്നു പ്രധാനപ്പെട്ട ചില പത്രങ്ങളിൽ ചെയ്ത പരസ്യങ്ങളുടെ ഫലമായിരുന്നു അത്.

എട്ടുകൊല്ലത്തിനിടയ്ക്കു 20 ലക്ഷം അപേക്ഷകളാണു ലഭിച്ചത് വിവരങ്ങളറിയാൻ. 308,000 ആളുകൾ മതബോധനം സ്വീകരിച്ചു.

വിജനപ്രദേശത്ത് അപ്പത്തിനുവേണ്ടി നിലവിളിക്കുന്ന, വിശക്കുന്ന ജനതതി എത്ര വലുതാണെന്നു ഈ സംഖ്യകൾ കാണിക്കുന്നു. അവർക്കുവേണ്ടിയാണ് പണ്ടു അപ്പസ്തോലന്മാരോടു പറഞ്ഞ വാക്കുകൾ കർത്താവു നമ്മോടു പറയുന്നത്: ''നിങ്ങളാണവർക്ക് ആഹാരം കൊടുക്കേണ്ടത്'' (ലൂക്കാ 9:13).

നമ്മുടെ നിശ്ശബ്ദത ദൈവം നമ്മോടു ക്ഷമിക്കട്ടെ.

www.malankaralibrary.com

# 24

# പ്രതീക്ഷയിൽ സഹിക്കുവാൻ പഠിക്കുക

"ക്രിസ്തു ഇതെല്ലാം സഹിക്കണമെന്നും അങ്ങനെ തൻെറ മഹത്വത്തിൽ പ്രവേശി ക്കണമെന്നും പ്രതീക്ഷിക്കേണ്ടതായിരുന്നി ല്ലേ?" (ലൂക്ക് 24:26)

## സഹനത്തിൻെറ രഹസ്യം

ആരും സഹനത്തിൽനിന്നും സ്വതന്ത്രരല്ല. നിഴൽ നമ്മെ പിന്തുടരുന്നതുപോലെ പിള്ളത്തൊട്ടി മുതൽ ശവ കുടീരം വരെ അതു നമ്മെ അനുധാവനം ചെയ്യുന്നു. രഹ സ്യം എന്നു വിളിക്കേണ്ട സഹനത്തിൻെറ അർത്ഥം മന സ്സിലാക്കുക നമുക്കു വിഷമമാണ്. സൂര്യപ്രകാശം മാത്ര മുള്ള, നിഴലില്ലാത്ത ഒരു ലോകത്തിൽ ജീവിക്കുവാനാ ണ് നാം തീർച്ചയായും ആഗ്രഹിക്കുക. നമുക്കു തിര ഞ്ഞെടുക്കുവാനുള്ള കഴിവ് തന്നിരുന്നെങ്കിൽ വസന്തവും വേനലും മാത്രമുള്ള ഒരു ലോകമായിരുന്നേനേ നാം ഉണ്ടാക്കുക.

www.malankaralibrary.com

എവിടെനിന്നു വരുന്നു എന്നറിഞ്ഞുകൂടാതെ, ഫല ശൂന്യമായ, ശത്രുതയുള്ള, തിന്മനിറഞ്ഞ തണുത്ത കാററോ, ജീവനററ ഇലകളുടെ കൂമ്പാരമോ ആണോ സഹനം? നിങ്ങാംക്കും എനിക്കും അറിയാം ഗ്രീഷ്മത്തിനു (winter) വനങ്ങളിൽ എന്തു ചെയ്യാൻ കഴിയുമെന്നു്. നിർജ്ജീവങ്ങളെന്നു തോന്നുന്ന വൃക്ഷങ്ങാം തങ്ങളിൽ ജീവ ജലം ഉയരുവാൻ അപ്പോാം തയ്യാറെടുക്കുകയാണു്. നാം മുറിച്ചുകളയുന്ന ഉണങ്ങിയകമ്പുകാം;പുതിയ ശിഖരങ്ങാം രൂപം കൊള്ളുന്നതിനു സഹായിക്കുകയാണു്. ഗ്രീഷ്മം മരണമല്ല, ജീവനിലേയ്ക്കുള്ള തയ്യാറെടുപ്പാണു്. ഗ്രീഷ്മം അന്ത്യമല്ല, ഭാവിയിലേയ്ക്കുള്ള ഇലകളെ ഒരുക്കിയെടുക്കുന്ന ഭൂമിയാണു്. പൂർണ്ണമായ നിസ്സഹായത യല്ല; പ്രതീക്ഷയുടെ കാലഘട്ടമാണതു്. പ്രകാശമി ല്ലാത്ത ആ വഴി, പ്രഭാതത്തിനു മുമ്പുള്ള ഇരുട്ടാണു് കാ ണിക്കുന്നതു്. മനുഷ്യജീവിതത്തിൽ സഹനം ഗ്രീഷ്മം പോലെയാണു്; പ്രഭാതത്തിനു മുമ്പുള്ള ഇരുട്ടുപോ ലെയും. സുശക്തമായ ക്രിസ്തീയജീവിതം നയിക്കണ മെന്നു് നാം ആഗ്രഹിക്കുന്നുവെങ്കിൽ സഹനം അനിവാ ര്യമാണു്. കർത്താവു പറഞ്ഞതുപോലെ, ഫലം പുറപ്പെടു വിക്കണമെങ്കിൽ "ഗോതമ്പുമണി ഭൂമിയിൽ വീണു് അഴിയണം. അതു് അഴിയുന്നുവെങ്കിൽ വളരെ ഫലം പുറപ്പെടുത്തും" (ജോൺ 12:24_25). പൊതുവായ വിധത്തിൽ നമുക്കതറിയാം; എന്നാലതു വിവരിക്കുക വിഷമമാണു്. പനികൊണ്ടു പുളയുന്ന മനുഷ്യനോടാരും പറയാറില്ല, ആരോഗ്യത്തിലേക്കു നയിക്കുന്ന, വൈരു ദ്ധ്യത്തിൻേറയും അതിൻെറ അനന്തരഫലത്തിൻേറയും ഒരടയാളമാണാപ്പനിയെന്നു്. വേദന അസഹ്യമാകു മ്പോാം നാമയാളുടെ കൈകൂ പിടിക്കും; സഹതാപ ത്തിൻെറ ലക്ഷണമായി. നാമയാളുടെ അടുത്തുണ്ടെന്ന യാളെ മനസ്സിലാക്കും; അയാാം സഹിക്കുന്നതു് നമുക്കറി യാമെന്നും അതിൽ പങ്കു ചേരുന്നെന്നും മനസ്സിലാക്കുവാൻ ശ്രമിക്കും. എന്നാൽ വാക്കുകളധികം സഹായിക്കുകയില്ല. അങ്ങനെയുള്ള അവസരങ്ങളിൽ അവ വളരെ ഉപരിപ്ല വവും വ്യക്തിബന്ധമില്ലാത്തതുമായിത്തോന്നും നമ്മുടെ

www.malankaralibrary.com

സത്തയുടെ അഗാധതയെത്തന്നെ സ്പർശിക്കുന്ന അവസരത്തിൽ മററുള്ളവർക്കു ഭാഗഭാക്കുകളാകാൻ പാടില്ലാത്ത വിധം സഹനം അത്ര വ്യക്തിപരമാണു്. ചിലപ്പോഠം സംസാരിക്കാൻ പററിയ സമയം നാം നോക്കിയിരിക്കണം.

അടുത്ത കാലത്തുണ്ടായ വേദനാജനകമായ സംഭവങ്ങളുടെ ഹൃദയഭേദകമായ കാഴ്ചകഠം നമ്മുടെ മനസ്സിലുണ്ടു്. എങ്ങനെയാണു് ഒന്നിച്ചു കുന്നുകൂടികിടക്കുന്ന ആ സഹനം പരിഭാഷപ്പെടുത്തുകയും മനസ്സിലാക്കുകയും ചെയ്യുവാൻ നമുക്കു കഴിയുക? യുവത്വത്തിൻെറ പൂർണ്ണതയിൽ വിച്ഛേദിക്കപ്പെട്ട ജീവിതങ്ങളും ഒരൊററഅടിയാൽ തകർക്കപ്പെട്ട കുടുംബങ്ങളും. ജീവിതം ഓടിമറയുന്ന ഒരു നിമിഷമാണെങ്കിൽ, അതു ശവകുടീരത്തോടുകൂടി ഇല്ലാതാവുകയാണെങ്കിൽ, കല്ലറയ്ക്കപ്പുറത്തേക്കുള്ളതെല്ലാം അഗ്രാഹ്യമാണെങ്കിൽ നമുക്കു സഹനം മനസ്സിലാവില്ല.

വിശ്വാസമില്ലാത്ത മനുഷ്യനു്, നക്ഷത്രങ്ങളില്ലാത്ത കറുത്തരാത്രിയാണു സഹനം, എന്നാൽ വരാൻ പോകുന്ന ജീവിതത്തിനുള്ള തയ്യാറെടുപ്പാണു്, വരാനിരിക്കുന്നതിനുള്ള ആമുഖം മുഖവുരയുമാണു് ഈ ജീവിതം എന്നു വിശ്വസിക്കുന്ന മനുഷ്യൻ ഇരുട്ടിൽ പ്രകാശം കാണുവാൻ ആരംഭിക്കുന്നു. സഞ്ചരിക്കാൻ ബുദ്ധിമുട്ടുള്ള വഴിയാണു സഹനം. എങ്കിലും, കല്ലറയ്ക്കപ്പുറത്തു് നമ്മെ പ്രവത്തിപ്പിക്കുന്ന പ്രകാശത്തിലേയ്ക്കും ഊഷ്മളതയിലേക്കുമാണതു നയിക്കുന്നതു് എന്നയാഠം മനസ്സിലാക്കുന്നു.

സങ്കടത്തിൻേറയും വേർപാടിൻേറയും നിമിഷങ്ങളിൽ കുടുംബാംഗങ്ങളെ ബന്ധിക്കുന്ന സ്നേഹം ഈ ലോകത്തിനപ്പുറത്തേയ്ക്കു വ്യാപിക്കുന്ന, നിലനിൽക്കുന്ന വസ്തുതയാണെന്നു് മനുഷ്യഹൃദയം മനസ്സിലാക്കുന്നു. ആ സ്നേഹം, അതു വാസ്തവമാണെങ്കിൽ, മരിക്കയില്ല. കാരണം സ്നേഹം ദൈവികമാണു്; ദൈവം മരിക്കുന്നില്ല. മരിച്ചവർ ജീവിക്കുന്നവരേക്കാഠം സജീവരാണെന്നും അവർ നമുക്കു സമീപസ്ഥരാണെന്നും വിശ്വസിക്കുവാൻ

www.malankaralibrary.com

മനുഷ്യഹൃദയത്തിനൊരു വിഷമവുമില്ല. കാണാൻ പാടി ല്ലാത്തതെങ്കിലും നമുക്കു ചുററുമുള്ള വാസ്തവമായ ആ ലോകത്തിൽ മുമ്പത്തേക്കാൾ കൂടുതൽ അവർ സന്നിഹി തരാണ്.

## അദൃശ്യമായ ലോകം

സ്വാഭാവികമായ തലത്തിൽത്തന്നെ, സാങ്കേതിക യുഗത്തിലെ മനുഷ്യരായ നമുക്കു മനസ്സിലാക്കാൻ കഴിയു ന്നതുപോലെ, നമ്മോടടുത്തുതന്നെ നമുക്കു ദൃശ്യമായ പല വസ്തുതകളുമുണ്ട്. തങ്ങളുടെ മുറി നിറയെ ശബ്ദവും വെളിച്ചവുമാണ്; ഒരു സ്വിച്ചമർത്തിയാൽ മതി റേഡി യോയുടേയും ടെലിവിഷൻേറയും തരംഗങ്ങൾ പിടിച്ചെ ടുക്കാൻ എന്നു നമ്മുടെ പൂർവ്വികന്മാരോടു പറഞ്ഞാൽ അവരാശ്ചര്യപ്പെട്ടു പോകുമായിരുന്നു. റേഡിയോ ഒന്നു 'ഓൺ' ചെയ്താൽ മതി നമുക്കു ചുററുമുള്ള ഈ വസ്തുത കൾ അറിയുന്നതിനു്. അരൂപിയുടെ അദൃശ്യമായ കാര്യ ങ്ങളെ സംബന്ധിച്ചും ഇതു വാസ്തവമാണ്. വിശ്വാസ ത്തോടെ നിങ്ങളുടെ ഹൃദയങ്ങൾ 'ഓൺ' ചെയ്താൽ മതി, അജ്ഞാതമായ ആ തരംഗങ്ങളെ പിടിച്ചെടുക്കുവാൻ. "കണ്ണു കണ്ടിട്ടില്ലാത്തതും ചെവികേട്ടിട്ടില്ലാത്തതും ഹൃദയം അറിഞ്ഞിട്ടില്ലാത്തതുമായ, തന്നെ സ്നേഹിക്കുന്ന വർക്കു ദൈവം തയ്യാറാക്കിയിരിക്കുന്ന" (1 കൊറി 2:9) അനവദ്യമായ സ്നേഹത്തിൻേറയും സന്തോഷത്തിൻേറയും രാജ്യത്തിലേയ്ക്കു പ്രവേശിക്കുന്നതിനും അതു മതി.

## ദൈവത്തിൻെറ സമീപനം

വിശ്വാസം അതിനപ്പുറത്തേക്കു പോകുന്നു; അതു് സഹനത്തിൻെറ രഹസ്യം ഗാഢമായി മനസ്സിലാ ക്കുന്നു: സഹനം ഉപയോഗശൂന്യവും ശത്രുതപം പുലർത്തു ന്നതുമായ ഒരു വസ്തുതയല്ല, ഭൂതത്തിൻേറതുപോലെ തലയ്ക്കു മുകളിൽ കാണപ്പെടുന്ന നിഴലുമല്ല. സഹി ക്കുക വിഷമമാണ്. എന്നാൽ ഒരു ശിഷ്യവിനെ ലോക

www.malankaralibrary.com

ത്തിനു പ്രദാനം ചെയ്യുന്നതുപോലെ, പ്രതീക്ഷയിലാണ് സഹിക്കേണ്ടതു്. എങ്കിൽ അതു് രക്ഷയുടേയും വീണ്ടെടുപ്പിൻെറയും വാഗ്ദാനത്താൽ പൂരിതമാണ്. അതു വ്യക്തിത്വവുമായി ബന്ധമില്ലാത്ത വസ്തുതയല്ല. നമ്മിലും ലോകത്തിലും ശക്തമായ കാര്യങ്ങൾ ചെയ്യുന്ന ദൈവത്തിൻെറ സാന്നിദ്ധ്യമാണ് എന്നു മനസ്സിലാക്കുമ്പോൾ, സഹനം ഒരു പുതിയ രൂപം സ്വീകരിക്കയാണ്. വേദനയുടെ ഉള്ളിൽ. ഒളിഞ്ഞു കിടക്കുന്ന സജീവമായ ദൈവസ്നേഹത്തെ വിശ്വാസം നമുക്കു കാണിച്ചുതരുന്നു. ആ സ്നേഹം ആവരണം ചെയ്യപ്പെട്ടതാണ്; എങ്കിലും അതു് ഋജുവും വ്യക്തിപരവുമാണ്.

നമുക്കു് ഇഷ്ടപ്പെട്ടപോലെയെല്ലാം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ ദൈവം നമ്മെ സ്നേഹിക്കുന്നു എന്നു വിശ്വസിക്കുക വിഷമമല്ല. എന്നാൽ നമ്മുടെ തോണിയിൽ കൊടുങ്കാററടിക്കുമ്പോൾ നാം പതറാതിരിക്കണമെങ്കിൽ നമുക്കു വാസ്തവത്തിലുള്ള, സുസ്ഥിരമായ വിശ്വാസം ആവശ്യമാണ്.

വേദനയുടെ നിമിഷത്തിൽ, ദൈവസ്നേഹം കൂടുതൽ ശ്രമസാദ്ധ്യമെങ്കിലും സർവ്വശ്രേഷ്ഠിയാണ്. എത്ര എളുപ്പം വൈരുദ്ധ്യാത്മകമായ ഈ സ്നേഹത്തിൻെറ നീക്കങ്ങൾ നാം തെററിദ്ധരിക്കുന്നു! കൃപാവരംകൊണ്ടു നമ്മെ നിറയ്ക്കുന്നതിനു വേണ്ടി നമ്മെ ക്ഷണംക്ഷണമായി മുറിക്കുന്ന ഈ സ്നേഹസ്പർശനങ്ങൾക്കു് വഴങ്ങുവാൻ നാം ഒരുക്കുന്നില്ല. നാം ദൈവത്തിൽ വിശ്വസിക്കുന്നില്ല. കാരണം, ബുദ്ധിമുട്ടുളവാക്കുന്ന പ്രച്ഛന്നവേഷങ്ങളിൽ അവിടുത്തെ തിരിച്ചറിയത്തക്കവിധം ശക്തമല്ല നമ്മുടെ വിശ്വാസം. ''കർത്താവെ ഞങ്ങൾ വിശ്വസിക്കുന്നു; ഞങ്ങളുടെ അവിശ്വസ്തതയിൽ സഹായിക്കേണമെ'' എന്നു് അപ്പസ്തോലന്മാർ വിളിച്ചു പറഞ്ഞു. നാമെല്ലാം ആവർത്തിക്കേണ്ട ഒരു കുററസമ്മതവും അപേക്ഷയുമാണിതു്.

സഹനത്തിൻെറ ബുദ്ധിമുട്ടിൽ, ദൈവത്തിൻെറ സാമീപ്യത്തെ ഈ വിധത്തിൽ കാണുവാൻ ക്രിസ്ത്യാ

www.malankaralibrary.com

നീക്കു സാധിക്കുമെങ്കിൽ, പരീക്ഷണങ്ങളാൽ വലയുന്ന, നിരാശയാൽ വിഷമിക്കുന്ന സഹോദരനു് എന്തുമാത്രം സഹായം ചെയ്യുവാൻ അവനു കഴിയുകയില്ല! അയാൾക്കു് ആശ്വാസവും ശക്തിയും കൊടുക്കുവാൻ സാധിക്കുകയില്ല! സാവധാനം അയാളുടെ അടുത്തുചെന്നു് ഒരു ക്രിസ്ത്യാനി (ഒരെഴുത്തുകാരൻെറ വാക്കുകളിൽ) പറയട്ടെ: ''പ്രഭാതം തുടങ്ങുന്നതു പാതിരാത്രിയിലാണു്''. വേദനിക്കുന്ന അയാളുടെ ഹൃദയത്തിൽ ദൈവം പ്രവർത്തിക്കുകയാണു്. ഒരു ദിവസം അവിടെ നടക്കുന്ന അത്ഭുതങ്ങൾ അയാൾക്കു മനസ്സിലാകും. അവ അയാളുടെ ഹൃദയത്തിൻെറ അഗാധതലങ്ങളിലാണു്; ഇന്നവ അജ്ഞാതമാണു് എങ്കിലും.

www.malankaralibrary.com

# വിശ്വാസത്തിൻെറ അത്യുപിയിൽ സഹിക്കുവാൻ പഠിക്കുക

"ദൈവത്തെ സ്നേഹിക്കുന്നവർക്കു് എല്ലാം നന്മയ്ക്കു സഹായകമാണു്."

(റോമ. 8:28)

## ദൈവം പ്രവർത്തിക്കുന്നു

ഇതു ശ്രദ്ധിക്കുന്ന നിങ്ങളും, ഒരു പക്ഷെ വലിയ ഒരു വിഷമസന്ധിയിൽക്കൂടി കടന്നുപോകുന്ന നിങ്ങളും, വി. ലിഖിതത്തിലെ ഈ വാക്കുകളുടെ അർത്ഥത്തെപ്പററി ചിന്തിക്കുക: ''ദൈവത്തെ സ്നേഹിക്കുന്നവർക്കു് എല്ലാം നന്മ ഉളവാക്കുവാൻ സഹായിക്കുന്നു''. 'എല്ലാം' എന്നുള്ളതിൻെറ അർത്ഥം 'സകലതും' എന്നാണു്. ആ അനീതിയും ആ ഉപദ്രവവും ആ ആക്ഷേപവും ആ അവജ്ഞയുടെ പ്രവൃത്തിയും ആ ബോധപൂർവ്വകമായ തെററിദ്ധാരണയും ആ നന്മനസ്സില്ലായ്മയും ആ വേദനയും ആ വേർപാടും: മനുഷ്യഹൃദയത്തിനു വേദനയുളവാക്കുന്ന

www.malankaralibrary.com

തെല്ലാം—ഇതെല്ലാം നമ്മുടെ നന്മയ്ക്കു സഹായിക്കുന്നു. കാരണം, ഇവയെല്ലാം ദൈവത്തിന്റെ കരങ്ങളിലാണ്. നിങ്ങളെപ്പോഴെങ്കിലും ഒരു ശസ്ത്രക്രിയ നടത്തുന്നതു കണ്ടിട്ടുണ്ടോ? ഡോക്ടറുപയോഗിക്കുന്ന ഉപകരണങ്ങളുടെ കൂട്ടം നോക്കുക. നേഴ്സുമാർ രോഗിക്കു ചുററുംനിന്ന് വിവിധങ്ങളായ ഉപകരണങ്ങൾ എടുത്തുകൊടുക്കുന്നു. ഡോക്ടറമാർ ആദ്യം ഒരുപകരണം പ്രയോഗിക്കുന്നു; പിന്നെ വേറൊന്ന്, ഒന്നു താഴെ വയ്ക്കുന്നു. വേറൊന്നെടുക്കുന്നു. ഓരോ ഉപകരണവും അതിന്റേതായ വിധത്തിൽ ഒരു മുറിവുണ്ടാക്കുന്നു. എന്നാൽ എല്ലാം സുഖക്കേടു ഭേദമാക്കുവാൻ സഹായിക്കുന്നു. ലോകം ന്യായപൂർവ്വം അഭിമാനം കൊള്ളുന്ന വൈദ്യശാസ്ത്രത്തിന്റെ വിജയത്തിനു് അവ ഓരോന്നും സഹായിച്ചിട്ടുണ്ട്.... ദൈവവും ശസ്ത്രക്രിയകൾ ചെയ്യുന്നുണ്ട്: നമ്മുടെ ആത്മാക്കളെ സ്വതന്ത്രമാക്കുവാൻ, നമ്മുടെ കെട്ടുകളഴിക്കുവാൻ, രോഗം മാററുവാൻ, നമ്മുടെ ആത്മാക്കളെ ശുദ്ധീകരിച്ച് എല്ലാ ചിന്തകൾക്കും എല്ലാ സ്വപ്നങ്ങൾക്കും അതീതമായ സന്തോഷത്തിനു യോഗ്യമായ വിധം അവയെ വീണ്ടും സൃഷ്ടിക്കുവാൻ.

എല്ലാം നമ്മുടെ നന്മ കൈവരുത്തുവാൻ സഹായിക്കുന്നു. 'എല്ലാം' എന്നു പറയുമ്പോൾ ദൈവം നമുക്കു തരുന്ന സ്നേഹിതന്മാരെപ്പോലെതന്നെ നമ്മോടു സ്നേഹമില്ലാത്തവരും, ഒരു പക്ഷേ, നമുക്കു തിന്മ വിചാരിക്കുന്നവരും ഉൾപ്പെടുന്നു. ജ്ഞാനികളുടെ വഴി പ്രകാശമാനമാക്കി സഹായിച്ച ഒരു നക്ഷത്രം കൊണ്ടുമാത്രമല്ല വിജ്ഞാനികളെ ദൈവം ബേത്ലഹേമിലേയ്ക്കു നയിച്ചതു്. ജറുസലേമിലുള്ള പ്രീശരുടെ നിർദ്ദേശങ്ങളും ഈശോയെ കൊല്ലുവാനാഗ്രഹിച്ച ഹേറോദേസിന്റെ സൂത്രവും എല്ലാം അതിനു സഹായിച്ചു. ദൈവത്തിന്റെ കരങ്ങളിൽ, നക്ഷത്രത്തേപ്പോലെതന്നെ ഹേറോദേസും, സ്നേഹത്തിന്റെ ഉദ്ദേശ്യസാദ്ധ്യത്തിനു സഹായകരമായി. ഹേറോദേസ് അയാളുടെ ഭാഗം ഭംഗിയായി അഭിനയിച്ചുകഴിഞ്ഞപ്പോൾ ദൈവം അയാളുടെ കെണികളെ

www.malankaralibrary.com

തകക്കുകയും വിജ്ഞാനികളെ വേറൊരു വഴി കാണി ക്കുകയും ചെയ്തു. എപ്പോഴും സ്നേഹിക്കുന്ന ദൈവംതന്നെ യാണവിടുന്നു്. മൂന്നു രാജാക്കളെ സ്നേഹിച്ചതുപോലെ അവിടുന്നു നമ്മെ സ്നേഹിക്കുന്നു.

അവിടുത്തെ കൈയിലുള്ള ഉപകരണങ്ങൾ മാറിയെ ന്നു വരാം. എപ്പോഴും ചീട്ടുകൾ ഭാഗിക്കുന്നതു് അവിടുന്നു തന്നെയാണു്. അനന്തമായ സ്നേഹത്തോടെ അവിടുന്നു് ആ പ്രവൃത്തി ചെയ്യുന്നു.

നിങ്ങളുടെ ബുദ്ധിമുട്ടുകളേയും അവയുടെ കാരണക്കാ രേയും വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു നോക്കുക. ശത്രുതഭാവിക്കുന്ന മുഖങ്ങൾക്കും ചുരുട്ടിയ മുഷ്ടികൾക്കും വേദനിപ്പിക്കുന്ന വാക്കുകൾക്കും അപ്പുറത്തു് ഈ പ്രവൃത്തി കളിൽക്കൂടി തന്റെ സ്നേഹം വ്യക്തമാക്കുന്ന കർത്താവിന്റെ മുഖം കാണുക. തന്നിൽ വിശ്വസിക്കുവാനും തന്റെ സ്നേഹത്തിനു അവസാനത്തെ തീരുമാനം വിട്ടുകൊടുക്കു വാനുമാണു് അവിടുന്നാവശ്യപ്പെടുന്നതു്. ദീപസ്തംഭം പോലെ രാത്രിയിൽ പ്രകാശിക്കുകയും ഇരുട്ടിൽ ഇത്ര വലിയ പ്രകാശം പരത്തുകയും ചെയ്യുന്ന വിശ്വാസത്തി ന്റെ ഈ സത്യങ്ങളിലേയ്ക്കു നാം വീണ്ടും വീണ്ടും തിരിയണം. പ്രകാശവും നിഴലും പരസ്പരം വ്യത്യസ്തപ്പെ ടുത്തിക്കാണിക്കുന്ന റെംബ്രാൻഡി (Rembrandt)ന്റെ ചിത്രങ്ങളേപ്പററി നിങ്ങൾക്കറിയാം. ജീവിതം ആ ചിത്ര ങ്ങളേപ്പോലെയാണു്. ദൈവത്തേയും മനുഷ്യരോടുള്ള അവിടുത്തെ സ്നേഹത്തേയുംപററി സംശയിക്കുവാൻ പാടില്ലാത്തവിധം അത്രമാത്രം പ്രകാശമുണ്ടു്, ലോക ത്തിൽ. വേനൽക്കാലത്തു്, നട്ടുച്ചസമയത്തു് സൂര്യൻ അതിന്റെ ഉഗ്രതയോടെ പ്രകാശിക്കുമ്പോൾ അതിന്റെ പ്രകാശത്തിലും ചൂടിലും വിശ്വസിക്കുവാൻ നമുക്കു ബുദ്ധിമുട്ടില്ല. ഇരുട്ടും തണുപ്പുമുള്ളപ്പോൾ, അല്ലെങ്കിൽ മൂടൽമഞ്ഞും മേഘവുമുള്ളപ്പോൾ സൂര്യൻ അപ്രത്യക്ഷനായി എന്നു വിചാരിക്കുവാൻ നാം പ്രേരിതരായേക്കാം. അതു ശരിയല്ല. സൂര്യനല്ല വ്യത്യാസം സംഭവിച്ചതു്; ഭൂമിയാ ണു് ഇരുട്ടിൽ മുഴുകിയിരിക്കുന്നതു്. അതുപോലെതന്നെ,

www.malankaralibrary.com

സഹനത്തിലും സങ്കടത്തിലും മുഴുകിയിരിക്കുമ്പോഴും ദൈവസ്നേഹമാകുന്ന സൂര്യനിൽ മററെല്ലാ സമയത്തേക്കാളും കൂടുതലായി നാം ദൃഢമായി വിശ്വസിക്കണം. ആ സൂര്യൻ മേഘത്തിനുള്ളിൽക്കൂടി കടന്നുവരുവാനും മൂടൽമഞ്ഞു മാററുവാനും അവസരം കാത്തിരിക്കുകയാണു്.

നമ്മുടെ വീക്ഷണം എപ്പോഴും ശരിയാക്കി, ദൈവം കാണുന്നതുപോലെ നാം കാണണമെങ്കിൽ (അതല്ലേ വിശ്വാസം? ദൈവത്തിൻെറ കണ്ണുകൾകൊണ്ടു കാണുന്നതും അവിടത്തെ ബുദ്ധികൊണ്ടു വിധിക്കുന്നതും?) ബാഹ്യമായവസ്തുപ്പുറം കാണുവാൻ നാം പരിശ്രമിക്കണം, അപ്രധാനങ്ങളായ കാരണങ്ങൾക്കപ്പുറത്തേക്കു നോക്കണം.

## ബാഹ്യമായവസ്തുപ്പുറത്തേയ്ക്കു്

"ദൈവപരിപാലനയ്ക്കു കൈയ്യാളികൾ" എന്നൊരു ചെറിയ മനോഹരമായ പുസ്തകമുണ്ടു് അതിൻെറ പേരുതന്നെ ഒരു പ്രത്യേക ജീവിതസരണിയാണു് (a way of life) കുറിക്കുക. ഈ വിഷയത്തെപ്പററി ക്രിസ്തീയപാരമ്പര്യത്തിലുള്ള ഏററം നല്ല കാര്യങ്ങൾ അതിൻെറ ഗ്രന്ഥകർത്താവായ ഫാദർ ഡെ കൗസ്സാഡു് (De Caussade) ചുരുങ്ങിയ പേജുകളിൽ സംഗ്രഹിച്ചിട്ടുണ്ടു്. വലിയ സാഹിത്യമേന്മയൊന്നും അദ്ദേഹം അവകാശപ്പെടുന്നില്ല; എങ്കിലും ധാരാളം ക്രിസ്തീയ ബുദ്ധി അവയിലുണ്ടു്. അദ്ദേഹം പറയുന്നതു് ഒരു നിമിഷം ശ്രദ്ധിക്കുക: എല്ലാ സൃഷ്ടികളും ദൈവത്തിൻെറ കരങ്ങളിലാണു് ജീവിക്കുന്നതു്; പഞ്ചേന്ദ്രിയങ്ങൾ സൃഷ്ടികളുടെ പ്രവർത്തനം മാത്രമേ മനസ്സിലാക്കുന്നുള്ളു; എന്നാൽ വിശ്വാസം സകലത്തിലും ദൈവത്തിൻെറ പ്രവർത്തനം കാണുന്നു. ഈശോമിശിഹാ എല്ലാററിലും സന്നിഹിതനാണെന്നും ശതാബ്ദങ്ങളിലൂടെ അവിടുന്നു് പ്രവർത്തിക്കുന്നുണ്ടെന്നും വിശ്വാസം ഉറപ്പിച്ചുപറയുന്നു; ഏററം ചെറിയ നിമിഷവും ഏററം ചെറിയ അണുവും ക്രിസ്തുവിൻെറ രഹസ്യജീവിതത്തിൻെറ ഒരു ഭാഗവും നിഗൂഢമായ അവിടത്തെ പ്രവർത്തനവും ഉൾക്കൊള്ളുന്നുവെന്നു്

www.malankaralibrary.com

വിശ്വാസം ഏറ്റുപറയുന്നു. ദൈവികചെയ്തികളുടെ അഗാധമായ രഹസ്യങ്ങളെ മറയ്ക്കുന്ന തിരശ്ശീലയാണ് സൃഷ്ടികളുടെ പ്രവർത്തനം. തന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാരെ ആശ്ചര്യപ്പെടുത്തിക്കൊണ്ടാണ് കർത്താവ് അവർക്ക് പ്രത്യക്ഷനായത്. തന്നെ മറച്ചിരുന്ന രൂപങ്ങളിലാണ് അവിടുന്നവർക്ക് കാണപ്പെടുന്നത്. സ്വയം മനസ്സിലാക്കിക്കൊടുത്തുടനെ അവിടുന്ന് അപ്രത്യക്ഷനാവുകയും ചെയ്യുന്നു. എപ്പോഴും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈ കർത്താവുതന്നെ, വിശ്വാസം വേണ്ടത്ര പരിശുദ്ധവും ദൃഢവും അല്ലാത്ത ആത്മാക്കളെ ആശ്ചര്യപ്പെടുത്താറുണ്ട്...

വിശ്വാസം ദൈവത്തിന്റെ ദ്വിഭാഷി(interpreter) യാണ്. അതുതരുന്ന പ്രകാശം കൂടാതെ സൃഷ്ടികൾ സംസാരിക്കുന്ന ഭാഷ മനസ്സിലാക്കാൻ നമുക്കൊട്ടും കഴിയുകയില്ല. കുഴപ്പം പിടിച്ച് ഒന്നും വ്യക്തമല്ലാത്ത ഒരു പൂജ്യമാണവയുടെ ഭാഷ. ദൈവം സംസാരിക്കുമെന്ന് ആർക്കും പ്രതീക്ഷിക്കാൻ സാധിക്കാത്ത ഒരു മുൾപ്പടർപ്പാണത്. എന്നാൽ മോശയ്ക്ക് അനുഭവപ്പെട്ടതുപോലെ, മുള്ളുകളുടെ ഇടയിൽ ജ്വലിക്കുന്ന ദിവ്യസ്നേഹാഗ്നി വിശ്വാസത്തെ നമുക്കു കാണിച്ചുതരുന്നു. വിശ്വാസം നമുക്ക് ഒരു താക്കോൽ തരികയാണ്: ശൂന്യമായ അവസ്ഥ കടന്ന് കുഴപ്പങ്ങളുടെ മദ്ധ്യേ സ്വർഗ്ഗീയവിജ്ഞാനത്തിന്റെ മഹിമകൾ കാണുവാൻ ഉതകിയ താക്കോൽ. സ്വർഗ്ഗീയമായ ഒരു ഭാവം ഭൂമിക്കു കൊടുക്കുകയാണ് വിശ്വാസം. ആ വിശ്വാസത്താൽ സ്വർഗ്ഗീയമായ സംഭാഷണങ്ങളിലേയ്ക്കു നമ്മുടെ ഹൃദയം ആകർഷിക്കപ്പെടുന്നു, സംവഹിക്കപ്പെടുന്നു. 1

നമ്മുടെ വിശ്വാസം അത്ര സുശക്തമാണെങ്കിൽ, മാനുഷികവേദനകൾക്കുത്തരം നമ്മുടെ ഹൃദയങ്ങളിൽ കണ്ടു കിട്ടുമായിരുന്നു. ദൈവവും മനുഷ്യനുമായിട്ടുള്ള രഹസ്യമായ ഒരു സന്ധിയാണ് സഹനം. ദൈവം ആ

---

1 J. P. Caussade S. J. Self-abandonment to Divine Providence, translated by Algar Thorold, London, Burns&Oates, 1933, Book 1 Chapter 2.

www.malankaralibrary.com

ഉടമ്പടി പാലിക്കാതിരിക്കുന്നില്ല. അല്പസമയം മനുഷ്യൻ അവിടുത്തേക്കുവേണ്ടി കാത്തിരിക്കണം. അവന്റെ വിശ്വാസം ദൈവത്തിൽ സമർപ്പിക്കുകയും വേണം, അത്രമാത്രം

നമ്മുടെ വിശ്വാസം അത്ര സുശക്തമാണെങ്കിൽ, പരീക്ഷകളെ നേരിടുവാൻ മാത്രമല്ല, അവ സ്വീകരിക്കുന്നതിനും (അതു വ്യത്യസ്തമായ ഒരുകാര്യമാണ്) ഉള്ള ധൈര്യം നാം കണ്ടെത്തും. മാഡം ഡെ സ്വെച്ചീൻ (Mme de Swetchine) പറഞ്ഞ തരത്തിലുള്ള – "ദൈവത്തിനു സമർപ്പിക്കുക എന്നു പറഞ്ഞാൽ ദൈവത്തെ ദുഃഖത്തിനും നിങ്ങൾക്കുമിടയ്ക്കു പ്രതിഷ്ഠിക്കുക എന്നാണർത്ഥം" – സമർപ്പണ മനോഭാവത്തോടെ വേദനകളെ നേരിടാനും നമുക്കു കഴിയും. ദൈവത്തെ നമുക്കും വേദനയ്ക്കുമിടയ്ക്കു പ്രതിഷ്ഠിക്കുക എന്നു പറഞ്ഞാൽ വേദനയുടെ ഹൃദയഭാഗത്തുതന്നെ ദൈവത്തിനു സ്ഥാനം കൊടുക്കുക, സംശയരഹിതമായ ഒരർത്ഥം കണ്ടുപിടിക്കുക—ജീവിതത്തിനർത്ഥം പ്രദാനം ചെയ്യുന്ന ഒരു കാരണം കണ്ടുപിടിക്കുക—എന്നാണു സാരം.

നമ്മുടെ വിശ്വാസം അത്ര സുശക്തമാണെങ്കിൽ, റോഡിൽ കണ്ടുമുട്ടുന്ന എല്ലാ കല്ലുകൾക്കുംവേണ്ടി നാം ദൈവത്തിനു നന്ദി പറയും; കടക്കേണ്ടിവന്ന മരുഭൂമികൾ, ദാഹം തീർക്കേണ്ടിയിരുന്നവയെങ്കിലും അശുദ്ധജലം നിറഞ്ഞിരുന്ന കിണറുകൾ, നാം ദൈവത്തിനു നന്ദി പറയും. അവയെല്ലാം ദൈവം ഇഷ്ടപ്പെടുകയോ അനുവദിക്കുകയോ ചെയ്തവയാണ്. അവയെല്ലാം ദൈവം സ്നേഹത്തോടെ തൂക്കുകയും എണ്ണുകയും ചെയ്തിട്ടുണ്ട്. വിലയേറിയ രത്നങ്ങളെപ്പോലെ ദൈവം നമ്മുടെ കണ്ണുനീർത്തുള്ളികൾ കണക്കാക്കുന്നു; അവ നിത്യമായി അവിടുത്തെ മുമ്പിൽ തിളങ്ങുന്നുണ്ട്. ഇതു നാമറിയുന്നതു നല്ലതാണ്. നമ്മേപ്പററിത്തന്നെ ചിന്തിക്കുവാനല്ല, ഭാരമില്ലാത്ത ഹൃദയത്തോടുകൂടി മുന്നോട്ടുപോകുവാൻ; കൊടുങ്കാററിന്റെ മദ്ധ്യേ പുരുഷത്വത്തോടുകൂടി തല ഉയർത്തി "നിങ്ങളുടെ വിമോചനത്തിനു സമയമടുത്തു" (ലൂക്കാ 21:28) എന്നു മനസ്സിലാക്കുവാൻ,

www.malankaralibrary.com

# ദൈവത്തെ കണ്ടെത്തുവാൻ പഠിക്കുക

ഈശോ അവളോടു പറഞ്ഞു; "സ്ത്രീ നീ എന്തിനാണു കരയുന്നതു്? നീ ആരേയാണു് അന്വേഷിക്കുന്നതു്?" (ജോൺ 20:15).

## തോട്ടത്തിൽ വച്ചുള്ള കൂടിക്കാഴ്ച

കർത്താവിനെ അടക്കം ചെയ്തിരുന്ന തോട്ടത്തിൽ വെച്ചു് ഉയിർപ്പുഞായർദിവസം രാവിലെ ഈശോയും മഗ്ദലേനാമറിയവും തമ്മിലുള്ള കൂടിക്കാഴ്ചയേപ്പററിപ്പറയുന്ന സുവിശേഷവാക്യങ്ങൾ നമുക്കൊന്നിച്ചു വായിക്കാം (ജോൺ 20:11–18).

"മറിയം പ്രേതാലയത്തിനു സമീപത്തു കരഞ്ഞുകൊണ്ടുനിന്നു. അവൾ കരയുമ്പോൾ പ്രേതാലയത്തിൽ നോക്കി. അപ്പോൾ വെള്ളയുടുപ്പുകൾ ധരിച്ച രണ്ടു ദൈവദൂതന്മാർ ഈശോയുടെ ശരീരം വച്ചിരുന്ന സ്ഥലത്തു്. ഒരുവൻ അവൻെറ തലയ്ക്കലും മററവൻ അവൻെറ കാല്ക്കലും ഇരിക്കുന്നതു് അവൾ കണ്ടു. അവർ അവളോടു്: സ്ത്രീ, നീ

www.malankaralibrary.com

എന്തിന്ന കരയുന്ന എന്ന ചോദിച്ചു; അവൾ അവരോട്ട്: അവർ എൻെറ കർത്താവിനെ എടുത്തുകൊണ്ടുപോയി; അവനെ എവിടെ വച്ചു എന്ന ഞാൻ അറിയായ്ക കൊണ്ടത്രേ എന്ന പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൾ പിന്നിലേയ്ക്ക തിരിഞ്ഞപ്പോൾ ഈശോ നിൽക്കുന്നതു കണ്ടു (അതു) ഈശോ ആകുന്നുവെന്ന് അവൾ അറിഞ്ഞി ല്ല ഈശോ അവളോട്: സ്ത്രീ, നീ കരയുന്നതെന്തിനാ ണ്? നീ ആരെ അന്വേഷിക്കുന്നു? എന്ന ചോദിച്ചു. അവൾ, അവൻ തോട്ടക്കാരനാകുന്നുവെന്ന വിചാരിച്ച് അവനോട്: എൻെറ യജമാനനേ, നീ അവനെ എടുത്തു കൊണ്ടുപോയെങ്കിൽ എവിടെ വച്ചുവെന്നെന്നോട പറ യുക: ഞാൻ പോയി അവനെ എടുത്തുകൊള്ളാം എന്ന പറഞ്ഞു. ഈശോ അവളെ ''മറിയം'' എന്ന വിളിച്ചു. അവൾ തിരിഞ്ഞു് ഗുരു എന്ന പറയപ്പെടുന്ന 'റബ്ബോനി' എന്ന് എബ്രായയിൽ അവനെ വിളിച്ചു. ഈശോ അവ ളോട്: ഞാൻ എൻെറ പിതാവിൻെറ പക്കലേയ്ക്ക് ഇതുവരെ കരേറീട്ടില്ലാത്തതിനാൽ നീ എന്നെ തൊട രുത്. എന്നാൽ എൻെറ സഹോദരന്മാരുടെ അടുക്കൽ ചെന്ന്: ഞാൻ എൻെറ പിതാവിൻെറയും നിങ്ങളുടെ പിതാവിൻെറയും, എൻെറ ദൈവത്തിൻേറയും നിങ്ങളുടെ ദൈവത്തിൻേറയും അടുക്കലേയ്ക്ക കരേറുന്ന എന്ന പറ യുക എന്നരുളിച്ചെയ്തു.

അപ്പോൾ മഗ്ദലയിത്ത മറിയം വന്ന്, താൻ നമ്മുടെ കർത്താവിനെ കണ്ടുവെന്നും അവൻ തന്നോട്ട് ഇവ അരുളി ച്ചെയ്തുവെന്നും ശിഷ്യന്മാരെ അറിയിച്ചു''.

മാലാഖമാർ അവളോട ചോദിച്ച ചോദ്യം നിങ്ങൾ ശ്രദ്ധിക്കുക. ''സ്ത്രീ, നീ എന്തിന്ന കരയുന്നു?''. അവളുടെ മറുപടി: ''അവർ എൻെറ കർത്താവിനെ എടുത്തുകൊണ്ടു പോയി. അവനെ എവിടെവച്ചു എന്ന ഞാനറിയായ്ക കൊണ്ടത്രേ.''

ശൂന്യമായ ഒരു ശവകടീരത്തിൽ കരയുന്ന ഒരു സ്ത്രീയേയാണിവിടെ കാണുന്നത്. ശൂന്യമായ ഈ കല്ലറ

www.malankaralibrary.com

യാണ് അവളുടെ ജീവിതത്തിൻേറയും ലോകത്തിലുള്ള എല്ലാ മനുഷ്യരുടെ ജീവിതത്തിൻേറയും ഏററം വലിയ സന്തോഷമെന്ന് അവളറിയുന്നില്ല.

## പ്രച്ഛന്നനായ ദൈവം

ജീവനും പ്രത്യാശയ്ക്കും നിദാനമായ വ്യക്തിയുടെ മുമ്പിലാണ് അവരം കരയുന്നത്.

കരയുന്ന ഈ സ്ത്രീ സഹനത്തിൻെറ രഹസ്യം മനസ്സിലാക്കുന്നതിലുള്ള നമ്മുടെ പരാജയത്തിൻെറ പ്രതീകമല്ലേ? ശൂന്യതയും വേർപാടും നഷ്ടവും മാത്രമേ നാം കാണുന്നുള്ളു. നാണയത്തിൻെറ ഒരു പുറം മാത്രം. അതു നമുക്ക വേദനയ്ക്ക കാരണമാകയാൽ നാം നഷ്ടശരണരാകുന്നു.

തൻെറ കർത്താവിനെ എടുത്തുകൊണ്ടു പോയതിനാലും എങ്ങോട്ടാണ് ആ ശരീരം എടുത്തുകൊണ്ടുപോയതെന്നറിയാത്തതിനാലും അവരം കരഞ്ഞുകൊണ്ട് ആവലാതി പറയുകയാണ്. ശവകുടീരത്തിൽ ശരീരം കാണുവാനും അതവിടെ ഉണ്ടെന്ന് ഉറപ്പു വരുത്തുവാനുമാണ് അവളാഗ്രഹിക്കുന്നത്: അവളുടെ അളവിൻെറ മാനദണ്ഡത്തിലേയ്ക്ക എല്ലാം കൊണ്ടുവരുവാൻ; അവരംക്ക മനസ്സിലാകുന്ന ആ അവസ്ഥയിൽ അവ തുടരുവാൻ. എല്ലാം വൃത്തിയും ഭംഗിയുമുള്ളതായിരിക്കാനാണ് അവളുടെ ആഗ്രഹം; വീണ്ടും യഥാതഥാവസ്ഥയിലാകുവാൻ. ഒരു ശരീരത്തെ അഭിഷേകം ചെയ്യുവാനാണവളുടെ വ്യഗ്രത. ആ ശരീരത്തിൻെറ അസാന്നിദ്ധ്യത്തിൽ അവരം കരയുന്നു: അതവരംക്ക സഹിക്ക വയ്യ.

ജീവിതത്തിലെ ഏററവും വലിയ ആനന്ദം ദൈവം അവരംക്ക കൊടുക്കുമ്പോരം അവരം കരയുന്നു. പക്ഷേ, അവരംക്ക കാര്യം ഇനിയും അറിഞ്ഞുകൂടാ. മഗ്ദലേനയെ നോക്കുക. എന്നിട്ടു നിങ്ങളോടുതന്നെ ചോദിക്കു; നിങ്ങളുടെ ചിന്തകളോട് ദൈവത്തിൻെറ ചിന്ത താദാത്മ്യപ്പെടാത്ത അവസരത്തിൽ, അവിടുത്തെ വഴികരം നിങ്ങ

www.malankaralibrary.com

ളുടെ വഴികളല്ലാതായിത്തീരുന്ന നിമിഷത്തിൽ, ദൈവത്തെ നിങ്ങഠം പഴിക്കുന്നില്ലേ എന്നു്.

മഗ്ദലേനമറിയം തിരിഞ്ഞുനോക്കിയപ്പോഠം ഒരു തോട്ടക്കാരനെ കണ്ടു. ഈശോ ആയിരുന്നു അവളുടെ അടുത്തേയ്ക്കു വന്നതു്; എന്നാൽ അവളതറിഞ്ഞില്ല. ഒരു തോട്ടക്കാരന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട ദൈവത്തെ അറിയാതിരുന്ന ഈ സ്ത്രീ ദൈവത്തിന്റെ പ്രച്ഛന്നതയാൽ വഞ്ചിക്കപ്പെടുന്ന ഒരു ക്രിസ്ത്യാനിയുടെ പ്രതിച്ഛായയല്ലേ?

വലിയ പ്രതാപത്തോടും ആഡംബരങ്ങളോടുംകൂടി (അവിടുത്തേയ്ക്കുയോജ്യമെന്നു നാം ചിന്തിക്കുന്ന ചുററുപാടുകളിൽ) മാത്രമേ, ദൈവത്തിനു നമ്മുടെ പക്കലേയ്ക്കു വരാൻ സാധിക്കൂ എന്നു നാം വിചാരിക്കുന്നു. എന്നാൽ കത്താവാകട്ടെ ഏതവസരത്തിലും, എല്ലാ അവസരങ്ങളിലും ജോലിക്കുപയോഗിക്കുന്ന വസ്ത്രങ്ങഠം ധരിച്ചു് തന്റെ ജനത്തിന്റെ മദ്ധ്യത്തിലേയ്ക്കു വരുന്നതിനാണു് ഇഷ്ടപ്പെടുന്നതു്. നമ്മുടെ പ്ലാനുകളും പാരമ്പര്യങ്ങളും മുൻകൂട്ടി എടുത്തിട്ടുള്ള തീരുമാനങ്ങളുമെല്ലാം ബഹുമാനത്തോടുകൂടിവേണം ദൈവം കൈകാര്യം ചെയ്യുവാൻ എന്നാണു നമ്മുടെ ആഗ്രഹം. എന്താണുത്തമം എന്നതിനെക്കുറിച്ചു് ദൈവത്തിന്റെ ആശയം വേറെയാണു്. എല്ലാ വിധത്തിലുമുള്ള ആഠംമാറാട്ടത്തിലൂടെയും അവിടുന്നാഗതനാകുന്നു. പരീക്ഷണത്തിൻേറയും വേദനയുടേയും അജ്ഞാതനാമത്തിലാണു് മററുള്ളവയിലേക്കാഠം കൂടുതലായി ദൈവം മറഞ്ഞിരിക്കുന്നതു്. കാരണം അവിടെ അവിടുന്നു് കൂടുതൽ സമീപസ്ഥനാണു്, പരിചിതനാണു്. നമ്മുടെ വേദനയിൽ അടുത്തുവരിക അവിടുത്തേയ്ക്കു കൂടുതൽ എളുപ്പമാണു്. എന്നാൽ അതു വിശ്വസിക്കുക നമുക്കു കൂടുതൽ വിഷമമത്രേ.

മഗ്ദലേന ഈശോയെ അന്വേഷിച്ചു പക്ഷേ മരിച്ച ഈശോയെയാണു് അവളന്വേഷിച്ചതു്. അവഠം കണ്ടയാളാകട്ടെ ജീവിക്കുന്ന ഈശോ ആയിരുന്നു: ജീവൻേറയും മരണത്തിൻേറയും കത്താവു്. അവഠം അന്ധാളിച്ചു

www.malankaralibrary.com

പോയി. എന്നാൽ ആ അസ്ഡാളിപ്പ് ദൈവത്തിൻെറ വിജയത്താൽ പൂർണ്ണമായിരുന്നു. ഈശോയെ അവളന്വേഷിച്ചതു് തോട്ടത്തിലെവിടെയോ 'പുറത്തു്', ആണു്. അവരം ചോദിച്ചു: "എവിടെയാണു് നിങ്ങളദ്ദേഹത്തെ വച്ചിരിക്കുന്നതു്?"

## വി. ബർണാർദിൻെറ വാക്കുകൾ

വി. ബർണാർദിൻെറ സ്തുത്യർഹമായ വിവരണമിതാ: ദൈവമില്ലാത്തിടത്തു് നാമവിടുത്തെ അന്വേഷിക്കുന്ന അഥവാ അവിടുത്തെ കാണാൻ സാദ്ധ്യതയുള്ള സ്ഥലത്തു് നാമവിടുത്തെ അന്വേഷിക്കുന്നില്ല. തന്മൂലം വളരെയധികം കുഴപ്പവും താമസവും സമയനഷ്ടവും ഉണ്ടാകുന്നു.

"സ്ത്രീ, നീ എന്തിനു കരയുന്നു? നീ ആരെ അന്വേഷിക്കുന്നു? നീ അന്വേഷിക്കുന്ന ആരം നിന്നിലുണ്ടു്. നീയതറിയുന്നില്ലേ? നിനക്കവനെ ലഭിച്ചിട്ടുണ്ടു്. എങ്കിലും നീ കരയുന്നോ? നീ അവനുവേണ്ടി പുറത്തന്വേഷിക്കുന്നു; അവനാകട്ടെ അകത്തുണ്ടു്. കല്ലറയ്ക്കു പുറമേ നിന്നു നീ കരയുന്നു. എന്തിനു്? ഞാനെവിടെയാണു്? സംശയമോ? നിനക്കുള്ളിൽ തന്നെ. അതാണെൻെറ വിശ്രമസ്ഥലം. ഞാൻ മരിച്ചവനല്ല, പൂർവ്വവൽ സജീവനാണു്. നീ തന്നെയാണു് എൻെറ "തോട്ടം". എന്നെ തോട്ടക്കാരൻ എന്നു വിളിച്ചതുചിതമായി. രണ്ടാമത്തെ ആദമായ ഞാനും ഒരു തോട്ടത്തിനുത്തരവാദിയാണു്; പറുദീസായാകുന്ന തോട്ടത്തിനു്. നിൻെറ ആത്മാവാകുന്ന തോട്ടത്തിൽ ആഗ്രഹങ്ങളുടെ ഒരു വിളവെടുപ്പു തയ്യാറാക്കുകയാണു് എൻെറ ജോലി. എന്തു്? ഞാൻ നിന്നിലുണ്ടു്. എന്നെ നീ സ്വീകരിക്കുന്നു; എന്നിട്ടും നീ എന്നെ അറിയുന്നില്ലേ? അതുകൊണ്ടാണു് നീ എന്നെ പുറമേ അന്വേഷിക്കുന്നതു്. ഇതാ, ഞാനിവിടെയുണ്ടു്. നിന്നെ അകത്തു കൊണ്ടുവരുവാനാണു് ഞാൻ പുറമെ പ്രത്യക്ഷനായതു്. അവിടെ നിൻെറ ഉള്ളിൽതന്നെയാണു് നീ എന്നെ കാണുന്നതു്.

www.malankaralibrary.com

നീ വിചാരിക്കുന്നതുപോലെ ഞാൻ ഇവിടെ ഇല്ലാതിരിക്കുന്നില്ല; ഞാൻ ദൂരസ്ഥനല്ല. തന്റെ ഹൃദയത്തോക്കാരം അടുത്തിരിക്കുന്ന എന്താണു് ഒരു വ്യക്തിക്കുള്ളതു്? എന്നെ കാണുന്നവർ അവിടെയാണെന്നെ കാണുന്നതു്: അവരുടെ ഹൃദയങ്ങളിൽ. അവിടെയാണു് ഞാൻ ജീവിക്കുന്നതു്.''

ഈസ്റ്റർ തിരുനാരം സഹനത്തിന്റെ രഹസ്യം നിങ്ങരംക്ക വ്യക്തമാക്കിത്തരട്ടെ; അവിടുന്നു സ്വീകരിക്കുന്ന എല്ലാ പ്രച്ഛന്ന വേഷങ്ങരംക്കുമടിയിൽ ദൈവത്തെ കണ്ടുപിടിക്കുവാൻ അതു നിങ്ങളെ സഹായിക്കട്ടെ. ദൈവം ജീവിക്കുന്നുവെന്നും നിങ്ങളിൽ ജീവിക്കുന്നുവെന്നും മനസ്സിലാക്കുവാൻ അതു കാരണമാകട്ടെ. അവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ഉറപ്പു് നിങ്ങളുടെ ഹൃദയത്തെ പരിപൂർണ്ണമായ ശക്തിയും ധൈര്യവും സ്നേഹവും കൊണ്ടു നിറയ്ക്കട്ടെ.

അങ്ങനെ സംഭവിക്കുമ്പോരം നിങ്ങളുടെ വിശ്വാസത്തിന്റേയും സന്തോഷത്തിന്റേയും രഹസ്യം നിങ്ങരം തന്നെ സൂക്ഷിക്കരുതു് എന്നു് സഭ ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളോടാവശ്യപ്പെടുന്നു. ഈശോ മഗ്ദലേനയോടു പറഞ്ഞ വാക്കുകരം നാമോരോരുത്തരോടും അവിടുന്നാവർത്തിക്കുന്നു. ''എന്റെ സഹോദരന്മാരുടെ അടുക്കൽച്ചെന്നു് അവരോടു പറയുക....''

പോവുക; ഈ സുവിശേഷം നിങ്ങരംക്കു മാത്രമായി നിങ്ങരം സൂക്ഷിക്കരുതു്.

പോവുക. നിങ്ങളുടെ സന്തോഷം ലോകത്തിനു പ്രഖ്യാപനം ചെയ്യുക. ലോകം സങ്കടത്തിൽ ജീവിക്കുകയും അതിനെ ജയിക്കുകയും ചെയ്യണമെങ്കിൽ ഈ ഉറപ്പു് അതിനാവശ്യമാണു്.

www.malankaralibrary.com

## 27

# ഉയിർപ്പു സന്ദേശം

''ജീവിച്ചിരിക്കുന്നവനെ എന്തുകൊണ്ടാണു് മരിച്ചവരുടെ ഇടയിൽ നിങ്ങളന്വേഷിക്കുന്നതു്?''

(ലൂക്കൂ് 24:5)

കുറെ കൊല്ലങ്ങൾക്കു മുമ്പു് "The World in Darkness" (''ലോകം ഇരുട്ടിൽ'', അതാണെന്നു തോന്നുന്നു പേരു്) എന്ന അമേരിക്കൻ ഫിലിം താഴെക്കാണുന്ന വസ്തുത ചിത്രീകരിക്കുകയുണ്ടായി.

ഒരു ഭൂഗർഭശാസ്ത്രജ്ഞൻ ജറുസലേമിൽ, പ്രധാനമായും കാൽവരിയിൽ, ഗവേഷണം നടത്തുകയായിരുന്നു. ഒരു ദിവസം അയാൾ ഒരറിയിപ്പു നൽകി. ക്രിസ്തുവിനെ സംസ്കരിച്ച അരിമത്തിയായിലെ ജോസഫിൻെറ കല്ലറ താൻ കണ്ടുപിടിച്ചു എന്നും ആ കല്ലറ ശൂന്യമല്ലെന്നും. പഴക്കം കൊണ്ടു കറുത്ത ചെറുതായ ഒരു ശവശരീരം അതിൽ കണ്ടുവെന്നു് അയാൾ പ്രഖ്യാപിച്ചു; ആ ശരീരം

www.malankaralibrary.com

പ്രദർശിപ്പിക്കുകയും ചെയ്തു. ജനങ്ങൾ കൂട്ടം കൂട്ടമായി വന്നു, ശവശരീരം കാണുവാൻ ആകയാൽ ക്രിസ്തു മരിച്ചവരിൽനിന്നും ഉയിർത്തിട്ടില്ല! പ്രസ്സും റേഡിയോയും വഴി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും ആ വാർത്ത സംവഹിക്കപ്പെട്ടു. ഉടനെ ലോകം മുഴുവനും എന്തെന്നില്ലാത്ത മ്ലാനതയിലാണ്ടു. ക്രിസ്തുവിനേപ്പററി പറഞ്ഞതെല്ലാം, അവിടുത്തെ ആധാരമാക്കി ജീവിച്ചതെല്ലാം, അവിടുത്തെ അടയാളമുള്ളതെല്ലാം, അവിടുത്തെ ഓർമ്മയുടെ ലാഞ്ഛനപോലും അപ്രത്യക്ഷമാകണം, അവശ്യമായിത്തന്നെ. പള്ളികൾ അടസ്സപ്പെട്ടു; ഭദ്രാസനങ്ങൾ നിലംപരിശായി; ക്രിസ്തുവിനെ ചിത്രീകരിച്ചിരുന്ന കലാശില്പങ്ങൾ മ്യൂസിയങ്ങളിൽനിന്നും അപ്രത്യക്ഷമായി; സന്യാസഭവനങ്ങൾ ശൂന്യമായി; മിഷനറിമാർ തങ്ങളുടെ വീടുകളിലേക്കു തിരിച്ചുപോയി; ഭവനങ്ങളിൽ കുരിശുകൾ വലിച്ചെറിയപ്പെട്ടു. അവസാനം. ആഗോളവ്യാപകമായ ഈ പ്രകമ്പനത്താൽ ലോകം മുഴുവൻ ആദ്ധ്യാത്മികമായ അന്ധകാരത്തിൽ ആണ്ടുപ്പോൾ, തന്റെ മരണക്കിടക്കയിൽവച്ച് ആ ഭൂഗർഭഗവേഷകൻ വെളിപ്പെടുത്തി: താനൊരു കള്ളമാണു പറഞ്ഞതെന്നും കല്ലറ വാസ്തവത്തിൽ ശൂന്യമായിരുന്നുവെന്നും!

ആ ഫിലിമിന്റെ മൂല്യം എന്തുതന്നെ ആയാലും അതിനൊരു ഗുണമുണ്ടായിരുന്നു. ഈസ്റ്റർ പ്രഭാതത്തിൽ സംഭവിച്ചതിനേപ്പററിയുള്ള . അറിവുപോലെ ലോകത്തിനു അത്യാവശ്യമായ വേറൊന്നുമില്ലെന്നു അതു വ്യക്തമാക്കി.

ആ കല്ലറ ശൂന്യമായിരുന്നോ? ക്രിസ്തു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേററോ? അതാണു മർമ്മപ്രധാനമായ ചോദ്യം.

## നിർണ്ണായകമായ ചോദ്യം

ഉയിർപ്പുഞായറാഴ്ച പ്രഭാതത്തിൽ പരസ്പരം ചോദ്യം ചോദിച്ചു നിന്നിരുന്ന ശിഷ്യന്മാർക്കു അറിയായിരുന്നു

www.malankaralibrary.com

നിർണ്ണായകമായ ചോദ്യം. അത്ര നമുക്കിങ്ങനെ പ്രകാശിപ്പിക്കാം.

നാം അത്ഥശ്ശൂന്യമായിട്ടാണോ ജീവിച്ചത്?

നമ്മുടെ ജീവിതം നഷ്ടപ്പെട്ടത്തിക്കളഞ്ഞോ?

അദ്ദേഹത്തിൻെറ കൂടെക്കഴിച്ച മൂന്നുകൊല്ലം ഭാവിയില്ലാത്ത, ഭ്രാന്തു പിടിച്ച ഒരു ജീവിതമായിരുന്നോ?

നാം അനുഗമിച്ച ഈ ക്രിസ്തു ഒരു വഞ്ചകനായിരുന്നോ? അതോ ജീവിക്കുന്ന ദൈവത്തിൻെറ പുത്രനോ?

അവരുടെ ജീവിതം മുഴവൻ ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളിലാണു് തൂങ്ങിക്കിടന്നതു്.

അതുപോലെ എല്ലാ മനുഷ്യരുടേയും ജീവിതവും.

ആ ദിവസം മുതൽ, ആ ഈസ്റ്റർപ്രഭാതം മുതൽ, മനുഷ്യർ ശൂന്യമായ ആ കല്ലറയ്ക്കു ചുററും രണ്ടു കൂട്ടമായി തിരിയുകയായി.

ഒരു വശത്തു്: ക്രിസ്തു മരിച്ചു; മരിച്ചവർ വീണ്ടും ജീവിക്കുന്നില്ല.

മറുവശത്തു്: ക്രിസ്തു മരിച്ചു; എങ്കിലും അവിടുന്നു ജീവിക്കുന്നു. അവിടുത്തെ മരണത്തിൽനിന്നും ജീവനുത്ഭവിക്കുന്നു.

ഓരോരുത്തരുമെടുക്കുന്ന ഭാഗമനുസരിച്ചു് ഭൂമിയുടെ മുഖം വ്യത്യാസപ്പെടുന്നു; മൂല്യങ്ങൾ മാറുന്നു.

ക്രിസ്തു ഉയിർത്തിട്ടില്ല....എങ്കിൽ....

സ്വർഗ്ഗം അടച്ചുപ്പെട്ടിരിക്കുന്നു:

''നിങ്ങൾ വീണ്ടും നിങ്ങളുടെ പാപങ്ങളിലാണു'''; ഭൂമി ഇരുട്ടിൻേറയും മരണത്തിൻേറയും സാമ്രാജ്യമാണു''.

ക്രിസ്തു ഉയിർത്തിട്ടില്ല....എങ്കിൽ....

അൾത്താരയിൽനിന്നും മണിമാളികകളിൽനിന്നും നമ്മുടെ വീടുകളിൽനിന്നും കുരിശുരൂപങ്ങൾ വലിച്ചു താഴെയിട്ടു; വഴിയരികിൽ നമ്മുടെ പിതാമഹന്മാരുടെ ക്ഷേതി പടുത്തുയത്തിയിരിക്കുന്ന കാൽവരികൾ തകർത്തു

www.malankaralibrary.com

താഴെയിട്ടു; സാധിക്കുമെങ്കിൽ, നിങ്ങളുടെ ഹൃദയത്തിൽ നിന്നും കുരിശു തകർത്തു താഴെയിട്ടു; അസത്യത്തെ നിഷേധിക്കുന്ന മണിമുഴക്കങ്ങൾ ഇല്ലാതാക്കു,

ഇതെല്ലാം ആവശ്യമാണു്; നിശ്ചയമായും ആവശ്യമാണു്.

ക്രിസ്തു ഉയിർത്തിട്ടില്ല....എങ്കിൽ....

സ്റ്റീഫൻേറതു മുതൽ നമ്മുടെ കാലംവരെ അവിടുത്തേയ്ക്കുവേണ്ടി തങ്ങളുടെ ജീവൻ ബലികഴിച്ച എല്ലാ രക്തസാക്ഷികളും ഫലശൂന്യമായിട്ടാണു മരിച്ചതു്; അവരുടെ ഘാതകന്മാരാണു വിജയിച്ചതു്.

മറിച്ചു്, അവിടുന്നു പറഞ്ഞതുപോലെ ഉയിർത്തെഴുന്നേററു....എങ്കിൽ....

സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്നു; നമ്മുടെ കൂട്ടത്തിലുള്ള ഒരാൾ വിജിഗീഷുവായി അതിൽ പ്രവേശിച്ചിരിക്കുന്നു.

പാപത്തിൻെറ ചങ്ങലകൾ തകർക്കപ്പെട്ടിരിക്കുന്നു. നമ്മുടെ വിശ്വാസം ഫലശൂന്യമല്ല.

നമ്മുടെ ഏററം വലിയ പ്രതീക്ഷകൾപോലും വസ്തുനിഷ്ഠമാണു്; നമ്മുടെ ഏററം വലിയ സ്നേഹങ്ങൾ അർത്ഥപൂർണ്ണങ്ങളുമാണു്.

താൻ പറഞ്ഞതുപോലെ ക്രിസ്തു ഉയിർത്തെഴുന്നേററു എങ്കിൽ....

മണിനാദങ്ങൾ ഉയിർപ്പിൻെറ ഹല്ലേലൂയ്യാ മുഴക്കട്ടെ.

നമ്മുടെ രക്ഷയുടെ കുരിശിനെ ചുംബിക്കുകയും അഭിമാനപൂർവ്വം നമ്മുടെ ഹൃദയങ്ങളിലും മണിമാളികകളിലും ഉയർത്തുകയും ചെയ്യുക.

അപ്പോൾ രക്തസാക്ഷികളുടെ ചുടുനിണം ജീവൻെറ വിത്തായിത്തീരുന്നു.

ഭാവിയെ ധൈര്യപൂർവ്വം നമുക്കഭിമുഖീകരിക്കാം. എന്തെല്ലാം വേദനകൾ സഭയ്ക്കു സഹിക്കാനുണ്ടെങ്കിലും

www.malankaralibrary.com

മോണ്ടലംബർട്ടി (Montalembert) നോടുകൂടി അവരം പറയട്ടെ: "പത്തൊൻപതു നൂററാണ്ടുകാരംക്ക ശേഷവും തന്നെ അപഹസിക്കുകയും അടിമപ്പെടുത്തുകയും ഒററി കൊടുക്കുകയും ചെയ്യുന്നവരുടെമേൽ നിശ്ചയമായ വിജയം അവരംക്ക കൈവന്നിട്ടുണ്ടു്; പ്രതികാരം അവരം ചെയ്യുന്നുണ്ടു്. അവളുടെ പ്രതികാരം അവക്കുവേണ്ടി പ്രാത്ഥിക്കുകയാണു്; അവളുടെ വിജയം അവരെ അതി ജീവിക്കുകയും!"

## സഭയുടെ വിശ്വാസം

ശതാബ്ദങ്ങളിലൂടെ പ്രതിധ്വനിച്ചുള്ള ആ പ്രഖ്യാപനം സഭ ഇന്നു് ആവത്തിക്കുന്നു.

"സഹോദരരേ, ക്രിസ്തു മരിച്ചവരിൽനിന്നും ഉയിത്തെഴുന്നേററിരിക്കുന്നു".

സഭയുടെ ജീവിതം ഉരുത്തിരിയുന്നതു് ആ പുനരുത്ഥാനത്തിൽനിന്നാണു്. ശൂന്യമായ കല്ലറയാണു് അവരംക്ക ജന്മം നൽകിയതു്. അവളുടെ സന്തോഷം മുഴുവൻ ഈസ്റ്ററിൻെറ സന്തോഷമാണു്.

ഈ സന്തോഷമാണു് ഞാൻ നിങ്ങരംക്കാശംസിക്കുന്നതു്. ഒരു മെത്രാൻ ഉയിർപ്പിൻെറ സാക്ഷിയല്ലെങ്കിൽ മറെറന്താണു്? അത്ഭുതകരമായ ആ സംഭവത്തിൻെറ ഔദ്യോഗികസാക്ഷ്യം നൽകുന്നയാളാണു് മെത്രാൻ. ആ സംഭവമാകട്ടെ, രക്ഷകനാൽ വാഗ്ദാനം ചെയ്യപ്പെട്ടതും അത്ഭുതങ്ങളാൽ തെളിയിക്കപ്പെട്ടതുമാണു്.

ക്രിസ്തു ഉയിത്തെഴുന്നേറെറങ്കിൽ നമുക്കെല്ലാവക്കും ജീവൻെറ കവാടം തുറക്കപ്പെട്ടിരിക്കുകയാണു്. അന്ധകാരത്തിൽനിന്നും പ്രകാശത്തിലേയ്ക്കു നാം കടന്നുവരുന്നു. താത്വികനായ ബർഗ്സൺ, ശരിയായ അഭ്രുപിയോടു കൂടിയ ക്രിസ്ത്യാനിയാകുന്നതിനു് വളരെ മുമ്പുതന്നെ, തൻെറ ഒരു പുസ്തകത്തിൻെറ അവസാനത്തിൽ ഇങ്ങനെ എഴുതി:

www.malankaralibrary.com

മരണാനന്തരജീവിതത്തേക്കുറിച്ചു തീർച്ചയായ ഉറപ്പു നമുക്കുണ്ടായിരുന്നെങ്കിൽ മററൊന്നിനേപ്പററിയും ചിന്തിക്കുന്നതു് അസാദ്ധ്യമായേനേ. മററു സന്തോഷങ്ങളുണ്ടായിരിക്കും; എന്നാൽ അവ നിറപ്പകിട്ടില്ലാത്തതും ശക്തിയില്ലാത്തതുമായിരുന്നേനേ. നാമവയ്ക്കു കൊടുക്കുന്ന ശ്രദ്ധയെ ആശ്രയിച്ചിരിക്കും അവയുടെ തീവ്രത. പ്രഭാതസൂര്യൻെറ പ്രകാശത്തിൽ വിളക്കെന്നപോലെ അവ മങ്ങിപ്പോയേനേ.

''(ശാരീരികമായ) സന്തോഷം ആനന്ദത്താൽ ഗ്രസിക്കപ്പെട്ടേനേ''.

വാസ്തവത്തിൽ, (ശാരീരിക) സന്തോഷവും ആനന്ദവുമായി ധ്റുവങ്ങളുടെ വ്യത്യാസമുണ്ടു്. ഈസ്റ്ററിൻെറ ആനന്ദമാണു് സഭ ഇന്നു് അവളുടെ മക്കൾക്കു് ആശംസിക്കുന്നതു്. അവർക്കതു് വളരെ ആവശ്യമാണു്. അപ്പത്തേക്കാൾ അധികമായി സ്നേഹത്താലാണു് മനുഷ്യൻ ജീവിക്കുന്നതു്. ക്രിസ്തു ജീവിക്കുന്നു എന്നറിയുന്നതുകൊണ്ടുതന്നെ ശൂന്യതയും മരണവുമായുള്ള യുദ്ധത്തിൽ ജീവൻ ജയിക്കും എന്നു നാം അറിയുകയാണു്; ഗ്രീഷ്മം കഴിഞ്ഞു, വസന്തം അകലെയല്ല എന്നറിയുകയാണു്.

തൻെറ അനുഗ്രഹത്താൽ ലോകത്തെ ജയിച്ച മനുഷ്യവംശത്തിൻെറ ശിരസ്സു് എന്ന സ്ഥാനം ക്രിസ്തുവിനുണ്ടു്. ഉന്നതമായ ആ സ്ഥാനം സ്വീകരിക്കുവാൻ, പ്രതാപത്തോടുകൂടി ഉത്ഥാനം ചെയ്ത ക്രിസ്തു വീണ്ടും വരുന്നതിനെ പ്രതീക്ഷിച്ചുകൊണ്ടു് മുന്നോട്ടു പോകുവാൻ. മനുഷ്യനു ധൈര്യം കൊടുക്കുന്ന സന്ദേശമാണതു് – സഭ നൽകുന്ന പ്രതീക്ഷയുടെ സന്ദേശം.

ഇന്നു മുതൽ പ്രതാപവാനായ, ഉത്ഥാനം ചെയ്ത ക്രിസ്തു നമ്മോടുകൂടി, നമ്മുടെ വഴിയെ പോവുകയാണു്. ഇന്നത്തേക്കാൾ കൂടുതലായി വരുന്ന തലമുറകളിലുള്ള എല്ലാവരുടേയും ഹൃദയങ്ങളിൽ ജീവിക്കുന്ന അവിടുന്നു് അവരുടെ സമകാലീനനാണു്. നോട്ടർഡാമിലെ തൻെറ പ്രസിദ്ധമായ പ്രസംഗങ്ങളിലൊന്നിൽ ഫാദർ

www.malankaralibrary.com

ലക്കോർഡയർ (Lacordaire) പറഞ്ഞിട്ടുള്ളതിൽ നന്നായി കർത്താവിനേപ്പററി ആരും പറഞ്ഞിട്ടില്ല. അതിനുശേഷം ഒരു നൂറു കൊല്ലം കഴിഞ്ഞിട്ടും വിശ്വാസത്തിന്റേയും സ്നേഹിത്തിന്റേയും ആ നിലവിളി എന്നത്തേക്കാളും സമകാലീനവും ആധുനികവുമായി ഇന്നും പ്രതിധ്വനിക്കുകയാണു്. അദ്ദേഹത്തിന്റെ വാക്കുകളോടുകൂടി എന്റെ ഈസ്റ്റർസന്ദേശം അവസാനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു:

സ്നേഹത്തിനുവേണ്ടി നാം ജീവിതം മുഴുവനും അന്വേഷിക്കുന്നു. അപൂർണ്ണമായ ഒരവസ്ഥയിലല്ലാതെ നാമതൊരിക്കലും കണ്ടുമുട്ടുന്നില്ല. അതു നമ്മുടെ ഹൃദയത്തെ വ്രണിതമാക്കുന്നു. നാം ആ സ്നേഹം നമ്മുടെ ജീവിതത്തിൽ കണ്ടെത്തിയാൽത്തന്നെയും മരണത്തിനുശേഷം അതിനെന്തു സംഭവിക്കും? ദയാപൂർണ്ണമായ ഒരു പ്രാർത്ഥന നമ്മെ മരണത്തിനുശേഷം പിന്തുടരുവാനാണു്, ഭക്തിപുരസ്സരം നമ്മുടെ പേരു് ഓർമ്മിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. എന്നാൽ ഭൂമിയും സൂര്യനും ഒന്നു കറങ്ങിത്തിരിഞ്ഞാൽ മതി, മറവി വന്നുകഴിഞ്ഞു. നിശ്ശബ്ദത നമ്മെ മറയ്ക്കുന്നു. വിദൂരസ്ഥമായ ഒരു കരയിൽനിന്നും അലൗകികമായ സ്നേഹത്തിന്റെ മന്ദാനിലൻ നമ്മുടെ കല്ലറയിലേയ്ക്കു വീശുന്നേയില്ല അതു കഴിഞ്ഞു; അവസാനിച്ചു. അതാണു മാനുഷികസ്നേഹത്തിന്റെ കഥ.

അല്ല; എനിക്കു തെററു പററി. അങ്ങനെ മറക്കപ്പെടാത്ത ഒരാളുണ്ടു്. അദ്ദേഹത്തിന്റെ കല്ലറ സ്നേഹത്താൽ സൂക്ഷിക്കപ്പെടുന്നു. പ്രതാപപൂർണ്ണം മാത്രമല്ലാത്ത കല്ലറയുള്ള ഒരു മനുഷ്യനുണ്ടു്. ദീർഘദർശി പറയുന്നതുപോലെ അദ്ദേഹത്തിന്റെ കല്ലറ സ്നേഹിക്കപ്പെടുന്നു. പത്തൊമ്പതു നൂററാണ്ടുകൾക്കുശേഷം തന്റെ ഭസ്മം തണുത്തുപോകാത്ത ഒരു മനുഷ്യനുണ്ടു്. എണ്ണമററ ജനവ്യൂഹത്തിന്റെ മനസ്സുകളിൽ അനുദിനം വീണ്ടും ജനിക്കുന്ന ഒരു മനുഷ്യനുണ്ടു്, സ്വർണ്ണവും മീറയും കുന്തുരുക്കവും കൊടുക്കുവാൻ മത്സരിക്കുന്ന ആട്ടിടയന്മാരാലും രാജാക്കന്മാരാലും പുൽത്തൊട്ടിയിൽ സന്ദർശിക്കപ്പെടുന്ന ഒരു മനുഷ്യനുണ്ടു്.

www.malankaralibrary.com

ഒരിക്കലും ക്ഷീണിതനാകാത്ത ഒരു നല്ല വീഭാഗം മനുഷ്യരാൽ തൻെറ കാൽച്ചുവടുകറം പിന്തുടരപ്പെടുന്ന ഒരു മനുഷ്യനുണ്ടു്. അദ്ദേഹം കാഴ്ചയിൽനിന്നും അപ്രത്യക്ഷനായെങ്കിലും തൻെറ ആദ്യതീർത്ഥാടനസ്ഥലങ്ങളിലെല്ലാം ഈ ജനവ്യൂഹം അവിടുത്തെ പിന്തുടരുകയാണു്; അവിടുത്തെ മാതാവിൻെറ സവിധത്തിൽ; തടാക തീരത്തു്; പവ്വതത്തിനു മുകളിൽ; താഴ്‌വരകളിലെ വഴികളിൽ; ഒലിവുമരങ്ങളുടെ തണലുകളിൽ; വിജനപ്രദേശങ്ങളിലെ രഹസ്യസങ്കേതങ്ങളിൽ. മരിച്ചടക്കപ്പെട്ട ഒരു മനുഷ്യനുണ്ടു്, ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും പരിഗണിക്കപ്പെടുന്നവനായി. അദ്ദേഹത്തിൻെറ ഓരോ വാക്കും ഇപ്പോഴും അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. സ്നേഹത്തെക്കാറം വലുതായ സ്നേഹത്തിൻെറ ഫലമായ പുണ്യങ്ങറം അതുൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. നൂറു നൂറു കൊല്ലങ്ങളായി കൊലമരത്തിൽ തൂങ്ങിക്കിടക്കുന്ന ഒരു മനുഷ്യനുണ്ടു്. ലക്ഷക്കണക്കിനാളുകറം കൊലപാതകത്തിൻെറ ആ സിംഹാസനത്തിൽനിന്നും അദ്ദേഹത്തെ ഓരോ ദിവസവും താഴെയിറക്കി അവിടുത്തെ മുൻപിൽ മുട്ടു കുത്തി സാഷ്ടാംഗപ്രണാമം ചെയ്തു് താണു വണങ്ങുന്നു. യാതൊരു സങ്കോചവും കൂടാതെ. അവിടെ, നിലത്തു് അദ്ദേഹത്തിൻെറ ചോരയൊലിക്കുന്ന പാദങ്ങറം അവർ അതീവതീക്ഷ്ണതയോടുകൂടി ചുംബിക്കുന്നു.

ചമ്മട്ടിയടിക്കപ്പെട്ട, മരണത്തിനു വിധിക്കപ്പെട്ട, കുരിശിൽ തറയ്ക്കപ്പെട്ട ഒരു മനുഷ്യനുണ്ടു്. അവർണ്ണനീയമായ പാടുപീഢകറംക്കുശേഷം മരണത്തിൽനിന്നും ലജ്ജയിൽനിന്നും അദ്ദേഹം ഉയിർത്തെഴുന്നേററു. ഒരിക്കലും തീരാത്ത സ്നേഹത്തിൻെറ പ്രതാപത്തിൽ അദ്ദേഹം സ്വസ്ഥാനം സ്വീകരിച്ചു. സമാധാനവും സന്തോഷവും നിർവൃതിവരെയെത്തുന്ന സ്നേഹവും അദ്ദേഹത്തിൽ എല്ലാവരും കണ്ടെത്തുകയും ചെയ്യുന്നു. അടങ്ങാത്ത വിദ്വേഷത്താൽ പീഢയിലും മരണത്തിലും അനുധാവനം ചെയ്യപ്പെടുന്ന ഒരു മനുഷ്യനുണ്ടു്. എങ്കിലും പ്രേഷിതരേയും

www.malankaralibrary.com

രക്തസാക്ഷികളേയും തന്റെ അനുയായികളിൽനിന്നും അദ്ദേഹം ആവശ്യപ്പെട്ടപ്പോഴും എല്ലാ തലമുറകളിലും അവരെ ധാരാളമായി നാം കാണുന്നുണ്ട്. അവസാനമായി, തന്റെ സ്നേഹം ലോകത്തിൽ സ്ഥാപിച്ച ഒരു മനുഷ്യനുണ്ട്. ഒരൊററ മനുഷ്യൻ. ആ മനുഷ്യൻ, ക്രിസ്തുനാഥാ, അവിടുന്നാണ്. എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിനും അഭിഷേകം ചെയ്യുന്നതിനും അങ്ങേ സ്നേഹത്തിൽ പ്രതിഷ്ഠിക്കുന്നതിനും തിരുമനസ്സായ അങ്ങ്. അങ്ങയുടെ നാമംതന്നെ ഈ നിമിഷത്തിൽ എന്റെ ഹൃദയത്തെ തുളച്ചുകയറുന്നു. എന്റെ പ്രതീക്ഷകളെ അതിലും ഫലിച്ചുകൊണ്ട് അത് എന്റെ അസ്തിത്വത്തെത്തന്നെ ചലിപ്പിക്കുന്ന സ്പന്ദനങ്ങളെ അതിൽനിന്നും സ്വീകരിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## ജീവിതത്തികവ്

''രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വിജയത്തിന് കാര്യമായി സഹായിച്ച പുരോഗമനചിന്തകനായ കർദ്ദിനാൾ (സൂനൻസ്) തിരുമേനി, ഇന്നത്തെ നീറുന്ന പ്രശ്നങ്ങളുടെ നടുവിൽ ഒരു ക്രൈസ്തവൻ എങ്ങനെ ജീവിക്കണമെന്നു നിർദ്ദേശിക്കുന്നു. ഈ ഗ്രന്ഥത്തിലൂടെ, ശാസ്ത്രത്തിന്റെ പേരിൽ ദൈവികമായതെല്ലാം അവഗണിക്കുകയും പുരോഗമനമെന്നു പറഞ്ഞ് ജീവിതമൂല്യങ്ങളെ തിരസ്കരിക്കുകയും ചെയ്യേണ്ട ആവശ്യമില്ലെന്ന് അഭിവന്ദ്യ ഗ്രന്ഥകാരൻ വ്യക്തമാക്കിയിട്ടുണ്ട് ......ഈ പുസ്തകം വായിക്കുന്ന ഏതൊരു വ്യക്തിയും സ്വജീവിത കടമകളെപ്പററി ശരിയായ അവബോധം നേടുകയും സ്വന്തം കുറവുകളെ കണ്ടുപിടിക്കുകയും ചെയ്യുന്നതാണ്.''

ഫാ. മാത്യു മങ്കുഴിക്കരി

Cover Design: FR. PAUL MOONJELIL

www.malankaralibrary.com